# കാരുണികൻ

സമഗ്രദൈവശാസ്ത്ര മാസിക

₹25
www.karunikan.com
Vol. 17 | No. 09
SEPTEMBER 2020



## സൗഖ്യത്തിന്റെ കൂദാശ

### രോഗീലേപനം

www.malankaralibrary.com

# ST. THOMAS COLLEGE

## THAVALAPARA - KONNI

(Estd:2012)

(A Self Financing Arts and Science College owned and managed by Thumpamon Diocese, Malankara Orthodox Syrian Church. Affiliated to Mahatma Gandhi University, Kottayam

**Tel: 0468-2240111, 2242211, 9447594974**

E-mail:info@stthomascollegekonni.com, www.stthomascollegekonni.com



### COURSES OFFERED 2020-2021

- B. Com | Model II CA
- B. Com | Model II FT
- BBA
- BCA
- BA English | Model II
- B. Sc Psychology
- M. Com | Finance & Taxation
- MSW

### OUR SPECIALITIES

- Good academic excellence
- Eco friendly scenic hillock campus
- Experienced faculties including Rtd. professors
- Well equipped computer laboratory
- Adequate library facilities with internet facility
- Scholarship and fees concession to deservings
- Transportation to Kozhencherry, Kaipattoor Pathanapuram and Thekkuthode
- Wi-Fi enabled campus

Principal : Dr. P.K. Josekutty
Mob: 9447593703

Fr. George David
Director

H.G. Kuriakose Mar Clemis Metropolitan
Manager

www.malankaralibrary.com



കോവിഡ് പ്രോട്ടോകോൾ
നിലവിലുള്ളതിനാൽ
വിശ്വാസികൾക്കായി
തിരുകർമ്മങ്ങൾ തത്സമയം
**VechoorMuthy**
**Youtube Channel**
വഴി ലഭ്യമാണ്

## പ്രസിദ്ധ മരിയൻ തീർത്ഥകേന്ദ്രമായ കുടവെച്ചൂർ പള്ളിയിൽ

# പരിശുദ്ധ കന്യാമറിയത്തിന്റെ പിറവിത്തിരുനാളും എട്ടുനോമ്പാചരണവും

### പ്രധാന തിരുനാൾ
സെപ്തംബർ 08, ചൊവ്വ

രാവിലെ 8.30ന് – വി. കുർബാന
കാർമ്മികൻ: **റവ. ഫാ. ജോസ് അലക്സ് ഒരുതായപ്പള്ളി cmi**
(ഡയറക്ടർ, രാജഗിരി ഹോസ്പിറ്റൽ)

രാവിലെ 10.30ന് – ആഘോഷമായ തിരുനാൾ പാട്ടുകുർബാന, പ്രസംഗം
കാർമ്മികൻ: **വെരി റവ. ഡോ. ജോസ് പുതിയേടത്ത്**
(സിഞ്ചെല്ലൂസ്, എറണാകുളം-അങ്കമാലി അതിരൂപത)

വൈകിട്ട് 4.00ന് – ജപമാല, വി. കുർബാന, പ്രദക്ഷിണം
കാർമ്മികൻ: **റവ. ഫാ. ജോസ് മുത്തനാട്ട്**
(റെക്ടർ, ഗുഡ്ഷെപ്പേർഡ് സെമിനാരി, പാലാ)

രാത്രി 7.00 ന് – വി. കുർബാന
കാർമ്മികൻ: **റവ. ഫാ. കുര്യാക്കോസ് കളപ്പുരയ്ക്കൽ**

### എട്ടാമിടം
സെപ്തംബർ 15, ചൊവ്വ

രാവിലെ 10.30ന് – ആഘോഷമായ തിരുനാൾ പാട്ടുകുർബാന
കാർമ്മികൻ: **റവ. ഫാ. വിപിൻ കുരിശുതറ cmi**
(വികാരി, നോർത്ത് പാണാവള്ളി)
പ്രസംഗം : **റവ. ഫാ. റോമുളൂസ് നെടുഞ്ചാലിൽ VC**
(വികാരി, തോട്ടകം പള്ളി)

വൈകിട്ട് 5.00ന് – വി. കുർബാന, പ്രസംഗം, പ്രദക്ഷിണം
കാർമ്മികൻ: **റവ. ഫാ. സിന്റോ ചീരകത്തിൽ**
(സഹവികാരി, ഞാറയ്ക്കൽ)

**കൊടിയിറക്ക്**

### പ്രത്യേക ശ്രദ്ധയ്ക്ക്

- അടിമനേർച്ച ഓരോ കുർബാനയെത്തുടർന്ന് സാമൂഹിക മാധ്യമങ്ങളിലൂടെ സാധ്യമാക്കുന്നതാണ്.
- വി. കുർബാന ധർമ്മവും നൊവേന, അടിമ, ലദീഞ്ഞ്, കൊഴുക്കട്ട, കഞ്ഞി തുടങ്ങിയ നേർച്ചകൾക്കുള്ള പണവും എട്ടാമിടം ഷെയറും ഏൽപ്പിക്കാൻ ആഗ്രഹിക്കുന്നവർക്ക് **SBI, Vechoor Branch, IFSC - SBIN0070127, A/c No. 57055384456** എന്ന അക്കൗണ്ടിലേക്ക് നിക്ഷേപിക്കാവുന്നതാണ്.
- അയക്കുന്ന വ്യക്തിയുടെ അക്കൗണ്ട് നമ്പറും നിയോഗ വിവരണവും ഇ–മെയിലിലേക്ക് **(mailtomuthy@ gmail.com)** അയക്കേണ്ടതാണ്.

വിശദവിവരങ്ങൾക്കായി വിളിക്കേണ്ട നമ്പർ : 93889 53397, 94962 25094, 94963 24454
Email Id- mailtomuthy@gmail.com

ഫാ. ജോർജ് നേരേവീട്ടിൽ ( വികാരി )
ഫാ. പ്രദീഷ് പാലമുട്ടിൽ ( അസി. വികാരി )
ഫാ. കുര്യാക്കോസ് കളപ്പുരയ്ക്കൽ ( സഹവൈദികൻ )
ജോൺ കുര്യൻ മഠത്തിൽ ( പ്രസുദേന്തി )

www.malankaralibrary.com

# St. Antony's College

An Institution for Next Generation PROFESSIONALS

PEERUMADE, **PERUVANTHANAM**

Affiliated to M.G. University & Approved by Govt. of Kerala

www.stantonyscollegepeerumade.ac.in www.stantonyscollegepeerumade.ac.in

**Ph : 9846890906, 9745008703**



Rev. Dr. Antony Nirappel
(Founder, Director)

## Admission Continues

- **B.Com** (F & T) with * Logistics Management
- **B.Com** (Comp.) with * Artificial Intelligence
- **B.Com** (Co-op.) with * Office Automation and Tally
- **B.SC** (Mathematics) with * SPSS
- **BBA** with * Aviation Management
- **BCA** with * Cloud Computing
- **BA** (English) with * Film Studies
- **M.Com** (F & T) with * UGC NET. Coaching
- **BFT** (Fashion Technology) with * Interior Decoration & Designing

**BSc Mathematics**




* Students can opt any add-on courses with Degree Programme.
* Hostel & College Bus Facility



# San Antonio Educational Hub

**PONKUNNAM** **ALS** - India's largest **Civil Service Coaching**

ALS Satellite Education Pvt. Ltd.

Network @ San Antonio
ALL INDIA CIVIL SERVICE ACADEMY

NEAR KSRTC DEPOT, P P ROAD,
Promoted by St. Antony's Group of Colleges Ph : 8590217163



- 1 Year - GS - Regular Batch (main-cum-prelim) (after any degree)
- 3 Year (Weekend Batch) Integrated IAS Foundation (School / College going Students)
- Weekend classes for 6th Standard to +2
- Educational Scholarship, Best Library Fa
- Classes @ ALS Live Ap

Advisory Board



Special Scholarship scheme for SMYM Kanjirappally Diocese Sponsored Students

VSAT - A DIGITAL BEACON SATELLITE BASED CLASSES

Crack IAS with the Advantage of Technology We offer the most meticulously designed classroom packages in General Studies

# IAS | IPS | IFS | IRS etc...

GLORIOUS RANKS IN LAST 20 YEARS

**Ph : 8547003415, 8590217163**

www.sankaralibrary.com

# എഡിറ്റോറിയൽ

Injustice anywhere is a threat to justice everywhere in the world (Martin Luther King) അനീതി എവിടെയുണ്ടെങ്കിലും അത് ലോകമാസകലമുള്ള നീതിക്കു ഭീഷണിയാണ്. മരിയ ഷഹബാസ് എന്ന 14 വയസ്സുകാരി, പാക്കിസ്ഥാൻസ്വദേശിനി ക്രിസ്ത്യൻപെൺകുട്ടിക്ക് നീതിനിഷേധിക്കപ്പെട്ടതും വടക്കുകിഴക്കൻ സിറിയയിൽ ക്രിസ്ത്യാനികൾക്കുൾപ്പടെ ജീവിതാവകാശമായ കുടിവെള്ളം നിഷേധിച്ചുകൊണ്ടുള്ള ടർക്കിഷ്ഗവൺമെന്റിന്റെ കിരാതനടപടിയും ഹഗിയ സോഫിയക്കുശേഷം ഇസ്താംബൂളിലെ പുരാതനഗ്രീക്ക് ദൈവാലയം മോസ്കാക്കിക്കൊണ്ടുള്ള അധിനിവേശവും ലോകനീതിയെത്തന്നെ ഭീഷണിപ്പെടുത്തിയിരിക്കുകയാണ്. മനുഷ്യാവകാശവും ചരിത്രവും നേരിടുന്ന ഈ പ്രകട പ്രവണതകൾക്കുനേരെയുള്ള ലോകരാഷ്ട്രങ്ങളുടെയും മതേതരസമൂഹത്തിന്റെയും മനുഷ്യാവകാശസംഘടനകളുടെയും മൗനവും നിസ്സംഗതയും അപകടകരവുമാണ്. 'If you are neutral in situations of injustice you have chosen the side of the oppressor' (Desmond Tutu).

14 വയസ്സുള്ള ഒരു വിദ്യാർത്ഥിനിയെ തട്ടിക്കൊണ്ടുപോകുന്നതും (അതും മലാലയുടെ നാട്ടിൽ) അവളെ നിർബന്ധിച്ചു കീഴ്പ്പെടുത്തുന്നതും മതം മാറ്റുന്നതും അവളുടെയോ അവളുടെ മാതാപിതാക്കളുടെയോ നീതിക്കുവേണ്ടിയുള്ള നിലവിളികൾക്ക് ചെവികൊടുക്കാത്തതും കോടതിയിൽ അവളെ അവഹേളനപാത്രമാക്കുന്നതും അനീതിയുടെ ആസുരതകൾതന്നെയാണ്. 'നല്ല ഭാര്യയായി' അക്രമികൾക്കൊപ്പം ജീവിക്കാൻ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയോട് ലാഘവബുദ്ധിയോടെ വിധി പറഞ്ഞ ലാഹോർ ഹൈക്കോടതിയും ലോകനീതിക്കുനേർക്കുള്ള ആപത്സൂചനതന്നെയാണ്. അന്തർദേശീയ മനുഷ്യാവകാശസംഘടനകൾക്കും അന്താരാഷ്ട്ര മാധ്യമങ്ങൾക്കും ഇതു ഒരു വിഷയമേ അല്ലത്രെ! നീതി ജന്മസിദ്ധമാണ്; അത് മനുഷ്യാവകാശവുമാണ്. അനീതിയോടുള്ള നിസ്സംഗത അനീതിക്കുകൂട്ടുനില്ക്കൽ തന്നെയാണ്; അത് തിന്മയിലുള്ള പങ്കുചേരലുമാണ്. 'ഇക്കാലത്ത് നടമാടുന്ന സാമൂഹിക അസമത്വങ്ങൾ, ആധിപത്യത്തിനും അധിനിവേശത്തിനും ആർത്തികൂട്ടുന്ന, പ്രത്യേകിച്ച് സഹജീവികളെ കീഴടക്കിവാഴാനുള്ള മഹാവ്യാധിയാണെ'ന്ന് ഫ്രാൻസിസ് പാപ്പ ഓർമ്മപ്പെടുത്തുന്നു. *യതോ ധർമഃ സ്തതോ ജയഃ – ധർമ്മം,* അഥവാ നീതി എവിടെയുണ്ടോ അവിടെ മാത്രമേ വിജയമുണ്ടാകൂ. 'നീതിപ്രവർത്തിക്കുന്നവൻ ജീവിതത്തിന്റെ പൂർണത ആസ്വദിക്കു' (തോബി 12:9) മെന്ന് ബൈബിൾ ഉദ്ബോധിപ്പിക്കുന്നു.



സകലനീതിയും ചരിത്രവും കാറ്റിൽ പറത്തിയാണ് ഹഗിയ സോഫിയ മോസ്കാക്കി മാറ്റിയത്. ഒട്ടും വൈകാതെതന്നെ തുർക്കിയിലെ (കോറാ) ദൈവാലയവും മോസ്കാക്കി മാറ്റിക്കൊണ്ട് തുടർക്കഥകൾ ആടുമ്പോൾ തകർന്നടിയുന്നത് ലോകനീതിയാണ്. ചവിട്ടിയരയ്ക്കപ്പെടുന്നത് ന്യൂനപക്ഷസമൂഹവും. സിറിയയിലും നൈജീരിയയിലും വിയറ്റ്നാമിലും ക്രൈസ്തവസമൂഹങ്ങൾക്കെതിരെ അരങ്ങേറുന്ന മർദ്ദനങ്ങളും പീഡനങ്ങളും മനുഷ്യത്വരഹിതമാണ്. അതിന്റെ കൊടുംകരാളരൂപമാണ് ഇപ്പോൾ, വടക്കുകിഴക്കൻ സിറിയയിൽ ക്രിസ്ത്യാനികളടക്കമുള്ളവർക്ക് വെള്ളം നിഷേധിക്കുന്ന (weaponizing water) ടർക്കിയുടെ കാട്ടാളത്തം. അടിസ്ഥാനാവശ്യമായ ജലംപോലും നിഷേധിക്കുന്ന നീതിധ്വംസനങ്ങൾ കൊറോണ എന്ന മഹാവ്യാധിപോലെ ജാഗ്രതയും വാക്സിനും ആവശ്യമായ സാംക്രമികഭീകരതതന്നെയാണ്. IS തീവ്രവാദികൾ കേരളത്തിലും കർണാടക


www.malankaralibrary.com

യിലും ശക്തമായി പിടിമുറുക്കിയിരിക്കുന്നതായി UN റിപ്പോർട്ടുണ്ട്. കോവിഡ് 19 ആഗോളതലത്തിൽ ബാധിച്ചുവെന്ന് കേട്ടപ്പോൾ കേരളീയരായ നമുക്ക് അതത്ര അനുഭവപ്പെട്ടില്ല. എന്നാൽ ഇന്ന് നമ്മൾ അതിന്റെ തീവ്രതയറിയുന്നു. ഇതുപോലെതന്നെയായിരിക്കും ഐക്യരാഷ്ട്രസംഘടന നല്കിയ മുന്നറിയിപ്പും. സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട!

അടിസ്ഥാനനീതിയുടെ നിഷേധവും നീരാളിപ്പിടുത്തവുമാണ് പ്രാദേശികപ്രാന്തങ്ങളിലെ കൊലപാതകരാഷ്ട്രീയവും ഡിപ്ലോമാറ്റിക് ബാഗേജുകളും സ്വത്തിനുവേണ്ടിയുള്ള സഭാതർക്കങ്ങളും പ്രണയക്കുരുക്കുകളും കൂടത്തായിപീഡനവുമൊക്കെ. പാവനമായ പ്രണയത്തിലും എന്തിനേറെ സാംസ്കാരികകേരളത്തിന്റെ സിനിമ തുടങ്ങിയുള്ള കലാരൂപങ്ങളിലും ക്രൈസ്തവന്യൂനപക്ഷം ഏൽക്കേണ്ടി വരുന്ന അവഹേളനാപമാനങ്ങൾ ഗൂഢതന്ത്രങ്ങൾതന്നെയാണ്. അനിയന്ത്രിതമായ കോവിഡ് വൈറസ്ബാധയിൽ അതീവജാഗ്രത വേണമെന്ന് WHO നിർദ്ദേശിച്ചിരിക്കുന്നു. അതിനോടൊപ്പം വേണം നമുക്ക് ജാഗ്രതയും സാഹോദര്യവും സമാധാനപൂർണജീവിതവും നീതിബോധവും.

സെപ്തംബർമാസം ദൈവമാതാവായ പരിശുദ്ധകന്യാമറിയത്തിന്റെ ജനിസ്മൃതികളിൽ സമ്പന്നമാണ്. 18-ാം നൂറ്റാണ്ടിൽ ഉണ്ടായ മൈസൂർസൈന്യത്തിന്റെ അധിനിവേശത്തിൽനിന്ന് രക്ഷനേടാൻ വേണ്ടി ക്രൈസ്തവ വിശ്വാസികൾ പ്രത്യേകിച്ച് സ്ത്രീകൾ കന്യാമറിയത്തിന്റെ മാധ്യസ്ഥ്യം അപേക്ഷിച്ച് പ്രാർത്ഥിക്കുകയും അങ്ങനെ അത്ഭുതകരമായി അവർ രക്ഷപെടുകയും ചെയ്തതിന്റെ ഒരു വലിയ ചരിത്രത്തിൽനിന്നാണ് എട്ടുനോമ്പ് ആചരണം കേരളത്തിൽ സർവ്വസാധാരണമായത്. കാലംമാറിയെങ്കിലും മറുകോലത്തിൽ ഇതുപോലെയുള്ള അക്രമണങ്ങളും മതഭീകരതയും ആഞ്ഞുപതിക്കുമ്പോൾ കേരളം, ഭാരതം, ലോകംമുഴുവൻ ഒരുപോലെ അനീതികൾക്കും മനുഷ്യത്വരഹിതമായ എല്ലാ പ്രവർത്തനങ്ങൾക്കുംവേണ്ടി ഒരുമിക്കുന്നതോടൊപ്പം, മാതാവിന്റെ മാധ്യസ്ഥ്യം അപേക്ഷിച്ചുകൊണ്ട് സകലവിധ ശത്രുക്കളിൽനിന്നും മനുഷ്യത്വരഹിതമായ പ്രവർത്തനങ്ങളിൽനിന്നും രക്ഷിക്കണമെയെന്ന് പ്രാർത്ഥിക്കേണ്ട ഒരു ആവശ്യകതകൂടി ഇന്ന് അനിവാര്യമായിരിക്കയാണ് കേരളസഭയ്ക്കും സമൂഹത്തിനും.



ചീഫ് എഡിറ്റർ





പുസ്തകം 17 ലക്കം 09 2020 സെപ്തംബർ



രക്ഷാധികാരി
ഫാ. ഡൊമിനിക് മുണ്ടാട്ട് mcbs
പ്രൊവിൻഷ്യൽ സുപ്പിരീയർ
എം.സി.ബി.എസ്. എമ്മാവൂസ് പ്രവിശ്യ

സഹരക്ഷാധികാരി
ഡോ. ജി. കടൂപ്പാറയിൽ mcbs

പത്രാധിപർ
ഫാ. ജോയി ചെഞ്ചേരിൽ mcbs

എക്സിക്യൂട്ടീവ് എഡിറ്റർ
ജോസ് ക്ലെമന്റ്

പത്രാധിപസമിതി
ഡോ. സ്റ്റാൻലി മാതിരപ്പിള്ളി
ഡോ. മാത്യു ഇല്ലത്തുപറമ്പിൽ
ഡോ. ജി. അയ്യനേത്ത്
ഡോ. മേരി മെറ്റിൽഡ
ഡോ. മാത്യു ഓലിക്കൽ
ഡോ. കുര്യാസ് കുമ്പളക്കുഴി
ഡോ. ഗാസ്പർ സന്ന്യാസി

മാർക്കറ്റിംഗ് മാനേജർ
ഫാ. ജെറിൻ വലിയപറമ്പിൽ mcbs

സർക്കുലേഷൻ മാനേജർ
ഫാ. ചാക്കോ വടക്കേത്തലക്കൽ mcbs

മുഖചിത്രം
സ്നേഹ വി.എസ്.

അക്ഷരവിന്യാസം
നിഷ ബിനു

രൂപകല്പന
അബ്ദു നെല്ലിമറ്റത്തിൽ



വിലാസം:
എഡിറ്റർ, കാരുണികൻ
പെരുമാനൂർ പി. ഒ.,
എറണാകുളം – 682 015
ഫോൺ : 0484 – 2663933, 2664733,
9995802006
e-mail : mail@karunikan.com
website: www.karunikan.com

ഒരു എം.സി.ബി.എസ്.
എമ്മാവൂസ് പ്രസിദ്ധീകരണം


BANK DETAILS

| | | |
|---|---|---|
| A/c Name | : | Director Karunikan |
| A/c No. | : | 17530100030870 |
| IFSC Code | : | FDRL0001753 |
| Bank | : | Federal Bank, Thevara |

# ഉള്ളടക്കം

## അഭിമുഖം


10 കുടുംബസന്ദർശനം പതിവാക്കിയ ഇടയ ശ്രേഷ്ഠൻ


## സംവാദം


16 ഒടുവിലത്തെ ഒപ്രൂശ്മ വിശ്വാസി അറിയേണ്ടത്
20 ഭിഷഗ്വരനാകുന്ന വൈദികൻ
23 കോവിഡ്കാല അജപാലനാഭിമുഖ്യങ്ങൾ
26 രോഗവും രോഗസൗഖ്യവും: വേദപുസ്തക പരിപ്രേക്ഷ്യങ്ങൾ
31 രോഗീലേപന കൂദാശയുടെ യുഗാന്തദർശനങ്ങൾ
33 അന്ത്യമല്ല സൗഖ്യമാണ് പ്രധാനം




## ക്രൈസ്തവം


39 | വരുവിൻ, നമുക്ക് ദൈവമില്ല എന്ന് തെളിയിക്കാം!
41 | പള്ളിപ്പെരുന്നാളുകൾ
44 | പള്ളിവരക്കാരനായ വൈദിക വൈദ്യൻ
48 | തെരുവിൽനിന്ന് തിരുസന്നിധിയിലേക്ക്
50 | സന്ന്യാസം ഒരു വെല്ലുവിളി
52 | അവിശ്വാസിയും രോഗിലേപനവും


www.karunikan.com



## സാമൂഹികം


55 | പ്രളയം: ജാഗ്രതയും മുൻകരുതലുകളും
57 | ഭാവനയുടെ പ്രയോഗ ങ്ങളും ഭിന്നാർത്ഥങ്ങളും
59 | മലയാളസിനിമയിലെ പുരോഹിത വേഷങ്ങളും 'വരയനും'
61 | അനുഭവങ്ങൾ അനുധ്യാനങ്ങൾ
05 എഡിറ്റോറിയൽ
08 പ്രതികരണങ്ങൾ


www.malankaralibrary.com

# പ്രതികരണങ്ങൾ



വായനക്കാരുടെ ക്രിയാത്മകമായ പ്രതികരണങ്ങളെ ബഹുമാനത്തോടെ അവതരിപ്പിക്കുകയാണ് പ്രതികരണ കോളത്തിലൂടെ. കാരുണികനിലെ ഏതൊരു വിഷയത്തെക്കുറിച്ചും തുറന്ന ആശയ പ്രകടനങ്ങൾ നടത്തുന്നത് സ്വാഗതാർഹമാണ്. പൂർണമായ പ്രതിപക്ഷ ബഹുമാനത്തോടുകൂടി സഭ്യമായരീതിയിൽ അവയെ ഉൾപ്പെടുത്തുന്നതിൽ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്.

*– പത്രാധിപർ*

## അക്ഷരശുശ്രൂഷയിലെ കാരുണികർ

കാരുണികൻ മാസിക കഴിഞ്ഞലക്കം ഓൺലൈൻ എഡിഷൻ എന്റെ സഹപ്രവർത്തക അയച്ചുതന്നത് വളരെ യാദൃശ്ചികമായി കാണാനും വായിക്കാനും ഇടയായി. കവർപേജുമുതൽ ഉള്ളടക്കം, അവതരണം, വിഷയക്രമീകരണം എന്നിവയിൽവരെ അതീവജാഗ്രത പുലർത്തിയിട്ടുള്ളതും ഭംഗിയായി അണിയിച്ചൊരുക്കിയിരിക്കുന്നതും ശ്രദ്ധിക്കാനിടയായി. ഒരു കത്തോലിക്കാ പ്രസിദ്ധീകരണമെന്ന മുൻവിധിയോടെയാണ് മാസികയെ ആദ്യം ദർശിച്ചത്. കാരണം, നമ്മുടെ പല കത്തോലിക്കാ പ്രസിദ്ധീകരണങ്ങളും പുറംചട്ടകളുടെ കമനീയതയ്ക്കപ്പുറം ഉള്ളടക്കത്തിൽ വായനക്കാരെ ആകർഷിക്കുന്നതിൽ പരാജയപ്പെടുന്നതായി തോന്നിയിട്ടുണ്ട്.

കാരുണികൻ പലവിഷയങ്ങൾ കൊണ്ട് താളുകൾ നിറച്ചിരിക്കുകയല്ല; മറിച്ച് ഒരു പ്രത്യേക വിഷയത്തെക്കുറിച്ച് ധാരാളം പ്രഗല്ഭരുടെ ദർശനങ്ങൾക്കൊണ്ട് സമ്പന്നമാക്കിയിരിക്കുകയാണ്. ഓരോ വിഷയത്തെക്കുറിച്ചും വായനക്കാർക്ക് ആഴമായ ബോധ്യം നല്കാൻ ഉതകുന്നവിധത്തിൽ ആ വിഷയത്തെ സമഗ്രമായി ഉൾക്കൊണ്ട് രചന നടത്തിയിരിക്കുന്നതിനാൽ നല്ലൊരനുഭവമാണ് പ്രദാനം ചെയ്യുന്നത്. ലോക്ഡൗൺകാലത്തും കോവിഡ് പ്രോട്ടോക്കോളുകൾ ലംഘിക്കാതെ മികച്ചരീതിയിൽ വായനക്കാർക്കിടയിൽ കാരുണികൻ എത്തിക്കുന്നത് വളരെ ശ്ലാഘനീയമാണ്. ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന എം.സി.ബി.എസ് സന്ന്യാസ വൈദികരെയും അണിയറ പ്രവർത്തകരെയും മുക്തകണ്ഠം പ്രശംസിക്കേണ്ടത് തന്നെയാണ്. കാരണം, ഈ മാധ്യമ ശുശ്രൂഷകരാണ് വായനക്കാരായ ഞങ്ങൾക്ക് ഓരോരുത്തർക്കും കാരുണികരായി തോന്നുന്നത്. നിങ്ങളുടെ വചനശുശ്രൂഷ അത്രയ്ക്കേറെ ഉത്തരവാദിത്വമുള്ളതാണെന്ന് മാസികയുടെ കെട്ടും



മട്ടും പ്രതിഫലിപ്പിക്കുന്നുണ്ട്. കഴിഞ്ഞലക്കത്തിൽ എഴുത്തുകാരായെത്തിയ എല്ലാ പ്രതിഭാധനർക്കും അഭിനന്ദനങ്ങളും പ്രോത്സാഹനങ്ങളും അർപ്പിക്കുന്നു.

ഫ്രാൻസി ജിനി കൊപ്പാണ്ടുശ്ശേരി
ചമ്പക്കര

## കാരുണികന്റെ അറിഞ്ഞിടപെടലുകൾ

കോവിഡ് പശ്ചാത്തലത്തിൽ രോഗഭീതിയിൽ കഴിയുന്നവർക്കും ലോക്ഡൗൺമൂലം ജോലി, കച്ചവടം, പഠനം തുടങ്ങിയവ മുടങ്ങി ഭാവിയെക്കുറിച്ചും സാമ്പത്തിക പരാധീനതകളെക്കുറിച്ചും ആകുലപ്പെട്ട് വിഷമിച്ച് വിഷാദാവസ്ഥയിലേക്ക് സമൂഹം മാറിക്കൊണ്ടിരിക്കുന്നവസരത്തിൽ കാരുണികൻ നടത്തിയ അറിഞ്ഞിടപെടലുകൾ ശ്രേഷ്ഠകരമായിരിക്കുന്നു. ആഗസ്റ്റ് ലക്കത്തെ സ്വാതന്ത്ര്യദിനപ്പതിപ്പോ, സ്വർഗാരോപിതപ്പതിപ്പോ, ഓണപ്പതിപ്പോ ഒന്നുമാക്കാതെ വളരെ കാലികമായ ഒരു വിഷയത്തെ–വിഷാദത്തെ കവർസ്റ്റോറിയാക്കിയതിൽ അഭിനന്ദനമർഹിക്കുന്നു.

വിഷാദാവസ്ഥ എന്താണെന്ന ഒരു ലേഖനം എന്നതിലുപരി ആ വിഷയത്തെ തലനാരിഴകീറി വിഷാദത്തിന്റെ വിവിധതലങ്ങളെയും അതിന്റെ കാര്യകാരണങ്ങളെയും പ്രശ്നപരിഹാരങ്ങളെയുംകുറിച്ച് വിഷയത്തിൽ നിപുണരായവരെക്കൊണ്ട് ചർച്ച ചെയ്തവതരിപ്പിച്ചത് ഈടുറ്റ ഒരു റഫറൽ ഗൈഡിനുസമാനമായിരിക്കുന്നു. കേരളത്തിലെതന്നെ അറിയപ്പെടുന്ന ക്ലിനിക്കൽ സൈക്കോളജിസ്റ്റായ ജോർജ് മണലേലച്ചന്റെ ലേഖനം ഉജ്ജ്വലമായിരുന്നു. വിഷാദരോഗികളോടും വിഷാദാവസ്ഥയിലെത്തിയവരോടും അന്ധമായ രീതിയിൽ ഭ്രാന്തന്മാരോടെന്നപോലെ ഇടപഴകുകയും അവരെ സമൂഹത്തിൽ നിന്നും അകറ്റിനിർത്തിക്കൊണ്ടുള്ള പ്രാകൃത നടപടികൾക്കെതിരെയുള്ള തുറന്ന ചർച്ചയാണ് കാരുണികന്റെ സംവാദ പംക്തിയിലൂടെ ആഗസ്റ്റ്ലക്കം വെളിപ്പെടുത്തിയത്. വിഷാദരോഗികളുടെ വിമോചനത്തിനായി സമർപ്പിതജീവിതത്തിന്റെ സിംഹഭാഗവും ഉഴിഞ്ഞുവച്ച മേഴ്സി ആശുപത്രിയിലെ ദിവ്യകാരുണ്യ ആരാധന സന്ന്യാസിനി സി. ബെർത്തയുടെ ഈ രംഗത്തെ പ്രവർത്തനങ്ങൾ സമൂഹത്തിലെ ഇത്തിൾക്കണ്ണികളുടെ കണ്ണുതുറപ്പിക്കുന്ന ഫീച്ചറായിരുന്നു. ഒറ്റപ്പെട്ട വ്യതിരിക്തസംഭവങ്ങളെ ഊതിവീർപ്പിച്ച് സമർപ്പിത സമൂഹത്തിനുമീതെ കുതിരകയറുന്നവർക്ക് മീതെ തെളിയുന്ന രജതനക്ഷത്രങ്ങളാണ് ഇത്തരം സന്ന്യാസിനിമാരെന്ന് ബോധ്യപ്പെടുത്തുന്നതായിരുന്നു.

വിഷയങ്ങളെ തരംതിരിച്ചവതരിപ്പിക്കുന്ന കാരുണികശൈലിയും വേറിട്ടതുതന്നെയാണ്. ഇത് വായനയെ ത്രസിപ്പിക്കുകയും കൗതുകകരമാക്കുകയും ചെയ്യുന്നു. ഇത്തരം വിഷയങ്ങളെ ചിട്ടയായി അവതരിപ്പിച്ചുകൊണ്ട് പ്രസിദ്ധീകരിക്കുമ്പോൾ അതിന് പ്രിന്റ് സാധ്യത ഇല്ലാതെപോകുന്നത് വായനക്കാർക്ക് വലിയൊരു നഷ്ടമാണ്. കോവിഡ് പ്രോട്ടോക്കോൾ നിലനില്ക്കുന്നതിനാൽ അച്ചടി സൗകര്യങ്ങളുടെ അപര്യാപ്തതയും തപാൽ വിതരണത്തിലെ അപാകതകളുംമൂലം ഒരു നല്ല മാസിക കരുതലോടെ നാളേയ്ക്ക് റഫർ ചെയ്യുംവിധം സൂക്ഷിക്കാനകുന്നില്ലായെന്നത് സങ്കടകരം തന്നെയാണ്. സമീപഭാവിയിൽ ഈ വിഷയങ്ങൾ ഉൾപ്പെടുത്തി അച്ചടിച്ചുവിതരണം ചെയ്യുന്നതിൽ കാരുണികന്റെ മാധ്യമപ്രവർത്തകർക്ക് സാധിക്കുമെങ്കിൽ നിരവധിപേർക്ക് വലിയ ഉപകാരപ്രദമായിരിക്കും. ഓൺലൈൻ മാധ്യമശുശ്രൂഷ കുറ്റമറ്റതും ശ്രേയസ്കരവുമാണെങ്കിലും ഇത്തരം വിഷയങ്ങൾ ഉൾക്കൊള്ളുന്ന മുദ്രിതകാരുണികൻ ലഭിച്ചിരുന്നെങ്കിൽ നന്നായിരുന്നു. റഫറൻസിന് പുസ്തകരൂപമായിരിക്കുമല്ലോ കരുതാനും സൂക്ഷിക്കാനും നല്ലത്. അച്ചടിയിലേക്കെത്തുമ്പോൾ ഇവ പുനഃപ്രസിദ്ധീകരിക്കാൻ തടസ്സങ്ങളില്ലെങ്കിൽ കാരുണികന്റെ അതിജീവനം, വാർധക്യം, വിഷാദം എന്നീ ലക്കങ്ങൾ മുദ്രിതമായി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സി. നാൻസി SABS
ലിറ്റിൽ ഫ്ളവർ അഡോറേഷൻ
കോൺവന്റ്, സൗത്ത് പരവൂർ.

## അറിയിപ്പ്

**ലോ**ക്ഡൗൺ നിയന്ത്രണങ്ങൾ പൂർണമായും മാറ്റാത്തതിനാലും ഭൂരിഭാഗം മേഖലകളും കണ്ടെയ്ൻമെന്റ് സോണുകളായി തുടരുന്നതിനാലും തപാൽ വിതരണം പൂർണമായും ഇപ്പോഴും സുഗമമായിട്ടില്ലെന്ന് തപാൽവകുപ്പ് അറിയിച്ചിരിക്കുന്നതിനാലും സെപ്തംബർ ലക്കം കാരുണികനും ഓൺലൈനിലൂടെയാണ് പ്രസിദ്ധീകരിക്കുന്നത്. മാന്യവരിക്കാരും വായനക്കാരും സഹകരിക്കണേ.

*– സർക്കുലേഷൻ മാനേജർ*


www.malankaralibrary.com

# കുടുംബസന്ദർശനം പതിവാക്കിയ ഇടയ ശ്രേഷ്ഠൻ

ഫാ. റോക്കി റോബി കളത്തിൽ
ഡയറക്ടർ, ഡോൺബോസ്കോ ഹോസ്പിറ്റൽ, പറവൂർ
frrockeyroby@gmail.com

കോട്ടപ്പുറം രൂപതാ ബിഷപ് ഡോ. ജോസഫ് കാരിക്കശ്ശേരിയുമായി രൂപതാ പബ്ലിക് റിലേഷൻസ് ഓഫീസർ ഫാ. റോക്കി റോബി കളത്തിൽ നടത്തിയ അഭിമുഖം.

**രോഗീലേപനം ഒരേസമയം ഒരു കൂദാശയും ആത്മീയ സൗഖ്യശുശ്രൂഷയുമാണ്. ക്രൈസ്തവജീവിതത്തിൽ ഇന്ന് ഇതിന്റെ പ്രാധാന്യം നഷ്ടപ്പെടുന്നുണ്ടോ?**

രോഗീലേപനം ഒരേസമയം കൂദാശയും ആത്മീയശുശ്രൂഷയുമാണ്. കൂദാശയെന്ന രീതിയിൽ വരപ്രസാദം പ്രദാനംചെയ്യുകയും ആത്മീയ ശുശ്രൂഷയെന്ന തലത്തിൽ ആത്മാവിനും ശരീരത്തിനും ശക്തിയും സൗഖ്യവും നൽകുകയും ചെയ്യുന്നു. കൂദാശയുടെ ഫലം ആത്മീയ സൗഖ്യമായി മാറുന്നുണ്ട് രോഗീലേപനത്തിൽ. രോഗി ക്രിസ്തുവിന്റെ പീഡാസഹനങ്ങളോട് ഗാഢമായി ചേർക്കപ്പെടുന്നതുവഴി സമാശ്വാസവും സമാധാനവും കണ്ടെ




www.malankaralibrary.com

ത്തുന്നു. അനുതാപശുശ്രൂഷ സ്വീകരിക്കാൻ സാധ്യമല്ലാത്ത അവസ്ഥയിലായ വിശ്വാസിക്ക് രോഗീലേപനം പാപം കഴുകിക്കളയുന്ന അനുഭവമായി മാറുന്നു. രോഗസഹജമായ ക്ലേശങ്ങളെയും പരീക്ഷണങ്ങളെയും നേരിടുന്നതിനും സാത്താന്റെ പ്രലോഭനങ്ങളെ എളുപ്പത്തിൽ നേരിടുന്നതിനും സഹായിക്കുന്നു.

വിശ്വാസിസമൂഹം ഈ കൂദാശയുടെ പ്രാധാന്യം മനസ്സിലാക്കുന്നുണ്ട് എന്നാണ് എനിക്ക് തോന്നുന്നത്. രോഗികളോ അല്ലെങ്കിൽ അവരുടെ ബന്ധുക്കളോ ഈ കൂദാശയുടെ പ്രാധാന്യം ഉൾക്കൊണ്ടുതന്നെയാണ് അത് പരികർമ്മം ചെയ്യാൻ ആവശ്യപ്പെട്ടിരുന്നത്. ഇടവകകളിലായിരുന്നപ്പോൾ ഒട്ടനവധി അനുഭവങ്ങൾ എനിക്ക് ഉണ്ടായിട്ടുണ്ട്. മുൻപ് 'അന്ത്യകൂദാശ' എന്ന് ഈ കൂദാശയെ വിളിച്ചിരുന്നപ്പോൾ അല്പം ഭയം ജനങ്ങളിലുണ്ടായിരുന്നു. ഇപ്പോൾ രോഗീലേപനം എന്നാണ് നമ്മൾ ഉപയോഗിക്കുന്നത്. രോഗികൾക്ക് ആത്മീയമായും ശാരീരികമായും ശക്തി നൽകുന്ന കൂദാശ എന്ന ചിന്ത സമാശ്വാസം നൽകുന്നതാണ്. എല്ലാ അർത്ഥത്തിലും ജീവൻ നൽകുന്ന കൂദാശയാണിത്. ഇക്കാര്യം വിശ്വാസികളെ അവസരോചിതമായി ബോധ്യപ്പെടുത്താൻ അജപാലകർ എപ്പോഴും ശ്രമിക്കേണ്ടതാണെന്നാണ് എനിക്ക് തോന്നുന്നത്.

## കോവിഡ് മഹാവ്യാധി ബാധിച്ച് മൃത്യുവിനിരയായ ബഹുഭൂരിഭാഗം ക്രൈസ്തവരും രോഗിലേപനശുശ്രൂഷകൾ ലഭിക്കാതെയാണ് മരണപ്പെട്ടിട്ടുള്ളത്. ഈ പ്രത്യേക സാഹചര്യത്തിൽ, അവരെക്കുറിച്ചുള്ള സഭയുടെ കാഴ്ചപ്പാട് എന്താണ്?

കോവിഡ് മഹാമാരി ഒരു പ്രത്യേക സാഹചര്യമാണ് സൃഷ്ടിച്ചിരിക്കുന്നത്. കോവിഡ് ദൂരവ്യാപകമായി ബാധിച്ച രാജ്യങ്ങളിൽ വളരെയധികം വൈദികരും മരണപ്പെട്ടു എന്നാണ് മനസ്സിലാക്കുന്നത്. അവിടെയെല്ലാം വൈദികർ കൂദാശകൾ പരികർമ്മം ചെയ്യുകയും പ്രത്യേകിച്ച് രോഗീലേപന ശുശ്രൂഷ നല്കി അജപാലന ദൗത്യം കഴിയുന്നത്രവിധത്തിൽ നിർവ്വഹിക്കാൻ പരിശ്രമിച്ചിട്ടുണ്ടാകുമെന്നാണ് ഞാൻ കരുതുന്നത്. എങ്കിലും കോവിഡ് 19 മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും സാധാരണപോലെ കൂദാശ പരികർമ്മങ്ങൾ ചെയ്യാൻ തടസ്സമായിട്ടുണ്ടാകാം. കുറേപേർക്കെങ്കിലും രോഗീലേപനം സ്വീകരിക്കാൻ കഴിയാത്ത സാഹചര്യവും വന്നിരിക്കാം.

രോഗീലേപനം സ്വീകരിക്കാതെ മരണപ്പെട്ടിട്ടുള്ളവരെ സംബന്ധിച്ച് ചിന്തിക്കുമ്പോൾ രണ്ടുകാര്യങ്ങൾ പ്രസക്തമാണെന്നുതോന്നുന്നു. ഒന്ന്, വൈദികന്റെ സഹായം ലഭ്യമായിരുന്നോ എന്നതും രോഗിയോ ബന്ധുക്കളോ ഈ കൂദാശ ആഗ്രഹിച്ചിരുന്നോ എന്നതും. ആഗ്രഹമുണ്ടായിട്ടും സാഹചര്യം അനുകൂലമല്ലാത്തതിനാൽ രോഗീലേപനം സ്വീകരിക്കാൻ കഴിയാതെ മരണമടയേണ്ടിവന്നാൽ കർത്താവിന്റെ കാരുണ്യം ആ രോഗിയുടെമേൽ ഉണ്ടാകുകതന്നെ ചെയ്യും.

## കേരള കത്തോലിക്കാസഭ കോവിഡ് ദുരിതബാധിതർക്കായി മികച്ച സഹായങ്ങളാണ് നൽകിയതും നല്കികൊണ്ടിരിക്കുന്നതും. കോട്ടപ്പുറം രൂപത ഇവർക്കായി നടപ്പാക്കിയ ദുരിതാശ്വാസപ്രവർത്തനങ്ങൾ എന്തൊക്കെയാണ്?

കത്തോലിക്കാസഭ കോവിഡ് മഹാമാരിയുടെ കാലയളവിൽ എക്കാലത്തെയുംപോലെ വളരെ ഔദാര്യത്തോടും ത്യാഗമനോഭാവത്തോടുകൂടി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. രൂപതകളും ഇടവകകളും സംഘടനകളും വിവിധ സന്ന്യാസസഭകളുമെല്ലാം സഹായഹസ്തങ്ങളുമായി രംഗത്തുണ്ട്.

ഇക്കാലയളവിൽ കോട്ടപ്പുറം രൂപതയിലും ജനപങ്കാളിത്തത്തോടെ കഴിയാവുന്ന സഹായങ്ങൾ ചെയ്യാൻ ശ്രമിച്ചു. ഇടവകകളിലെല്ലാം വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ വീടുകളിൽ ആവശ്യമുള്ള സാധനങ്ങളുടെ ഭക്ഷ്യകിറ്റുകൾ എത്തിച്ചു. സ്ഥിരമായി മരുന്നുകഴിക്കുന്നവർക്ക് സൗജന്യമായി അവ എത്തിച്ചുകൊടുക്കാൻ ചില ഇടവകകൾ മുൻകൈ എടുത്തുകൊണ്ട് രോഗികൾക്ക് സഹായം നൽകി. സാമ്പത്തിക പ്രതിസന്ധിയിലും കടമെടുത്തുപോലും ഇടവകാംഗങ്ങളെ സഹായിച്ച ഇടവകളും അതിന് നേതൃത്വം കൊടുത്ത വികാരിയച്ചൻമാരുമൊക്കെയുണ്ട്. രൂപത സാമൂഹ്യസേവന വിഭാഗമായ കിഡ്സിന്റെ നേതൃത്വത്തിലും പലവിധത്തിൽ സഹായം നൽകുകയുണ്ടായി. അവശ്യഭക്ഷണ വസ്തുക്കളടങ്ങിയ കിറ്റുകൾ, സാനിറ്റൈസർ, മാസ്ക്കുകൾ എന്നിവ വിതരണം ചെയ്തു. സ്ത്രീ തൊഴിലാളികളിൽ ജോലി നഷ്ടപ്പെട്ടവർക്ക് ജോലിനല്കാൻ ചില സംരംഭങ്ങൾ ആരംഭിച്ചു. ഓൺലൈൻക്ലാസ്സുകളുടെ പശ്ചാത്തലത്തിൽ ടെലിവിഷൻ, ഇൻർനെറ്റ് സൗകര്യങ്ങളില്ലാത്ത നിർദ്ദനരായ വിദ്യാർത്ഥികൾക്ക് ജാതിമതഭേദമെന്യേ ടെലിവിഷനും ഇന്റർനെറ്റ് സൗകര്യങ്ങളുമൊക്കെ ഏർപ്പെടുത്തിക്കൊടുത്തു. ആവശ്യമായവർക്ക് കൗൺസിലിങ്ങും നല്കി. രൂപതയിലെ വിവിധ സ്കൂളുകളും സംഘടനകളും ഈ വിധത്തിലുള്ള സഹായങ്ങളാണ് നൽകിയത്. രൂപതയിലാകമാനം കോവിഡുകാലത്ത് ഒരുകോടി 63 ലക്ഷം രൂപയുടെ സഹായങ്ങൾ നൽകുകയുണ്ടായി. പ്രായാധിക്യംകൊണ്ട് പുറത്തുപോകാൻ സാധിക്കില്ലെങ്കിലും രൂപതാതിർത്തിയിൽ കോവിഡ് ബാധിതരായ ചില രോഗികളെ ഫോണിൽവിളിച്ച് സുഖവിവരങ്ങൾ ആരായാനും ആശ്വസിപ്പിക്കാനും പ്രത്യാശ പകരാനും കഴിഞ്ഞത് ഈ അവസരത്തിൽ ഓർക്കുന്നു.

## കൊറോണവൈറസ് വ്യാപനത്തിന്റെയും ലോക്ഡൗൺപ്രഖ്യാപനങ്ങളുടെയും പശ്ചാത്തലത്തിൽ ആരാധനാലയങ്ങൾ അടക്കപ്പെടുകയും കൂദാശപരികർമ്മങ്ങൾ മുടങ്ങപ്പെടുകയും ചെയ്തിട്ട് നാളുകളേറെയായി. വിശ്വാസജീവിതത്തിന് ഇതൊക്കെ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ടോ?

കോവിഡ് 19 ഉയർത്തുന്ന പ്രതിസന്ധികളും നിയന്ത്രണങ്ങളുമൊക്കെ നിരവധിയാണ്. കോവിഡിനെ പ്രതിരോധിക്കാൻ ഇതൊക്കെ ആവശ്യവും എല്ലാവരും പാലിക്കേണ്ടതുമാണ്. എങ്കിലും ക്രിസ്തീയതയുടെ മുഖമുദ്ര കൂട്ടാ



www.malankaralibrary.com

യ്മയും പങ്കുവയ്ക്കലുമൊക്കെയാണ്. ഒരുമിച്ചുകൂടാനും സാമൂഹ്യഅകലം പാലിക്കാനുമുള്ള നിയന്ത്രണങ്ങൾ സഭയുടെ കൂട്ടായ്മയെ ഒരുപരിധിവരെ ബാധിച്ചിട്ടുണ്ട്. പ്രത്യേകിച്ച് സമൂഹമെന്ന നിലയിൽ കർത്താവിന്റെ ദിവസമായ ഞായറാഴ്ചകളിൽ ദിവ്യബലിയിൽ പങ്കെടുക്കുന്നതിലും മറ്റു കൗദാശിക കർമ്മങ്ങളിൽ ഒത്തുകൂടുന്നതിലും. അതുകൊണ്ടാണ് അനുകൂലമായ സാഹചര്യം വന്നപ്പോൾ പള്ളികൾ തുറക്കണമെന്ന് മെത്രാൻസമിതി ആവശ്യപ്പെട്ടതും സർക്കാർ അത് അംഗീകരിച്ചതും.

കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും ക്രിയാത്മകമായി പ്രതിസന്ധികളെ തരണം ചെയ്യാനും സഭ മുന്നോട്ടുവന്നിട്ടുണ്ട്. സാമൂഹ്യമാധ്യമങ്ങളിലൂടെയുള്ള ദിവ്യബലിയും ഓൺലൈൻ മതബോധനക്ലാസുകളും സൂം കുടുംബയൂണിറ്റ് സമ്മേളനങ്ങളുമൊക്കെ ഇതിന്റെ ഭാഗമാണ്. ഇതിനൊക്കെ അതിന്റേതായ പരിധികളും പരിമിതികളും ഉണ്ടെങ്കിലും കാലത്തിനും സാഹചര്യത്തിനും അനുസരിച്ച് ഉൾക്കൊണ്ട മാറ്റങ്ങളാണ് ഇവയെല്ലാം. കോവിഡ് മാനദണ്ഡങ്ങൾപാലിച്ച് നൂറുപേരെ പങ്കെടുപ്പിച്ച് നടക്കുന്ന സജീവമായ ദിവ്യബലിയർപ്പണവും നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ടുള്ള മറ്റ് കൂദാശാനുഷ്ഠാനങ്ങളും മൃതസംസ്കാരവുമൊക്കെ കൂട്ടായ്മയിൽ നിലനില്ക്കാൻ സഹായിക്കുന്നുണ്ട്.

**സോഷ്യൽ മീഡിയയുടെ ഉപയോഗം ഇന്ന് വളരെയേറെ വർധച്ചിട്ടുണ്ട്. നമ്മുടെ ആരാധനാ തിരുക്കർമ്മങ്ങളും ബലിയർപ്പണവുമൊക്കെ നവമാധ്യമങ്ങളിലൂടെയാണല്ലോ പ്രക്ഷേപണം ചെയ്യുന്നത്. സഭാപ്രവർത്തനങ്ങളിൽ സ്വാധീനം വർധിപ്പിച്ചതു പോലെതന്നെ ഇതിന്റെ ദുരുപയോഗവും ഇന്ന് വർധിച്ചിട്ടില്ലേ? പിതാവിന്റെ കാഴ്ചപ്പാട് എന്താണ്?**

സഭാപ്രവർത്തനങ്ങളിൽ നവമാധ്യമങ്ങളുടെ സ്വാധീനം വർധിച്ചിട്ടുണ്ട്. ഉൾക്കൊള്ളാനും സ്വീകരിക്കാനും കഴിയുന്ന നല്ല കാര്യങ്ങളോട് സഭ എന്നും

> മാറ്റം എല്ലാ മേഖലയിലും കാലത്തിനനുസരിച്ച് വേണമെന്നത് ശരിതന്നെ. പക്ഷേ കുടുംബവും സന്ന്യാസവും പൗരോഹിത്യവും അടിസ്ഥാനപരമായി കാലത്തിന് അതീതമായ ചില യാഥാർത്ഥ്യങ്ങളാണ്. ബാഹ്യമായ ചില കാര്യങ്ങൾക്ക് ഇവയിൽ മാറ്റം ഉണ്ടാകാമെങ്കിലും സത്താപരമായി, അടിസ്ഥാനപരമായി മാറ്റമില്ലാത്തതാണ്. ആ മാറ്റം അതിനെ അതല്ലാതാക്കിത്തീർക്കും.

കൈക്കൊള്ളുന്ന തുറവുള്ള നിലപാടു തന്നെയാണ് ഇക്കാര്യത്തിലുമുള്ളത്.

എല്ലാറ്റിനും അതിന്റെ നല്ല വശങ്ങളും മോശമായ വശങ്ങളുമുണ്ട്, നവമാധ്യമങ്ങളുടെ കാര്യത്തിലും. നല്ലവശം മനസ്സിലാക്കി ഉപയോഗപ്പെടുത്താനാണ് നമ്മൾ ശ്രമിക്കേണ്ടത്. തിന്മയുടെ ഉപകരണങ്ങളായിമാറാൻ സാധ്യതയുണ്ട് എന്നതുകൊണ്ടുതന്നെ ശ്രദ്ധയോടുകൂടി ഇവ ഉപയോഗിക്കാൻ പരിശ്രമിക്കണം; ഉപയോഗിക്കാൻ പുതുതലമുറയെ പരിശീലിപ്പിക്കണം എന്നുതോന്നുന്നു. നല്ല രീതിയിൽ ക്രിയാത്മകമായി നവമാധ്യമങ്ങളെ ഉപയോഗിക്കുന്നവർ ധാരാളമുണ്ട്. അതുപോലെതന്നെ ദുരുപയോഗവും നടക്കുന്നുണ്ട്.

**കോവിഡ് മഹാമാരി കേരളത്തെ പിടിച്ചുലച്ചുകൊണ്ടിരിക്കേയാണ്, പ്രകൃതിദുരന്തങ്ങളും കാലാവസ്ഥ വ്യതിയാനങ്ങളുംകൊണ്ട് ഭൗതികനഷ്ടങ്ങളും ജീവഹാനിയുമൊക്കെ ഉണ്ടായിരിക്കുന്നത്. ജനങ്ങളുടെ ഈ നിസ്സഹായാവസ്ഥയെ അത്മീയമായും ഭൗതികമായും സഭയ്ക്കെങ്ങനെ നേരിടാനാകും?**

കോവിഡിന്റെ ദുരിതങ്ങളിലൂടെ കടന്നുപോകുന്നതിനിടയിലാണ് പെട്ടിമുടി ദുരന്തവും കരിപ്പൂരിൽ വിമാന അപകടവുമൊക്കെ ഉണ്ടായത്. അതുപോലെതന്നെ ചില പ്രദേശങ്ങളിൽ പേമാരിയുടെയും വെള്ളപ്പൊക്കത്തിന്റെയും മറ്റുചില സ്ഥലങ്ങളിൽ കടലാക്രമണത്തിന്റെയും ഉരുൾപൊട്ടലിന്റെയും ദുരന്തങ്ങൾക്ക് ജനങ്ങൾ ഇരയായത്. ഈ ദുരന്തങ്ങളിൽ കുറേപേർക്ക് ജീവഹാനി സംഭവിച്ചതും വളരെ ദുഃഖകരമാണ്.

ഈ സംഭവങ്ങളിലെല്ലാം സഭയുടെ ഇടപെടലുകൾ ഉണ്ടായി എന്നതും നമുക്കറിയാവുന്ന കാര്യമാണ്. പ്രാദേശിക സഭകളും കേരളസഭയൊന്നാകെയും ഇക്കാര്യങ്ങളിലേക്ക് സർക്കാരിന്റെ സത്വരശ്രദ്ധ തിരിക്കുന്നതിനും നീതി ലഭ്യമാക്കുന്നതിനുള്ള പരിശ്രമങ്ങൾ നടത്തുകയും ചെയ്തു. അതുപോലെ അവരെ സഹായിക്കാനും മുന്നോട്ടുവന്നു. പ്രകൃതിദുരന്തങ്ങളെ സംബന്ധിച്ച് പറയുമ്പോൾ മനുഷ്യന്റെ അനുചിതമായ ഇടപെടലുകൾകൊണ്ട് പ്രകൃതിയെ നശിപ്പിക്കുന്ന സ്ഥിതിയുണ്ടാകരുത്. ഫ്രാൻസിസ് പാപ്പയുടെ ലൗദാത്തോ സിയുടെ ചൈതന്യം ഉൾക്കൊണ്ട് ദൈവം സൃഷ്ടിച്ച പ്രകൃതിയെ സ്നേഹിക്കാനും സംരക്ഷിക്കാനും നമ്മളെല്ലാം തയ്യാറാകണം. അതുപോലെ ഏതു ദുരന്തമായാലും ഇരകളായവർക്ക് മാനസികമായും ആത്മീയമായും ഭൗതികമായും ശക്തിപകരാനും സഹായിക്കാനും സഭ മുന്നോട്ടുവരണം. അത് ചെയ്യുന്നുമുണ്ട്. ഇപ്രകാരമുള്ള പ്രകൃതിദുരന്തങ്ങളിലും മഹാമാരികളിലും വേദനയനുഭവിക്കുന്നവർക്ക് ഏറ്റവും പ്രധാനമായി നല്കേണ്ടത് പ്രത്യാശയാണ്. ദുഃഖവെള്ളികൾക്കപ്പുറം പ്രതീക്ഷയുടെയും പ്രത്യാശയുടെയും ഉയിർപ്പുഞായർ സ്വപ്നംകാണാൻ അവരെ സഭ സഹായിക്കണം.

**കാലാനുസൃതമായി സഭയ്ക്കുള്ളിൽ ഉണ്ടാകേണ്ട, കുടുംബ– വൈദിക– സന്ന്യസ്ത ജീവിത**



## മാറ്റങ്ങളെക്കുറിച്ച് പറയാമോ?

മാറ്റം എല്ലാ മേഖലയിലും കാലത്തിനനുസരിച്ച് വേണമെന്നത് ശരി തന്നെ. പക്ഷേ കുടുംബവും സന്ന്യാസവും പൗരോഹിത്യവും അടിസ്ഥാനപരമായി കാലത്തിന് അതീതമായ ചില യാഥാർത്ഥ്യങ്ങളാണ്. ബാഹ്യമായ ചില കാര്യങ്ങൾക്ക് ഇവയിൽ മാറ്റം ഉണ്ടാകാമെങ്കിലും സത്താപരമായി, അടിസ്ഥാനപരമായി മാറ്റമില്ലാത്തതാണ്. ആ മാറ്റം അതിനെ അതല്ലാതാക്കിത്തീർക്കും. കുടുംബത്തിൽ ഏറ്റവും പ്രധാനമായത് വ്യക്തികൾ തമ്മിലുള്ള പരസ്പരബന്ധവും സ്നേഹവും ബഹുമാനവും ആശയവിനിമയവുമൊക്കെതന്നെയാണ്. വൈദിക സന്ന്യസ്തസമൂഹം കുടുംബങ്ങളുടെ കാവൽക്കാരാണ്. വൈദികർ അജഗണത്തെ അറിഞ്ഞ് സ്നേഹിച്ച് ആശ്വസിപ്പിച്ച് സ്വർഗീയ ജറുസലെമിലേക്ക് അവരെ നയിക്കുന്ന ആടുകളുടെ മണമുള്ള ഇടയന്മാരായിരിക്കണം. സന്ന്യസ്തർ രണ്ടാം വത്തിക്കാൻ കൗൺസിൽ ഓർമ്മപ്പെടുത്തിയതുപോലെ ദൈവരാജ്യത്തിന്റെ കാണപ്പെടുന്ന അടയാളങ്ങളായി മാറണം.

## കേരളസഭ അകത്തുനിന്നും പുറത്തുനിന്നും ഇന്ന് നേരിടുന്ന പ്രധാനവെല്ലുവിളികൾ എന്തൊക്കെ? അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ?

കത്തോലിക്കാസഭ വിട്ട് വിവിധ സെക്ടുകളിലേക്ക് പോകുന്ന വിശ്വാസികളുണ്ട്. അവരെ കത്തോലിക്കാ വിശ്വാസകൂട്ടായ്മയിലേക്ക് തിരികെ കൊണ്ടുവരാനുള്ള പ്രവർത്തനങ്ങൾ സഭ കാര്യക്ഷമമാക്കണം. ഒരു നവസുവിശേഷവല്ക്കരണം സഭയിൽ ആകമാനം നടക്കണം. സഭാമക്കളെ വിശ്വാസത്തിൽ ആഴപ്പെടുത്തണം. അതിന് ദൈവവചനത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള വിശ്വാസജീവിതം കരുപ്പിടിപ്പിക്കാൻ ഊന്നൽ നല്കണം.

സഭയ്ക്കുള്ളിൽനിന്നുതന്നെ സഭ വിമർശിക്കപ്പെടുന്ന അവസ്ഥ ഇന്നുണ്ട്. അല്മായ പങ്കാളിത്തത്തോടെയുള്ള സഭാ ശുശ്രൂഷ ഇതിനൊരു പരിഹാരമാണ്. സഭ വിശ്വാസികളുടെ കൂട്ടായ്മയാണ്. സഭയിൽ ഒന്നിച്ചു നില്ക്കലും ഒരുമിച്ച് മുന്നോട്ടുള്ള പ്രയാണവും പ്രധാനമാണ്. കുടുംബയൂണിറ്റ് കേന്ദ്രസമിതി, ശുശ്രൂഷാസമിതി, പാരിഷ്കൗൺസിൽ, സാമ്പത്തിക കാര്യസമിതി തുടങ്ങിയവയെല്ലാം പങ്കാളിത്തസഭയുടെ സ്വഭാവത്തിന് ശക്തിപകരും. ഇതോടൊപ്പം സുതാര്യമായ സഭാപ്രവർത്തനങ്ങൾകൂടിയാകുമ്പോൾ വിമർശനങ്ങൾക്ക് സ്ഥാനമില്ലാതാകും.

## വൈദികജീവിതത്തിൽ നാലരപതിറ്റാണ്ടും അപ്പസ്തോലികശുശ്രൂഷയിൽ ഒന്നരപതിറ്റാണ്ടും പിന്നിടുന്ന പിതാവിന്റെ ഇടയശുശ്രൂഷയുടെ സൗഭഗങ്ങളെക്കുറിച്ച് ഒന്നു വിശദീകരിക്കാമോ?

വൈദികജീവിതത്തിൽ നാലരപതിറ്റാണ്ടും അപ്പസ്തോലിക ശുശ്രൂഷയിൽ ഒന്നരപതിറ്റാണ്ടും പിന്നിടുമ്പോൾ നിറഞ്ഞ സന്തോഷത്തോടെ ദൈവത്തിന് നന്ദിപറയുകയാണ്. വൈദികജീവിതത്തിൽ കൂടുതൽ കാലവും ഞാൻ ചെലവിട്ടത് ഇടവകകളിലാണ്. എന്റെ ഇടവകജനത്തെ അടുത്തറിയാനും അവരുടെ വിശ്വാസജീവിതത്തെ ശക്തിപ്പെടുത്താനുമൊക്കെ ഞാൻ പരിശ്രമിച്ചത് ഭവനസന്ദർശനവും അവരുമായുള്ള നിരന്തരമായ ഇടപെടലുകളുംവഴിയാണ്. അപ്പസ്തോലികശുശ്രൂഷയിലും ദൈവജനത്തിന്റെ ഇടയിലേക്ക് ഇറങ്ങിച്ചെന്നുള്ള അതേശൈലി തന്നെയാണ് ഞാൻ തുടർന്നത്. തീരദേശവും ഇടനാടും മലനാടുമൊക്കെ ഉൾപ്പെടുന്ന കോട്ടപ്പുറം രൂപതയിലെ എല്ലാ ഇടവകകളിലെയും മുഴുവൻ കുടുംബയൂണിറ്റുകളിലും പോയി എന്റെ ജനത്തെ കാണാനും സംസാരിക്കാനും മനസ്സിലാക്കാനും കഴിഞ്ഞത് വലിയ അനുഗ്രഹമായാണ് ഞാൻ കാണുന്നത്.

രൂപതാഭവനത്തിൽ ഇരിക്കുന്നതിനേക്കാൾ സന്തോഷം എന്റെ ജനങ്ങളുടെ ഇടയിലായിരിക്കാനാണ്. കോവിഡിന്റെ പശ്ചാത്തലത്തിൽ മാസങ്ങളായി എന്റെ വിശ്വാസിസമൂഹത്തിലേക്ക് കടന്നുചെല്ലാൻ കഴിയാത്തതിൽ വിഷമമുണ്ട്. ഇപ്പോൾ കാനൻനിയമമനുസരിച്ച് എന്റെ അപ്പസ്തോലിക ശുശ്രൂഷ സമാപിപ്പിക്കേണ്ട സമയമായി. സന്തോഷത്തോടൊപ്പം സങ്കടങ്ങളുടെയും വേദനകളുടെയും അനുഭവങ്ങൾ ജീവിതത്തിലുണ്ടായിരുന്നു. എങ്കിലും ദൈവകൃപയിലാശ്രയിച്ച് പ്രത്യാശയോടും സന്തോഷത്തോടുംകൂടെ മുന്നോട്ടുപോയി. എന്റെ സഭാശുശ്രൂഷയുടെ യാത്ര പൂർത്തിയാക്കുന്ന അനുഭവമാണ് എനിക്കുള്ളത്. ഏതുപ്രതിസന്ധിയിലും പ്രാർത്ഥനയായിരുന്നു ശക്തി. ദൈവത്തിലായിരുന്നു എന്റെ ആശ്രയവും പ്രത്യാശയും. എന്റെ ബോധ്യങ്ങൾക്കനുസരിച്ചാണ് ജീവിച്ചത് എന്ന സന്തോഷമാണ് എനിക്ക് എപ്പോഴുമുള്ളത്. ■




www.malankaralibrary.com

*Change Begins with a Choice*

# BVM

*You aspire, We facilitate*



CHERPUNKAL

## BISHOP VAYALIL MEMORIAL HOLY CROSS COLLEGE

Affiliated to M.G. University, Kottayam.
Managed by Holy Cross Forane Church, CHERPUNKAL

### U G Programmes

B A Multimedia
B A Visual Communication
BCom Finance & Taxation
BCom Computer Application
BSc Mathematics
B C A
B S W

### P G Programmes

M S W
MSc Mathematics
MCom Finance & Taxation
MSc Computer Science





Cherpunkal P.O, Pala, Kottayam Dt., Kerala - 686584 Ph: 04822 268343 [Principal] 04822 267520 [Office]
Email : bvmhcc@gmail.com | website: www.bvmcollege.com

www.malankaralibrary.com

# സംവാദം



സപ്തകൂദാശകളിൽ നിരവധി തെറ്റുധാരണകൾക്ക് വിഷയീഭവിച്ചിട്ടുള്ള കൂദാശയാണ് രോഗീലേപനകൂദാശ. മനുഷ്യന്റെ ഭൗതികജീവിതത്തിലെ സമഗ്രതയുടെ പോഷകഘടകങ്ങളാണ് മാമ്മോദീസ മുതൽ രോഗീലേപനം വരെയുള്ള കൂദാശകൾ. രോഗികളെ തൊട്ടുസുഖപ്പെടുത്തിയ ക്രിസ്തു, അപ്പസ്തോലന്മാരിലൂടെ തിരുസ്സഭയിൽ, ഈ രോഗവിമോചന ശുശ്രൂഷ ഇന്നും തുടരുന്നു. ദൈവികമുദ്ര (ഒപ്പ്)യും സൗഖ്യത്തിന്റെ തൈലാഭിഷേകവും (റൂശ്മ) ചേർന്ന ഒപ്രുശ്മയുടെ വർത്തമാനകാല സാംഗത്യവും പ്രസക്തിയും ചർച്ചചെയ്യുകയാണ് ഈ ലക്കം കാരുണികൻ.

# സൗഖ്യത്തിന്റെ കൂദാശ

- ഒടുവിലത്തെ ഒപ്രൂശ്മ വിശ്വാസി അറിയേണ്ടത്
- ഭിഷഗ്വരനാകുന്ന വൈദികൻ
- കോവിഡ്കാല അജപാലനാഭിമുഖ്യങ്ങൾ
- രോഗവും രോഗസൗഖ്യവും: വേദപുസ്തക പരിപ്രേക്ഷ്യങ്ങൾ
- രോഗീലേപന കൂദാശയുടെ യുഗാന്തദർശനങ്ങൾ
- അന്ത്യമല്ല സൗഖ്യമാണ് പ്രധാനം

റവ. ഡോ. തോമസ് പുന്നത്താനത്ത്
റവ. ഡോ. ഫ്രാൻസിസ് പിട്ടാപ്പിള്ളിൽ
റവ. ഡോ. സെബാസ്റ്റ്യൻ നാമറ്റത്തിൽ
റവ. ഡോ. ജേക്കബ് പ്രസാദ്
റവ. ഡോ. സെബാസ്റ്റ്യൻ പഞ്ഞിക്കാരൻ
ഫ്രാൻസി ജിനി
ജോസഫ് കൊടുവേലിപ്പറമ്പിൽ
ട്രീസ മെന്റസ് വലിയപറമ്പിൽ
ലിബിൻ അബ്രഹാം
മേഴ്സി ജോർജ് ചെറുതലയ്ക്കൽ


www.malankaralibrary.com

# ഒടുവിലത്തെ ഒപ്രൂശ്മ
# വിശ്വാസി അറിയേണ്ടത്

**രോഗീലേപനം മരണാസന്നർക്ക് നല്കി അന്ത്യയാത്ര ശുഭകരമാക്കുന്നതിനുള്ള ഒരു കൂദാശയായാണ് വിശ്വാസിസമൂഹം മനസ്സിലാക്കിയിരിക്കുന്നത്. രോഗാതുരാവസ്ഥയിൽമാത്രം നല്കുന്ന കൂദാശയായതിനാൽ ഭൂരിഭാഗംപേരും ഇതേക്കുറിച്ച് അവബോധമുള്ളവരുമല്ല. രോഗീലേപനത്തിന്റെ ശരിയായ അറിവും അവബോധവും പകരുന്ന ലേഖനം.**



റവ. ഡോ. തോമസ് പുന്നത്താനത്ത്
പാലാരൂപത
പ്രൊഫസർ, സെന്റ് മേരീസ് മലങ്കര മേജർ സെമിനാരി, തിരുവനന്തപുരം

എന്നെന്നും ജീവിക്കുന്നവനും ജീവൻ നല്കുന്നവനുമായ ക്രിസ്തുവിന്റെ ശരീരത്തിൽനിന്നും നിർഗളിക്കുന്ന ശക്തികളാണ് കൂദാശകൾ (CCC 1116). ആത്മാവിനെ സുഖപ്പെടുത്തുന്ന സിദ്ധൗഷധമാണവ. സൗഖ്യദായകനായ ഈശോ, രോഗീലേപനകൂദാശയിലൂടെ രോഗികളെ സ്പർശിക്കുകയും കൃപാവരം നല്കുകയും ചെയ്യുന്നു. രോഗി പാപമോചനവും രോഗസൗഖ്യവും സ്വീകരിക്കുന്നു.

'മരണാസന്നരുടെ കൂദാശ', 'അന്ത്യകൂദാശ', 'ഒടുവിലത്തെ ഒപ്രൂശ്മ' എന്നൊക്കെ അറിയപ്പെട്ടിരുന്ന ഈ കൂദാശയെ രണ്ടാംവത്തിക്കാൻ കൗൺസിൽ 'രോഗീലേപനം' (Anoiniting of the sick) എന്ന് വിശേഷിപ്പിച്ചത് ഈ കൂദാശയുടെ ലക്ഷ്യവും ഇത് പ്രദാനം ചെയ്യുന്ന കൃപയും ഉൾക്കൊണ്ടതിനാലാണ്. രോഗാവസ്ഥയിൽ ആവശ്യാനുസരണം രോഗീലേപനം നല്കണമെന്ന് സഭ പഠിപ്പിക്കുന്നു. "വിശ്വാസികളിൽ ആരെങ്കിലും രോഗത്താലോ വാർധക്യംമൂലമോ മരണകരമായ സാഹചര്യത്തിൽപ്പെട്ടാൽ അപകടത്തിന്റെ അന്ത്യനിമിഷംവരെ കാത്തിരിക്കാതെ സൗകര്യപ്രദമായ സമയത്ത് ഈ കൂദാശ പരികർമ്മം ചെയ്യപ്പെടണമെന്നാണ് സഭ ആഗ്രഹിക്കുന്നത് (SC. 73).

## സൗഖ്യദായകൻ

ഈശോയുടെ സുവിശേഷപ്രഘോഷണത്തിന്റെ കാതലായ ഭാഗമായിരുന്നു രോഗശാന്തി. വിശ്വാസത്തോടെ ഈശോയുടെ സമീപത്തുവന്ന് അവനെ തൊട്ടവർ, അവന്റെ വസ്ത്രത്തിന്റെ വിളുമ്പിലെങ്കിലും സ്പർശിച്ചവർ സൗഖ്യമുള്ളവരായി. കാരണം അവനിൽ നിന്ന് പുറപ്പെട്ടശക്തിയാൽ അവരെല്ലാം സുഖപ്പെട്ടു. 'ഞാൻ നിന്നെ സുഖപ്പെടുത്തുന്ന കർത്താവാണ്' (പുറ 15:26) എന്ന് ഈശോ നിശബ്ദമായി പ്രഘോഷിക്കുകയായിരുന്നു. 'ആരോഗ്യമുള്ളവർക്കല്ല രോഗികൾക്കാണ് വൈദ്യനെ ആവശ്യം' എന്ന് പഠിപ്പിച്ചവൻ രോഗികളോട് താദാത്മ്യം പ്രാപിച്ചുകൊണ്ട് അന്ത്യവിധിയുടെ രംഗത്തിൽപറയുന്നു: 'ഞാൻ രോഗിയായിരുന്നു, നിങ്ങൾ എന്നെ സന്ദർശിച്ചു' (മത്താ 25). നമ്മുടെ ബലഹീനതകൾ ഏറ്റെടുക്കുകയും രോഗങ്ങൾ വഹിക്കുകയും ചെയ്തവൻ ശിഷ്യന്മാർക്ക് അധികാരം കൊടുത്ത് അവരോട് ആഹ്വാനം ചെയ്തത് 'രോഗികളെ സുഖപ്പെടുത്തുവിൻ' (മത്താ 10:8) എന്നാണ്. 'ഈശോ അയച്ച ശിഷ്യന്മാർ അനേകം രോഗികളെ തൈലംപൂശി സുഖപ്പെടുത്തി' (മർക്കോ 6:13). ഉത്ഥിതൻ ശിഷ്യരെ അധികാരപ്പെടുത്തി ദൗത്യം ഏല്പിക്കുന്നതും രോഗികളെ സുഖപ്പെടുത്താനാണ്. 'അവർ രോഗികളുടെമേൽ കൈകൾവയ്ക്കും; അവർ സുഖം പ്രാപിക്കും' (മർക്കോ 16:18). സഭ ക്രിസ്തുവിന്റെ ഈ ദൗത്യം ഏറ്റെടുത്ത് രോഗികളെ ശുശ്രൂഷിക്കുകയും മധ്യസ്ഥപ്രാർത്ഥനകളാൽ അവരോടൊത്ത് ആയിരിക്കുകയും ചെയ്യുന്നു.

## രോഗത്തിൽനിന്നും പാപത്തിൽനിന്നും സൗഖ്യം

വേദഗ്രന്ഥവീക്ഷണമനുസരിച്ച് രോഗം ശാരീരികസ്ഥിതിവിശേഷം മാത്രമല്ല, മനുഷ്യന്റെ പാപത്തിൽ നിന്നുരുത്തിരിയുന്ന അവസ്ഥകൂടിയാണ്. ദൈവം സീയോന്റെ തെറ്റുകൾക്ക് മാപ്പ് നല്കി അവരുടെ രോഗങ്ങൾ സുഖപ്പെടുത്തുന്നതിനെക്കുറിച്ച് ഏശയ്യാ പറയുന്നു: 'അവിടുത്തെ നിവാസികളിലാരും താൻ രോഗിയാണെന്ന്



www.malankaralibrary.com

പറയുകയില്ല. അവരുടെ അകൃത്യങ്ങൾക്ക് മാപ്പ് ലഭിക്കും' (ഏശ 33:24). ദൈവമായ കർത്താവ് ഇസ്രായേലിനോട് പറയുന്നത് ദൈവത്തിന്റെ കല്പനകളും ചട്ടങ്ങളും പാലിച്ചാൽ, വിശ്വസ്തതയോടെ വർത്തിച്ചാൽ, ഈജിപ്തുകാരുടെമേൽവരുത്തിയ മഹാമാരികളൊന്നും അവരുടെമേൽ വരുത്തുകയില്ല എന്നാണ്. രോഗിയായ ഹെസക്കിയ രാജാവ് ദൈവതിരുമുമ്പിൽ വിശ്വസ്തതയോടും ആത്മാർത്ഥതയോടുംകൂടെ വർത്തിച്ചതോർത്ത് കർത്താവ് അവന് സൗഖ്യം നല്കി അവന്റെ ആയുസ്സ് ദീർഘിപ്പിക്കുന്നു (2 രാജാ 20). ജനത്തോട് അനുകമ്പതോന്നിയ ഈശോ അവരുടെയിടയിലെ രോഗികളെ സുഖപ്പെടുത്തി. ദൈവം തന്റെ ജനത്തെ സന്ദർശിച്ച് രക്ഷ നല്കുന്ന അനുഭവമാണ് ആത്മാവിന്റെയും ശരീരത്തിന്റെയും ഭിക്ഷഗ്വരനായ ഈശോ ജനത്തിന് നല്കിയത്. യാക്കോബ്ശ്ലീഹാ ഓർമ്മിപ്പിക്കുന്നു: 'വിശ്വാസത്തോടെ പ്രാർത്ഥിക്കുമ്പോൾ കർത്താവ് രോഗിയെ സുഖപ്പെടുത്തി എഴുന്നേല്പ്പിക്കും; അവൻ പാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അവിടുന്ന് അവനു മാപ്പുനൽകും' (യാക്കോ 5:15).

## രോഗികൾക്കുള്ള കൂദാശ

ആറ് കൂദാശകൾ ആരോഗ്യമുള്ളവർക്ക് നല്കുമ്പോൾ, രോഗീലേപനം രോഗികൾക്ക് നല്കുന്നു. രോഗികൾക്ക് സഭ ഔദ്യോഗികമായി നല്കുന്ന ആശീർവാദമാണിത്. രോഗാവസ്ഥയിലുള്ള ഏത് കത്തോലിക്കനും ഈ കൂദാശ സ്വീകരിക്കാം. പ്രായമുള്ളവർക്ക് മാത്രമല്ല, ചെറുപ്പക്കാർക്കും ഗുരുതരമായ രോഗാവസ്ഥയിൽ ഈ കൂദാശ സ്വീകരിക്കാം. രോഗീലേപനത്തിലൂടെ കർത്താവ് രോഗികളെ ആശ്വസിപ്പിക്കുന്നു (PO 5). മരിക്കുന്നവർക്കല്ല, രോഗികൾക്കാണ് ഈ കൂദാശ നല്കുന്നതെന്ന് രോഗീലേപന ശുശ്രൂഷയിലൂടെ പ്രാർത്ഥനകൾ വ്യക്തമാക്കുന്നു.

1. രോഗീലേപനശുശ്രൂഷയിൽ വായിക്കുന്ന വചനഭാഗം യാക്കോബ്ശ്ലീഹയുടെ ലേഖനത്തിൽ പറയുന്നു: 'വിശ്വാസത്തോടെയുള്ള പ്രാർത്ഥന രോഗിയെ സുഖപ്പെടുത്തും; കർത്താവ് അവനെ എഴുന്നേൽപ്പിക്കും' (5:15).

2. സീറോമലബാർ സഭയുടെ രോഗീലേപനശുശ്രൂഷയിൽ വൈദികൻ കൈവയ്പ്പ് പ്രാർത്ഥനയിൽ ചൊല്ലുന്നു: 'കർത്താവ് നിനക്ക് സൗഖ്യമരുളട്ടെ. നിന്നെ ആശ്വസിപ്പിക്കാൻ സ്വർഗ്ഗീയ ദൂതന്മാരെ നിയോഗിക്കട്ടെ.'

3. മലങ്കരക്രമത്തിലെ പ്രാരംഭപ്രാർത്ഥനയിൽ; 'കർത്താവേ, ക്ലേശം അനുഭവിക്കുന്നവരെ കാരുണ്യപൂർവ്വം ദർശിക്കണമേ. രോഗികളെ കൃപാപൂർവ്വം സുഖപ്പെടുത്തണമേ. മനോവ്യഥയുള്ളവരെ ആശ്വസിപ്പിക്കണമേ.'

4. ലത്തീൻ ആരാധനക്രമമനുസരിച്ച്, 'രോഗബാധിതർക്ക് രോഗീലേപനത്താൽ ശക്തിയും ആശ്വാസവും പ്രദാനം ചെയ്യുന്നു. തന്റെ പുനരാഗമനം പാർത്തിരിക്കുന്നവർക്ക് അവിടുന്ന് സ്വന്തം ശരീരരക്തങ്ങൾ തൃപ്പാഥേയമായി നല്കി അവരിൽ നിത്യായുസ്സിലുള്ള പ്രത്യാശ വളർത്തുന്നു.'

ആത്മീയവും ശാരീരികവുമായ സൗഖ്യമാണ് ഈ കൂദാശ ലക്ഷ്യമാക്കുന്നത്. രോഗിക്ക് ദൈവകൃപനല്കി രോഗമുക്തിയും പാപമുക്തിയും പ്രദാനം ചെയ്യുന്നു.

## കൂദാശയുടെ ഫലങ്ങൾ

കൂദാശകൾ പ്രസാദവരത്തിന്റെ നീർച്ചാലുകളാണ്. മറ്റേതൊരു കൂദാശയിലൂടെ എന്നതുപോലെ രോഗീലേപന




www.malankaralibrary.com


ത്തിലൂടെ ലഭിക്കുന്ന ഫലങ്ങൾ നിരവധിയാണ്.

### 1. സഹനങ്ങൾ ക്രിസ്തീയമായി സ്വീകരിക്കാൻ ശക്തി ലഭിക്കുന്നു

രോഗീലേപനകൂദാശ ക്രിസ്തുവിന്റെ പീഡാസഹനത്തോടും മരണത്തോടും താദാത്മ്യപ്പെട്ടുകൊണ്ട് തന്റെയും ദൈവജനത്തിന്റെയും നന്മയ്ക്കുവേണ്ടി സഹനങ്ങളെ കാഴ്ചവയ്ക്കാൻ സഹായിക്കുന്നു (LG .11). രോഗി തന്റെ സഹനങ്ങളെ ക്രിസ്തുവിന്റെ പെസഹാരഹസ്യത്തോട് ചേർത്തുവയ്ക്കുന്നു. 'നാം അവിടുത്തോടുകൂടി കഷ്ടതകളനുഭവിച്ചാൽ അവിടുത്തോടുകൂടി മഹത്വം പ്രാപിക്കും' (റോമാ 8:16–17). 'സഭയാകുന്ന തന്റെ ശരീരത്തെപ്രതി ക്രിസ്തുവിനു സഹിക്കേണ്ടിവന്ന പീഡകളുടെ കുറവ് എന്റെ ശരീരത്തിൽ ഞാൻ നികത്തുന്നു' (കൊളോ 1:24). 'മിശിഹായുടെ കഷ്ടതകളിൽ പങ്കുകാരാകുന്നതിൽ നിങ്ങൾ സന്തോഷിക്കുവിൻ. അവന്റെ മഹത്വം വെളിപ്പെടുമ്പോൾ നിങ്ങൾ അത്യധികം ആഹ്ലാദിക്കും' (1 പത്രോ 4:13). രോഗത്തിന്റെയും മരണത്തിന്റെയും രക്ഷാകരമൂല്യം മനസ്സിലാക്കുന്നതിനും മിശിഹായുടെ പെസഹാരഹസ്യത്തിൽ പങ്കുചേരുന്നതിനും രോഗീലേപനം സഹായിക്കുന്നു.

### 2. പാപമോചനം

രോഗീലേപനം നല്കുന്നതിനുമുമ്പായി അനുരഞ്ജനകൂദാശ നടത്താറുണ്ട്. എന്നാൽ അത് നടത്താൻ കഴിയാത്തവിധം രോഗി അബോധാവസ്ഥയിലാണെങ്കിൽ എല്ലാ പാപങ്ങളിൽനിന്നും മോചനം ലഭിക്കും. മാമ്മോദീസായിലെ ലേപനത്തിൽ ജന്മപാപം മോചിക്കപ്പെടുമ്പോൾ രോഗീലേപനത്തിൽ കർമ്മപാപം മോചിക്കപ്പെടുന്നു. കുമ്പസാരമെന്ന കൂദാശക്ക് പകരമുള്ളതല്ല രോഗീലേപനം എന്നു മനസ്സിലാക്കണം. പോൾ ആറാമൻ പാപ്പ ഈ കൂദാശയുടെ ഫലത്തെക്കുറിച്ച് പറയുന്നു: 'ഇത് യഥാർത്ഥത്തിൽ പരിശുദ്ധാത്മാവിന്റെ ഒരു ദാനമാണ്. രോഗിയിൽ മോചിക്കപ്പെടേണ്ടതായി ഏതെങ്കിലും പാപം അവശേഷിക്കുന്നുണ്ടെങ്കിൽ രോഗീലേപനം അവ നീക്കിക്കളയുന്നു.'



അനുഗ്രഹത്തിന്റെയും കൃപയുടെയും വേദിയെങ്കിലും വളരെ ഭയത്തോടെയാണ് ഇന്ന് വിശ്വാസികളിലധികവും ഈ കൂദാശയെ കാണുന്നത്. ആത്മീയമായും ശാരീരികമായും ഉണർവുനൽകുന്ന കൂദാശയാണിത്. ഒരു വിശ്വാസിയുടെ രോഗാവസ്ഥയിലും മരണനേരത്തും സഭ കൂടെയുണ്ട് എന്ന ഉറപ്പ് ഈ കൂദാശ പരികർമ്മത്തിലൂടെ നല്കുന്നുണ്ട്.

### 3. ശാരീരികസൗഖ്യം

ആത്മാവിന്റെ രക്ഷക്ക് ഉതകുന്നതെങ്കിൽ ശാരീരികസൗഖ്യം രോഗി വീണ്ടെടുക്കുന്നു. കൂദാശ നല്കുന്ന ശാരീരികസൗഖ്യത്തെക്കുറിച്ച് മൂറോൻതൈലം വെഞ്ചരിച്ചുകൊണ്ടുള്ള പ്രാർത്ഥനയിൽ വ്യക്തമാക്കുന്നു: 'ഈ തൈലംകൊണ്ട് ലേപനം ചെയ്യപ്പെടുന്ന സകലരും... വേദനയിൽനിന്നും രോഗത്തിൽനിന്നും വ്യാധികളിൽനിന്നും സ്വതന്ത്രരാക്കപ്പെടുകയും ശരീരത്തിലും മനസ്സിലും ആത്മാവിലും വീണ്ടും സ്വസ്ഥരാക്കപ്പെടുകയും ചെയ്യട്ടെ.' രോഗാവസ്ഥയിൽ പ്രത്യാശ നഷ്ടപ്പെട്ടവർക്ക് ഈ കൂദാശ ശാന്തിയും സമാശ്വാസവും നല്കുന്നു.

### 4. നിത്യജീവിതത്തിന് ഒരുക്കുന്നു

എല്ലാത്തരം രോഗങ്ങളാലും ക്ലേശിക്കുന്നവർ ഈ കൂദാശ സ്വീകരിക്കുന്നുവെങ്കിലും മരണത്തെ അഭിമുഖം കാണുന്നവർ ഈ കൂദാശ സ്വീകരിക്കുന്നത് കൂടുതൽ അർത്ഥവത്താണ്. കാരണം, മാമ്മോദീസായിൽ ആരംഭിച്ച ക്രിസ്തുവിന്റെ മരണത്തിലും ഉത്ഥാനത്തിലുമുള്ള നമ്മുടെ താദാത്മ്യപ്പെടൽ, പങ്കുചേരൽ രോഗീലേപനത്തിൽ പൂർണ്ണമാകുന്നു. മരണത്തെ പ്രതീക്ഷയോടെ സ്വീകരിക്കാൻ ഇത് രോഗികളെ സഹായിക്കുന്നു. ദുഷ്ടാരൂപിയുടെ പ്രലോഭനങ്ങളെ അതിജീവിക്കാനും മരണത്തെ സമചിത്തതയോടും ശാന്തതയോടുംകൂടി സ്വീകരിക്കാനുള്ള കൃപ പ്രദാനം ചെയ്യുന്നു. ഒരുക്കമില്ലാതെ മരിക്കാതെ, പ്രാർത്ഥിച്ചൊരുങ്ങി സംതൃപ്തിയോടെ ഈ ജീവിതത്തിൽനിന്ന് സ്വർഗ്ഗീയ ജറുസലെത്തേക്ക് യാത്രയാകാൻ ഈ കൂദാശ സഹായിക്കും. പ്രാരംഭകൂദാശകൾ ക്രൈസ്തവജീവിതത്തിന് ആരംഭംകുറിക്കുമ്പോൾ രോഗീലേപനം ഭൂമിയിലെ തീർത്ഥാടനം പൂർത്തിയാക്കി സ്വർഗ്ഗമാകുന്ന മാതൃരാജ്യത്തേക്ക് മടങ്ങാൻ നമ്മെ ഒരുക്കുന്നു. മരണത്തെ അഭിമുഖീകരിക്കാനുള്ള ഭയവും ഉത്കണ്ഠയും നീക്കി ദൈവത്തിലുള്ള വിശ്വാസവും സമർപ്പണവും നവീകരിക്കാൻ രോഗീലേപനകൂദാശ സഹായിക്കുന്നു.

## വിശ്വാസികൾ അറിഞ്ഞിരിക്കേണ്ടവ

അനുഗ്രഹത്തിന്റെയും കൃപയുടെയും വേദിയെങ്കിലും വളരെ ഭയത്തോടെയാണ് ഇന്ന് വിശ്വാസികളിലധികം പേരും ഈ കൂദാശയെ കാണുന്നത്. ആത്മീയമായും ശാരീരികമായും ഉണർവുനൽകുന്ന കൂദാശയാണിത്. ഒരു വിശ്വാസിയുടെ രോഗാവസ്ഥയിലും മരണനേരത്തും സഭ കൂടെയുണ്ട് എന്ന ഉറപ്പ് ഈ കൂദാശ പരികർമ്മത്തിലൂടെ നല്കുന്നുണ്ട്.

1. മരണാസന്നർ മാത്രമല്ല, രോഗമോ വാർധക്യമോ നിമിത്തം ക്ലേശമനുഭവിക്കുന്നവർക്ക് ഈ കൂദാശ സ്വീകരിക്കാം. വളരെ ഗൗരവമായ ശസ്ത്രക്രിയകൾക്ക് വിധേയപ്പെടുമ്പോഴും (CCC 1515) ഈ കൂദാശ സ്വീകരിക്കാവുന്നതാണ്.

2. ഒരിക്കൽ മാത്രമേ ഈ കൂദാശ സ്വീകരിക്കാൻപാടുള്ളു എന്ന തെറ്റായ ചിന്ത സൂക്ഷിക്കുന്നവരുണ്ട്. സാധാരണയായി ഒരിക്കൽ രോഗീലേപനം സ്വീകരിച്ചതിനുശേഷം 6 മാസം കഴിയുമ്പോൾവീണ്ടും സ്വീകരിക്കാവുന്നതാണ്. എന്നാൽ പ്രസ്തുതരോഗിയുടെ അവസ്ഥ മൂർച്ഛിക്കുകയോ മറ്റൊരു രോഗത്താൽ ക്ലേശിക്കുകയോ ചെയ്യുമ്പോൾ വീണ്ടും ലേപനം നടത്താവുന്നതാണ്. ഒരു രോഗി വീണ്ടുംവീണ്ടും ഔഷധം ഉപയോഗിക്കുന്നതുപോലെ ആത്മശരീരസൗഖ്യത്തിന് ആവർത്തിച്ച് സ്വീകരിക്കാവുന്നതാണ്.

3. സുബോധത്തോടെ ഈ കൂദാശ സ്വീകരിക്കാൻ രോഗിക്ക് സൗകര്യമൊരുക്കണം. മരണത്തിന്റെ അന്ത്യനിമിഷംവരെ കാത്തിരിക്കരുത് എന്ന് സാരം. അങ്ങനെയെങ്കിൽ നല്ല കുമ്പസാരം നടത്താനും പ്രാർത്ഥനകളിൽ സുബോധത്തോടെ പങ്കുചേരാനും രോഗിക്ക് സാധിക്കും.

4. മരിച്ച ഒരാൾക്ക് രോഗീലേപനം നല്കില്ല. എന്നാൽ മരണം യഥാർത്ഥത്തിൽ സംഭവിച്ചോ എന്ന് സംശയിക്കപ്പെടുന്നെങ്കിൽ ലേപനം സംശയത്തിന്റെ നിഴലിൽ നല്കാവുന്നതാണ്.

5. സഭയുടെ പ്രതിനിധി എന്ന നിലയിൽ വൈദികനാണ് സാധാരണയായി ഈ കൂദാശ പരികർമ്മം ചെയ്യുന്നത്. വൈദികന്റെ കരങ്ങളിലൂടെ രോഗികളുടെമേൽ കൈകൾവയ്ക്കുന്നതും രോഗശാന്തി നല്കുന്നതും ഉത്ഥിതനായ മിശിഹായാണ്. രോഗി ഗുരുതരാവസ്ഥയിലാകുമ്പോൾ വൈദികനെ അറിയിച്ച് കൂദാശ നല്കാൻ കുടുംബാംഗങ്ങൾ ശ്രദ്ധ കാണിക്കണം.

6. രോഗിയും വൈദികനുംമാത്രമായി രഹസ്യസ്വഭാവത്തിൽ നടത്തേണ്ട ഒരു കൂദാശയല്ലിത്. മറിച്ച് കുടുംബാംഗങ്ങൾ എല്ലാവരും വൈദികനോട് ഒന്നുചേർന്ന് ഇതിൽ പങ്കുചേരണം. ഗാർഹിക സഭയായ കുടുംബം ഒന്നാകെ അതിൽ പങ്കുചേരുന്നത് സാമൂഹികതലത്തെ പ്രതിഫലിപ്പിക്കുന്നു.

7. രോഗിയുടെ നെറ്റിത്തടത്തിലും കൈകളിലും ലേപനംചെയ്യുന്ന പതിവാണ് ലത്തീൻ സഭയിലുള്ളത്. എന്നാൽ പൗരസ്ത്യ സഭകളിൽ രോഗിയുടെ മറ്റ് ഭാഗങ്ങളിൽ (കാലുകൾ, കണ്ണ്, ചെവി, വായ്) ലേപനം ചെയ്യുന്നു.

8. രോഗീലേപനത്തോട് ചേർന്ന് കുമ്പസാരവും പരിശുദ്ധ കുർബാനയും നല്കാറുണ്ട്. മരണാസന്നനായ രോഗിക്ക് നല്കുന്ന വി. കുർബാന 'തിരുപ്പാഥേയം' എന്ന് അറിയപ്പെടുന്നു. അന്ത്യയാത്രയ്ക്കുവേണ്ടി സ്വീകരിക്കുന്ന ആധ്യാത്മിക ഭക്ഷണം എന്നർത്ഥം. ഈ ലോകജീവിതത്തിൽനിന്ന് യാത്ര പുറപ്പെടുമ്പോൾ ഈശോയുടെ ശരീരരക്തങ്ങൾ സ്വീകരിച്ച് ശക്തി പ്രാപിച്ച് അവിടുത്തെ വാഗ്ദാനമനുസരിച്ചുള്ള പുനരുത്ഥാനം ഉറപ്പുവരുത്തുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ പറയുന്നു: 'തിരുപ്പാഥേയം സ്വീകരിച്ച് മരണത്തിന് നന്നായി ഒരുങ്ങുന്നതിനും ദൈവം തിരുമനസ്സാകുന്നപക്ഷം രോഗമുക്തി പ്രാപിക്കുന്നതിനുമായി ഈ കൂദാശവഴി വൈദികൻ സഭയുടെ നാമത്തിൽ രോഗിക്കുവേണ്ടി പ്രാർത്ഥിക്കുന്നു' (SC 73).

9. രോഗീലേപനകൂദാശയെക്കുറിച്ചുള്ള പ്രബോധനം ജനത്തിനു നൽകാം. ഇത് സ്വീകരിക്കാൻ ജനത്തെ പ്രോത്സാഹിപ്പിക്കുന്നതിനും അജപാലകർ ശ്രദ്ധ കാണിക്കണം.

അജപാലകരുടെ ദൗത്യമാണ് ഇടവകയിലെ ആടുകളുടെ ആത്മീയകാര്യത്തിലുള്ള ശുഷ്കാന്തി. രോഗികളെ സന്ദർശിക്കുമ്പോൾ രോഗീലേപനം സ്വീകരിക്കാൻ അവരെ പ്രോത്സാഹിപ്പിക്കണം. മരണഭയം മൂലം ഈ കൂദാശ സ്വീകരിക്കാൻ മടി കാണിക്കുന്നവർക്ക് ഈ കൂദാശയെക്കുറിച്ചുള്ള അജ്ഞതയും തെറ്റുധാരണയുംമാറ്റി ഈ കൂദാശയിലൂടെ ലഭിക്കുന്ന കൃപാവരത്തെക്കുറിച്ചും സൗഖ്യദായകനായ ഈശോയുടെ പ്രവർത്തനത്തെക്കുറിച്ചും അവരെ പഠിപ്പിച്ച് ഈ കൂദാശയെക്കുറിച്ചുള്ള താല്പര്യം ജനങ്ങളിൽ വളർത്തി ഭയമില്ലാതെ ഈ കൂദാശ സ്വീകരിക്കാൻ ജനത്തെ ഒരുക്കാം. കാരണം, 'രഹസ്യവും പരസ്യവുമായ ഏത് കഠിനരോഗവും നിഷ്പ്രയാസം സുഖപ്പെടുത്താൻ മിശിഹാ ശക്തനാകുന്നു.' ■

## പ്രത്യേക അറിയിപ്പ്

**കാ**രുണികൻ മാസികയുടെ പോസ്റ്റൽ രജിസ്ട്രേഷൻ പുതുക്കുന്ന സമയമാണിത്. അതിന്റെ ഭാഗമായി തപാൽവകുപ്പ് കാരുണികന്റെ തിരഞ്ഞെടുത്ത വരിക്കാർക്ക് കത്തയക്കുന്നതാണ്. വരിക്കാരനാണോ അല്ലയോ എന്ന് വെളിപ്പെടുത്താനായി മറുപടി അയക്കാനുള്ള ഫോമും കവറും അതിന്റെകൂടെ ഉണ്ടായിരിക്കും. സൗജന്യമായി നിങ്ങൾക്കിത് തപാൽവകുപ്പിന് അയച്ചുകൊടുക്കാവുന്നതാണ്. അതിനാൽ തപാൽവകുപ്പിന്റെ കത്തുകിട്ടിയാൽ ഉടൻ മറുപടി അയക്കാൻ സന്മനസ്സുകാണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നന്ദിയോടെ,
പത്രാധിപർ, ഫാ. ജോയി ചെഞ്ചേരിൽ mcbs


www.malankaralibrary.com

# ഭിഷഗ്വരനാകുന്ന വൈദികൻ

**രോഗീലേപനമെന്ന കൂദാശ പരികർമ്മം ചെയ്യുന്ന വൈദികൻ എപ്രകാരം വൈദ്യനായിത്തീരുന്നു? കൂദാശകൾക്കെല്ലാം വിശിഷ്യാ രോഗീലേപനമെന്ന കൂദാശയ്ക്ക് ആത്മീയൗഷധമാനമുണ്ട്. അതുകൊണ്ടു തന്നെ, അതിലെ പ്രാർത്ഥനകളിൽ ആത്മീയസൗഖ്യത്തെകുറിച്ചുള്ള സൂചനകളുമുണ്ട്. കാരണം, ശരീരസൗഖ്യവും ആന്തരികസൗഖ്യവും തമ്മിൽ അന്യാദൃശ്യമായ ബന്ധമുണ്ടെന്ന് പ്രതിപാദിക്കുന്ന ലേഖനം.**



റവ. ഡോ. ഫ്രാൻസിസ് പിട്ടാപ്പിള്ളിൽ
മൗണ്ട് സെന്റ് തോമസ്, കാക്കനാട്
frpittapillil@gmail.com

മിശിഹാതന്നെയാണ് വൈദികനിലൂടെ രോഗിയെ സന്ദർശിക്കുകയും സ്പർശിക്കുകയും സൗഖ്യപ്പെടുത്തുകയും ചെയ്യുന്നത്. തന്മൂലം, ഈ കോവിഡുകാലത്തും ത്യാഗസന്നദ്ധരായ ധാരാളം വൈദികർ സർക്കാർ നിർദേശിക്കുന്ന മാനദണ്ഡങ്ങളെല്ലാം പാലിച്ചുകൊണ്ടുതന്നെ കൂദാശകളും കൂദാശാനുകരണങ്ങളും പരികർമ്മം ചെയ്യുന്നതും രോഗികളെ ആശ്വസിപ്പിക്കുന്നതും മിശിഹാസാക്ഷ്യത്തിന് കൂടുതൽ മിഴിവേകുന്നുണ്ട്.

## വിശുദ്ധഗ്രന്ഥത്തിൽ

ഇസ്രായേൽജനം തങ്ങളുടെ രോഗാവസ്ഥകളിലെല്ലാം ദൈവസന്നിധിയിലാണ് അഭയം പ്രാപിച്ചിരുന്നത്. ജീവന്റെയും മരണത്തിന്റെയും നാഥനായ ദൈവത്തോട് അവർ രോഗവിമുക്തിക്കായി നിരന്തരം പ്രാർത്ഥിച്ചിരുന്നു. 'ഞാനാണു കർത്താവ്, നിങ്ങളുടെ സൗഖ്യദായകൻ' (പുറ 15:26) എന്നാണ് ദൈവം ഇസ്രായേൽ ജനതയോട് അരുൾചെയ്യുന്നത്.

സഹിക്കുന്ന എല്ലാവരോടുമുള്ള ഈശോയുടെ കരുണ അവരോടു താദാത്മ്യപ്പെടത്തക്കവിധം വലുതായിരുന്നു. തന്മൂലം ഈശോ രോഗികളുടെമേൽ കൈവച്ച് പ്രാർത്ഥിക്കുകയും അവരെ സുഖപ്പെടുത്തുകയും ചെയ്തു (മർക്കോ 1:40-45). രോഗികൾക്ക് ആരോഗ്യം പ്രദാനം ചെയ്യാനും നഷ്ടപ്പെട്ടുപോയതിനെ വീണ്ടെടുക്കാനുമാണ് ഈശോ വന്നത്. അതുകൊണ്ടാണ് യഥാർത്ഥവൈദ്യനും സൗഖ്യദായകനുമായി അവിടുന്ന് സ്വയം വിശേഷിപ്പിക്കുന്നത് (മർക്കോ 2:17). 'നിനക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കാൻ കഴിയും' എന്ന് പറഞ്ഞുകൊണ്ടു തന്നെ സമീപിച്ച കുഷ്ഠരോഗിയെ സുഖപ്പെടുത്തിക്കൊണ്ട് രോഗികളോടുള്ള മനോഭാവം ഈശോ വ്യക്തമാക്കി (ലൂക്കാ 5:12-13).

'നല്ല സമറിയാക്കാരന്റെ ഉപമയെ സഭാപിതാക്കന്മാർ രോഗീലേപനമെന്ന കൂദാശയുമായി ബന്ധപ്പെടുത്തി വ്യാഖ്യാനിക്കാറുണ്ട്'(ലൂക്കാ 10:30-35). മുറിവേറ്റവന്റെമേൽ എണ്ണയും വീഞ്ഞും നല്ലസമറിയാക്കാരൻ പുരട്ടുന്നു. ഇതിൽ എണ്ണയെന്നത് രോഗീലേപനത്തിന് ഉപയോഗിക്കുന്ന തൈലത്തെ സൂചിപ്പിക്കുന്നു. വീഞ്ഞെന്നത് മിശിഹായുടെ കൃപയെയും സ്നേഹത്തെയുമാണ് കുറിക്കുന്നത്. ഉപമയിലെ സത്രം സൂക്ഷിപ്പുകാരൻ സഭതന്നെയാണ്. കാരണം, സഭയിലൂടെയും സഭാംഗങ്ങളായ നമ്മിലൂടെയുമാണ് മിശിഹാ രോഗികളോടും മുറിവേറ്റവരോടും കരുണ കാണിക്കുന്നത്.

ഈശോ തന്റെ പരസ്യജീവിതകാലത്ത് ശിഷ്യന്മാരെ സൗഖ്യദാനത്തിന്റെ ശുശ്രൂഷയിൽ അനിതരസാധാരണമായ വിധത്തിൽ പങ്കുചേർക്കുന്നതായി നാം സുവിശേഷത്തിൽ വായിക്കുന്നു: 'അവർ പുറപ്പെട്ട് ജനങ്ങൾ അനുതപിക്കണമെന്നു പ്രസംഗിച്ചു. അനേകം പിശാചുക്കളെ പുറത്താക്കി. അനേകം രോഗികളെ തൈലം പൂശി സുഖപ്പെടുത്തി' (മർക്കോ 6:12-13). ഇപ്രകാരം, വി. മർക്കോസിന്റെ സുവിശേഷത്തിൽ രോഗീലേപനത്തെക്കുറിച്ചു സൂചനയുണ്ടെങ്കിലും (മർക്കോ 6:13) യാക്കോബ് ശ്ലീഹായാണ് ഇത് നിർദ്ദേശിക്കുകയും അനുശാസിക്കുകയും ചെയ്യുന്നത്. ശ്ലീഹ എഴുതുന്നു: "നിങ്ങളിൽ ആരെങ്കിലും രോഗിയാണെങ്കിൽ അവൻ സഭയിലെ ശ്രേഷ്ഠൻമാരെ വിളിക്കട്ടെ.



www.malankaralibrary.com



അവൻ കർത്താവിന്റെ നാമത്തിൽ അവനെ തൈലാഭിഷേകം ചെയ്ത് അവനുവേണ്ടി പ്രാർത്ഥിക്കട്ടെ. അവൻ പാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അവിടുന്ന് അവനു മാപ്പുനൽകും'(യാക്കോ5: 14–15). വിശ്വാസത്തോടുകൂടിയ ലേപനംകൊണ്ട് സൗഖ്യം ലഭിക്കുമെന്നാണ് യാക്കോബ് ശ്ലീഹാ എഴുതുന്നത്. ആയതിനാൽ രോഗികളായവർക്ക് യഥാസമയം പുരോഹിതന്റെ സേവനം സംലഭ്യമാക്കണം. ഈ കൂദാശ സ്വീകരിക്കാൻ രോഗികളെ വേണ്ടത്ര ഒരുക്കുകയും പുരോഹിതരെ വിളിക്കാൻ അവരെ പ്രോത്സാഹിപ്പിക്കുകയും വേണം. രോഗീലേപനവും ഈസമയത്തുള്ള പുരോഹിതന്റെ പ്രാർഥനയും സഭ മുഴുവനും ചേർന്നു പ്രാർഥിക്കുന്നതിന്റെയും രോഗിയായ വ്യക്തിയെ മിശിഹായ്ക്ക് ഭരമേല്പിക്കുന്നതിന്റെയും അടയാളവും പ്രതീകവുമാണ്.

## ആരാധനക്രമപാരമ്പര്യങ്ങളിൽ

കന്തീലാക്രമം എന്നാണ് വൈദികർക്കുവേണ്ടിയുള്ള രോഗീലേപന ശുശ്രൂഷയെ അന്ത്യോക്യൻ പാരമ്പര്യത്തിൽ വിളിക്കുന്നത്. പൗരസ്ത്യസുറിയാനി ആരാധനക്രമപാരമ്പര്യം മിശിഹായെ ഭിഷഗ്വരനും സൗഖ്യദായകനുമായാണ് കാണുന്നത്. ഭൂമിയിലേക്ക് ഇറങ്ങിവന്ന് വളരെ നാളുകളായി പാപത്തിൽ കഴിഞ്ഞിരുന്നവരെ സൗഖ്യമാക്കിയ വൈദ്യനായാണ് കൈത്താക്കാലം നാലാമത്തെ ഞായറാഴ്ചയിലെ ഓനീസാദ്‌വാത്തേയിൽ മിശിഹായെ അവതരിപ്പിക്കുന്നത്.

സീറോമലബാർ സഭയിലെ വൈദിക പട്ടക്രമത്തിലെ രണ്ടാമത്തെ കൈവയ്പുപ്രാർത്ഥനയിൽ മെത്രാൻ അർത്ഥിയുടെ വലതുകരം പിടിച്ച് രോഗികളുടെമേൽ കൈകൾവച്ച് അവരെ സുഖപ്പെടുത്താനുള്ള വരത്തിനായി പ്രാർത്ഥിക്കുന്നുണ്ട്. രോഗികളുടെ മേൽ കൈകൾവച്ച് പ്രാർത്ഥിക്കാനും അവരെ സുഖപ്പെടുത്താനുമുള്ള


www.malankaralibrary.com

പുരോഹിതന്റെ കടമയെക്കുറിച്ച് വളരെ വ്യക്തമായ സൂചന നല്കുന്നതാണ് തിരുപ്പട്ടശുശ്രൂഷയിലെ ഈ പ്രാർത്ഥന. പുരോഹിതർ (മെത്രാന്മാരും വൈദികരും) മാത്രമാണ് രോഗീലേപനത്തിന്റെ കാർമികർ (CCC 1516).

മുൻകാലത്ത്,മരണത്തിന്റെ വക്കിലെത്തിയവർക്കു മാത്രം നല്കിയിരുന്നതുകൊണ്ട് ഈ കൂദാശ 'ഒടുവിലത്തെ ഒപ്രുശ്മ' അഥവാ 'അന്ത്യകൂദാശ' എന്നാണ് അറിയപ്പെട്ടിരുന്നത്. എന്നാൽ രോഗീലേപനം എന്ന നാമമാണ് ഈ കൂദാശയ്ക്ക് യോജ്യമായിട്ടുള്ളത്. ഈ കൂദാശ മരണാസന്നരായി കിടക്കുന്നവർക്കുമാത്രം കൊടുക്കാനുള്ളതല്ല. പ്രത്യുത, ഗൗരവമായ രോഗമോ, വാർധക്യമോ നിമിത്തം ക്ലേശിക്കുന്നവർക്കുവേണ്ടികൂടിയുള്ളതാണെന്ന യാഥാർഥ്യം നമ്മൾ മനസ്സിലാക്കണം. രോഗീലേപനം സ്വീകരിച്ച ഒരു വ്യക്തി ആരോഗ്യം വീണ്ടെടുക്കുകയും പിന്നീട് ഗൗരവമുള്ള മറ്റൊരു രോഗം അയാൾക്കുണ്ടാവുകയും ചെയ്താൽ ഈ കൂദാശ വീണ്ടും സ്വീകരിക്കാൻ സഭ അയാളെ അനുവദിക്കുന്നു.

## രോഗിലേപനകൂദാശയുടെ ഫലങ്ങൾ

രോഗിലേപനകൂദാശയുടെ ഫലദായകത്വത്തെപ്പറ്റി വിശ്വാസികളെ പഠിപ്പിക്കുകയും ഒരുക്കുകയും ചെയ്യേണ്ടത് അജപാലകരുടെ കടമയാണ്. ശുശ്രൂഷകരായ വൈദികരുടെ സേവനം തേടി കരുണയുടെ നന്മകൾ പരമാവധി സ്വായത്തമാക്കാൻ രോഗികളും താത്പര്യം കാണിക്കണം. എന്തെന്നാൽ ഓരോ രോഗവും മരണത്തെ എത്തിനോക്കാനും ദൈവചിന്തയിൽ ആഴപ്പെടാനുമുള്ള അവസരവുമാണ്.

മനസ്തപിച്ച് പാപപ്പൊറുതി യാചിച്ചുകൊണ്ട് പുരോഹിതനിൽനിന്നും രോഗീലേപനം സ്വീകരിക്കുമ്പോൾ രോഗിക്ക് പാപമോചനവും സമാധാനവും ക്ലേശങ്ങൾ സന്തോഷത്തോടെ സഹിക്കാനുള്ള മനോധൈര്യവും നിത്യസൗഭാഗ്യത്തിലുള്ള പ്രത്യാശയും ലഭിക്കുന്നു. ആത്മീകവും ശാരീരികവുമായ സൗഖ്യം പ്രാപിക്കാൻ ഈ കൂദാശയുടെ സ്വീകരണം സഹായിക്കുന്നു. ഈയവസരത്തിൽ അനുരഞ്ജനകൂദാശയും ദിവ്യകാരുണ്യവും സ്വീകരിക്കുന്നത് രോഗത്തിന്റെയും മരണത്തിന്റെയും രക്ഷാകരമൂല്യം മനസ്സിലാക്കുന്നതിനും മിശിഹായുടെ പെസഹാരഹസ്യങ്ങളിൽ ഭാഗഭാക്കാകുന്നതിനും രോഗിയെ പ്രാപ്തനാക്കുന്നു. വിശ്വാസികൾ അബോധാവസ്ഥയിലാണെങ്കിൽപ്പോലും ഗുരുതരമായ രോഗാവസ്ഥയിലും മരണാസന്നാവസ്ഥയിലും അവർ ഈ കൂദാശ സ്വീകരിക്കാൻ യോഗ്യതയുള്ളവരും ഒരുക്കമുള്ളവരുമാണെന്ന ധാരണയിൽ പുരോഹിതൻ കൂദാശ നല്കേണ്ടതാണ്. രോഗികളോടും വൃദ്ധരോടും ആസന്നമരണരോടുമുള്ള സഭയുടെ കരുതലും ദൈവജനത്തിന്റെ കൂട്ടായ്മയും ഈ കൂദാശാപരികർമ്മത്തിൽ സ്ഫുരിച്ചു നില്ക്കുന്നു.

ഈ കൂദാശാപരികർമവേളയിൽ ഈശോതന്നെയാണ് രോഗിക്ക് പാപമോചനവും ആത്മാവിന് സൗഖ്യവും ശരീരത്തിന് ബലവും നല്കുന്നത്. പരിശുദ്ധാത്മാവിന്റെ ദാനങ്ങളായ സമാധാനവും ധൈര്യവും ലഭിക്കുന്നതോടൊപ്പം രോഗത്തിന്റെയും വാർധക്യത്തിന്റെയും അവശതകളെ നേരിടാനുള്ള ശക്തിയും ഈ സമയത്ത് രോഗിക്ക് ലഭിക്കുന്നു. സാഹചര്യം അനുകൂലമായിരുന്നാൽ അനുരഞ്ജനകൂദാശയും ദിവ്യകാരുണ്യസ്വീകരണവും രോഗിക്ക് നടത്താമെന്ന് സഭ പഠിപ്പിക്കുന്നു (CCC 1517). ഈയവസരത്തിൽ ദിവ്യകാരുണ്യം സ്വീകരിക്കുന്നത് നിത്യജീവിതത്തിലേക്കുള്ള അച്ചാരമായിഭവിക്കുന്നു (യോഹ 6:54). മരിക്കുകയും ഉയിർക്കുകയും ചെയ്ത മിശിഹായുടെ കൂദാശയായ ദിവ്യകാരുണ്യം മരണത്തിന്റെ പിടിയിൽനിന്നു നിത്യജീവനിലേക്കു പ്രവേശിക്കാനുള്ള തിരുപ്പാഥേയമായി വർത്തിക്കുന്നു. തിരുപ്പാഥേയം സ്വീകരിച്ച് മരണത്തിന് നന്നായി ഒരുങ്ങുന്നതിനും ദൈവം തിരുമനസ്സാകുന്ന പക്ഷം രോഗവിമുക്തി പ്രാപിക്കുന്നതിനുമായി ഈ കൂദാശവഴി വൈദികൻ സഭയുടെ നാമത്തിൽ രോഗിക്കുവേണ്ടി പ്രാർത്ഥിക്കുന്നു (ലിറ്റർജി 73). അങ്ങനെ, മിശിഹായുടെ മരണത്തോടും ഉത്ഥാനത്തോടുമുള്ള നമ്മുടെ താദാത്മ്യപ്പെടൽ മാമ്മോദീസായിൽ ആരംഭിച്ചതുപോലെ രോഗിലേപനത്തിൽ അതു തുടരുകയും പൂർത്തിയാക്കപ്പെടുകയും ചെയ്യുന്നു. ■

## ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി KCBC ഡപ്യൂട്ടി സെക്രട്ടറി ജനറൽ



കേരള കത്തോലിക്കാ മെത്രാൻസമിതി (KCBC) ഡപ്യൂട്ടി സെക്രട്ടറി ജനറലും പാലാരിവട്ടം പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ (പിഒസി) ഡയറക്ടറുമായി **ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി** ചുമതലയേറ്റു. കെസിബിസി വർഷകാല സമ്മേളനത്തിലാണ് പുതിയ നിയമനം നടത്തിയത്. കെസിബിസി ഡപ്യൂട്ടി സെക്രട്ടറിയായിരുന്ന ഫാ. വർഗീസ് വള്ളിക്കാട്ട് പ്രവർത്തന കാലാവധി പൂർത്തിയാക്കിയതിനെത്തുടർന്നാണ് ഫാ. പാലയ്ക്കാപ്പിള്ളിയെ തിരഞ്ഞെടുത്തത്. മൂന്നുവർഷത്തേക്കാണ് നിയമനം. എറണാകുളം-അങ്കമാലി മേജർ അതിരൂപത കടവന്ത്ര സെന്റ് ജോസഫ്സ് ഇടവകാംഗമാണ് പാലയ്ക്കാപ്പിള്ളിയച്ചൻ.

## റവ. ഡോ. ചാൾസ് ലിയോൺ KCBC വിദ്യാഭ്യാസ കമ്മീഷൻ സെക്രട്ടറി



KCBC വിദ്യാഭ്യാസ കമ്മീഷൻ സെക്രട്ടറിയായി **റവ. ഡോ. ചാൾസ് ലിയോൺ** ചുമതലയേറ്റു. ആലുവ കാർമൽഗിരി സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരി പ്രൊഫസർ ആയി സേവനമനുഷ്ഠിച്ചുവരികേയാണ് പുതിയ നിയമനം. കോഴിക്കോട് രൂപതയിലെ സെന്റ് സേവ്യേഴ്സ് ആർട്സ് & സയൻസ് കോളജിന്റെ പ്രിൻസിപ്പാളായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. നിലവിൽ കെസിബിസി വിദ്യാഭ്യാസ കമ്മീഷൻ ജോയിന്റ് സെക്രട്ടറിയായിരുന്നു. തിരുവനന്തപുരം ലത്തീൻ അതിരൂപതാംഗമാണ് ഡോ. ചാൾസ് ലിയോൺ.



www.malankaralibrary.com

# കോവിഡ്കാല അജപാലനാഭിമുഖ്യങ്ങൾ

**മരണസംസ്കാരം നിലനില്ക്കുന്നിടങ്ങളിൽ ജീവസംസ്കാരത്തിന്റെ സുവിശേഷവാഹകരാകേണ്ട അജപാലന മുന്നറിയിപ്പോടെ കോവിഡുരോഗബാധിതർക്കിടയിൽ നടപ്പാക്കേണ്ട അജപാലന ശുശ്രൂഷകളെയും സംവിധാനങ്ങളെയുംകുറിച്ച് പങ്കുവയ്ക്കുന്ന ആദരചിന്തകൾ.**



റവ. ഡോ. സെബാസ്റ്റ്യൻ നാമറ്റത്തിൽ
Syro-Malabar Chaplain,
Coventry, UK.
frnams@gmail.com

ആഗോളതലത്തിൽ ഭയത്തിന്റെയും ആശങ്കയുടെയും അലയുയർത്തി സംഹാരശേഷിയോടെ മുന്നേറുന്ന കോവിഡ് –19 അഥവാ, കൊറോണാ വൈറസ് (SARS-Cov-2) ഇന്ന് ഏവർക്കും പരിചിതമായ വാക്കായിക്കഴിഞ്ഞു. ഒരു 'ഇത്തിരിക്കുഞ്ഞൻ' ജീവി, മനുഷ്യന്റെ നഗ്നനേത്രങ്ങൾകൊണ്ടോ, ഒരു സാധാരണ സൂക്ഷ്മദർശിനികൊണ്ടോ കാണാൻകഴിയാത്ത ഈ വൈറസിനെ അതിന്റെ അനുഭവത്തിലൂടെ മനുഷ്യർ മനസ്സിലാക്കി വരുന്നതേയുള്ളൂ.

രോഗവ്യാപനത്തോത് വളരുന്ന സാഹചര്യത്തിൽ ഈ മഹാമാരിയെ ചെറുത്ത് തോല്പിക്കുക എന്നത് മനുഷ്യവംശത്തിന്റെ മുഴുവൻ ഉത്തരവാദിത്വമാണ് എന്ന് നിസ്സംശയം പറയാനാകും. കേവലം വൈദ്യശാസ്ത്രത്തിനോ, ശാസ്ത്രസാങ്കേതികവിദ്യകൾക്കോ മാത്രം ഉത്തരവാദിത്വമേല്പിച്ച് പിൻവാങ്ങേണ്ട ഒന്നല്ല ഇതെന്ന് ലോകരാഷ്ട്രങ്ങളും ഭരണകൂടങ്ങളും ഇതിനകം തെളിയിച്ചുകഴിഞ്ഞു.

കോറോണാ വൈറസ് മനുഷ്യസമൂഹത്തിൽ വരുത്തിയിരിക്കുന്ന ആഘാതമെന്നത് കേവലം ഒരു രോഗം എന്നതിലുപരി, നാളിതുവരെ മനുഷ്യർ ശീലിച്ചുപോന്ന ജീവിതക്രമത്തിന് താളഭംഗംവരുത്തി എന്നതാണ്. ജീവിക്കാനും ഇടപഴകാനും സുരക്ഷിതമായ ഇടം (safe enviornment) എന്നത് ഇന്ന് ജീവിതത്തിന്റെ അടിസ്ഥാന ആവശ്യമായിമാറിക്കഴിഞ്ഞു. ആരെ വിശ്വസിക്കാം എവിടെ സുരക്ഷിതമായി പോയിവരാം എന്നതെല്ലാം സംശയമുനകളിലായിരിക്കുന്നു.




www.malankaralibrary.com

സാമൂഹ്യചുറ്റുപാടുകളിൽ ബന്ധിതമായിരിക്കുന്ന മനുഷ്യജീവിതത്തിൽ സ്വന്തം അസ്ഥിത്വത്തിന് ഭീഷണി നിലവിലിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ വ്യത്യസ്തങ്ങളായ തലങ്ങളിൽനിന്ന് ഈ സ്ഥിതിയെ അപഗ്രഥിക്കേണ്ടതും പോംവഴികൾ കണ്ടത്തേണ്ടതുമുണ്ട്.

വിശ്വാസതലത്തിൽ ചിന്തിച്ചാൽ അജപാലനപരമായ ഒരു സമീപനവും ക്രിയാത്മകമായ പ്രതികരണവും ഇന്ന് അത്യന്താപേക്ഷിതമാണ്. രോഗവും രോഗികളും ഒറ്റപ്പെടലിന്റെയും മരണഭയത്തിന്റെയും നിഴലിലാണിന്ന്. സമഗ്രവിമോചകനായ ക്രിസ്തുവിന്റെ സ്നേഹവും കരുണയും കരുതലും ഏറെ പ്രകടമാക്കപ്പെടേണ്ട കാലഘട്ടമാണിന്ന്. വി. പൗലോസ്ശ്ലീഹായുടെ പ്രേഷിതചൈതന്യം ഉൾക്കൊള്ളേണ്ട സമയം. ശ്ലീഹാ പറയുന്നു: 'ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്ന് ആര് നമ്മെ വേർപെടുത്തും? ക്ലേശമോ ദുരിതമോ പീഡനമോ പട്ടിണിയോ ആപത്തോ വാളോ?... നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇവയിലെല്ലാം നാം പൂർണ്ണവിജയം വരിക്കുന്നു' (റോമാ 8:35–37).

അജപാലനോന്മുഖമായ കാഴ്ചപ്പാടിൽ ഈ രോഗത്തെയും അതിന്റെ പരിണതഫലങ്ങളെയും വിശ്വാസിസമൂഹവും അജപാലകരും കാണേണ്ടതുണ്ട്. സാമൂഹികമായ കാഴ്ചപ്പാടിൽ വിലയിരുത്തുമ്പോൾ അജപാലകർ അഭിമുഖീകരിക്കേണ്ട വ്യക്തികളാണ് രോഗികൾ, ശുശ്രൂഷകർ, കുടുംബാംഗങ്ങൾ, മരണാസന്നർ, പൊതുസമൂഹം etc. ക്രിസ്തുസ്നേഹത്തിന്റെ ജാജ്വല്യമായ തീക്ഷ്ണത പ്രകടമാക്കേണ്ട സമയമാണിത്. രണ്ടുതരം മനോഭാവങ്ങൾ നമുക്കിവിടെ കാണാനാകും. ഒന്ന്, ഗവൺമെന്റിന്റെയും വൈദ്യശാസ്ത്രത്തിന്റെയും നിർദ്ദേശാനുസരണം നിഷ്ക്രിയമായി സ്വന്തം സുരക്ഷിതത്വത്തെ നോക്കികാണുന്നത്. ഇതിന് തീർച്ചയായും പ്രസക്തിയുണ്ട്; കാരണം, അനിശ്ചിതമായ ശാസ്ത്രീയ വിശകലനവും അസ്പഷ്ടമായ അറിവും മാത്രമേ ഇന്നും ഈ രോഗത്തെക്കുറിച്ചും വൈറസ്വ്യാപനത്തെക്കുറിച്ചും അനന്തരഫലങ്ങളെക്കുറിച്ചും ഉള്ളു എന്നതും, നമ്മുടെയാരുടെയും സുരക്ഷിതത്വം ആർക്കും തീർച്ചപറഞ്ഞ് ബോദ്ധ്യപ്പെടുത്താനാവില്ല എന്നുള്ളതും.

രണ്ട്, വേദനിക്കുന്നവരുടെ ഒപ്പം നില്ക്കാനും ക്രിസ്തുസ്നേഹത്തിന്റെ കാരുണ്യവും അടുപ്പവും പ്രകടമാക്കാനും ഉള്ള ദൈവവിളി. ഇതിന് കൂടുതൽ പ്രസക്തിയുണ്ട്; കാരണം, കോവിഡ് മനുഷ്യസമൂഹത്തിൽ സൃഷ്ടിക്കുന്ന ഭയപ്പാടും അകൽച്ചയും മറ്റേതുരോഗത്തെക്കാളും തീക്ഷ്ണമാണ്. രോഗത്തിന് ഫലപ്രദമായ ചികിത്സാവിധികൾ ഇതുവരെ ആയിട്ടില്ല എന്ന സത്യവും മരണഭയവും ഏതൊരുവ്യക്തിയുടെ മുമ്പിലും തൂങ്ങുന്ന ഡമോക്ലീസിന്റെ വാളാണ്. കേവലം 8 മാസങ്ങൾകൊണ്ട് രണ്ടുകോടിയിലധികം ആളുകൾക്ക് ബാധിച്ച ഈ രോഗം നിമിത്തം എട്ടുലക്ഷത്തോളംമരണം ഇതിനകം സംഭവിച്ചുകഴിഞ്ഞു. അനിയന്ത്രിതമായി പലരാജ്യങ്ങളിലും ഇത് വ്യാപിച്ചുകൊണ്ടിരിക്കുന്നു എന്ന സത്യവും നമ്മുടെ മുമ്പിലുണ്ട്.

## അജപാലന ശൈലി

ഭയവും ആശങ്കകളും ഉള്ളവരാണ് രോഗികളായവർ. അവരെ ക്രിയാത്മകമായി ചിന്തിക്കാനും ആരോഗ്യപരമായി മനസ്സിനെ കാത്തുസൂക്ഷിക്കാനും കഴിയുന്നവരാക്കണം. സ്വന്തം ജീവന് ആവശ്യമായ മുൻകരുതൽ എടുത്തു

വിശ്വാസതലത്തിൽ ചിന്തിച്ചാൽ അജപാലനപരമായ ഒരു സമീപനവും ക്രിയാത്മകമായ പ്രതികരണവും ഇന്ന് അത്യന്താപേക്ഷിതമാണ്. രോഗവും രോഗികളും ഒറ്റപ്പെടലിന്റെയും മരണഭയത്തിന്റെയും നിഴലിലാണിന്ന്. സമഗ്രവിമോചകനായ ക്രിസ്തുവിന്റെ സ്നേഹവും കരുണയും കരുതലും ഏറെ പ്രകടമാക്കപ്പെടേണ്ട കാലഘട്ടമാണിന്ന്.




www.malankaralibrary.com

തന്നെ രോഗികളെ സന്ദർശിക്കാനും (നിയമം അനുവദിക്കുമെങ്കിൽ) ആധുനിക മാധ്യമങ്ങളിലൂടെ അവരുമായി സമ്പർക്കം പുലർത്താനും ഏതൊരു അജപാലകനും കഴിയണം. ശാരീരിക ക്ലേശങ്ങൾക്കൊപ്പം മാനസികവും ആത്മീയവുമായ തളർച്ച അനുഭവപ്പെടുന്ന സന്ദർഭമാണ് രോഗാവസ്ഥ എന്ന ഉൾക്കാഴ്ചയോടെ ആത്മീയ ഉണർവും പ്രചോദനവും നൽകാൻ അജപാലകർ അടുത്തുണ്ടാകേണ്ടതുണ്ട്.

കോവിഡ് പഠിപ്പിക്കുന്ന പാഠങ്ങളിൽ നാം കണ്ടുമുട്ടുന്നവരാണ് രോഗീശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന ഡോക്ടർമാർ, നഴ്സുമാർ, മറ്റ് ആതുരശുശ്രൂഷകർ തുടങ്ങിയവർ. രോഗത്തോടും രോഗികളോടും വൈറസിനോടും ഏറ്റവുമടുത്ത് ഇടപഴകുന്നവരാണവർ- രോഗസാധ്യത ഏറ്റവുമധികമുള്ളവർ. ഒരു പ്ലാസ്റ്റിക് കവറിനും മാസ്കിനും സാനിറ്റൈസറിനും അപ്പുറം കടന്നു ചെല്ലാനും ശ്രദ്ധയില്ലെങ്കിൽ മാരകരോഗത്തിനടിമപ്പെടുത്താനും കഴിയുന്ന ഒരു ചെറുജീവി അടുത്തുണ്ട് എന്ന നൊമ്പരപ്പെടുത്തുന്ന ഓർമ്മകളോടെയാണ് അവർ ഓരോ ദിവസവും ആതുരാലയങ്ങളിലേക്ക് യാത്രയാവുന്നത്. മടങ്ങിവരുമ്പോൾ, തങ്ങളുടെ ജീവിതപങ്കാളിക്കും മക്കൾക്കും മറ്റുകുടുംബാംഗങ്ങൾക്കും രോഗം വരാൻ കാരണമാകുന്ന വൈറസിന്റെ വാഹകരായിട്ടായിരിക്കാം തിരിച്ചെത്തുക. ഒരു ചെറിയ അശ്രദ്ധയോ അബദ്ധമോ മതി, രോഗീപരിചാരകർ പിറ്റേന്ന് രോഗികളായി പരിണമിക്കാൻ. ഡോക്ടർക്കോ, നഴ്സിനോ ഗ്യാരണ്ടി തരാനാകില്ല എന്ന തിരിച്ചറിവ് ഏറെയുള്ളവരാണവർ. തങ്ങളുടെ സഹപ്രവർത്തകരിൽ പലരും രോഗികളാകുന്ന സന്ദർഭത്തിൽ അവർക്കുവേണ്ടിക്കൂടി കൂടുതൽ സമയം ജോലിചെയ്യാൻ നിർബന്ധിതരാകുന്നവരാണവർ. ഒരുപക്ഷേ, ധൈര്യവും ആത്മീയ പ്രചോദനവും പകർന്നുകൊടുക്കാൻ അജപാലകർക്കല്ലാതെ മറ്റാർക്കാണാവുക!

ആർക്കെങ്കിലും രോഗമായാൽ, ഏറ്റവുമധികം ആകുലപ്പെടുന്നവർ കുടുംബാംഗങ്ങളായിരിക്കുമല്ലോ. ഒരാൾ വീട്ടിൽ രോഗിയായുണ്ടായാൽ മറ്റുള്ള കുടുംബാംഗങ്ങൾ ഭയത്തിലും സംശയത്തിലും ആകുലതയിലും എത്തിപ്പെടുക സ്വാഭാവികം. രോഗാവസ്ഥയിലുള്ളവരെ പരിചരിക്കുന്നതോടൊപ്പം തങ്ങളും ഇരകളാക്കപ്പെട്ടിട്ടുണ്ടോ എന്നസംശയം അവരെ അലട്ടുന്നുണ്ടാകാം. അതിലുപരി സമൂഹത്തിന്റെ ഒറ്റപ്പെടുത്തലും ഭീഷണികളും അവഗണനയും കൂട്ടിനുള്ളപ്പോൾ കടന്നുപോകുന്ന മാനസിക പിരിമുറുക്കങ്ങൾ ചില്ലറയാവില്ല. മകനെ, മകളെ വീട്ടിൽ കയറ്റാത്ത മാതാപിതാക്കൾ; അപ്പനെ, അമ്മയെ വീടിനുപുറത്താക്കിയ മക്കൾ ഇതെല്ലാം നമ്മുടെ വാർത്തകളിൽ ഇടം പിടിച്ചവയാണ്. രോഗം ദൈവകോപമോ ശാപമോ അല്ല. അനുഗ്രഹം തന്ന കൈകൾ തന്നെ സഹനവും ഒരുക്കിയിട്ടുണ്ട് എന്ന തിരിച്ചറിവുള്ളിടത്തേ ഈ കാലഘട്ടത്തിൽ മാലാഖമാരാകാൻ കഴിയുകയുള്ളൂ.

ഇടവകജനവും പൊതുസമൂഹവും എപ്പോഴും മൂന്നാമതൊരാളുടെ റോളിൽ പ്രവർത്തിക്കുന്നവരാകും. അത്രയുംകാലം കൂട്ടുകാരും സഹപ്രവർത്തകരുമായിരുന്നവർ ഒരു സുപ്രഭാതത്തിൽ 'അവനും' 'അവളുമായി' പരിണമിക്കുന്നതും അവഗണനയും ഒറ്റപ്പെടുത്തലും ഒഴിഞ്ഞുമാറലും സ്വജീവിതത്തിലെ മറയായിത്തീരുന്നതും നമുക്കനുഭവവേദ്യമാണ്. തളരാത്ത ആത്മീയശക്തിക്കു മാത്രമേ ഇത്തരം സന്ദർഭത്തെ ഉചിതമായി നേരിടാനാകൂ. ദൈവത്തിൽ അടിയുറച്ച വിശ്വാസവും ദൈവപരിപാലനയിലുള്ള ആശ്രയബോധവും ദൈവകരങ്ങൾ എന്നെ പരിപാലിക്കുന്നുണ്ടെന്ന തിരിച്ചറിവും ഈ സമരത്തിൽ അത്യന്താപേക്ഷിതമാണ്. അജപാലകന്റെ ധർമ്മവും ഇതുതന്നെ.

## മരണവും അനന്തര ശുശ്രൂഷയും അനുബന്ധവും

കോവിഡ് രോഗത്താൽ മരണാസന്നരായവരെ അഭിമുഖീകരിക്കേണ്ടത് ഒരു അജപാലന വെല്ലുവിളിയാണ്. രോഗത്താൽ ഒറ്റപ്പെടുത്തപ്പെടുമ്പോഴുണ്ടാകുന്ന അവഗണനയുടെ നൊമ്പരം രോഗത്തിന്റെ വേദനയേക്കാൾ ശക്തമാണ്. മരണാസന്നർക്ക് ആവശ്യം പ്രിയപ്പെട്ടവരുടെ സാന്നിധ്യവും പ്രാർത്ഥനയുമാണ്. സഭ എപ്പോഴും അവരുടെ അടുത്തുണ്ട് എന്ന ബോധ്യവും ലഭിക്കണം. സുബോധത്തോടെയായിരിക്കുമ്പോൾ പുരോഹിതൻ ശുശ്രൂഷകൾ നല്കുന്നതും പ്രാർത്ഥിക്കുന്നതും ഉചിതമാണ്. അതോടുചേർന്നതാണ് തുടർന്നുള്ള ആത്മീയമായ അനുധാവനവും. ആവശ്യമായ മുൻകരുതലോടെവേണം പുരോഹിതൻ ഇവയെല്ലാം അനുഷ്ഠിക്കേണ്ടത്.

മരണമെന്ന യാഥാർത്ഥ്യം കുടുംബത്തിലും ബന്ധുക്കളിലുമുളവാക്കുന്ന വിടവ് നികത്താൻ ആത്മീയ ശുശ്രൂഷകൾക്ക് സാധിക്കണം. കോവിഡ്കാലത്തും അത് തുടരണം. കൈകൾകെട്ടി മാറിനില്ക്കാനല്ല, സാമൂഹിക അകലവും സുരക്ഷിതത്വവും; മറിച്ച്, കൂടെയുണ്ടെന്ന ഉറപ്പ് കൊടുക്കാൻ കൂടിയാകണം. സംസ്കാര ശുശ്രൂഷകളും അനുബന്ധ ചടങ്ങുകളും ഉപേക്ഷിക്കലല്ല; അവയെ നിയന്ത്രിതമായ സംവിധാനങ്ങളോടെ നല്കുന്നതാണ് യഥാർത്ഥ ആത്മീയത. സെമിത്തേരിയിൽ അടക്കുന്നതിനുള്ള ശാസ്ത്രീയനിർദ്ദേശങ്ങളോടൊപ്പം മനുഷ്യവ്യക്തിത്വത്തോടുള്ള ആദരവ് പുലർത്തിക്കൊണ്ടുതന്നെ ശവദാഹം നിർവ്വഹിക്കുന്നതിനുള്ള സംവിധാനങ്ങൾ അജപാലകർ ശ്രദ്ധിക്കണം.

## ഉപസംഹാരം

ആളുകൾ കൂട്ടംകൂടുന്ന ഇടമാണ് സഭാശുശ്രൂഷകളുടേത്. അതിന് അതിന്റേതായ സാമൂഹിക മാനമുണ്ട്. ഇക്കാലഘട്ടത്തിലെ കോവിഡ് രോഗഭീതിയോട് അനുരൂപപ്പെട്ട്, ആവശ്യമായ നിയന്ത്രണങ്ങൾ ജനങ്ങളുടെ പങ്കാളിത്തത്തിലെ എണ്ണവും, സാമൂഹിക അകലവും ശ്രദ്ധാപൂർവ്വം വരുത്താൻ ഉത്തരവാദിത്വപ്പെട്ടവരാണ് അജപാലകർ. ഉയർന്ന നിലവാരത്തിലുള്ള ഒരു ശുചിത്വസംസ്കാരത്തിലേക്കുള്ള സമൂഹത്തിന്റെ ഒരു ചുവടുമാറ്റത്തിന്റെ നാന്ദികുറിക്കലായിക്കൂടി ഇതിനെ കാണണം. സ്വജീവൻ ബലികഴിച്ചും ശുശ്രൂഷകളിൽ ഏർപ്പെടുന്ന ആതുരശുശ്രൂഷകരോടുള്ള ആദരവ് അനുദിനം വർധിക്കട്ടെ. കർത്താവ് നമ്മെ ഓർമപ്പെടുത്തുന്നു: 'ഞാൻ വന്നിരിക്കുന്നത് ജീവനുണ്ടാകാനും അത് സമൃദ്ധമായുണ്ടാകാനുമത്രേ' (യോഹ 10:10). ജീവന്റെ സംരക്ഷകരും ജീവനെ മാനിക്കുന്നവരുമായ മഹത്വപൂർണ്ണമായ സംസ്കാരത്തിലേക്ക് ദൈവം നമ്മെ നയിക്കട്ടെ. ■


www.malankaralibrary.com


# രോഗവും രോഗസൗഖ്യവും: വേദപുസ്തക പരിപ്രേക്ഷ്യങ്ങൾ

**ലോകം മുഴുവൻ ഗ്രസിച്ചിരിക്കുന്ന കോവിഡ്– 19ന്റെ പശ്ചാത്തലത്തിൽ രോഗീലേപന കൂദാശ സ്വീകരിക്കാതെ മരിക്കുന്നവരുടെ ഗ്രാഫ് ഉയരുമ്പോൾ രോഗത്തെയും രോഗശാന്തിയെയും വിശുദ്ധഗ്രന്ഥാടിസ്ഥാനത്തിൽ വിശകലനം ചെയ്യുകയാണ് ബൈബിൾപണ്ഡിതനായ ലേഖകൻ.**




റവ. ഡോ. ജേക്കബ് പ്രസാദ്
മെമ്പർ, ബൈബിൾ റിവിഷൻ കമ്മിറ്റി, POC
jacprasad@gmail.com


മാനവരാശിയുടെ ചരിത്രത്തിൽ എന്നും അന്വേഷിച്ചുകൊണ്ടിരുന്ന സമസ്യകളാണ് സഹനം, രോഗം വേദന എന്നിവ. എല്ലാ മതങ്ങളും ഈ സമസ്യയെ അഭിമുഖീകരിച്ചിട്ടുണ്ട് എന്നതിന്റെ ലക്ഷണമാണ് ബുദ്ധമതത്തിൽ ആവിഷ്കരിക്കപ്പെടുന്ന നാല് ആര്യ സത്യങ്ങൾ: (1) ലോകത്തിൽ സഹനമുണ്ട്; (2) സഹനത്തിനുകാരണം തൃഷ്ണയാണ് (desire); (3) തൃഷ്ണയെ ഇല്ലാതാക്കാൻ അഷ്ടാംഗമാർഗങ്ങൾ അനുവർത്തിക്കണം; (4) അഷ്ടാംഗമാർഗം ഇവയാണ്, എന്നിങ്ങനെ. *സഭ ആധുനികലോകത്തിൽ* എന്ന പ്രമാണരേഖയിൽ പിതാക്കന്മാർ ഇപ്രകാരം കുറിച്ചു: ലോകം കൈവരിച്ചിട്ടുള്ള ആധുനിക പുരോഗതിയുടെ മുൻപിൽ ഏറ്റം അടിസ്ഥാനപരമായ ചോദ്യങ്ങൾ ഉയർത്തുകയോ അവയെ പുത്തനുണർവോടെ അംഗീകരിക്കുകയോ ചെയ്യുന്നവരുടെ സംഖ്യയും ഇന്ന് ഏറിവരുന്നുണ്ട്. എന്താണ് മനുഷ്യൻ? ഇത്രയധികം പുരോഗതിയുണ്ടായിട്ടും തുടർന്നുകൊണ്ടിരിക്കുന്ന ദു:ഖം, തിന്മ, മരണം ഇവയുടെയെല്ലാം അർത്ഥമെന്ത്? ഇതിനു സംക്ഷിപ്തമായി പിതാക്കന്മാർ നല്കുന്ന ഉത്തരം ഇപ്രകാരമാണ്: എല്ലാവർക്കുമായി മരിച്ചുയർത്ത ക്രിസ്തുവിനു (2 കോറി 5:15) മനുഷ്യന്റെ മഹോന്നതമായ വിളിക്ക് പ്രത്യുത്തരം നല്കാൻ വേണ്ട പ്രകാശവും ശക്തിയും പവിത്രാത്മാവിലൂടെ പ്രദാനം ചെയ്യാൻ കഴിയു





www.malankaralibrary.com

മെന്ന് സഭ വിശ്വസിക്കുന്നു (Gaudium et Spes, 10). ഈ പശ്ചാത്തലത്തിലാണ് ലോകം മുഴുവനെയും ഗ്രസിച്ചിരിക്കുന്ന കൊറോണ വൈറസിന്റെ വ്യാപനത്തിൽ നമ്മൾ ബൈബിൾ അടിസ്ഥാനത്തിൽ രോഗത്തെയും രോഗശാന്തിയെയും കുറിച്ച് ചിന്തിക്കുന്നത്.

## പച്ചമുന്തിരി തിന്ന പിതാക്കന്മാരുടെ മക്കളുടെ പല്ല് പുളിച്ചോ?

വളരെ നല്ലതായി എല്ലാം സൃഷ്ടിച്ച ദൈവം (ഉത്പ 1,4,10,13,18,21,25,31) ബുദ്ധിയും വിവേചനാശക്തിയും നല്കി സൃഷ്ടിച്ച മനുഷ്യനു ദൈവത്തിനെതിരായിതന്നെ തിരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യവും നല്കി. അങ്ങനെ തിന്മ കടന്നുവരുകയും അതിന്റെ ശിക്ഷയായി എല്ലാവിധത്തിലുമുള്ള കുറവുകൾ സംഭവിക്കുകയും ചെയ്തു. പാപത്തിനുശേഷം മനുഷ്യൻ ഏദൻതോട്ടത്തിനു പുറത്തു ജോലി ചെയ്യാൻ നിയമിതനായി. എന്നാൽ അത് മനുഷ്യൻ ലക്ഷ്യംവയ്ക്കുന്ന ഫലങ്ങൾ നല്കാത്ത വിധത്തിലായി; ഭൂമി മുള്ളും മുൾച്ചെടികളും മുളപ്പിക്കുന്നതായി. സ്ത്രീ വേദനയോടെ കുഞ്ഞുങ്ങളെ പ്രസവിക്കുന്നവളായി (ഉത്പ 3:16-18). രോഗവും സഹനവും വേദനയുമൊക്കെ ഉണ്ടായതിന്റെ കാരണം മനുഷ്യനിലൂടെ വന്ന തിന്മയുടെ അഥവാ പാപത്തിന്റെ ഫലമാണെന്ന് പൊതുവായി പറയാം എന്ന സൂചനയാണ് ഇവിടെ നല്കപ്പെടുന്നത്.

മനുഷ്യരുടെയും ഈ പ്രപഞ്ചത്തിന്റെ എല്ലാ അനർത്ഥങ്ങളുടെയും കാരണം പൊതുവായി പാപമാണ് എന്ന് കരുതപ്പെടുമ്പോൾതന്നെ രക്ഷയുടെ കരവുമായി നില്ക്കുന്ന ദൈവത്തെയും ഉടൻതന്നെ പഴയനിയമം അവതരിപ്പിക്കുന്നുണ്ട്. ദൈവം ഒരു ജനതയെ തിരഞ്ഞെടുക്കുകയും അവർക്കു തന്റെ രക്ഷയുടെ ആദ്യാനുഭവം നല്കുകയും അവരിലൂടെ ലോകം മുഴുവനിലുമുള്ള എല്ലാവർക്കും രക്ഷനല്കാൻ ഉദ്ദേശിക്കുകയും ചെയ്തപ്പോൾ ആ ജനതയെ പടിപടിയായി തന്റെ രക്ഷയുടെ പാഠങ്ങൾ പഠിപ്പിച്ചു. അതിനാലാണ് ഇന്ന് ക്രൈസ്തവ ദൈവശാസ്ത്രത്തിൽ ദൈവിക വെളിപാട് എന്നത് മുന്നോട്ടുള്ള രേഖാപര (linear) മാണെന്നും പുരോഗമനപര (progressive)മാണെന്നും കരുതുന്നത്. പിൽക്കാലത്ത് ദൈവം ഇസ്രായേൽ ജനത്തിനു നല്കിയ വെളിപാടിൽ തന്നെ കുറിച്ചുതന്നെ ഇപ്രകാരം പഠിപ്പിച്ചു: കർത്താവ്, കാരുണ്യവാനും കൃപാനിധിയുമായ ദൈവം, കോപിക്കുന്നതിൽ വിമുഖൻ, സ്നേഹത്തിലും വിശ്വസ്തതയിലും അത്യുദാരൻ; തെറ്റുകളും കുറ്റങ്ങളും പാപങ്ങളും ക്ഷമിച്ചുകൊണ്ട് ആയിരങ്ങളോട് കരുണ കാണിക്കുന്നവൻ; എന്നാൽ കുറ്റവാളിയുടെ നേരെ കണ്ണടയ്ക്കാതെ പിതാക്കന്മാരുടെ കുറ്റങ്ങൾക്കു മക്കളെയും മക്കളുടെ മക്കളെയും മൂന്നും നാലും തലമുറയോളം ശിക്ഷിക്കുന്നവൻ (പുറ 34:6-7). ഇവിടെ പ്രഘോഷിക്കപ്പെടുന്നത് യഥാർത്ഥത്തിൽ ദൈവത്തിന്റെ കാരുണ്യവും (ഹെസദ് എന്ന ഹെബ്രായപദം) വിശ്വസ്തതയും (എമ്മത്ത് എന്ന ഹെബ്രായ പദം). ഇവ രണ്ടും ഇസ്രായേലിന്റെ ദൈവത്തിന്റെ അടിസ്ഥാന ഉടമ്പടി ഗുണങ്ങളാണ് (covenant qualities). രോഗവും വേദനയും സഹനവും നല്കി മനുഷ്യരെ നിരന്തരം ശിക്ഷിക്കുന്ന ഒരു ദൈവത്തിന്റെ ചിത്രമല്ല ഇവിടെ കാണപ്പെടുന്നത്. സങ്കീർത്തനങ്ങളിൽ ഏറ്റവും ചെറുതായത് (117) ദൈവത്തിന്റെ കരുണയെയും വിശ്വസ്തതയെയും കുറിച്ച് മാത്രമാണ് പാടുന്നത്. രണ്ടു വചനങ്ങൾ മാത്രമുള്ള പ്രസ്തുത സങ്കീർത്തനത്തിന്റെ ഇതിവൃത്തം ദൈവികകരുണയും വിശ്വസ്തതയുമാണ്.

വിജ്ഞാനപുസ്തകങ്ങളിൽ മുഖ്യസ്ഥാനം അലങ്കരിക്കുന്ന ജോബിന്റെ പുസ്തകം സഹനത്തെയും രോഗത്തെയുംകുറിച്ചുള്ള ചോദ്യം ഉന്നയിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുന്ന ഒന്നാണ്. സമ്പദ്സമൃദ്ധിയിൽ വലിയ യജമാനനെപ്പോലെ ജീവിച്ച ജോബിനു പെട്ടന്ന് വലിയ തകർച്ച ഉണ്ടാകുന്നു, രോഗിയായിമാറുന്നു. എന്നിരുന്നാലും ജോബ് ദൈവത്തിനെതിരേ തിരിയുന്നില്ല. സ്നേഹിതരുടെ അഭിപ്രായത്തിൽ ജോബിന്റെ നികൃഷ്ടസ്ഥിതിയുടെ കാരണം വ്യക്തിപരമായ തിന്മ പ്രവർത്തിക്കലും അക്കാരണത്താൽ മാനസാന്തരപ്പെടാനുള്ള ദൈവത്തിന്റെ പക്കൽനിന്നുള്ള ആഹ്വാനവുമാണ്. എന്നാൽ ജോബ് അവരുടെ വാദങ്ങളെ തള്ളിക്കളയുകയും ദൈവംതന്നെ തന്റെ നിഷ്കളങ്കമായ സഹനത്തിനു ഉത്തരം പറയണം എന്നു ശഠിക്കുകയും ചെയ്യുന്നു. ദൈവം പ്രത്യക്ഷപ്പെടുകയും നേരിട്ട് ഉത്തരം പറയുകയും ചെയ്യണമെന്ന ശാഠ്യത്തിനു ദൈവം ഉത്തരം നല്കുന്നു. എന്നാൽ ദൈവം മനുഷ്യരുടെ മുമ്പിൽ തന്റെ പ്രവൃത്തിക്കു നീതികരണം നടത്തുന്നില്ല. ദൈവത്തിന്റെ മറുപടി അവിടുത്തെ സർവ്വജ്ഞാനവും സർവ്വശക്തിയും നിരത്തിവച്ചാണ്. ജോബ് അതിൽ സന്തുഷ്ടനാണ്. ജോബ് തന്റെ വിനീതഭാവവും ദൈവത്തിലുള്ള ആശ്രയവും വീണ്ടെടുക്കുന്നു; തന്റെ സഹനത്തിന്റെ അനുഭവം ഇക്കാര്യത്തിൽ ജോബിനെ കൂടുതൽ ബലപ്പെടുത്തുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ഈ ലോകത്തിൽ നീതിമാനും നിഷ്കളങ്കനുമായവനുപോലും സഹിക്കേണ്ടിവരും; അത് അവന്റെ വിശ്വസ്തതയുടെ മാറ്റുരച്ചു നോക്കുന്ന അവസരമാകാം; അവസാനം പ്രതിഫലം നല്കപ്പെടും; മനുഷ്യന്റെ പരിമിതമായ ബുദ്ധിക്കു ദൈവത്തിന്റെ അഗാധമായ സർവ്വജ്ഞാനത്തെ അളക്കാനാവില്ല; മനുഷ്യർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ദൈവത്തിന്റെ ശക്തിയുടെയും സാന്നിധ്യത്തിന്റെയും ജ്ഞാനത്തിന്റെയും തിരിച്ചറിയൽ ഉപാധിയായി മാറുന്നു.

പ്രവാചകപുസ്തകങ്ങളിൽ ജനത്തിനു വന്നു ഭവിച്ച വിപത്തുകളും അസ്വസ്ഥതകളും വിപ്രവാസവും ഒക്കെ വ്യക്തികളുടെ പാപത്തിന്റെ ഫലമാണെന്നുള്ള സങ്കല്പം ഖണ്ഡിക്കപ്പെടുന്നതായി കാണാം. അതേസമയം അനീതിയും അക്രമവും വിഗ്രഹാരാധയും ഇതര പ്രമാണങ്ങളുടെ ലംഘനവും ഒക്കെ ശിക്ഷ വിളിച്ചുവരുത്തുമെന്ന മുന്നറിയിപ്പ് പ്രവാചകർ നല്കുന്നുണ്ട്. എന്നിരുന്നാലും മുൻതലമുറയുടെ പാപഭാരം പിൻതലമുറ ചുമക്കണം എന്ന ചിന്ത നിലനിൽക്കാൻ പാടില്ല എന്നുപ്രവാചകർ നിഷ്കർഷിച്ചു. ഉദാഹരണത്തിന്, എസെക്കിയേൽ പറയുന്നു: 'പിതാക്കന്മാർ പുളിക്കുന്ന മുന്തിരിങ്ങ തിന്നു, മക്കളുടെ പല്ല് പുളിച്ചു എന്ന്. ഇസ്രായേൽ ദേശത്തെ കുറിച്ചുള്ള ഈ പഴമൊഴി നിങ്ങൾ ഇപ്പോഴും ആവർത്തിക്കുന്നതെന്തിന്?' (എസെ 18:1). ജറെമിയാ പ്രവാചകനും ഇക്കാര്യംതന്നെ പഠിപ്പിക്കുന്നു: 'ഓരോരുത്തരും അവനവന്റെ അകൃത്യം നിമിത്തമാണ് മരിക്കുക. പച്ചമുന്തിരിങ്ങ തിന്നുന്നവന്റെ പല്ലേ പുളിക്കൂ.' അതാ


www.malankaralibrary.com

യത്, പൂർവികരുടെ പാപം നിമിത്തം ഒരാളുടെമേൽ തിന്മയും സഹനവും രോഗവും വന്നു ഭവിക്കുന്നു എന്ന ചിന്ത ശരിയല്ല, ഓരോരുത്തനും അവനവന്റെ ചെയ്തികൾക്കു മാത്രമേ ഉത്തരം നല്കേണ്ടതുള്ളൂ എന്നാണ് പറയുന്നത്. മാത്രമല്ല ഓരോരുത്തനും ദൈവവുമായുള്ള ബന്ധത്തിൽ നവമായ ഒരു ആരംഭത്തിനു അവസരമുണ്ട് എന്നു കൂടെ ഈ സങ്കല്പം പറയുന്നു.

## പുതിയനിയമ കാഴ്ചപ്പാട്

പുതിയനിയമത്തിൽ ഇക്കാര്യത്തെ സംബന്ധിച്ച് കൂടുതൽ വ്യക്തത കൈവരും. ശിഷ്യർ യേശുവിനോട് ചോദിച്ചു: "റബ്ബീ, ഇവൻ അന്ധനായി ജനിക്കാൻ ആര് പാപം ചെയ്തു; ഇവനോ ഇവന്റെ മാതാപിതാക്കന്മാരോ? യേശു മറുപടി പറഞ്ഞു : ഇവനോ ഇവന്റെ മാതാപിതാക്കന്മാരോ പാപം ചെയ്തിട്ടല്ല, പ്രത്യുത, ദൈവത്തിന്റെ പ്രവർത്തികൾ ഇവനിൽ പ്രകടമാകേണ്ടതിനാണ്'' (യോഹ 9:2-3). ഇവിടെ 'ദൈവത്തിന്റെ പ്രവൃത്തികൾ പ്രകടമാകുന്നതിനാണ്' എന്നത് മനസ്സിലാക്കുക ബുദ്ധിമുട്ടുള്ള കാര്യമാണ്. യഹൂദ റബ്ബിമാർ 'ദൈവത്തിന്റെ സ്നേഹത്തിൽ നിന്നുള്ള ശിക്ഷകൾ' എന്നുപറയുന്ന പതിവുണ്ടായിരുന്നു. അതായത്, ദൈവം ചിലപ്പോൾ അകാരണമായി നല്കുന്ന ശിക്ഷാനടപടികൾ ഒരാൾ ക്ഷമാപൂർവം സ്വീകരിച്ചാൽ അത് ദീർഘായുസ്സും പ്രതിഫലങ്ങളും കൊണ്ടുവരുമെന്ന് അവർ കരുതി. എന്നാൽ യേശു അക്കാര്യമാണ് ഉദ്ദേശിക്കുന്നത് എന്നു കരുതാനാവില്ല. പ്രത്യുത, ചരിത്രത്തിൽ ദൈവത്തിന്റെ നാമം മഹത്വീകരിക്കപ്പെടാനുള്ള ഒരവസരം ആയി അതിനെ കാണണം എന്നായിരിക്കണം. ഒരുദാഹരണം പുറ 9:16 ലുണ്ട്; അത് റോമാ 9:17-ൽ ഉദ്ധരിച്ചിട്ടുണ്ട്. ദൈവം ഫറവോയോട് പറയുന്നു: 'എന്റെ ശക്തി നിനക്കു കാണിച്ചുതരാനും അങ്ങനെ എന്റെ നാമം ലോകംമുഴുവൻ പ്രഘോഷിക്കപ്പെടാനും വേണ്ടിയാണ് ഞാൻ നിന്നെ ജീവിക്കാൻ അനുവദിച്ചത്.' യോഹ 9:3-ൽ യേശു ഇപ്രകാരം പ്രതികരിക്കുമ്പോൾ യോഹ 5:14-ൽ പറഞ്ഞതിനു വിരുദ്ധമായല്ലേ പറഞ്ഞതെന്നു ന്യായമായ ചോദ്യം ഉയരാം. യോഹ 5:14-ൽ യേശു ബേത്സഥാ എന്നു വിളിക്കപ്പെട്ട കുളത്തിനരികെ മുപ്പത്തെട്ടുവർഷമായി തളർവാതരോഗമായി കിടന്നിരുന്നവനെ സുഖപ്പെടുത്തിയശേഷം അവനെ പിന്നീട് ദൈവാലയത്തിൽവച്ച് കണ്ടപ്പോൾ പറഞ്ഞു: 'ഇതാ, നീ സൗഖ്യം പ്രാപിച്ചിരിക്കുന്നു. കൂടുതൽ മോശമായതൊന്നും സംഭവിക്കാതിരിക്കാൻ മേലിൽ പാപം ചെയ്യരുത്.' ഈ വചനം കേട്ടാൽ രോഗത്തിനു കാരണം പാപമാണെന്നേ സാധാരണ ഗതിയിൽ അനുമാനിക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ യേശു ഉദ്ദേശിച്ചത് ആധ്യാത്മികമായ തിന്മകളിലേക്ക് കടക്കരുത്, അപ്രകാരം സംഭവിച്ചാൽ അനന്തരഫലം കൂടുതൽ ദു:ഖകരം ആയിരിക്കും എന്നാണ്. അതുവഴിയായി യേശു ആ മനുഷ്യനെ വിശ്വാസത്തിലേക്ക് ക്ഷണിക്കുകയായിരുന്നു. യേശുവിന്റെ പക്കൽ നിന്നു ശാരീരികമായ ഒരു അനുഗ്രഹം സിദ്ധിച്ചയാൾ ആധ്യാത്മികമായും വളരേണ്ട ഉത്തരവാദിത്തമുള്ളവനായി മാറണം എന്ന് യേശു ഉദ്ബോധിപ്പിക്കുകയായിരുന്നു.

## രോഗികളോടുള്ള യേശുവിന്റെ സമീപനം

സീമാതീതമായ കരുണയോടെയാണ് യേശു രോഗികളെ സമീപിച്ചത്. മത്തായിയുടെ സുവിശേഷം 4: 24-ൽ യേശുവിന്റെ പൊതുപരിപാടിയുടെ ഭാഗമായി രോഗികളെ സുഖപ്പെടുത്തി എന്നുപറയുന്നുണ്ടെങ്കിലും ഒന്നാമതായി രേഖപ്പെടുത്തുന്ന പ്രത്യേക രോഗീസൗഖ്യംനല്കൽ മത്താ 8:1-4- ലാണ് കാണുന്നത്. തന്നെ സമീപിച്ച കുഷ്ഠരോഗിയെ യേശു കൈ നീട്ടി സ്പർശിച്ചുകൊണ്ട് സുഖപ്പെടുത്തി (8:3). സാധാരണഗതിയിൽ കുഷ്ഠരോഗിക്ക് അടുത്തുവരാൻ അനുവാദം ഇല്ലായിരുന്നു. അതിനാലാണ് ലൂക്കാ 17:12-13 -ൽ പത്തു കുഷ്ഠരോഗികൾ അകലെ നിന്നുകൊണ്ട് തങ്ങളുടെ മേൽ കനിയണമേ എന്നു സ്വരമുയർത്തി വിളിച്ചപേക്ഷിച്ചത്. മാത്രമല്ല, യേശു കൈ നീട്ടി അയാളെ സ്പർശിക്കുകകൂടി ചെയ്തു. യേശുവിന് ജനത്തോട് അനുകമ്പ തോന്നുന്നതിന്റെ ഭാഗമാണ് അവരുടെ ഇടയിലുള്ള രോഗികളെ സുഖപ്പെടുത്തുന്നത് (മത്താ 14:14). യേശു ബഥാനിയായിൽ കുഷ്ഠരോഗിയായ ശിമയോന്റെ ഭവനത്തിൽ ഇരിക്കുമ്പോഴാണ് ഒരു സ്ത്രീ വന്ന് വിലയേറിയ സുഗന്ധതൈലം കൊണ്ട് അവിടുത്തെ ശിരസ്സ് അഭിഷേകം ചെയ്തത് (മത്താ 26:6-7). 'കുഷ്ഠരോഗിയായ ശിമയോൻ' എന്നു പറയുമ്പോൾ കുഷ്ഠം വന്നു സുഖപ്പെട്ടവൻ എന്നുവേണം കരുതാൻ. അപ്രകാരമുള്ള ഒരുവന്റെ ഭവനത്തിലേക്ക് ഭക്ഷണത്തിനു പോകാൻ യേശു മടികാണിച്ചില്ല. യോഹന്നാന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ഏഴ് അടയാളങ്ങളിൽ മൂന്നെണ്ണം രോഗികളെ സുഖപ്പെടുത്തുന്നതാണ്. അവയിൽ രണ്ടെണ്ണത്തിലും യേശുതന്നെ മുൻകൈ എടുത്ത് രോഗികളുടെ അടുത്ത് ചെന്ന് അവരെ സുഖപ്പെടുത്തുകയാണ് ചെയ്യുന്നത്. യോഹ 5-ാം അധ്യായത്തിൽ മുപ്പത്തിയെട്ട് വർഷമായി തളർവാതം പിടിപെട്ടു കിടന്നയാളെ അയാളുടെ അഭ്യർത്ഥന ആവശ്യമില്ലാതെതന്നെ സുഖപ്പെടുത്തുന്നു. അതുപോലെതന്നെ 9-ാം അധ്യായത്തിലെ ജന്മനാ അന്ധനായവനെയും യേശു സ്വന്തം താത്പര്യപ്രകാരം സുഖപ്പെടുത്തുന്നു. രോഗികളെ സുഖപ്പെടുത്തിയത് യേശു കർത്താവിന്റെ ദാസൻ എന്ന നിലയിൽ മനുഷ്യരുടെ വേദനകൾ ഏറ്റെടുത്തതിന്റെ ഭാഗമായിരുന്നുവെന്നും ഏശയ്യായുടെ പ്രവചനം അപ്രകാരം പൂർത്തിയായി എന്നും മത്തായി എഴുതുന്നു: 'അവൻ നമ്മുടെ ബലഹീനതകൾ ഏറ്റെടുക്കുകയും രോഗങ്ങൾ വഹിക്കുകയും ചെയ്തു എന്ന് ഏശയ്യാ പ്രവാചകനിലൂടെ പറയപ്പെട്ടത് അങ്ങനെ പൂർത്തിയായി' (മത്താ 8:17; ഏശ 53:4). യേശു തന്നെയാണോ മിശിഹാ അല്ലെങ്കിൽ മറ്റാരെയെങ്കിലും പ്രതീക്ഷിക്കണമോ എന്ന ചോദ്യവുമായി യോഹന്നാൻ സ്നാപകൻ തന്റെ ശിഷ്യരെ യേശുവിന്റെ പക്കലേക്ക് അയച്ചപ്പോൾ യേശു നല്കിയ ഉത്തരം ഇക്കാര്യത്തിൽ ശ്രദ്ധേയമാണ്: 'നിങ്ങൾ കേൾക്കുന്നതും കാണുന്നതും പോയി യോഹന്നാനെ അറിയിക്കുക. അന്ധർ കാണുകയും മുടന്തർ നടക്കുകയും ചെയ്യുന്നു; കുഷ്ഠരോഗികൾ ശുദ്ധരാക്കപ്പെടുകയും ബധിരർ കേൾക്കുകയും ചെയ്യുന്നു...' (മത്താ 11:4-5). ബലഹീനരും രോഗികളും ആയവരോടുള്ള തന്റെ സമീപനത്തിന്റെ അടിസ്ഥാനത്തിലാണ് ഇവിടെ യേശു തന്റെ ശുശ്രൂഷയെ നിർവചിക്കുന്നത്. സമവീക്ഷണസുവിശേഷങ്ങളിൽ



> ഒരാളുടെ രോഗത്തെ അയാളുടെ തന്നെയോ അയാളുടെ മാതാപിതാക്കന്മാരുടെയോ പൂർവപിതാക്കന്മാരുടെയോ പാപത്തിന്റെ അനന്തരഫലമായി കാണേണ്ടതില്ല. അത് ദൈവത്തിന്റെ നിഗൂഢമായ പദ്ധതിയിൽ ഒളിഞ്ഞിരിക്കുന്ന ഒന്നായി കാണേണ്ടതും അതേസമയം രക്ഷാകരമായ അനുഭവം പങ്കുവയ്ക്കാൻ പോരുന്ന വേളയായും കണക്കാക്കാവുന്നതുമാണ്. എല്ലാത്തരം സഹനങ്ങളെയും ക്രിസ്തീയ കാഴ്ചപ്പാടിൽ രക്ഷാകരമാക്കിത്തീർക്കാവുന്നതേയുള്ളൂ.

യേശു ശിഷ്യരെ തന്റെ ശുശ്രൂഷാക്കാലത്ത് പ്രത്യേക ദൗത്യവുമായി പറഞ്ഞയക്കുമ്പോൾ അവർ രോഗികളോട് പ്രത്യേക ഔൽസുക്യം കാണിക്കണം എന്ന് നിർദ്ദേശിച്ചാണ് അയക്കുന്നത്: 'രോഗികളെ സുഖപ്പെടുത്തുകയും മരിച്ചവരെ ഉയിർപ്പിക്കുകയും കുഷ്ഠരോഗികളെ ശുദ്ധരാക്കുകയും പിശാചുക്കളെ ബഹിഷ്കരിക്കുകയും ചെയ്യുവിൻ...' (മത്താ 10:8). ആകയാൽ സഭ എക്കാലത്തും യേശുവിന്റെ ഈ സൗഖ്യദാന ശുശ്രൂഷ തുടർന്നുകൊണ്ടുപോയിട്ടുണ്ട്.

## രക്ഷാകരമാകുന്ന സഹനം

ക്രിസ്തീയമായ സഹനത്തെകുറിച്ച് പ്രതിപാദിക്കുമ്പോൾ പൗലോസ് അപ്പസ്തോലൻ കൊളോസോസിലെ സഭയ്ക്കെഴുതിയത് വിസ്മരിക്കാനാവില്ല. 'നിങ്ങളെപ്രതിയുള്ള പീഡകളിൽ ഞാൻ സന്തോഷിക്കുന്നു. സഭയാകുന്ന തന്റെ ശരീരത്തെപ്രതി ക്രിസ്തുവിനു സഹിക്കേണ്ടിവന്ന പീഡകളുടെ കുറവ് എന്റെ ശരീരത്തിൽ ഞാൻ നികത്തുന്നു' (കൊളോ 1:24). രോഗപീഡ ആയാലും മറ്റേതൊരു തരത്തിലുള്ള സഹനമായാലും അതിനെക്കുറിച്ചുള്ള ഒരു കാഴ്ചപ്പാടാണ് ഇവിടെ പൗലോസ് അപ്പസ്തോലൻ അവതരിപ്പിക്കുന്നത്. യഥാർത്ഥത്തിൽ കൊളോസോസുകാർക്കെഴുതിയ ലേഖനത്തിൽ ആദ്യം എഴുതി ചേർത്തിരിക്കുന്ന ക്രിസ്തുഗീതത്തിന്റെ (കൊളോ 1:12-20) പശ്ചാത്തലത്തിൽ നോക്കിയാൽ മനുഷ്യരക്ഷയ്ക്കുവേണ്ടിയുള്ള ക്രിസ്തുവിന്റെ സഹനത്തിൽ ഒരു കുറവും ഉണ്ടെന്നു പറയാനാവില്ല. അങ്ങനെയെങ്കിൽ പൗലോസിന്റെ ഈ വചനം പ്രശ്നപൂരിതമാണ്. ക്രിസ്തുവിന്റെ സഹനത്തിൽ ഒരു കുറവും ഇല്ലെങ്കിൽ എങ്ങനെയാണ് പൗലോസിനു തന്റെ ശരീരത്തിൽ ക്രിസ്തുവിന്റെ സഹനത്തിലുള്ള കുറവ് നികത്താനാവുന്നത് എന്ന ചോദ്യം നിലനില്ക്കുന്നു. അക്കാരണത്താൽ പലവിധത്തിലുള്ള വ്യാഖ്യാനങ്ങളും ഈ വചനത്തിനു നല്കാനുള്ള ശ്രമമുണ്ട്. വിശുദ്ധ തോമസ് അക്വിനാസിനെ പിൻതുടർന്നു ചില വ്യാഖ്യാതാക്കൾ ഇപ്രകാരം ഇതിനെ കാണുന്നു: പിതാവിന്റെ പദ്ധതി അനുസരിച്ച് (യോഹ 17:4; 19:30) ക്രിസ്തു ശിരസ്സ് എന്ന നിലയിൽ തന്റെ സഹനം പൂർത്തിയാക്കി. അതുപോലെ വിശ്വാസികൾ ക്രിസ്തുവിന്റെ ശരീരത്തിന്റെ അംഗങ്ങൾ എന്ന നിലയിൽ ദൈവിക പദ്ധതി അനുസരിച്ച് അവന്റെ മഹത്വത്തിൽ പ്രവേശിക്കാനായി സഹനങ്ങൾ ഏറ്റെടുത്ത് പൂർത്തീകരിക്കേണ്ടതായുണ്ട് (റോമാ 8:17.29). ഇങ്ങനെ നോക്കുമ്പോൾ ക്രിസ്ത്യാനികളുടെ സഹനം, അത് ഏതുവിധത്തിലായാലും, ക്രിസ്തുവുമായി ഐക്യപ്പെട്ട് (mystically united) ആകുമ്പോൾ അതിനു രക്ഷാകരമായ ഒരു മാനം കൈവരുന്നു. അപ്പോൾ രോഗപീഡയും ഈ സഹനത്തിന്റെ ഒരു ഭാഗമായി മാറും. രക്തസാക്ഷിത്വത്തെകുറിച്ചുള്ള സങ്കല്പവും ഇവിടെ സംഗതമാണ്. സഭയിൽ മൂന്നുതരം രക്തസാക്ഷിത്വങ്ങളെകുറിച്ച് പറഞ്ഞു വരുന്നുണ്ട്. ഒന്നാമത്തേത്, ചെമന്ന രക്തസാക്ഷിത്വം (ശാരീരികമായുള്ള രക്തംചിന്തൽ വഴിയായുള്ളത്). രണ്ടാമത്തേത്, ധവള രക്തസാക്ഷിത്വം (നന്മ ആശ്ലേഷിക്കുന്നതിന്റെ ഭാഗമായി ഒരാൾ കടന്നുപോകുന്ന ശക്തമായ ആന്തരിക സംഘർഷത്തിൽ ഉരുകിത്തീരുംവിധമുള്ള അനുഭവം). മൂന്നാമത്തേത്, നീല രക്തസാക്ഷിത്വം (രോഗപീഡയാൽ ഒരാളുടെ ശരീരം നീലനിറം പ്രാപിക്കുന്ന അവസ്ഥ). രോഗപീഡയുടെ തീച്ചൂളയിൽ ധീരമായ രീതിയിൽ സ്ഫുടം ചെയ്തെടുക്കപ്പെട്ട വിശ്വാസവുമായി ഒരാൾക്ക് വിജയശ്രീലാളിതനാകാനാകും.

## രോഗീലേപനമെന്ന കൂദാശ

ത്രെന്തോസ് സൂനഹദോസ് (1545-1563) അതിന്റെ പതിനാലാമത്തെ സെഷനിൽ 'അവസാനത്തെ ലേപനത്തെ' (Extreme Unction) 'നമ്മുടെ കർത്താവായ ക്രിസ്തു യഥാർത്ഥമായും നിയതമായും സ്ഥാപിച്ചതും വിശുദ്ധ യാക്കോബ് അപ്പസ്തോലൻ വിളംബരം ചെയ്തതുമായ കൂദാശയായി' പ്രഖ്യാപിച്ചു. ഇങ്ങനെ പറയുമ്പോൾ പിൽക്കാലത്ത് കൂദാശയെ സംബന്ധിച്ച ദൈവശാസ്ത്ര വിചിന്തനത്തെ മുഴുവൻ യാക്കോബിന്റെ ലേഖന



www.malankaralibrary.com

ഭാഗത്ത് ഉൾചേർത്തിരുന്നു എന്ന് അർത്ഥമില്ല. യാക്കോബ് 5:14-15-ൽ ഇപ്രകാരം പറയുന്നു: 'നിങ്ങളിൽ ആരെങ്കിലും രോഗിയാണെങ്കിൽ അവൻ സഭയിലെ ശ്രേഷ്ഠന്മാരെ വിളിക്കട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ തൈലാഭിഷേകം ചെയ്ത് അവനുവേണ്ടി പ്രാർത്ഥിക്കട്ടെ. വിശ്വാസത്തോടെയുള്ള പ്രാർത്ഥന രോഗിയെ സുഖപ്പെടുത്തും; കർത്താവ് അവനെ എഴുന്നേല്പിക്കും; അവൻ പാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അവിടന്ന് അവനു മാപ്പുനല്കും.' ഇവിടെ 'രോഗി' എന്നു പറയുന്നതു എപ്പോഴും അവസാനത്തെ രോഗശയ്യയിലായിരിക്കുന്നവൻ എന്ന് അർത്ഥമാക്കേണ്ടതില്ല. 'ശ്രേഷ്ഠർ' എന്നുപറയുമ്പോൾ അവർ ആ സഭയിലെ നേതാക്കന്മാർ എന്നുവേണം കരുതാൻ. കാരണം, സഭകളുടെ നേതാക്കന്മാരായി അപ്പസ്തോലൻമാർതന്നെ അപ്രകാരമുള്ളവരെ നിയോഗിച്ചിരുന്നു (അപ്പ 14:23; 20, 17; 1 തിമോ 5:17.19; തീത്തോ 1:5). അവർ കർത്താവിന്റെ നാമത്തിൽ രോഗിയായവരുടെമേൽ പ്രാർത്ഥിക്കട്ടെ എന്നാണ് ആഹ്വാനം. രോഗാവസ്ഥയിൽ സൗഖ്യത്തിനായി പ്രാർത്ഥിക്കണമെന്നു പ്രഭാഷകൻ നിർദ്ദേശിക്കുന്നുണ്ട് (പ്രഭാ 38:9-10). രോഗസൗഖ്യത്തിനായി തൈലാഭിഷേകം നടത്തുന്നതും പഴയനിയമത്തിൽ കാണാവുന്നതാണ്. യേശുതന്നെ അയച്ച ശിഷ്യന്മാർ 'അനേകം രോഗികളെ തൈലം പൂശി സുഖപ്പെടുത്തി' എന്നാണ് മർക്കോസ് (6:13) രേഖപ്പെടുത്തുന്നത്. അവർ തൈലം പൂശിയത് കർത്താവിന്റെ സാന്നിധ്യത്തിന്റെയും ശക്തിയുടെയും അടയാളമായിട്ടായിരുന്നു. എന്നാൽ ഇവിടെ തൈലാഭിഷേകത്തിനുപരിയായി വിശ്വാസപൂർവമായ പ്രാർത്ഥനയാണ് പ്രധാനപ്പെട്ടത്. അത് രോഗിയെ 'സുഖപ്പെടുത്തും' അഥവാ 'രക്ഷിക്കും' എന്നാണ് യാക്കോബ് പറയുന്നത്. 'സുഖപ്പെടുത്തും' എന്ന സംജ്ഞ യഥാർത്ഥത്തിൽ 'രക്ഷിക്കും' എന്നാണ് പരിഭാഷപ്പെടുത്തേണ്ടത്. കാരണം 'സോട്സോ' എന്ന ഗ്രീക്കു പദമാണ് ഇവിടെ ഉപയോഗപ്പെടുത്തിയിട്ടുള്ളത്. കർത്താവ് അവനെ 'എഴുന്നേല്പിക്കും' എന്നിടത്ത് അവനെ 'ഉയർത്തും' എന്നുമാകാം. ആകയാൽ അത് ഒരു രക്ഷയുടെ അനുഭവം പ്രദാനം ചെയ്യും എന്നു വ്യാഖ്യാനിക്കാവുന്നതാണ്. അവനു പാപമോചനവും ലഭിക്കും എന്നു തുടർന്നു പറയുന്നെങ്കിൽ 'രക്ഷിക്കും', 'ഉയർത്തും' എന്നൊക്കെ പറയുന്നത് ദൈവശാസ്ത്രപരമായി കൂടുതൽ അർത്ഥം കൈവരുന്നു. അങ്ങനെയെങ്കിൽ രോഗിലേപന കൂദാശ ഒരു രോഗിക്കു രക്ഷയുടെ അനുഭവം പ്രദാനം ചെയ്യുന്ന ഒന്നായി ഭവിക്കുന്നു. രോഗാവസ്ഥയിൽ അതിന്റെ പ്രസക്തി വളരെയേറെ ആണുതാനും. അതിനെ കേവലം അവസാനത്തെ ലേപനമായി കണക്കാക്കേണ്ട ആവശ്യമില്ല.

## ഉപസംഹാരം

ക്രൈസ്തവമായ സഹനത്തിന്റെ കാഴ്ചപ്പാടിലൂടെ നോക്കികാണുമ്പോൾ ഏതു രോഗവും ഏറെ അർത്ഥം കൈവരുന്ന ഒന്നായി മാറുന്നു. ഒരാളുടെ രോഗത്തെ അയാളുടെ തന്നെയോ അയാളുടെ മാതാപിതാക്കന്മാരുടെയോ പൂർവപിതാക്കന്മാരുടെയോ പാപത്തിന്റെ അനന്തരഫലമായി കാണേണ്ടതില്ല. അത് ദൈവത്തിന്റെ നിഗൂഢമായ പദ്ധതിയിൽ ഒളിഞ്ഞിരിക്കുന്ന ഒന്നായി കാണേണ്ടതും അതേസമയം രക്ഷാകരമായ അനുഭവം പങ്കുവയ്ക്കാൻ പോരുന്ന വേളയായും കണക്കാക്കാവുന്നതുമാണ്. എല്ലാത്തരം സഹനങ്ങളെയും ക്രിസ്തീയ കാഴ്ചപ്പാടിൽ രക്ഷാകരമാക്കിത്തീർക്കാവുന്നതേയുള്ളൂ. അതിനാൽ രോഗത്തോടും രോഗികളോടും ഭാവാത്മകമായി മാത്രമെ ക്രൈസ്തവനു സമീപിക്കാനാവൂ. യേശുവിന്റെ സമീപനം അനുകമ്പാർദ്രമായിരുന്നല്ലോ. മനുഷ്യർക്കു രോഗപീഡയുടെ രഹസ്യം പൂർണമായി ഗ്രഹിക്കാൻ സാധിക്കുന്നില്ലെങ്കിലും ദൈവം സ്നേഹപിതാവാണെങ്കിൽ അവിടുത്തേക്കു അതിനെ സംബന്ധിച്ച് നിഗൂഢമായ ലക്ഷ്യങ്ങൾ ഉണ്ടെന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു. രോഗസമയത്തുള്ള ലേപനവും പ്രാർത്ഥനയും കൂടുതൽ രക്ഷാകരമായ അനുഭവം പ്രദാനം ചെയ്യുന്ന ഒന്നായി ഭവിക്കുകയും ചെയ്യും. ■




## മോൺ. ജോർജ് കുരിശുംമൂട്ടിൽ
## കോട്ടയം സഹായമെത്രാൻ

കോട്ടയം അതിരൂപത സഹായമെത്രാനായി മോൺ. ജോർജ് കുരിശുംമൂട്ടിലിനെ (59) ഫ്രാൻസിസ് പാപ്പാ നിയമിച്ചു. ഇതു സംബന്ധിച്ച പ്രഖ്യാപനം റോമിലും സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി - കാക്കനാട് മൗണ്ട് സെന്റ് തോമസിലും നടത്തി. അപ്പസ്തോലിക് നിയമന ഉത്തരവ് കോട്ടയം അതിരൂപത ക്രിസ്തുരാജ കത്തീഡ്രലിൽ അതിരൂപത ചാൻസലർ റവ. ഡോ. ജോൺ ചേന്നാകുഴി വായിച്ചു.

ഗീവർഗീസ് മാർ അപ്രേം എന്ന സ്ഥാനികനാമം സ്വീകരിക്കുന്ന നിയുക്ത സഹായമെത്രാന്റെ മെത്രാഭിഷേക കർമങ്ങൾ പിന്നീടായിരിക്കും. അതിരൂപതയിലെ ക്നാനായ മലങ്കര സമൂഹത്തിന്റെ വികാരി ജനറലായി സേവനമനുഷ്ഠിച്ചുവരികേയാണ് മോൺ. കുരിശുമൂട്ടിലിന് പുതിയ സ്ഥാനലബ്ധി.

പത്തനംതിട്ട കറ്റോട് സെന്റ്മേരീസ് മലങ്കര ക്നാനായ കത്തോലിക്കാ ഇടവകയിൽ കുരിശുംമൂട്ടിൽ പരേതരായ അലക്സാണ്ടർ- അച്ചാമ്മ ദമ്പതികളുടെ മകനാണ് നിയുക്ത സഹായമെത്രാൻ. കോട്ടയം അതിരൂപത മൈനർസെമിനാരി വൈസ് റെക്ടർ, ബെംഗലുരു ഗുരുകുലം വൈസ് റെക്ടർ, ഹാദൂസ ക്രൈസ്തവ കലാകേന്ദ്രം ഡയറക്ടർ, വിവിധ ഇടവകകളിൽ വികാരി എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ലബനനിലെ മാറോണൈറ്റ് സർവ്വകലാശാലയിൽനിന്നും ഐക്കണോഗ്രഫിയിൽ മാസ്റ്റർ ബിരുദവും കരസ്ഥമാക്കിയിട്ടുണ്ട് അഭിനവ സഹായമെത്രാൻ.

# രോഗീലേപന കൂദാശയുടെ യുഗാന്തദർശനങ്ങൾ



റവ. ഡോ. സെബാസ്റ്റ്യൻ പഞ്ഞിക്കാരൻ
വികാരി, സെന്റ് മേരീസ് ഫൊറോനപള്ളി, പുത്തൻചിറ

ദൈവരാജ്യ പ്രവേശനത്തിനുള്ള *നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റാണ്* രോഗീലേപന കൂദാശ. ഈ കൂദാശയുടെ സ്വീകരണത്തിന് ഓരോരുത്തരെയും ഒരുക്കുന്നതിന് വിശ്വാസികൾക്ക് പ്രധാനമായ കടമയുണ്ട്. ഈ കടമയും യുഗാന്ത പ്രത്യാശയും വിശകലനം ചെയ്യപ്പെടുന്നു.

ഉത്തരംകിട്ടാത്ത സമസ്യകളാണ് രോഗവും സഹനവും. പാപത്തിന്റെ ശിക്ഷയാണ് രോഗമെന്നു കരുതുന്നവർ ധാരാളമുണ്ട് (യോഹ 9:2). എന്നാൽ ജന്മനാ അന്ധനായ മനുഷ്യന്റെ അന്ധതയ്ക്കുകാരണം അവന്റെയോ മാതാപിതാക്കന്മാരുടെയോ പാപമല്ല എന്നു യേശു അസന്നിഗ്ധമായി പ്രഖ്യാപിക്കുന്നുണ്ട്. പാപമില്ലാത്ത ക്രിസ്തു വഹിച്ചത് നമ്മുടെ വേദനകളാണ്. അവൻ ചുമന്നത് നമ്മുടെ ദുഃഖങ്ങളാണ്. ഏശയ്യാ പ്രവചനമാണ് ക്രിസ്തുവിൽ പൂർത്തീകരിക്കുന്നത് (ഏശ 53: 4–5). രോഗങ്ങളും സഹനങ്ങളും മഹത്വപൂർണ്ണമായ നിത്യജീവനു വേണ്ടി നമ്മെ സജ്ജരാക്കുകയാണ് എന്ന് തിരിച്ചറിയുമ്പോൾ അവ ഹ്രസ്വവും ലഘുവുമായി അനുഭവപ്പെടുമെന്ന് സെന്റ്പോൾ ഓർമ്മിപ്പിക്കുന്നു (2 കോറി 4:17). സഭയിലും സമൂഹത്തിലും നമ്മുടെ കടമകൾ നിറവേറ്റാൻ ആരോഗ്യം ആവശ്യമാണ്. "എന്നാൽ സഭയാകുന്ന ശരീരത്തെപ്രതി ക്രിസ്തുവിനു സഹിക്കേണ്ടി വന്ന പീഡകളുടെ കുറവ് എന്റെ ശരീരത്തിൽ ഞാൻ നികത്തുന്നു'' (കൊളോ 1:24) എന്നുള്ള അപ്പസ്തോലന്റെ വാക്കുകൾ രോഗങ്ങൾക്കു രക്ഷാകരമായ ഒരർത്ഥമുണ്ട് എന്ന് മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നു. രോഗപീഡകളിൽ ശാരീരികവും ആത്മീയവുമായ ആശ്വാസവും സൗഖ്യവും സംലഭ്യമാക്കാൻ സഭ ആഗ്രഹിക്കുന്നതിന്റെ തെളിവാണ് രോഗീലേപന കൂദാശ. ഈ കൂദാശയുടെ ഫലങ്ങൾ ഇവയാണ്.

1. സഭയുടെയും രോഗിയുടെയും നന്മയ്ക്കുപകരിക്കുന്ന രീതിയിൽ ക്രിസ്തുവിന്റെ പീഡകളോട് സംയോജിപ്പിക്കുന്നു.
2. ആത്മീയസൗഖ്യം നല്കി എല്ലാ പാപങ്ങളും ക്ഷമിക്കുന്നു.
3. ദൈവം ആഗ്രഹിക്കുന്നുവെങ്കിൽ രോഗിക്കു ഭാഗികമായോ, പൂർണമായോ ശാരീരികസൗഖ്യം നൽകുന്നു.
4. രോഗത്തെ നേരിടാൻ ആത്മീയ കരുത്തുനല്കുന്നതോടൊപ്പം നിത്യജീവനിലേക്ക് കടന്നുപോകുന്നതിന് വ്യക്തിയെ ഒരുക്കുന്നു.

മരണത്തിന് ഒരുക്കുന്ന കൂദാശ കൂടിയാണ് രോഗീലേപനം. മരണം ക്രിസ്തുവിന്റെ മരണത്തിലുള്ള പങ്കുചേരലാണ്. പിതാവിന്റെ കരങ്ങളിൽ തന്നെത്തന്നെ സമർപ്പിക്കുന്ന അനുഭവമായിരുന്നു ക്രിസ്തുവിന്റെ മരണം. ദൈവം നൽകിയ ജീവിതത്തെ ദൈവകരങ്ങളിൽ തിരിച്ചേല്പിക്കുന്ന മരണാനുഭവത്തിന് രോഗിയെ ഒരുക്കുന്ന കൂദാശകൂടിയാണിത്. ക്രിസ്തുവിനോടുകൂടെ മരിക്കുന്നവർ അവനോടുകൂടെ ജീവിക്കും (2 തിമോ 2:11). ആവിലായിലെ വിശുദ്ധ അമ്മത്രേസ്യയുടെയും വിശുദ്ധ കൊച്ചുത്രേസ്യയുടെയും പ്രാർത്ഥനകൾ മരണത്തിന്റെ സൗരഭ്യം പ്രതിഫലിപ്പിക്കുന്നതാണ്. 'എനിക്ക് അങ്ങയെ കാണണം. അതിനായി ഞാൻ മരിക്കാൻ ആഗ്രഹിക്കുന്നു. ഞാൻ മരിക്കുകയല്ല ജീവനിലേക്കു പ്രവേശിക്കുകയാണ്.' മരണം മനുഷ്യന്റെ ഭൗമികതീർത്ഥാടനത്തിന്റെ അവസാനമെന്നാണ് സഭ പഠിപ്പിക്കുന്നത് (CCC 1013). മരണമില്ലാത്ത ജീവിതം ഒരിക്കലും ലക്ഷ്യത്തിലെത്താത്ത നടത്തമാണ്. മനുഷ്യന്റെ ഇഹലോകവാസത്തിന്റെ അവസാനമാണ് മരണം.


www.malankaralibrary.com

നിത്യതയുടെ തീരത്തേക്കുള്ള യാത്രയിൽ ഉണ്ടാകുന്ന പ്രതിസന്ധികൾ പലതാണ്.

1. എനിക്ക് പേടിതോന്നുന്നു. പരിചയമില്ലാത്ത ഇടം. പരിചയമില്ലാത്ത ആളുകൾ. ഒറ്റക്കുപോകാൻ ഭയം തോന്നുന്നു. പുതിയസ്ഥലത്തേക്കു യാത്രചെയ്യുന്നവരുടെ വലിയ ആകുലതയാണിത്. എന്നാൽ രോഗീലേപനകൂദാശയിലൂടെ 'കൂടെയുണ്ട്' എന്ന യാഥാർത്ഥ്യം രോഗി അനുഭവിച്ചറിയുന്നു. സന്തോഷങ്ങളിൽ മാത്രമല്ല, രോഗങ്ങളിലും സഹനങ്ങളിലും മരണത്തിന്റെ നിമിഷങ്ങളിലും സഭ കൂടെയുണ്ട് എന്നതിന്റെ വലിയ സാക്ഷ്യമാണ് രോഗീലേപനം. നമുക്ക് പരിചയമുള്ളവരുടെ അടുത്തേക്കാണ് നമ്മുടെ യാത്ര. എന്നും വിളിച്ചപേക്ഷിക്കുന്ന പരിശുദ്ധ മറിയവും ചിരപരിചിതരായ വിശുദ്ധരുമുള്ള ദൈവസന്നിധിയിലേക്കാണ് ഈ യാത്രയെന്നത് ആശ്വാസകരമാണ്. സകല വിശുദ്ധരുടെയും പരിശുദ്ധ മാതാവിന്റെയും മാധ്യസ്ഥ്യം യാചിച്ചുപ്രാർത്ഥിക്കുമ്പോൾ ഈ ഉറപ്പാണ് രോഗിക്ക് നല്കുന്നത്.

2. പുതിയ സ്ഥലത്ത് എനിക്ക് പ്രവേശനം ലഭിക്കുമോ? എന്നെ തടഞ്ഞുവയ്ക്കുമോ? ദൈവസന്നിധിയിലായിരിക്കാൻ വേണ്ട യോഗ്യത എനിക്കുണ്ടോ?

ലക്ഷ്യത്തിലേക്ക് പ്രവേശനം ലഭിക്കാൻ വേണ്ട യോഗ്യത ഹൃദയവിശുദ്ധിയാണ്. 'ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും' (മത്താ 5:8). 'എന്നാൽ കുഞ്ഞാടിന്റെ ജീവഗ്രന്ഥത്തിൽ പേരെഴുതപ്പെട്ടവർ മാത്രമേ അതിൽ പ്രവേശിക്കൂ. അശുദ്ധമായ യാതൊന്നും മ്ലേച്ഛതയും കൗടില്യവും പ്രവർത്തിക്കുന്ന ആരും അതിൽ പ്രവേശിക്കുകയില്ല' (വെളി 21:27). ദൈവദർശനത്തിന് നമ്മെ പ്രാപ്തരാക്കാൻ സഹായിക്കുകയാണ് രോഗീലേപനകൂദാശ. രോഗിക്കു ശാരീരിക അസ്വസ്ഥതകളിൽ ആശ്വാസം പകരുന്നതോടൊപ്പം അശുദ്ധിയെ നിർമാർജനം ചെയ്തു വിശുദ്ധിയുടെ അങ്കി അണിയിക്കുന്നു.

മഹാമാരിയുടെ പ്രതിസന്ധിയിൽ പലയിടത്തും പലരാജ്യങ്ങളിലും പ്രവേശനം ലഭിക്കാൻ 'രോഗമില്ല' എന്ന സർട്ടിഫിക്കറ്റ് ആവശ്യപ്പെടാറുണ്ട്. ദൈവസന്നിധിയിലേക്കു പ്രവേശിക്കുന്നതിന് ഈ വ്യക്തി യോഗ്യനാണ് എന്ന സർട്ടിഫിക്കറ്റ് നല്കുകയാണ് രോഗീലേപനകൂദാശയിലൂടെ.

ആത്മാവിനെയും ശരീരത്തെയും വിശുദ്ധീകരിച്ച് നല്ല ഒരുക്കത്തോടെ, ഇഹലോകമാകുന്ന ബസ് സ്റ്റോപ്പിൽനിന്നും മനുഷ്യന്റെ ആത്യന്തികലക്ഷ്യമായ ദൈവത്തിലേക്ക് യാത്ര തുടരാൻ സഹായിക്കുന്ന രോഗിലേപന കൂദാശ താൽപര്യത്തോടും വിശ്വാസത്തോടുംകൂടെ സ്വീകരിക്കാൻ രോഗിയെ ഒരുക്കാൻ ഓരോ വിശ്വാസിക്കും കടമയുണ്ട്. ■



# അന്ത്യമല്ല സൗഖ്യമാണ് പ്രധാനം

**രോഗംമൂലം കുടുംബത്തിൽനിന്നും സമൂഹത്തിൽനിന്നും ഒറ്റപ്പെടുന്ന വ്യക്തിയെ ക്രിസ്തുവിന്റെ സൗഖ്യവും സഭയുടെ സ്നേഹകൂട്ടായ്മയും വ്യക്തിഗത ആരോഗ്യവും നല്കി വീണ്ടെടുക്കുകയാണ് രോഗീലേപനകൂദാശയിലൂടെ. രോഗിയുടെ സൗഖ്യപ്രാപ്തിക്കായി വിശ്വാസത്തോടുകൂടെ നടത്തുന്ന പ്രാർത്ഥന സമഗ്രതയെ ലക്ഷ്യംവച്ചിട്ടുള്ളതാണ്. രോഗാവസ്ഥയിൽ നല്കപ്പെടേണ്ട ഈ കൂദാശയെക്കുറിച്ചുള്ള വ്യക്തിവീക്ഷണവും അനുഭവസാക്ഷ്യങ്ങളും.**



## ആത്മീയസൗഖ്യത്തിന്റെ കൂദാശ

**ഫ്രാൻസി ജിനി**
അധ്യാപിക, ലിറ്റിൽ ഫ്ളവർ ഹൈസ്കൂൾ, പാനായിക്കുളം

ഒരാൾ രോഗിയാവുമ്പോൾ, അസുഖം ഗുരുതരമാകുമ്പോൾ, രോഗസൗഖ്യം നേടുന്നതിനുവേണ്ടി, അയാൾക്ക് ധൈര്യം നല്കുന്ന കൂദാശയാണല്ലോ രോഗിലേപനം. ഞാൻ ആറാം ക്ലാസ്സിൽ പഠിക്കുന്ന സമയം. വാർധക്യാവസ്ഥയിൽ വിധവയും രോഗിയുമായ എന്റെ അമ്മായി ഞങ്ങളോടൊപ്പമുണ്ടായിരുന്നു. അമ്മയാണ് അമ്മായിയെ നോക്കിയിരുന്നത്. അമ്മായിക്ക് എപ്പോൾ അസുഖംകൂടിയാലും അമ്മ ഞങ്ങളുടെ ഇടവകപ്പള്ളിയിലെ വികാരിയച്ചനെ വിളിച്ച് പ്രാർത്ഥിപ്പിക്കുമായിരുന്നു അമ്മായി രോഗത്തിന്റെ കാഠിന്യത്തിൽ നിന്നും കരകയറുകയും ചെയ്യുമായിരുന്നു. പക്ഷേ ഒരിക്കൽ എന്റെ അമ്മയും അവശയായി കിടപ്പിലായിരുന്നു. അച്ചനെ വിളിക്കാനോ വിളിപ്പിക്കാനോ പറ്റിയില്ല. അന്ന് അമ്മായി മരിച്ചു. അന്ന് അച്ചനെ വിളിക്കാൻ പറ്റാഞ്ഞതോർത്ത് പിന്നീട് എത്രയോകാലം അമ്മ കരയുമായിരുന്നു. രോഗിലേപനം കിട്ടാതെ അമ്മായി മരിച്ചല്ലോ എന്നായിരുന്നു അമ്മയുടെ സങ്കടം.

ഏറെനാളുകൾക്കുമുമ്പ് ഒരു പെരുമഴക്കാലത്തിലെ രാത്രിസമയം. ഭർത്താവിന്റെ സുഹൃത്തുക്കളിലൊരാളുടെ അമ്മയുടെ മരണവാർത്തയറിഞ്ഞ് മഴയും രാവും വകവയ്ക്കാതെ പോയതായിരുന്നു ഞങ്ങൾ അവിടെവരെ. സുഹൃത്ത് ഗൃഹസ്ഥനാണെങ്കിലും ഒരു സന്ന്യാസിയെപ്പോലെ ഒറ്റയ്ക്ക് ആ വീട്ടുവളപ്പിൽതന്നെ മറ്റൊരു വീട്ടിലാണ് താമസിച്ചിരുന്നത്. മരണവീട്ടിൽനിന്ന് തിരിച്ച് പോരാൻ നേരത്ത് യാത്ര പറയാൻചെന്നപ്പോൾ അദ്ദേഹം ഞങ്ങളെ അദ്ദേഹത്തിന്റെ ഏകാന്തകുടീരത്തിലേക്ക് വിളിച്ചുകൊണ്ടുപോയി. അവിടെ ഒരു പ്രത്യേക ഇടം കാണിച്ചുതന്നുകൊണ്ടുപറഞ്ഞു: തലേന്നുരാത്രി അമ്മയ്ക്കുവേണ്ടി പ്രത്യേകപ്രാർത്ഥനകളൊക്കെ നടത്തിയതിവിടെയായിരുന്നെന്നു വിശദീകരിച്ചു.

അതൊരു കൊച്ചുഗ്രാമമായിരുന്നു. എവിടെ എന്തനങ്ങിയാലും എല്ലാവരും അറിയുന്നിടം. അമ്മയ്ക്കുവേണ്ടി മകൻ പ്രത്യേകപ്രാർത്ഥനകൾ നടത്തിയെന്നറിഞ്ഞപ്പോൾ നാട്ടുകാർ ചോദിച്ചത്രെ. അമ്മ രോഗിയായിക്കിടക്കുന്നതുകൊണ്ട് പെട്ടെന്ന് മരിക്കാൻ വേണ്ടിയായിരിക്കുമല്ലേ പ്രാർത്ഥനകളൊക്കെ ചെയ്തതെന്ന്? ഇതു കേട്ടപ്പോഴേക്കും ആ സുഹൃത്ത് അടക്കാനാവാത്ത സങ്കടത്തോടെ കരഞ്ഞുപോയി. അതിനിടയ്ക്ക് അദ്ദേഹം പറഞ്ഞൊപ്പിച്ചു.അമ്മയുടെ കിടപ്പ് കണ്ടിട്ടുതന്നെയാണ് പൂജകളെല്ലാം ചെയ്തത്. പക്ഷേ അത് എന്റെ അമ്മയെ രോഗമില്ലാതെ തിരിച്ചുകിട്ടാനായിരുന്നു. എന്നിട്ടോ.....രോഗമില്ലാത്ത, രോഗികളില്ലാത്ത ലോകത്തേക്ക് എന്റെ അമ്മ പോയി.... അല്ല, ഈശ്വരൻ കൊണ്ടുപോയി. പൂജകൾക്കുശേഷം അമ്മ



www.malankaralibrary.com

വളരെ ശാന്തയായിരുന്നു. ശരിക്കും നമ്മുടെ രോഗിലേപനംപോലെ ഹൈന്ദവർക്കും പ്രാർത്ഥനകളുണ്ടെന്ന കാര്യം എനിക്ക് പുതിയൊരു അറിവായിരുന്നു.

യഥാർത്ഥത്തിൽ രോഗീലേപനത്തിലൂടെ ശരീരസൗഖ്യമോ ആത്മീയസൗഖ്യമോ രോഗിക്ക് ലഭിക്കുന്നു. പാപമോചനം സാധ്യമായതിനുശേഷം കർത്താവിങ്കലേക്ക് നിത്യനിർമ്മലമായ മനസ്സോടെ ചെന്നെത്താൻ അയാൾക്ക് സാധിക്കുന്നു. പരിശുദ്ധാത്മാവിന്റെ പ്രത്യേകസംരക്ഷണവും ശക്തിയും ഈ കൂദാശ നല്കുന്നു. പീഡാനുഭവവേളയിൽ ക്രിസ്തു എത്രമാത്രം ശാന്തമായി സഹനങ്ങൾ ഏറ്റെടുത്തുവോ, അത്രമാത്രം ശാന്തമായി രോഗത്തിന്റേതായ പീഢകൾ സഹിക്കാൻ ശക്തിലഭിക്കുന്നു. ശാന്തനായി, സുസ്മേരവദനനായി, ആഹ്ലാദത്തിരതള്ളലോടെ നിത്യജീവൻ പ്രാപിക്കാൻ രോഗിക്കാവുന്നു. എത്ര സുന്ദരമായ രോഗശാന്തി, എത്രയോ സുന്ദരമായ മരണം. പ്രിയപ്പെട്ടവരേ, ഇതുതന്നെയല്ലേ ഓരോ ക്രിസ്ത്യാനിയും കൊതിക്കേണ്ടതും കാത്തിരിക്കേണ്ടതും. പരിശുദ്ധമായ ഈ കൂദാശ ഈശോ നമുക്ക് തന്നിട്ടുണ്ടെങ്കിൽ നാമെന്തിന് രോഗവ്യാപനത്തെയും മരണത്തെയും കുറിച്ചൊക്കെ വ്യാകുലപ്പെടണം? നമുക്കെപ്പോഴും ഒരുക്കമുള്ളവരും സന്തോഷചിത്തരുമാകാം. അവശ്യഘട്ടങ്ങളിൽ ഈ ദിവ്യകൂദാശ സ്വീകരിക്കാൻ കൃപതരണേ എന്ന് പ്രാർത്ഥിക്കാം. ■

# 'ഒടുക്കത്തെ' ലഭിച്ചിട്ടും ഒടുങ്ങാത്ത ജീവിതസാക്ഷ്യം



**ജോസഫ് കൊടുവേലിപ്പറമ്പിൽ**
മൗണ്ട് കാർമൽ ഇടവക, ചാത്യാത്ത്

രോഗീലേപനമെന്ന കൂദാശയെ പണ്ടുമുതൽ പറഞ്ഞു ചർവ്വിത ചർവണമാക്കിവച്ചിരിക്കുന്നത് 'ഒടുക്കത്തെ' കൊടുക്കാൻ അച്ചൻ വരുന്നുണ്ടെന്നാണ്. ഈ 'ഒടുക്കത്തെ' സ്വീകരിക്കാൻ എനിക്ക് സമയമായെന്ന് വീട്ടുകാർക്കും ബന്ധുക്കൾക്കും തോന്നിയപ്പോൾ മനസ്സില്ലാമനസ്സോടെയാണെങ്കിലും എനിക്ക് സമ്മതംമൂളേണ്ടിവന്നു. എന്നാൽ ഈ 'ഒടുക്കത്തെ' സ്വീകരിച്ചുകഴിഞ്ഞപ്പോൾ എനിക്കുണ്ടായ അനുഭവം അവർണനീയമാണ്. ചുരുക്കത്തിൽ 94–ന്റെ നിറവിൽ അരോഗദൃഢഗാത്രനായി ഞാൻ ജീവിക്കുന്നു. ഇത് എന്റെതന്നെ അനുഭവസാക്ഷ്യമാണ്.

ഭാര്യയും നാലുമക്കളുമുള്ള ഗൃഹനാഥനാണ് ഞാൻ. വയസ്സ് 94. വാർധക്യസഹജമായി ഉണ്ടാകുന്ന പലവിധ രോഗപീഡകളിലൂടെയാണ് എന്റെ ജീവിതയാത്ര. എങ്കിലും ദൈവം ഇതിൽ നിന്നെല്ലാം എന്നെ കരകയറ്റി മുന്നോട്ടുനയിക്കുന്നു. ഈ പ്രായത്തിലും പരസഹായം ഇല്ലാതെ ജീവിതം മുന്നോട്ടു കൊണ്ടുപോകാനുള്ള കൃപ സർവ്വേശ്വരൻ എനിക്ക് നല്കിയിട്ടുണ്ട്.

എന്റെ രോഗാവസ്ഥയിൽ ഏറ്റവും കഠിനമേറിയത് ഏതാണ്ട് 10 വർഷങ്ങൾക്കുമുമ്പാണ്. എറണാകുളത്തെ ഒരു പ്രമുഖ ആശുപത്രിയിൽ മരണത്തെ മുഖാമുഖം കണ്ട നാളുകൾ. ഒടുവിൽ ഡോക്ടർ മക്കളെ വിളിച്ചുപറഞ്ഞു: 'അപ്പച്ചനെ ഇനി വീട്ടിൽ കൊണ്ടുപോകുന്നതാണ് നല്ലത്. ഞങ്ങളെ സംബന്ധിച്ചിടത്തോളം അടുത്ത നടപടി തീവ്രപരിചരണവിഭാഗത്തിൽ പ്രവേശിപ്പിക്കുക എന്നതാണ്. ഈ പ്രായത്തിൽ വീര്യമേറിയ മരുന്നുകൾ ഒന്നും കൊടുക്കാൻ ഇനി കഴിയില്ല. മാത്രമല്ല, തീവ്രപരിചരണവിഭാഗത്തിലെ ജീവിതം അപ്പച്ചനെ മാനസികമായി തളർത്തും.' ഡോക്ടർ എന്നതിലുപരി അദ്ദേഹം ഒരു കുടുംബ സുഹൃത്തുകൂടി ആയതിനാലാണ് ഇങ്ങനെ ഒരു നിർദ്ദേശം മുന്നോട്ടുവച്ചത്. അത് മക്കൾക്ക് ബോധ്യമായപ്പോൾ അവർ എന്നെ വീട്ടിലേക്ക് മടക്കിക്കൊണ്ടുവന്നു.

വാട്ടർബഡ്ഡിൽ ഒരുകിടപ്പുരോഗിയായി ദിവസങ്ങൾ തള്ളിനീക്കി. വീട്ടിൽ സന്ദർശകനായി എത്തിയ ഒരു സുഹൃത്താണ് എനിക്ക് രോഗീലേപനം നല്കാനുള്ള ആശയം മുന്നോട്ടുവച്ചത്. വലിയ താത്പര്യം തോന്നിയില്ലെങ്കിലും ഇനി അതിന്റെ കുറവുവേണ്ടെന്നു തോന്നിയതിനാൽ ഞാൻ സമ്മതം മൂളി.

അങ്ങനെ വൈദികൻ വന്നു. എനിക്ക് ഒരിക്കലും മറക്കാനാവാത്ത വ്യക്തിയായിത്തീർന്നു അദ്ദേഹം. മറ്റൊന്നും കൊണ്ടല്ല അദ്ദേഹം ആദ്യം ദീർഘമായി സംസാരിച്ചു. ജോസഫ് ചേട്ടാ, "ഞാൻ 'ഒടുക്കത്തെ' തരാനല്ലട്ടോ വന്നിരിക്കുന്നത്. അങ്ങനെ ഒന്നില്ല. രോഗീലേപനം നമ്മുടെ ഏഴുകൂദാശകളിൽ ഒന്നാണ്. ചേട്ടൻ ഇന്നനുഭവിക്കുന്ന പ്രായത്തിന്റെയും രോഗത്തിന്റെയും സഹനങ്ങളെ ക്രിസ്തുവിന്റെ പീഡാസഹനങ്ങളോട് ചേർത്തുവച്ച് എനിക്ക് സഭ നല്കിയിരിക്കുന്ന അധികാരത്തിൽ പ്രാർത്ഥിക്കാൻ പോവുകയാണ്. ഇതുവഴി ആരോഗ്യം വീണ്ടെടുക്കാനുള്ള ധൈര്യം ദൈവം തരും. ഇതെല്ലാം ആദിമകാലംമുതൽ ചെയ്തുവന്നിരിക്കുന്നതാണ് ചേട്ടൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നാൽമതി." ഇത്രയും കേട്ടപ്പോൾത്തന്നെ എനിക്കു വലിയ സമാധാനവും ആശ്വാസവുമായി.

ഞാൻ പ്രാർത്ഥനയോടെ പൂർണ്ണവിശ്വാസത്തിൽ കൂദാശ സ്വീകരിച്ചു. അതിനുശേഷം ജീവിതത്തിൽ വന്ന മാറ്റങ്ങൾ മറ്റുള്ളവരെയും (എന്നെയും) അത്ഭുതപ്പെടുന്നതായിരുന്നു. ഘട്ടംഘട്ടമായി ഞാൻ കിടക്ക വിട്ടെഴുന്നേറ്റു. എന്നാൽ കഴിയുന്ന ജോലികളിൽ മുഴുകി. മരുന്നുകൾ പൂർണ്ണമായും ഉപേക്ഷിച്ചു. 6 മാസംമുമ്പ് ഡോക്ടറെ കാണാൻ ഇടയായി. മരുന്നുകൾ ഒന്നും കഴിക്കുന്നില്ല എന്നുപറഞ്ഞപ്പോൾ അദ്ദേഹം ചിരിച്ചുകൊണ്ടുപറഞ്ഞു: അതുകൊണ്ടാണ് ചേട്ടൻ ഇപ്പോഴും ജീവിച്ചിരിക്കുന്നതെന്ന്, വൈദ്യശാസ്ത്രം കൈയൊഴിഞ്ഞ എന്നെ കൈപിടിച്ച് എഴുന്നേൽപ്പിച്ചത് രോഗീലേപനശുശ്രൂഷയിലൂടെയാണെന്ന് ഉറച്ചുവിശ്വസിക്കുന്നു. ദൈവത്തിനുസ്തുതി. ■



www.malankaralibrary.com

# ആത്മാവിന്റെ ഔഷധം



ട്രീസ മെന്റസ് വലിയപറമ്പിൽ
അസി. എഞ്ചിനീയർ, KSEB, ഫോർട്ടുകൊച്ചി

രോഗീലേപനം സ്വീകരിച്ച് വി. കുർബ്ബാനയും കൈക്കൊണ്ട് മന്ദസ്മിതംതൂകി ശാന്തമായി മിഴികളടച്ചു മരണത്തെ സ്വീകരിച്ച എന്റെ സഹോദരി ഇന്നും എന്റെ കണ്ണിൽ നിറഞ്ഞുനില്ക്കുന്നു. വേദനകൾക്കിടയിലും രോഗീലേപന കൂദാശ സുബോധത്തോടെ സ്വീകരിച്ചപ്പോൾ സഹോദരിയിൽ ഉണ്ടായമാറ്റവും ശാന്തതയുമാണ് രോഗീലേപനമെന്നത് അന്ത്യകൂദാശ എന്നതിലുപരി ആത്മീയ ഒരുക്കത്തോടെ ശാന്തമായും സമാധാനത്തോടെയും മരണത്തെ സ്വീകരിക്കാൻ കൈക്കൊണ്ട ഒരു കൂദാശയായി എനിക്ക് ഉൾക്കൊള്ളാൻ കഴിഞ്ഞത്.

തെറ്റുധാരണകൾ തിരുത്താൻ കിട്ടിയ സാക്ഷ്യാനുഭവം. പലർക്കും ഇന്നും രോഗീലേപനകൂദാശ മരിക്കുമ്പോൾ കൊടുക്കുന്ന കൂദശയായാണ് ഉൾക്കൊള്ളാനായിട്ടുള്ളത്. അതിനാൽ മരണത്തിന്റെ മുന്നോടിയായി കണക്കാക്കപ്പെടുന്ന ഈ കൂദാശയെ കഴിയുന്നത്രയും അകറ്റിനിർത്താനാണ് എല്ലാവരും ശ്രമിക്കുന്നത്. അന്ത്യകൂദാശ എന്ന പരമ്പരാഗത ആശയം മാറ്റി, രോഗശയ്യാവലംബികൾക്കുള്ള കൂദാശയായി ഇതിനെ അവതരിപ്പിച്ചിട്ടും ക്രിസ്തീയ ജീവിതത്തിൽ ഈ കൂദാശയ്ക്കുള്ള പ്രസക്തി ഇന്നും പലർക്കും അഗ്രാഹ്യമാണെന്നതാണ് യാഥാർത്ഥ്യം. സാമൂഹികജീവിതത്തിൽ വർധിച്ചുകൊണ്ടിരിക്കുന്ന ലൗകായതികത്വവും ആധ്യാത്മികതയോടുള്ള വിമുഖതയുമൊക്കെ ഇതിനു കാരണമാകുന്നുണ്ടാകാം.

ജീവിതത്തിൽ നാം പലപ്പോഴും വിവിധങ്ങളായ രോഗാവസ്ഥയിലൂടെ കടന്നുപോകാറുണ്ട്. അപ്പോഴൊക്കെ നാം ബലഹീനരും നഷ്ടധൈര്യരുമാകുന്നു. രോഗത്തിന്റെ മൂർധന്യാവസ്ഥയിൽ നമുക്ക് ഉയിരേകുന്ന ഒരു കൂദാശയാണിത്. രോഗീലേപനം മരണത്തിന്റെ നിമിഷങ്ങളിൽ എത്തിയവർക്ക് മാത്രമുള്ള ഒരു കൂദാശയല്ല. രോഗമോ, വാർധക്യമോമൂലം ഒരു ക്രൈസ്തവൻ വിമഷമത അനുഭവിക്കുകയും അവൻ ജീവിത സായാഹ്നത്തിൽ എത്തിയിരിക്കുന്നുവെന്ന് ഒപ്പമുള്ളവർക്ക് മനസ്സിലാകുകയും ചെയ്യുന്നപക്ഷം രോഗീലേപനം എന്ന കൂദാശ സ്വീകരിക്കാൻ അയാളെ ഒരുക്കേണ്ടതാണ്.

രോഗീലേപനാവസരത്തിൽ രോഗി ആരോഗ്യദായകനായ ക്രിസ്തുവിനെയാണ് അഭിമുഖീകരിക്കുന്നത്. അതുവഴി ക്രിസ്തുവിന്റെ ആരോഗ്യദായകമായ കൈവയ്പ്പുശുശ്രൂഷയാണ് നിർവ്വഹിക്കുന്നതെന്ന അവബോധം രോഗിക്കും കൂടെയുള്ളവർക്കും ഉണ്ടാകണം. എങ്കിൽ മാത്രമേ ഈ കൂദാശയുടെ പാവനതയും വിശുദ്ധിയും ബോധ്യമാകൂ. ഔഷധങ്ങളെല്ലാം പ്രയോജനരഹിതമായിത്തീരുമെന്നവസ്ഥയെത്തുമ്പോഴാണ് നാം പലപ്പോഴും രോഗീലേപനത്തെക്കുറിച്ച് ചിന്തിക്കുന്നത്. അപ്പോൾ ഒരുപക്ഷേ രോഗി അബോധാവസ്ഥയിലെത്തിയിട്ടുണ്ടാകും. സുബോധത്തോടെയായിരിക്കുമ്പോൾത്തന്നെ ഇത് ആത്മീയ-ശാരീരികസൗഖ്യത്തിനുള്ള ലേപനകൂദാശയാണെന്ന തിരിച്ചറിവോടെ രോഗിക്കു നല്കാൻ ശ്രമിച്ചാൽ രോഗിയിൽ വലിയമാറ്റങ്ങൾ ഉണ്ടാകാനിടയുണ്ട്.

രോഗീലേപന കൂദാശയിലൂടെ നല്കുന്ന തൈലാഭിഷേകം രോഗിക്ക് ആത്മാവിന് ആനന്ദവും മനസ്സിന് സന്തോഷവും ശരീരത്തിന് ഉണർവ്വും പ്രദാനം ചെയ്യുന്നു. പാപത്തിൽനിന്നും മോചനം ലഭിക്കുന്നതുവഴി സന്തോഷത്തോടെ മരണത്തെ പുൽകുകയോ, പുതിയൊരു ജീവിതത്തിലേക്ക് തിരിച്ചുവരുകയോ ചെയ്യുന്നു. പലരും മരണമുഖത്തുനിന്നും സുഖകരമായി ജീവിക്കുന്നത് വർത്തമാനകാല സാക്ഷ്യങ്ങളായി നിരവധി സംഭവങ്ങളുണ്ട്. രോഗീലേപനം ശരീരത്തെ സുഖപ്പെടുത്തുകയോ സുഖപ്പെടുത്താതിരിക്കുകയോ ചെയ്താലും ആത്മാവിന് ഇത് ഔഷധംതന്നെയായിരിക്കും. ഈ ഔഷധം സുബോധപൂർവ്വം സ്വീകരിക്കുമ്പോൾ ആത്മാവ് സൗഖ്യപ്പെടുന്നതോടൊപ്പം ശരീരസുഖവും ലഭിക്കാൻ കാരണമായിത്തീർന്നേക്കാം. ■

# രോഗീലേപനം ധാരണകളും യാഥാർത്ഥ്യങ്ങളും



ലിബിൻ അബ്രഹാം
അധ്യാപകൻ, സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂൾ, അമ്പൂരി

ദൈവത്തിന്റെ കൃപാവരം നമ്മിലേക്ക് പ്രവഹിക്കപ്പെടുന്നത് കൂദാശകളിലൂടെയാണ്. അദൃശ്യനായ ദൈവത്തിന്റെ അനന്തമായ സ്നേഹവും അചഞ്ചലമായ വിശ്വസ്തതയും ഓരോ കൂദാശയിലൂടെയും നമ്മൾ അനുഭവിക്കുന്നുണ്ട്. മാമ്മോദീസായും തൈലാഭിഷേകവും വി. കുർബാനയും കുമ്പസാരവുമൊക്കെ നമുക്ക് കൂടുതൽ പരിചയമുണ്ട്. എന്നാൽ രോഗീലേപനം എന്ന കൂദാശയെ ആഴത്തിൽ മനസ്സിലാക്കാൻ നാം ശ്രമിച്ചിട്ടില്ല.

രോഗീലേപന കൂദാശയെക്കുറിച്ച് വ്യത്യസ്തമായ പലധാരണകളും നമുക്കിടയിലുണ്ട്. ചിലർ ഈ കൂദാശയെ അന്ത്യകൂദാശ എന്നുവിളിക്കും. ജീവിതസായാഹ്നത്തിൽ മരണത്തിനുമുമ്പ്


www.malankaralibrary.com

സ്വീകരിക്കുന്ന കൂദാശ എന്ന അർത്ഥത്തിലാണ് 'അന്ത്യകൂദാശ' എന്ന പ്രയോഗം. രോഗീലേപനം എത്രപ്രാവശ്യം സ്വീകരിക്കാം എന്നതിലും പല അഭിപ്രായങ്ങൾ നമുക്കിടയിലുണ്ട്. രോഗീലേപനം സ്വീകരിച്ചാൽ പിന്നെ കാല് മണ്ണിൽചവിട്ടാൻ പാടില്ല എന്ന് ചെറുപ്പത്തിൽ ആരോ പറഞ്ഞുതന്നത് ഞാൻ ഇപ്പോഴും ഓർമ്മിക്കുന്നു. രോഗീലേപനം സ്വീകരിച്ചാൽ ആ വ്യക്തി മരിക്കാറായി എന്നാണ് സമൂഹത്തിൽ ഇന്നും നിലനില്ക്കുന്ന ധാരണ. എന്നാൽ രോഗീലേപനം എന്ന കൂദാശ യഥാർത്ഥത്തിൽ എന്താണ് എന്ന ധാരണ ഇന്നും നമുക്കില്ലാത്തതാണു കാരണം.നമ്മുടെ ധാരണകളിൽ കടന്നുകൂടിയിട്ടുള്ള പാളിച്ചകൾ പരിഹരിക്കപ്പെടേണ്ടതുതന്നെയാണ്.

പാപമോചനവും രോഗസൗഖ്യവും നൽകി നമ്മുടെ ആത്മശരീരങ്ങൾക്ക് ആരോഗ്യം നല്കുന്ന കൂദാശയാണ് രോഗീലേപനം. അതിനാൽ അത് സൗഖ്യദായകകൂദാശയാണ്. ദൈവം സൗഖ്യദായകനാണ്. രോഗാവസ്ഥയിൽ മനുഷ്യൻ അഭയം തേടേണ്ടത് ദൈവത്തിലാണ്. വി. യാക്കോബ്ശ്ലീഹാ പഠിപ്പിക്കുന്നു: "നിങ്ങളിൽ ആരെങ്കിലും രോഗിയാണെങ്കിൽ അവൻ സഭയിലെ ശ്രേഷ്ഠന്മാരെ വിളിക്കട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ തൈലാഭിഷേകം ചെയ്ത് അവനുവേണ്ടി പ്രാർത്ഥിക്കട്ടെ. വിശ്വാസത്തോടെയുള്ള പ്രാർത്ഥന രോഗിയെ സുഖപ്പെടുത്തും. കർത്താവ് അവനെ എഴുന്നേല്പിക്കും. അവൻ പാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അവിടുന്ന് അവന് മാപ്പ് നല്കും" (യാക്കോ 5:14–15).

ഈ കൂദാശയിലൂടെ ലഭിക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തി രോഗിയെ ആത്മാവിന്റെ സൗഖ്യത്തിലേക്ക് നയിക്കുന്നു. ദൈവം തിരുമനസ്സാകുന്ന പക്ഷം ശരീരത്തിന്റെ സൗഖ്യവും ലഭിക്കുന്നു. ദൈവകാരുണ്യത്തിൽ വിശ്വാസമർപ്പിച്ചുകൊണ്ട് ജീവിതത്തിലുണ്ടാകുന്ന ക്ലേശങ്ങളും രോഗങ്ങളും വേദനകളും സമചിത്തതയോടെ സ്വീകരിക്കാൻ രോഗീലേപനമെന്ന കൂദാശ നമ്മെ ശക്തരാക്കുന്നു. രോഗീലേപനം പരികർമ്മം ചെയ്യുമ്പോഴുള്ള തൈലം വെഞ്ചരിക്കുമ്പോഴുള്ള പ്രാർത്ഥന ഇത് വ്യക്തമാക്കുന്നു. "ഈ ലേപനംവഴി വേദനകൾ കുറയുകയും ക്ലേശങ്ങൾ അകലുകയും മുറിവുകൾ ഉണങ്ങുകയും ആത്മാവിനും ശരീരത്തിനും സൗഖ്യം ലഭിക്കുകയും ചെയ്യട്ടെ."

ഗൗരവമായ രോഗാവസ്ഥയിലാണ് ഈ കൂദാശ നാം സ്വീകരിക്കുന്നത്. ആവശ്യമെങ്കിൽ ഒന്നിൽകൂടുതൽ പ്രാവശ്യം ഈ കൂദാശ സ്വീകരിക്കാവുന്നതാണ്. രോഗീലേപനം അന്ത്യകൂദാശയാണ് എന്ന ധാരണ ഒഴിവാക്കി, ആവശ്യംവരുന്ന സന്ദർഭങ്ങളിൽ സൗഖ്യദായകമായ ഈ കൂദാശ സ്വീകരിച്ച് ഈശോയുടെ സ്നേഹവും കാരുണ്യവും അനുഭവിക്കാൻ നമുക്ക് കഴിയണം. ■



# രോഗീലേപനം മരണാസന്നർക്കുള്ള സംവരണമല്ല

**മേഴ്സി ജോർജ് ചെറുതലയ്ക്കൽ**
കൊച്ചി രൂപതാ മതബോധന സെക്രട്ടറി,
ആൽഫ പാസ്റ്ററൽ സെന്റർ, ഇടക്കൊച്ചി

അന്ത്യകൂദാശയെന്ന് പരക്കേ അറിയപ്പെടുന്ന രോഗീലേപനകൂദാശ ജീവിക്കാൻവേണ്ടി സ്വീകരിച്ച ഒരമ്മയുടെ വിശ്വാസമാണ് എന്നെ ഈ കൂദാശയുടെ മഹത്വത്തിലേക്ക് ആനീതയാക്കിയത്. ഒരു മേജർ ശസ്ത്രക്രിയയ്ക്ക് വിധേയയായിരിക്കുന്ന ഒരമ്മച്ചി നടക്കാൻപോകുന്ന ശസ്ത്രക്രിയയെക്കുറിച്ചല്ല ആകുലപ്പെട്ടത്. അതിന് മുന്നോടിയായി ഒരു വൈദികനിൽ നിന്നും സൗഖ്യദായകകൂദാശ സ്വീകരിക്കാനുള്ള വ്യഗ്രതയായിരുന്നു. നേരിട്ട് വൈദികനെ സമീപിച്ച് തനിക്ക് രോഗീലേപനം സ്വീകരിക്കണമെന്നാവശ്യപ്പെട്ടപ്പോൾ ആദ്യം വൈദികൻ കാര്യമറിയാതെ നിരുത്സാഹപ്പെടുത്തുകയായിരുന്നു. കാരണം, നിങ്ങൾ നേരിടാൻപോകുന്ന ശസ്ത്രക്രിയ നിങ്ങളെ ജീവിതത്തിലേക്ക് മടക്കി രോഗവിമുക്തയാക്കാനാണ്. നിങ്ങൾ ചിന്തിക്കുന്നതുപോലെ മരണത്തിലേക്ക് ആനയിക്കാനുള്ളതല്ല. അതിനാൽ ഇപ്പോൾ ഈ കൂദാശ നിങ്ങൾ സ്വീകരിക്കേണ്ടതില്ലെന്ന് ശാന്തതയോടും സൗമ്യതയോടുംകൂടെ പറഞ്ഞു ധരിപ്പിച്ചു. അപ്പോൾ ആ വീട്ടമ്മ പറഞ്ഞത് ശ്രദ്ധേയമായിരുന്നു: "അച്ചാ, മരണത്തെക്കുറിച്ച് ഭയപ്പെട്ടിട്ടല്ലാ ഞാൻ രോഗീലേപനം ആവശ്യപ്പെട്ടത്. മറിച്ച് ഞാൻ പൂർണസൗഖ്യത്തോടെ ജീവിതത്തിലേക്ക് മടങ്ങിവരാനാണ്. നടക്കാൻപോകുന്ന ശസ്ത്രക്രിയയെക്കാളുപരി ഈ കൂദാശ സ്വീകരണം എന്നെ ആരോഗ്യവതിയാക്കി ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരുമെന്ന് പൂർണബോധ്യമുണ്ട്. അതിനാൽ രോഗീലേപനം എനിക്കുവേണം." കറതീർന്ന ആ വിശ്വാസസാക്ഷ്യത്തിനുമുന്നിൽ വൈദികൻ ആ അമ്മച്ചിക്ക് രോഗീലേപന ശുശ്രൂഷ നൽകി. ശസ്ത്രക്രിയ വിജയകരമായി നടന്നു. സൗഖ്യമോടെ ഇന്നും ആരോഗ്യവതിയായി അവർ ജീവിക്കുന്നു. രോഗീലേപനം മരണാസന്നർക്കുവേണ്ടി സംവരണം ചെയ്തിരിക്കുന്ന ഒരു കൂദാശയല്ലായെന്ന ഇത്തരം അനുഭവസാക്ഷ്യങ്ങൾ നിരവധിയുണ്ട്.

രോഗീലേപനമെന്ന കൂദാശ ഒരു സൗഖ്യദായക കൂദാശയും ദൗത്യനിർവ്വഹണത്തിനായുള്ള കർമ്മാനുഷ്ഠാന കൂദാശയും നന്മരണത്തിനൊരുക്കുന്ന ഒരു കൂദാശയുമാണെന്ന ബോധ്യം നഷ്ടമാകുമ്പോഴാണ് അന്ത്യകൂദാശയെന്ന വിധിയെഴുത്തു നടത്തുന്നത്. മനുഷ്യന്റെ പരിമിതികളെയും നൈമിഷികതയെയും അനുഭവിച്ചറിയുന്നൊരു കൂദാശകൂടെയാണിത്.

രോഗീലേപനം അനുരഞ്ജനകൂദാശയുമായി ബന്ധപ്പെട്ടതാണ്. കാരണം, ക്രിസ്തീയ കാഴ്ചപ്പാടിൽ രണ്ടും സുഖപ്പെടുത്തലുകളാണ്. രോഗികളും വാർധക്യത്തിലെത്തിയവരും സ്വയം ഇല്ലായ്മയായിത്തീർന്നുകൊണ്ട്, ക്രിസ്തുവിൽ പൂർണ്ണത പ്രാപിക്കുന്നവരാണ് എന്നു മനസ്സിലാക്കാൻ ഈ കൂദാശ ഒരു വ്യക്തിയെ സഹായിക്കുന്നുണ്ട്.

ജോബിനുണ്ടായ നഷ്ടങ്ങളും



www.malankaralibrary.com

രോഗങ്ങളും സ്നേഹിതന്മാർ പാപത്തിന്റെ ശിക്ഷയായി പഴയനിയമത്തിൽ വ്യാഖ്യാനിക്കുന്നു. കരുണയുടെയും കരുതലിന്റെയും അടയാളമായി ആന്തരീകമായും ശാരീരികമായും മനുഷ്യനെ പൂർണമായി സൗഖ്യപ്പെടുത്തുന്ന യേശുവാണ് പുതിയനിയമത്തിൽ. രോഗികളെ സുഖപ്പെടുത്തി അവർക്ക് ശാരീരികവും ആത്മീയവുമായ ശക്തിപകരുന്ന ക്രിസ്തുവിന്റെ ചിത്രമാണ് സുവിശേഷത്തിൽ ഉടനീളം. പാപികളും ബലഹീനരുമായ എല്ലാവർക്കും ദിവ്യവൈദ്യനാണ് യേശു. വൈദികരും രോഗീലേപന കൂദാശ പരികർമ്മത്തിലൂടെ ദിവ്യവൈദ്യരായി മാറുകയാണ്.

യേശു തുടങ്ങിവച്ച രോഗശാന്തി സഭയിലൂടെ ഇന്നും തുടർന്നുകൊണ്ടുപോകുന്നത് കൂദാശകളിലൂടെയാണ്. മിശിഹാ എന്ന നിലയിൽ യേശുനല്കിയ രോഗശാന്തികളെല്ലാം ദൈവരാജ്യത്തിന്റെ അടയാളമായിരുന്നു. കൂടെയായിരിക്കുമ്പോൾത്തന്നെ അപ്പസ്തോലന്മാരെ യേശു സൗഖ്യദായകശുശ്രൂഷയിൽ പങ്കുകാരാക്കുന്നതായി വിശുദ്ധഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു. ശിഷ്യന്മാർ പുറപ്പെട്ട് ജനങ്ങളോട് അനുതപിക്കണമെന്നു പ്രസംഗിച്ചു. പിശാചുക്കളെ പുറത്താക്കി. അനേകം രോഗികളെ തൈലംപൂശി സുഖപ്പെടുത്തി (മർക്കോ 6:12-13). ഉത്ഥിതനായ കർത്താവ് ഈ ദൗത്യം വീണ്ടും നവീകരിക്കുന്നു. അവർ എന്റെ നാമത്തിൽ പിശാചുക്കളെ ബഹിഷ്ക്കരിക്കും. അവർ രോഗികളുടെമേൽ കൈകൾ വയ്ക്കും. അവർ സുഖംപ്രാപിക്കുകയും ചെയ്യും (മർക്കോ 16:17-18).

സൗഖ്യദായകനായ ക്രിസ്തുവിൽ നിന്ന് നിർഗളിക്കുന്നതും പരിശുദ്ധാത്മാവിന്റെ ശക്തിയാൽ കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ചുകൊണ്ട് രക്ഷാകരങ്ങളായ അടയാളങ്ങളിലൂടെ രോഗീലേപന കൂദാശ സഭയിൽ പരികർമ്മം ചെയ്യുന്നു. രോഗികൾക്ക് ആശ്വാസവും സൗഖ്യവും നല്കുന്ന കൂദാശ ആയതിനാലാണ് ഈ കൂദാശയ്ക്ക് രോഗീലേപനം എന്നു പേരുവരാൻ കാരണം.

രണ്ട് പ്രധാനകർമ്മങ്ങളാണ് രോഗീലേപനശുശ്രൂഷയിലൂടെ നടക്കുന്നത്. രോഗികൾക്കുവേണ്ടി വൈദികർ നടത്തുന്ന സഭയുടെ ഔദ്യോഗിക പ്രാർത്ഥനയും തൈലാഭിഷേകവും.

ഗുരുതരമായ രോഗങ്ങൾ ഉള്ളപ്പോൾ, വലിയ ശസ്ത്രക്രിയകൾക്കു വിധേയമാകുന്നതിനുമുമ്പ്, പ്രായാധിക്യത്താൽ ക്ഷീണിതരാകുമ്പോൾ, മരണാസന്നാവസ്ഥയിലും മറ്റു രോഗാവസ്ഥയിലും രോഗീലേപനം സ്വീകരിക്കാം. ഈയൊരു സ്വീകരണമാണ് ആമുഖത്തിൽ രേഖപ്പെടുത്തിയ അനുഭവസാക്ഷ്യം. ഈ ലേപനം സ്വീകരിച്ച ഒരു രോഗി ആരോഗ്യം വീണ്ടെടുക്കുകയും പിന്നീട് ഗൗരവമുള്ള മറ്റൊരു രോഗം അയാൾക്കുണ്ടാവുകയും ചെയ്താൽ വീണ്ടും ഈ കൂദാശ ആവർത്തിക്കാം. ജ്ഞാനസ്നാനവേളയിൽ ക്രിസ്തുവിന്റെ മരണത്തോടും ഉത്ഥാനത്തോടും നമ്മൾ തുടങ്ങിയ അനുരൂപപ്പെടൽ രോഗീലേപനത്തിലാണ് പൂർത്തീകരിക്കപ്പെടുന്നത്. ■

# സംസ്ഥാന ചലച്ചിത്ര അക്കാദമി പുരസ്ക്കാരം ഫാ. ജോസ് പുതുശ്ശേരിക്ക്



സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ ഹൃസ്വചിത്ര തിരക്കഥാ മത്സരത്തിൽ ഫാ. ജോസ് പുതുശ്ശേരി പുരസ്ക്കാരജേതാവായി. ലോക്ഡൗൺ പശ്ചാത്തലത്തിൽ ആഗോള വ്യാപകമായി മലയാളികൾ നേരിടുന്ന പ്രശ്നങ്ങളെ മുൻനിർത്തി 'കോവിഡും അതിജീവനവും' എന്ന പ്രമേയത്തെ ആസ്പദമാക്കി നടത്തിയ മത്സരത്തിൽ 737 തിരക്കഥകളിൽനിന്നാണ് ഫാ. പുതുശ്ശേരിയുടെ 'ദാവിദ് & ഗോലിയത്ത്' തിരഞ്ഞെടുക്കപ്പെട്ടത്. അരലക്ഷം രൂപയും പ്രശസ്തിപത്രവുമാണ് പുരസ്ക്കാരം. എറണാകുളം- അങ്കമാലി അതിരൂപതയിലെ പൂണിത്തുറ ചമ്പക്കര സെന്റ് ജയിംസ് ഇടവകാംഗമായ ഇദ്ദേഹം ഇപ്പോൾ ഓസ്ട്രിയയിൽ ദൈവശാസ്ത്രത്തിൽ ഉപരിപഠനം നടത്തുകയാണ്.


www.malankaralibrary.com

# ക്രൈസ്തവം

കാരുണികനായ
ക്രിസ്തുവിന്റെ പാതയിൽ
കർമ്മനിരതരാകുന്ന
അജപാലകർക്കും
അജഗണങ്ങൾക്കുമുള്ള
നേർവഴിവെട്ടം.



## തെരുവിൽനിന്ന് തിരുസന്നിധിയിലേക്ക്

- വരുവിൻ, നമുക്ക് ദൈവമില്ല എന്ന് തെളിയിക്കാം!
- പള്ളിപ്പെരുന്നാളുകൾ
- പള്ളിവരക്കാരനായ വൈദിക വൈദ്യൻ
- സന്ന്യാസം ഒരു വെല്ലുവിളി
- അവിശ്വാസിയും രോഗിലേപനവും

റവ. ഡോ. അഗസ്റ്റിൻ പാംപ്ലാനി cst
റവ. ഡോ. മൈക്കിൾ കാരിമറ്റം
ജോസ് ക്ലെമന്റ്
റവ. ഡോ. സ്കറിയ കുന്നേൽ mcbs
റവ. ഫാ. അലക്സാണ്ടർ പൈകട cmi
റവ. ഡോ. എബ്രഹാം കാവിൽപുരയിടത്തിൽ

# വരുവിൻ, നമുക്ക് ദൈവമില്ല എന്ന് തെളിയിക്കാം!

**ഹഗിയ സോഫിയ, അധിനിവേശ രാഷ്ട്രീയത്തിന്റെയും അകം പൊള്ളയായ മതത്തിന്റെയും ജീർണ്ണമായ ആത്മീയതയുടെയും ദൃഷ്ടാന്തമാണ്. അനർഹമായത് അധിനിവേശത്തിലൂടെ കൈക്കലാക്കുന്ന മത-രാഷ്ട്രീയ ഭീകരത കാലഘട്ടത്തിന്റെ കൊടുംവൈറസാണ്. കശാപ്പുചെയ്യപ്പെടുന്ന നൈതികതയുടെ നേരറിവുകൾ ചർച്ച ചെയ്യുന്നു.**



റവ. ഡോ. അഗസ്റ്റിൻ പാംപ്ലാനി cst
ക്രിസ്തുജ്യോതി

പണ്ടൊക്കെ അന്ധവിശ്വാസങ്ങളെ അന്ധവിശ്വാസം എന്നുതന്നെ വിളിച്ചിരുന്നെങ്കിൽ പുതിയ അന്ധവിശ്വാസങ്ങൾ പ്രത്യക്ഷപ്പെടുന്നത് രാഷ്ട്രീയത്തിന്റെയും നിയമത്തിന്റെയും മതത്തിന്റെയുമൊക്കെ അംഗീകാരത്തോടെയാണ്. അപക്വമായ പ്രാചീന ദൈവബോധത്തിൽനിന്നും ദൈവശാസ്ത്രം ഇന്നും അധികമൊന്നും മുന്നോട്ട് പോയിട്ടില്ല എന്ന് തോന്നിപ്പിക്കുന്ന നടപടികളാണ് ദൈവത്തിന്റെ പേരിൽ അരങ്ങേറിക്കൊണ്ടിരിക്കുന്നത്. 'പ്രായപൂർത്തിയായ മനവരാശി'യെന്ന ഒരു പ്രയോഗമുണ്ട്. ആധുനികത കൈവരിച്ച വളർച്ചയാണിത്. സംസ്കാരം ഇത്ര വളർന്നിട്ടും പരിണാമത്തിലെ വിഷബീജങ്ങളായ മാത്സര്യവും പിടിച്ചടക്കലും ഹിംസയുമൊക്കെ അതിന്റെ രൗദ്രതയിൽ അരങ്ങുവാഴുന്ന വേദികളിലൊന്ന് മതംതന്നെയാണ്. അധിനിവേശത്തിന്റെ പുതിയ ദൃഷ്ടാന്തങ്ങളാണ് പള്ളിപൊളിച്ച് അമ്പലം പണിയുന്നതും പള്ളി മോസ്കാക്കുന്നതും.

ദൈവശാസ്ത്രത്തിന്റെ പരിച്ഛേദനമാണ് പൊളിറ്റിക്കൽ ഇസ്ലാമിന്റെ കരുത്ത്. ആരെയും കൊല്ലാനും അപരന്റെ മുതലിൽ കൈവയ്ക്കാനും ഉള്ള ആത്മബലം ഈ പരിച്ഛേദനം നല്കുന്നു. ഒരു കാലത്ത് പൗരസ്ത്യ ക്രിസ്തീയതയുടെ കേന്ദ്രവും ദീർഘകാലം കലയുടെ ശ്രീകോവിലുമായിരുന്ന ഒരു ആലയത്തെ പരിച്ഛേദനം നടത്തി ഇസ്ലാമികവല്ക്കരിക്കുമ്പോൾ അതിന്മേൽ ചാർത്തപ്പെടുന്നത് മതാത്മകതയുടേതല്ല മതത്തെ ആയുധമാക്കിയ രാഷ്ട്രീയത്തിന്റെ വികൃതമുദ്രയാണ്. ഇതുവഴി പൊതുസമൂഹത്തോടും നല്ല വിശ്വാസികളോടുംതന്നെ വിളിച്ചുപറയുന്നത് ഇതാണ്: 'വരുവിൻ നമുക്ക് ദൈവമില്ല എന്ന് തെളിയിക്കാം!' മന്ത്രം ഇവിടെ ദുഷ്ടശബ്ദവും ആരാധന കറുത്ത കുർബാനയുമാകും. 'പന്തയം' എന്ന ചെറുകഥയിൽ ചെക്കോവ് നടത്തുന്ന ആക്ഷേപം ജ്ഞാനത്തിന്റെ സൂര്യനെ അജ്ഞതയുടെ ഗ്രഹണം വിഴുങ്ങുന്നതിന്റെ തിക്തഫലങ്ങൾ ശക്തമായി ആവിഷ്കരിച്ചിരിക്കുന്നത് ഹഗിയ സോഫിയയിൽ പ്രവചനപരമായിരുന്നുവോ എന്ന് തോന്നും.

മരത്തിൽ നിന്നിറങ്ങാത്ത വാനരനും കാട്ടിൽ നിന്നിറങ്ങാത്ത പ്രാചീനനുമാണ് പൊളിറ്റിക്കൽ ഇസ്ലാം. അതിന്റെ ഭയാനകമായ അപകടങ്ങൾ സൂഫി മിസ്റ്റിസിസം പറഞ്ഞുതരന്നുണ്ട്. സൂഫി മിസ്റ്റിക്കായ ജലാലുദ്ദീൻ റൂഫി മനുഷ്യന്റെ അന്തരംഗത്തെ ഉപമിച്ചിരിക്കുന്നത് കാടിനോടാണ്. 'ചെന്നായ്ക്കളും പന്നികളും നമ്മുടെ ഉള്ളിൽ തന്നെ ആയിരക്കണക്കിനുണ്ട്. നീതിമാനും അനീതി പ്രവർത്തിക്കുന്നവനും ഉള്ളിലുണ്ട്. സത്യവാനും കാപട്യക്കാരനുമുണ്ട്. ഒരു നിമിഷം കുറുക്കന്റെ സ്വരൂപം പുറത്തുവരുമ്പോൾ വേറൊരു വേള ജോസഫിന്റെ ചൈതന്യവത്തായ മുഖമായിരിക്കും പ്രത്യക്ഷപ്പെടുക. കുറുക്കനും ജോസഫും തമ്മിൽ തിരഞ്ഞെടുപ്പ് നടത്തേണ്ടിവരുമ്പോൾ 'വിവേകിയായവൻ നല്ലത് തിരഞ്ഞെടുക്കുന്നു. വിഡ്ഢി അതു ചെയ്യുന്നില്ല.' എർദോഗൻ എന്ന വിഡ്ഢി പ്രതിനിധാനം ചെയ്യുന്ന പ്രസ്ഥാനത്തിന്റെ അജ്ഞതയുടെ ഘോഷയാത്രകൾ ചരിത്രത്തിന്റെ തീരാകളങ്കമെന്ന് വിലയിരുത്താൻ ഭാവിയിലെങ്കിലും വിജ്ഞാനത്തിന്റെ വീണ്ടെടുപ്പ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാം. അജ്ഞാനതിമിരമാണ് ആദ്യാപകടമെങ്കിൽ, രണ്ടാമത്തേത്, നീതിരാഹിത്യമാണ്. സ്വാർത്ഥതയെന്നത് ജീവന്റെ നിയമമല്ല. വെല്ലുവിളിക്കപ്പെടുമ്പോൾ അവശ്യം അതിജീവിക്കാനുള്ള ഒരു സംവിധാനത്തെ പ്രകൃതി ജീവന്റെ രഥ്യകളിൽ വിളക്കിച്ചേർത്തിരിക്കുന്നതാണ് സ്വന്തം കാര്യം ശ്രദ്ധിക്കാനുള്ള ത്വര. അതിജീവനം അധിനിവേശമാകുന്നതാണ് സ്വാർത്ഥത. അത് പരിണാമ


www.malankaralibrary.com

ത്തിന്റെ അന്തർധാരയിൽ നിന്നുള്ള വ്യതിചലനമാണ്. അധിനിവേശത്തിന്റെ പടയോട്ടങ്ങളാണ് ചരിത്രത്തിലെ അനീതിയുടെ ഭീതിതമായ അധ്യായങ്ങൾ. അനീതിക്കെതിരായ നീതിയുടെ പ്രതിവിപ്ലവത്തിന്റെ പ്രത്യയശാസ്ത്രമാണ് മതങ്ങളുടെയൊക്കെ മൗലികമായ ഒരു സിദ്ധാന്തം.

നീതിയെന്നത് പ്രപഞ്ചത്തിന് ഏറ്റവും പ്രിയപ്പെട്ടതാകയാൽ പ്രകൃതി നീതിയെ മടിത്തട്ടിൽതന്നെ ചേർത്തുപിടിച്ചിരിക്കുന്നു. അതിന്റെ താളഭംഗങ്ങളിൽ പ്രകൃതി പൊട്ടിത്തെറിച്ചുകൊണ്ടേയിരിക്കും. അങ്ങനെയാണ് ഉല്ക്യഷ്ടമായ ദൈവാനുഭവമുള്ള നവോത്ഥാനനായകരൊക്കെ നീതിയുടെ പ്രവാചകരായി കാലംതോറും ഉദയം ചെയ്യുന്നത്. അന്യന്റെ വസ്തുക്കൾ മോഹിക്കരുത് എന്നത് പ്രകൃതിയുടെ നീതിബോധത്തിന്റെ താളാത്മക സംഗീതംതന്നെയാണ്. ഈ നീതിയുടെ സംഗീതമാണ് എല്ലാ മതങ്ങളുടെയും കാതൽ. നിർഭാഗ്യവശാൽ നീതിയുടെ കാവൽഭടന്മാർതന്നെ അധിനിവേശത്തിന്റെ വേട്ടപ്പട്ടികളാകുമ്പോൾ കേടുപറ്റുന്നത് പള്ളിക്കും മ്യൂസിയത്തിനുമല്ല, വിശ്വനീതിക്കുതന്നെയാണ്.

അധികാരത്തിന്റെ മട്ടുപ്പാവുകളിലൂടെ ഉലാത്തുമ്പോഴൊക്കെ പൊളിറ്റിക്കൽ ഇസ്ലാമിലെ ദാവീദുമാർക്ക് ഉറിയയുടെ ഭാര്യമാർ നിരന്തര പ്രലോഭന ഹേതുതന്നെയായിരുന്നു എന്നതിന് ചരിത്രം സാക്ഷി. വിശുദ്ധ വിജ്ഞാനത്തെപ്പോലും കൈയേറാൻതക്കവിധം രാജാവിന്റെ നീതിബോധവും പ്രവാചകത്വവും വകതിരിവുകളും ഒക്കെ എന്നേ കൈമോശം വന്നിരുന്നു!

'മോഷ്ടിക്കപ്പെട്ട ഓരോ വസ്തുവിന്റേയും ഉള്ളിന്റെയുള്ളിൽ അതിന്റെ യഥാർത്ഥ ഉടമസ്ഥനുവേണ്ടി ഒരു നിലവിളിയുണ്ടാകു'മെന്ന ലാറ്റിൻ മൊഴി ഇപ്പറഞ്ഞ പ്രാപഞ്ചിക നീതിയുടെ ലിഖിതപ്രകാശനം തന്നെയാണ്. *Res clamat ad dominum*. വസ്തു അതിന്റെ ഉടമസ്ഥനെ വിളിച്ചുകൊണ്ടിരിക്കുന്നു. നീതിന്യായശാസ്ത്രത്തിലെ ഒരു പ്രമാണമാണ് ഈ തത്ത്വം. രാഷ്ട്രീയ ഇസ്ലാമിന്റെ അകത്തളങ്ങളിൽ വീർപ്പുമുട്ടുന്ന വിശുദ്ധ വിജ്ഞാനത്തിന്റെ നീതി അതിന്റെ യഥാർത്ഥ ഉടമയെ അന്വേഷിച്ചുകൊണ്ടേയിരിക്കും. ചരിത്രത്തിന് അല്പം കാത്തിരുന്നിട്ടായാലും



ഈ ഉത്തരിപ്പുകടത്തിന്റെ ഭാണ്ഡം ഇറക്കിവയ്ക്കാതിരിക്കാനാവില്ല. നീതി സ്വഭാവത്താലേ കാവ്യനീതി എന്നൊരു പ്രയോഗത്തെക്കൂടി സൃഷ്ടിച്ചിരിക്കുന്നത് അതുകൊണ്ടായിരിക്കാം.

പ്ലൂട്ടാർക്ക് എന്നൊരു മനുഷ്യൻ ജീവിച്ചിരുന്നില്ല എന്ന് പറയുന്നതാവും നവജാതശിശുക്കളെ കൊന്നു ഭക്ഷിക്കുന്ന പ്ലൂട്ടാർക്ക് എന്നൊരു മനുഷ്യനുണ്ടായിരുന്നു എന്ന് പറയുന്നതിലും നല്ലത് എന്ന പ്ലൂട്ടാർക്കിന്റെ ധർമോക്തി ഇവിടെ പ്രസക്തമാണ്. ദൈവനാമത്തിൽ എന്ന് പറഞ്ഞ് നീതിയെ കശാപ്പ് ചെയ്യുന്നതിലും എത്രയോ നന്നായിരിക്കും ദൈവം ഇല്ല എന്ന് മതങ്ങൾതന്നെ പഠിപ്പിക്കുന്നത്. കലകലാപവും കലാപം കലയുമാകുന്ന വിചിത്രപ്രതിഭാസത്തെക്കുറിച്ചുള്ള ചെസ്റ്റേർട്ടന്റെ ദീർഘവീക്ഷണം അക്ഷരാർത്ഥത്തിൽ ശരിയായിരിക്കുന്നു. മതരാഷ്ട്രത്തിന്റെ കലാകാരൻ കലാപത്തിന്റെ അശുദ്ധരകതം കലയുടെ മ്യൂസിയത്തിൽത്തന്നെ ചിന്തിയിരിക്കുന്നു!

മൂന്നാമതായി, ആത്മീയതയുടെ ജീർണ്ണത. മതമാണ് എല്ലാ തിന്മയുടെയും മൂലകാരണമെന്ന് കൊടിയ നിരീശ്വരനായ റിച്ചാർഡ് ഡോക്കിൻസ് പറയുമ്പോൾ അതിനെ ഭാഗികമായി സ്ഥിരീകരിക്കുന്നതാവും മതത്തിന്റെ പേരിൽ നടക്കുന്ന ഇത്തരം വേലത്തരങ്ങൾ. ഓരോ കാലത്ത് ഓരോ കോലങ്ങൾ വരച്ചിട്ട് അതിന്റെയെല്ലാം കീഴെ ദൈവം എന്ന് എഴുതുന്നത് മനുഷ്യചരിത്രത്തിലെ ആവർത്തിക്കപ്പെടുന്ന പ്രതിഭാസമാണെന്ന് ജൂത ചിന്തകനായ മാർട്ടിൻ ബൂബർ. മതാധിഷ്ഠിതമായ ഒരു തീവ്രപ്രത്യയശാസ്ത്രം അശരീരിയായ ദൈവത്തിന്റെ ചിത്രം വരക്കുന്നത് മതനിന്ദയായി കണക്കാക്കുമ്പോഴും ദൈവത്തിന്റെ കോലങ്ങൾ അവതരിപ്പിക്കുന്നതിൽ മത്സരിക്കുന്ന കാഴ്ചയാണ് കാണുന്നത്. ആത്മീയതയുടെ ജീർണത രാഷ്ട്രീയത്തിന്റെ ജീർണതയുമായി കൈകോർക്കുകയാണിവിടെ.

ഉദാത്തമായ ദൈവാരാധന ആത്മാവിലും സത്യത്തിലുമാണ് നടത്തേണ്ടതെന്ന് ക്രിസ്തു പഠിപ്പിക്കുന്നു. ആത്മാവും സത്യവുമില്ലാത്ത ആരാധനയുടെ അതിപ്രസരം ഇന്ന് മതഭൂമികയെ ഒച്ചപ്പാടിന്റെയും കച്ചവടത്തിന്റെയും ചന്തയാക്കുന്നു. ഹൃദയസ്പന്ദനം നിലച്ച കൈകാലുകളുടെ വികൃത ചലനമെന്നൊക്കെയുള്ള കാവ്യഭാവന മതാനുഷ്ഠാനങ്ങളിലായിരിക്കും ഇന്ന് ഏറ്റവുമധികം ശരിയായിരിക്കുന്നത്.

മലമുകളിലെ ഏകാന്തധ്യാനങ്ങളിൽ സംസിദ്ധമാകുന്ന ദൈവത്തിന്റെ ഏകപിതൃത്വത്തിന്റെ അനുഭവത്തിൽ നിന്നാണ് മാനവരാശി മുഴുവനും ദൈവമക്കളാണെന്നും സാർവത്രിക സാഹോദര്യമാണ് ഉദാത്ത ആത്മീയതയെന്നുമുള്ള തിരിച്ചറിവ് ലഭിക്കുന്നത്. അനുഭവമില്ലാത്തവർ മതത്തിന്റെ കടിഞ്ഞാൺ കൈയാളുമ്പോൾ ദൈവാരാധന അഹത്തിന്റെ കേളിയാകും. സാഹോദര്യം കടന്നുകയറ്റവും കൈയേറ്റവുമാകുന്നു.

ഏകാന്ത ധ്യാനത്തിനായി മലമുകളിലേക്ക് കയറുക എന്നത് മാത്രമാണ് മാനവരാശിക്ക് മുന്നോട്ടുള്ള വഴി. മലിനമാക്കപ്പെട്ട ജ്ഞാനത്തിന്റെ വിശുദ്ധി വീണ്ടെടുക്കപ്പെടണം. അത് കുരിശുയുദ്ധങ്ങൾ കൊണ്ടല്ല, ഉൾക്കാഴ്ചകളുടെ തിരിച്ചറിവിൽ നിന്നാവണം. നീതിയുടെ സുഗന്ധമാണ് ആത്മീയതയുടെ പരിമളം. അർച്ചനയ്ക്ക് വച്ചിരിക്കുന്ന പുഷ്പങ്ങൾക്കാണ് ഇന്ന് സുഗന്ധം ഏറെയും നഷ്ടപ്പെട്ടിരിക്കുന്നത്. ■

# പള്ളിപ്പെരുന്നാളുകൾ



റവ. ഡോ. മൈക്കിൾ കാരിമറ്റം
മേരിമാതാ മേജർസെമിനാരി, തൃശ്ശൂർ
*karimattom@gmail.com*

**നമ്മുടെ തിരുനാളുകൾ പെരുന്നാളുകളായി മാറുമ്പോൾ തിരുനാളുകളുടെ വിശുദ്ധസ്മരണയിൽ നിന്നും വ്യതിചലിച്ചു പോകുന്നു. അത് നമ്മുടെ വിശ്വാസത്തിനേല്പിക്കുന്ന ഗ്ലാനിയല്ലേയെന്ന് വിശകലനം ചെയ്യുന്നതോടൊപ്പം പ്രതീകാത്മകമായി നടത്തിപ്പോരുന്ന ആചാരങ്ങളുടെ പൊരുളറിവ് നഷ്ടപ്പെടുന്നതിനെക്കുറിച്ചും പ്രതിപാദിക്കുന്ന ലേഖനപരമ്പര.**

രക്ഷകനായ യേശുക്രിസ്തുവിന്റെ ജനനത്തിന്റെ അറിയിപ്പോടുകൂടി ആരംഭിച്ച് ക്രിസ്തുരാജതിരുനാളിൽ സമാപിക്കുന്ന ആരാധനക്രമവർഷവുമായി കാര്യമായ ബന്ധമൊന്നുമില്ലാത്തവയാണ് പള്ളിപ്പെരുന്നാളുകൾ മിക്കവാറും. ഏതെങ്കിലും ഒരു വിശുദ്ധന്റെയോ വിശുദ്ധയുടെയോ പേരിലായിരിക്കും ഓരോ ഇടവകയും അറിയപ്പെടുന്നത്. ആ വിശുദ്ധരെ ഇടവക മധ്യസ്ഥർ എന്നു വിളിക്കുന്നു. വിശുദ്ധരുടെ മാധ്യസ്ഥ്യം സഹായകമാകും എന്ന വിശ്വാസമാണ് ഇടവകയെ വിശുദ്ധരുടെ മാധ്യസ്ഥ്യത്തിനായി പ്രതിഷ്ഠിക്കുന്നത്. ഈ വിശുദ്ധരുടെ തിരുനാൾ വിശ്വാസത്തോടും ഭക്തിയോടുംകൂടെ ആചരിക്കുകയും വിശുദ്ധജീവിതം സ്വന്തം ജീവിതത്തിന് മാതൃകയാക്കുകയും വിശുദ്ധരുടെ പ്രാർത്ഥനാസഹായം യാചിക്കുകയും എല്ലാം ഈ പെരുന്നാളുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽപ്പെടുന്നു.

കത്തോലിക്കാസഭ മരിച്ച ഒരുവിശ്വാസിയെ വിശുദ്ധനായി പ്രഖ്യാപിക്കുന്നതിന്റെ മുഖ്യലക്ഷ്യം ആ വ്യക്തിയുടെ ജീവിതത്തെ മാതൃകയാക്കി എടുത്തുകാട്ടുകയും ആ മാതൃകയനുസരിച്ച് ജീവിക്കാൻ വിശ്വാസികളെ പ്രേരിപ്പിക്കുകയുമാണ്. എന്നാൽ ഫലത്തിൽ മറ്റൊന്നാണ് സംഭവിക്കുന്നത്. വിശുദ്ധന്റെ മാതൃക അനുകരിക്കുന്നതിനുപകരം വിശുദ്ധന്റെ മാധ്യസ്ഥ്യത്തിലൂടെ അനുഗ്രഹങ്ങൾ നേടിയെടുക്കുക മുഖ്യലക്ഷ്യമായിമാറുന്നു, പ്രത്യേകിച്ചും തിരുനാളാഘോഷത്തിന്റെ അവസരങ്ങളിൽ. അപ്പോൾ വിശ്വാസത്തിലേക്കും ജീവിതനവീകരണത്തിലേക്കും അതുവഴി വിശുദ്ധിയിലേക്കും നയിക്കേണ്ട തിരുനാളുകൾ ആഘോഷങ്ങളും ആർഭാടങ്ങളും മുറ്റിനില്ക്കുന്ന പെരുന്നാളുകളായിമാറുന്നു.

ഇടവക ജനത്തിന്റെ കൂട്ടായ്മ വളർത്താനും അനുദിനജീവിതത്തിന്റെ വിരസതയിൽനിന്നും പിരിമുറുക്കങ്ങളിൽനിന്നും തല്ക്കാലത്തേക്കെങ്കിലും ഒന്നുമാറിനില്ക്കാനുമൊക്കെ പള്ളിപ്പെരുന്നാൾ സഹായകമാകും എന്നതിൽ തർക്കമില്ല. എന്നാൽ വിനോദങ്ങൾക്കും ഉല്ലാസങ്ങൾക്കും ഉത്സവാഘോഷങ്ങൾക്കുമെല്ലാം ഇന്ന് അവസരങ്ങൾ ധാരാളം വേറെയുണ്ടല്ലോ. അതിനാൽ ദൈവജനത്തെ ദൈവത്തോടും സഹജീവികളോടുമുള്ള സ്നേഹത്തിൽ വളർത്താനും ദൈവരാജ്യം പ്രഘോഷിക്കാനുമായി സ്ഥാപിതമായിരിക്കുന്ന സഭതന്നെ ഇപ്രകാരമുള്ള ഉല്ലാസോദ്യമങ്ങൾക്കു വേദിയൊരുക്കേണ്ടതുണ്ടോ എന്ന ചോദ്യം പ്രസക്തമാകുന്നു.

ഇടവകയിൽ കൂട്ടായ്മ ശക്തിപ്പെടുത്തുന്നതിനുപകരം പള്ളിപ്പെരുന്നാളുകൾ ഭിന്നതകളിലേക്കും ശത്രുതയിലേക്കും പലരുടെയും ഒറ്റപ്പെടുത്തലുകളിലേക്കും നയിക്കുക വിരളമല്ല. ആഘോഷങ്ങളുടെ സ്വഭാവം നിർണ്ണയിക്കുന്നത് പലപ്പോഴും ഇടവകയിലെ സമ്പത്തും സ്വാധീനമുള്ള വ്യക്തികളുമായിരിക്കും. ആവശ്യമായ തുക നിർബന്ധിത പിരിവിലൂടെ കണ്ടെത്തുക സാധാരണമാണ്. കഴിവില്ലെങ്കിലും കൊടുക്കാൻ നിർബന്ധിതരാകുന്നവർക്ക് പെരുന്നാളാഘോഷം താങ്ങാനാവാത്ത ഭാരമായിത്തീരുന്നു. നിശ്ചിത തുക കൊടുക്കാത്തപ്പോൾ കുടിശിഖയാകുന്നു; അതു വീട്ടാതെ വിവാഹം, മാമ്മോദീസാ, മൃതസംസ്കാരം മുതലായ പലമതകർമ്മങ്ങളും ലഭ്യമല്ലാതാകുന്നു. പലർക്കും ഇടവക നേതൃത്വത്തോടുമാത്രമല്ല, കത്തോലിക്കാ സഭയോടുതന്നെ താൽപര്യം കുറയാനും അകന്നുപോകാനും ഇത് കാരണമായിത്തീരാറുണ്ട്.

പെരുന്നാളാഘോഷങ്ങളിൽ കാണുന്ന ദോഷകരമായ മറ്റൊന്നാണ് മത്സരപ്രവണത. നമ്മുടെ പെരുന്നാൾ ഗംഭീരമാക്കണം; മറ്റിടവകകളുടേതിനെക്കാൾ കേമമാക്കണം, അതിനായി പുതിയ പുതിയ ആഘോഷരീതികൾ കണ്ടെത്തുന്നു. ദീപാലങ്കാരങ്ങൾ, വർണ്ണശബളമായ പ്രദക്ഷിണങ്ങൾ, കരിമരുന്ന് കലാപ്ര


www.malankaralibrary.com



കടനങ്ങൾ, നാടകങ്ങൾ എന്നിങ്ങനെ ആഘോഷങ്ങളുടെ പട്ടിക നീളുമ്പോൾ അതിനുവേണ്ടി മുടക്കേണ്ടിവരുന്ന തുകയുടെ വലുപ്പമോ, അതിലൂടെ നല്കുന്ന സന്ദേശത്തിന്റെ സ്വഭാവമോ ശ്രദ്ധിക്കാതെ പോകുന്നു.

പെരുന്നാളുകളുടെ ഒരവശ്യഘടകമാണല്ലോ പ്രദക്ഷിണങ്ങൾ. പിതാവിൽനിന്ന് വന്ന്, രക്ഷാകർമ്മം പൂർത്തിയാക്കി പിതാവിലേക്ക് മടങ്ങിപ്പോയ യേശുവിന്റെ രക്ഷാകരയാത്രയെ അനുസ്മരിപ്പിക്കാൻ സഹായിക്കുന്നതാണ് ദൈവാലയത്തിൽ നിന്നിറങ്ങി, ഇടവകയിലൂടെ സഞ്ചരിച്ച്, ദൈവാലയത്തിൽ തിരിച്ചെത്തുന്ന പ്രദക്ഷിണം. എന്നാൽ ഈ തീർത്ഥാടനം അനുസ്മരിപ്പിക്കുന്നതാണോ നമ്മുടെ പെരുന്നാൾ പ്രദക്ഷിണങ്ങൾ എന്ന സംശയം നിലനില്ക്കുന്നു. പെരുവഴിയിലൂടെ നടത്തുന്ന ഘോഷയാത്രകൾ വാഹനങ്ങൾ തടഞ്ഞ് യാത്രക്കാർക്കു വരുത്തുന്ന ശല്യം നിസ്സാരമല്ല- രാഷ്ട്രീയ പാർട്ടികളുടെ ജാഥയെ വെല്ലുന്നതാവുന്നു പലപ്പോഴും ഇപ്രകാരമുള്ള ഉത്സവപ്രദക്ഷിണങ്ങൾ.

പെരുന്നാളുകളുമായി ബന്ധപ്പെട്ടു നടക്കുന്ന 'എഴുന്നള്ളിക്കൽ' പ്രത്യേകശ്രദ്ധയർഹിക്കുന്നു. വിശുദ്ധന്മാരുടെ പ്രതിമകളായിരിക്കും മുഖ്യമായും എഴുന്നള്ളിക്കുന്നത്. ദൈവത്തോടൊന്നിച്ചു കഴിയുന്ന വിശുദ്ധർ നമ്മുടെ സഹോദരങ്ങളും വഴികാട്ടികളും മധ്യസ്ഥരും ആണെന്നും അവരും നാമും ചേർന്ന ഒറ്റ കുടുംബമാണ് സഭയെന്നും അനുസ്മരിപ്പിക്കാൻ ഇതുസഹായിക്കും. അതാണ് തിരുസ്വരൂപങ്ങൾ പ്രദക്ഷിണത്തിൽകൊണ്ടുപോകുന്നതിന്റെ മുഖ്യലക്ഷ്യം. എന്നാൽ ഇവിടെയും ഈ ലക്ഷ്യം സാധാരണ ജനത്തിന്റെ ചിന്തയിൽ ഉണർത്താൻ കഴിയുന്നുണ്ടോ എന്നുസംശയിക്കണം.

പ്രതിമകൾ മാത്രമല്ല എഴുന്നള്ളിക്കുക, അത് പ്രദക്ഷിണങ്ങളിൽ മാത്രമല്ലതാനും. ക്രിസ്തുവിശ്വാസം ഉപേക്ഷിക്കാത്തതിന്റെപേരിൽ അമ്പെയ്തു കൊല്ലപ്പെട്ട വി.സെബസ്ത്യാനോസിനെ അനുസ്മരിക്കാൻ അമ്പ് എഴുന്നള്ളിക്കുക പലേടത്തും പതിവാണ്. ചില സ്ഥലങ്ങളിൽ കുരിശിൻ തൊട്ടിക്കുചുറ്റും വ്യക്തികൾ ഒരു നേർച്ചയായി അമ്പെഴുന്നള്ളിക്കും. ചിലേടങ്ങളിൽ തിരുനാൾ പ്രദക്ഷിണത്തിന്റെ ഭാഗമായിരിക്കും ഇത്. എന്നാൽ ചില സ്ഥലങ്ങളിൽ ഇടവകയിലെ ഓരോ കുടുംബകൂട്ടായ്മയിലും ഇപ്രകാരമുള്ള അമ്പുപ്രദക്ഷിണമുണ്ടാകും. കൂട്ടായ്മയിലെ ഓരോ വീട്ടിലും അമ്പുമായി പ്രദക്ഷിണം എത്തും. 'വീട്ടിൽ അമ്പുകയറ്റുക' എന്നപ്രയോഗം ആദ്യം കേട്ടപ്പോൾ എനിക്കു മനസ്സിലായില്ല. വീട്ടിൽ അമ്പുകയറ്റാതിരിക്കുന്നത് എന്തോ ഭീകരമായ ദുരന്തത്തിനുകാരണമാകും എന്ന ഭയവും പലരിലും നിലനില്ക്കുന്നുണ്ട്. ഇപ്രകാരമുള്ള കുടുംബകൂട്ടായ്മ പ്രദക്ഷിണങ്ങൾക്കും നിർബന്ധിതപിരിവ് സാധാരണമാണ്. അമ്പുകൊണ്ട് സെബസ്ത്യാനോസ് മരിച്ചില്ല, പിന്നീട് ഗദകൊണ്ട് അടിച്ചു കൊല്ലുകയാണുണ്ടായത് എന്ന് ചരിത്രകാരന്മാർ വാദിക്കുന്നുണ്ട്. അമ്പുകൊണ്ടാണ് മരിച്ചതെങ്കിൽപോലും വിശുദ്ധന്റെ വിശ്വാസത്തിനുവേണ്ടിയുള്ള രക്തസാക്ഷിത്വവും ഇന്നു നടത്തുന്ന ഈ ഭക്താഭ്യാസവും തമ്മിൽ എന്തുബന്ധം?

യേശുവിനോടൊന്നിച്ചും യേശുവിനുവേണ്ടിയുമുള്ള ജീവിതത്തിൽ ഏറ്റം അധികം വേദനിച്ച വ്യക്തിയാണ് പരിശുദ്ധ കന്യകാമറിയം. അമ്മ അനുഭവിച്ച വേദനകളുടെയും ദുഃഖങ്ങളുടെയും കാഠിന്യം അനുസ്മരിപ്പിക്കുന്നതാണ് 'വ്യാകുലമാതാവ്' എന്ന വിശേഷണം. "നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചുകയറും" (ലൂക്കാ 2:35) എന്നു വൃദ്ധനായ ശിമയോന്റെ പ്രവചനം ഹൃദയത്തിൽ വാൾ തറച്ച അമ്മയായി മറിയത്തെ ചിത്രീകരിക്കാൻ കലാകാരന്മാർക്കു പ്രേരണ നല്കി. അമ്മയുടെ ജീവിതത്തിലെ വിവിധ ദുഃഖമുഹൂർത്തങ്ങൾ കണക്കിലെടുത്ത് 'ഏഴു വ്യാകുലങ്ങൾ' എന്ന പ്രയോഗം നിലവിൽവന്നു. ഏതൊക്കെയാണ് ഈ ഏഴുവ്യാകുലങ്ങൾ എന്നതിനെക്കുറിച്ച് ഭക്തരുടെയിടയിൽ ഇപ്പോഴും അഭിപ്രായ ഐക്യമില്ലെങ്കിലും ഹൃദയത്തിൽ ഏഴുവാൾ തറച്ച സ്ത്രീയായി അമ്മയെ ചിത്രീകരിക്കുന്ന പതിവുമുണ്ടായി. മാതാവിനോടുള്ള പ്രത്യേകമായ ആദരം പ്രകടമാക്കാൻ 'വ്യാകുലം



എഴുന്നള്ളിക്കൽ' എന്ന ഭക്താഭ്യാസം ഇന്നു പലേടങ്ങളിലും നിലവിലുണ്ട്. താലത്തിൽവച്ച വാളോ, ഏഴുവാളുകൾ ഹൃദയത്തിൽ തറച്ച പ്രതിമയോ ആയിരിക്കും എഴുന്നള്ളിക്കുക. ഇവിടെയും എഴുന്നള്ളിപ്പും അമ്മയുടെ രക്ഷാകരസഹനവും ആ സഹനത്തിൽ പങ്കുചേരാനുള്ള ആഹ്വാനവും ഒന്നും ശ്രദ്ധിക്കപ്പെടാതെ പോകുന്നു. ആഘോഷംമാത്രം നിലനില്ക്കുന്നു, അർത്ഥമറിയാതെ.

ഒരാളെ വിശുദ്ധനായി പ്രഖ്യാപിക്കുമ്പോൾ ആ വ്യക്തിയിൽ പ്രത്യേകമാംവിധം ദൃശ്യമായിരുന്ന എന്തെങ്കിലും ഒരു സ്വഭാവവിശ്വാസസവിശേഷതയ്ക്ക് ഊന്നൽ നല്കുക പതിവാണ്. വിശ്വാസതീക്ഷ്ണത, സഹനം, സഹോദരസ്നേഹം, ദീനാനുകമ്പ, സുവിശേഷപ്രഘോഷണത്തിലുള്ള ഉത്സാഹം, നീതിബോധം, കാരുണ്യം എന്നിങ്ങനെ നിരവധി പ്രത്യേകതകൾക്ക് ഊന്നൽ നല്കാറുണ്ട്. എന്നാൽ വിശുദ്ധരോടുള്ള ഭക്തിയിലും അവരുടെ പെരുന്നാളോഘോഷങ്ങളിലും ഇപ്രകാരമുള്ള ഗുണവിശേഷങ്ങൾക്കോ അവയെ അനുകരിക്കാനുള്ള കടമയ്ക്കോ അല്ല ഊന്നൽ നല്കുക. മറിച്ച് അവർ വഴി ലഭിക്കാവുന്ന ഏതെങ്കിലും അനുഗ്രഹങ്ങൾ പലപ്പോഴും അതിശയോക്തി കലർത്തി അവതരിപ്പിക്കപ്പെടുന്നു.

വസൂരി രോഗത്തിൻനിന്നു മുക്തിയായിരുന്നു കുറേക്കാലംമുമ്പുവരെ വി.സെബസ്ത്യാനോസിന്റെ ഭക്തിയുടെ ഒരു മുഖ്യലക്ഷ്യം. പാമ്പുകടിയിൽനിന്നും മോചനംകിട്ടാൻ വി.ഗീവർഗീസിനോടും കാണാതെപോയവ കണ്ടുകിട്ടാൻ വി.അന്തോണീസിനോടും അസാധ്യകാര്യങ്ങൾ സാധ്യമാകാൻ വി.യൂദാതദേവൂസിനോടും പ്രാർത്ഥിക്കുക സർവ്വസാധാരണമായിത്തീർന്നു.

വിശുദ്ധരെ പുകഴ്ത്തുന്ന പലപാട്ടുകളും അവരോടുള്ള ചില പ്രാർത്ഥനകളും തെറ്റുധാരണ ജനിപ്പിക്കുന്നവ മാത്രമല്ല, വിശ്വാസവിരുദ്ധം തന്നെയെന്നു തോന്നിപ്പോകും. 'പാപികൾ ഞങ്ങൾക്കു സ്വർഗ്ഗരാജ്യം തരാൻ പീഡകളേറ്റു മരിച്ചവനേ' എന്ന് സെബസ്ത്യാനോസിനെ വിളിക്കുന്നത് ഉദാഹരണമാണ്. രക്ഷ നല്കുന്നത് ദൈവമാണ്, വിശുദ്ധരല്ല. ദൈവത്തിന്റെ മുമ്പിൽ മാധ്യസ്ഥ്യം വഹിക്കുകയാണ് വിശുദ്ധർ ചെയ്യുന്നത്.

പാട്ടുകളും പ്രാർത്ഥനകളും മാത്രമല്ല, വിശുദ്ധരോടുള്ള ഭക്തിപ്രകടനങ്ങൾതന്നെ പലപ്പോഴും ദൈവത്തെക്കുറിച്ചും വിശുദ്ധരെക്കുറിച്ചും തെറ്റായ ബോധ്യങ്ങൾ നല്കുന്നതായി തോന്നും. പഴയനിയമത്തിലെ ചിലസംഭവങ്ങളിൽ മാത്രം ശ്രദ്ധകേന്ദ്രീകരിച്ച്, നിഷ്ക്കരുണനും ക്രൂരനുമായ ഒരു വിധിയാളനായി ദൈവത്തെ ചിത്രീകരിക്കുന്നവരുണ്ട്. വിശുദ്ധരുടെ നിർബന്ധംമൂലമാണ് ദൈവം കനിഞ്ഞ് ശിക്ഷ പിൻവലിക്കുന്നതും അനുഗ്രഹിക്കുന്നതും എന്ന പ്രതീതി ജനിപ്പിക്കുന്നതാണ് പല ഭക്തിപ്രകടനങ്ങളും. അമ്മ തന്റെ കുഞ്ഞിനെ മറന്നാലും ഞാൻ നിന്നെ മറക്കില്ല (ഏശ 49:14-15) എന്നുപറഞ്ഞ ദൈവമാണ് ബൈബിളിലൂടെ സ്വയം വെളിപ്പെടുത്തുന്നത്. "തന്റെ ഏകജാതനെ നല്കാൻ മാത്രം നമ്മെ സ്നേഹിച്ച, സ്നേഹിക്കുന്ന പിതാവാണ് ദൈവം (യോഹ 3:16). അതിനാൽ ദൈവത്തെക്കുറിച്ച് വികലമായ ധാരണകൾ പ്രചരിപ്പിക്കുന്ന ഭക്തിപ്രസ്ഥാനങ്ങൾ ദോഷകരമായിരിക്കും.

വിശുദ്ധരോടുള്ള ഭക്തിപ്രകടനങ്ങളിൽ ഒട്ടും പിന്നിലല്ലാത്ത ഒന്നാണ് നൊവേനകൾ. ചില വിശുദ്ധരുടെ നൊവേനകൾ ചില പള്ളികളിൽ പ്രത്യേകം ഫലദായകമാകുന്നു എന്ന വിശ്വാസം നിലനില്ക്കുന്നുണ്ട്. ലഭിക്കാനാഗ്രഹിക്കുന്ന അനുഗ്രഹങ്ങൾ അധികപങ്കും ഭൗതികം മാത്രമായിരിക്കും. ഇവിടെയും ചില വിശുദ്ധർ ചില പ്രത്യേക അനുഗ്രഹങ്ങൾക്ക് ചുമതല ഏല്പിക്കപ്പെട്ടരിക്കുന്നു എന്ന പ്രതീതിയാണ് ജനമനസ്സിൽ നിലനില്ക്കുന്നത്. വിവാഹം, സന്താനഭാഗ്യം, രോഗശാന്തി, നല്ലജോലി, സാമ്പത്തികോന്നമനം, നഷ്ടപ്പെട്ടതു കണ്ടെത്തൽ, ബാധയൊഴിപ്പിക്കൽ എന്നിങ്ങനെ നീളുന്നു അനുഗ്രഹത്തിന്റെ പട്ടിക. അതോടൊപ്പം രോഗവും ദാരിദ്ര്യവും വേദനയുമെല്ലാം ദൈവശാപത്തിന്റെ അടയാളങ്ങളാണെന്ന ധാരണയും വളരുന്നു. അപ്പോൾ മറന്നുപോകുന്നത് ക്രൂശിതനായ യേശുവിനെയും കുരിശെടുത്ത് അനുഗമിക്കാനുള്ള ആഹ്വാനത്തെയുമാണ്.

(തുടരും)



www.malankaralibrary.com

# പള്ളിവരക്കാരനായ വൈദിക വൈദ്യൻ

ജോസ് ക്ലെമന്റ്
jacychathiath@gmail.com

**വൈദികർക്കിടയിൽ ഒട്ടേറെ സംഗീതജ്ഞരും കലാകാരൻമാരും അധ്യാപകരും അഭിഭാഷകരും എഴുത്തുകാരും പ്രഭാഷകരുമൊക്കെയുണ്ട്. എന്നാൽ ചർച്ച് ആർട്ടിൽ വിദഗ്ധനായ ഒരു എഞ്ചിനീയറച്ചൻ അപൂർവകാഴ്ചയാണ്. വരയും കുറിയും തെറ്റാതെയും അളവും കണക്കും വ്യത്യാസം വരാതെയും നൂറുകണക്കിന് ഡിസൈനുകളും നിർമ്മിതികളും പ്രായോഗികതലത്തിലാക്കിയ വരാപ്പുഴ അതിരൂപതയിലെ പള്ളിവരക്കാരനായ മോൺ. ക്ലീറ്റസ് പറമ്പലോത്തിന്റെ ജീവിതാനുഭവങ്ങളുടെ നേർവെട്ടം.**



വൈദികർക്കിടയിലെ വിശുദ്ധ നിർമ്മിതികളുടെ ഈ ഗോഡ്ഫാദർ രോഗീലേപന ശുശ്രൂഷകൾ പരികർമ്മം ചെയ്യുന്നതിലും മുന്നിൽതന്നെയാണ്. എവിടെയും നന്മയും സൗന്ദര്യവും കാണാൻ കഴിഞ്ഞാൽ ജീവിതം വിജയത്തിലേക്ക് കുതിക്കുമെന്നതാണ് ക്ലീറ്റസച്ചന്റെ ജീവിത തത്വശാസ്ത്രം. അതുകൊണ്ടുതന്നെയാണ് 52 വർഷത്തെ പൗരോഹിത്യജീവിതത്തിൽ താൻ രൂപകല്പനചെയ്ത വിശുദ്ധ നിർമ്മിതികളൊക്കെ ഇന്നും സൗന്ദര്യത്തോടെ നിലനില്ക്കുന്നത്. തന്റെ പ്രവർത്തനങ്ങളും ഇടയശുശ്രൂഷയും നന്മയ്ക്കായും അജഗണങ്ങളുടെ ആത്മീയ-ഭൗതിക സമൃദ്ധിക്കായും ചിന്തകളൊക്കെ പോസിറ്റീവായും പകർന്നുകൊടുത്തപ്പോൾ ചെയ്തതത്രയും ദൈവമഹത്വവും മനുഷ്യനന്മയും. സഭാധികാരികൾ ഏല്പ്പിക്കുന്ന ഉത്തരവാദിത്വങ്ങളിൽ നിന്ന് തന്റേതായ കാരണത്താൽ ഒളിച്ചോടാതെയും അസാധ്യങ്ങളുടെ മുന്നിൽ സാധ്യതകളെ കാണുകയും ചെയ്യുന്ന ദർശനങ്ങളാണ് അച്ചന്റെ നിർമ്മിതികളിലൊക്കെ ശോഭിച്ചുനില്ക്കുന്നത്. അതിനാൽതന്നെ അതൊക്കെ കാലാതീതങ്ങളായിരിക്കുമെന്ന് പറയാതിരിക്കാനാവില്ല.

## സ്വർഗോന്മുഖ ദൈവാലയശില്പി

ഒരു പള്ളിവരക്കാരൻ പള്ളിയിലച്ചനായപ്പോൾ അഞ്ച് പതിറ്റാണ്ടുകൾകൊണ്ട് ഏല്പിക്കപ്പെട്ട ദൗത്യങ്ങളിൽ നിന്ന് അണുവിട വ്യതിചലിക്കാതെതന്നെ ഇരുപത്തിയേഴ് ദൈവാലയമുഖപ്പുകളും 55 അൾത്താരകളും സന്ന്യാസഭവന ചാപ്പലുകളിലെ 40 അൾത്താരകളും 20 കപ്പേളകളും ആറ് ഗ്രോട്ടോകളും നാല് സ്റ്റേജുകളും ക്ലീറ്റസച്ചൻ നിർമ്മിച്ചു. കൂടാതെ 100 അൾത്താരമേശകളും ആംപോയും അച്ചൻ രൂപകല്പനചെയ്ത നിർമ്മിതികളിൽപ്പെടുന്നു.

രണ്ടാംവത്തിക്കാൻ കൗൺസിലിനുശേഷമാണ് ജനാഭിമുഖദിവ്യബലിക്ക് തുടക്കമിട്ടത്. അതോടെ ഭൂരിഭാഗം പള്ളികളിലും പുതിയ അൾത്താരകൾ ആവശ്യമായിവന്നു. പലരും ദീർഘചതുരമേശ നിർമ്മിച്ച് അതിൽ നല്ലൊരു വിരിയുമിട്ട് ദിവ്യബലിയർപ്പിച്ചു. എന്നാൽ അൾത്താരയെക്കുറിച്ച് മഹിതസങ്കല്പ



www.malankaralibrary.com

ങ്ങൾ സൂക്ഷിച്ചിരുന്ന വൈദികർ അർത്ഥപൂർണവും ആശയസമ്പന്നവുമായ അൾത്താരകളെക്കുറിച്ച് ചിന്തിക്കുകയുണ്ടായി.

ബ്രദർ ക്ലീറ്റസ് അന്ന് മൂന്നാംവർഷ ദൈവശാസ്ത്രപഠനം കഴിഞ്ഞു മാതൃ ഇടവകയിൽ വികാരി ഫാ. പോൾ വാളേപ്പിള്ളിയെ സഹായിച്ചു നിൽക്കുകയായിരുന്നു. ബ്രദർ ക്ലീറ്റസ് നല്ലൊരു കലാകാരനാണെന്നറിഞ്ഞിരുന്ന പോളച്ചൻ ഒരു അൾത്താര ഡിസൈൻചെയ്തുവരച്ചുകാണിക്കാൻ ബ്രദറിനോടാവശ്യപ്പെട്ടു. ആശങ്കകളോടെയാണെങ്കിലും ബ്രദർ ക്ലീറ്റസ് ഒരൾത്താര വരച്ച് വികാരിയച്ചനെ ഏല്പിച്ചു. ആദിയും അന്തവുമായ ദൈവത്തെ പ്രതീകവത്ക്കരിച്ച് ആൽഫ-ഒമേഗ ആശയമാണ് അതിൽ രേഖിതമാക്കിയിരുന്നത്. അച്ചനത് ഇഷ്ടപ്പെട്ടെന്നുമാത്രമല്ല അതേ മാതൃകയിൽ അൾത്താര പണിയിക്കുകയും ചെയ്തു. നിർമ്മാണം കഴിഞ്ഞപ്പോൾ കണ്ടവർക്കെല്ലാം അതിന്റെ നൂതനാശയവും ലാളിത്യവും ഇഷ്ടപ്പെട്ടു. പാശ്ചാത്യ ആരാധനക്രമമനുസരിച്ച് അൾത്താരമേശയുടെ മുൻഭാഗം വിരിയിട്ട് മറക്കാൻ പാടില്ലെന്നാണ്. കലാപരമായി രൂപകല്പനചെയ്ത പുതിയ അൾത്താരയെക്കുറിച്ച് കേട്ടറിഞ്ഞ ഇടവക മുൻ വികാരി മോൺ. ജോർജ് തോട്ടകത്ത് ബ്രദർ ക്ലീറ്റസിനെ മറ്റൊരു ഭാരിച്ച ഉത്തരവാദിത്തം ഏല്പിച്ചു. മെയിൻ റോഡിൽനിന്നും കാണത്തക്കവിധം ഇരുനിലകളിലായി ഉയർന്നുനില്ക്കുന്ന ഒരു കപ്പേള ഡിസൈൻ ചെയ്യാൻ നിർദ്ദേശിച്ചു. മോൺ. ക്ലീറ്റസിന്റെ ദൈവാലയ നിർമാണങ്ങളിലെ പ്രഥമ കപ്പേള രൂപകല്പന ഇതായിരുന്നു. തുടർന്ന് ചരിയംതുരുത്ത് വേളാങ്കണ്ണിമാതാ പള്ളിയുടെ മുഖപ്പ് രൂപകല്പന ചെയ്തു. പിന്നീട് എണ്ണമറ്റ ദൈവാലയ മുഖപ്പുകളാണ് ആ കരങ്ങളിലൂടെ മെനഞ്ഞെടുത്തത്. എല്ലാം സ്വർഗോന്മുഖമായി മാനവഹൃദയങ്ങളെ ഉന്നതങ്ങളിലേക്ക് ഉയർത്തുംവിധമാക്കാൻ ഈ ശില്പി ശ്രമിച്ചിട്ടുണ്ട്.

## മദ്ബഹകളുടെ ശില്പി

ക്ലീറ്റസച്ചൻ കൂടുതൽ ഡിസൈൻ ചെയ്തിട്ടുള്ളത് നൂറിലധികം മദ്ബഹകളാണ്. സക്രാരിയും കുരിശുരൂപവും അവിഭാജ്യമാംവിധം സമന്വയിപ്പിച്ചുകൊണ്ടുള്ള ശൈലിയാണ് ഈ ഡിസൈനുകളിലൊക്കെ അച്ചൻ സ്വീകരിച്ചിട്ടുള്ളത്. പള്ളിമുഖപ്പുകൾ, മദ്ബഹ, സക്രാരി, അൾത്താരമേശ, ആംപോ, വശങ്ങളിലെ അൾത്താരകൾ, രൂപക്കൂടുകൾ, കുമ്പസാരക്കൂടുകൾ, കുരിശുരൂപം, മണിമാളികകൾ, കുരിശിന്റെ വഴികൾ, ഗ്രോട്ടോകൾ തുടങ്ങിയവയുടെ മുന്നൂറിലധികം ഡിസൈനുകൾ കേരളത്തിനകത്തും പുറത്തുമായി ചെയ്യാൻ അച്ചന് സാധിച്ചിട്ടുണ്ട്.

## മെഡിക്കൽട്രസ്റ്റിലെ രോഗീലേപകൻ

പൗരോഹിത്യ സ്വീകരണത്തിന്റെ അരനൂറ്റാണ്ട്പിന്നിട്ടുനില്ക്കുന്ന മോൺ. ക്ലീറ്റസ് 21 വർഷം സെമിനാരികളിലും പാസ്റ്ററൽ സെന്ററിലുമായിരുന്നു ശുശ്രൂഷാദൗത്യം നിർവ്വഹിച്ചിരുന്നത്. ശേഷിക്കുന്ന 31 വർഷം ഇടവകകളിലെ സേവനമായിരുന്നു. ഇക്കാലഘട്ടങ്ങളിലാണ് രണ്ടായിരത്തിലധികം രോഗികൾക്ക് രോഗീലേപനശുശ്രൂഷ നല്കാൻ ഇടയായിട്ടുള്ളത്. ഇതിൽ ഏഴുവർഷം പെരുമാന്നൂർ സെന്റ്ജോർജ് ഇടവക വികാരിയായിരുന്നു. ഈ സപ്തവർഷത്തിലാണ് ആയിരത്തോളംപേർക്ക് രോഗീലേപനകൂദാശ നല്കാൻ അവസരം ലഭിച്ചിട്ടുള്ളതെന്ന് ക്ലീറ്റസച്ചൻ പറയുന്നു.

എറണാകുളം പള്ളിമുക്കിലെ മെഡിക്കൽട്രസ്റ്റ് സ്വകാര്യആശുപത്രിയായതിനാൽ അവിടെ സ്ഥിരമായി ചാപ്ലിൻമാരാരും ഇല്ല. തൊട്ടടുത്ത ഇടവക പള്ളിയെന്ന നിലയിൽ മെഡിക്കൽ ട്രസ്റ്റിലെ രോഗികൾക്ക് ആത്മീയ വൈദ്യനായിരുന്നത് ക്ലീറ്റസച്ചനായിരുന്നു. ഏതുപാതിരാവിലും രോഗീപേലന കൂദാശ കർമ്മത്തിനായി പോകുന്നതിൽ അച്ചൻ ജാഗരൂകനായിരുന്നു. മരണക്കിടക്കയിൽനിന്ന് ജീവിതത്തിന്റെ കിടക്കയും ചുമന്ന് എഴുന്നേറ്റുനടന്നവർ എണ്ണമറ്റതാണ്. രോഗീലേപനം 'അന്ത്യകൂദാശ' യല്ലായെന്ന ബോധ്യം പകരാൻ വ്യക്തമാക്കുന്നതായിരുന്നു ക്ലീറ്റസച്ചന്റെ രോഗീലേപനശുശ്രൂഷകൾ. എന്റെ മാതാപിതാക്കളുടെയും സഹോദരിയുടെയും അവസാനനിമിഷം അടുത്തുണ്ടാകാനോ ഒരച്ചനെന്നനിലയിൽ രോഗീലേപന കൂദാശ നൽകാനോ തനിക്ക് ഭാഗ്യമുണ്ടായിരുന്നില്ല. അതിനാൽ ഓരോ രോഗികൾക്കരികിലും അണയുമ്പോൾ തന്റെ പിതാവും മാതാവും സഹോദരിയുമൊക്കെയാണിവരെന്ന പൂർണബോധ്യത്തോടെയാണ് ശുശ്രൂഷകൾ നിർവഹിക്കുന്നത്. അത് തനിക്ക് പൂർണസംതൃപ്തിയും ആനന്ദവുമാണ് പ്രദാനം ചെയ്തിട്ടുള്ളതെന്ന് അച്ചൻ വെളിപ്പെടുത്തുന്നു. അതിനാൽ രോഗിലേപന ശുശ്രൂഷയ്ക്കായി അച്ചൻ തന്നെ പോകുന്നതായിരുന്നു പതിവ്. രോഗീലേപന കൂദാശയുടെ കൗദാശിക ശക്തി അത്രയ്ക്കേറെ പവിത്രതയോടെ ബോധ്യപ്പെട്ടിട്ടുള്ള വൈദികശ്രേഷ്ഠനാണ് മോൺ. ക്ലീറ്റസ് പറമ്പലോത്ത്.

## പാപ്പായെ മുട്ടുകുത്തിച്ച അച്ചൻ

മാർപാപ്പയെ കുരിശുവരക്കാൻ പഠിപ്പിക്കേണ്ടായെന്ന പഴമൊഴി എല്ലാവരുടെയും കർണപുടങ്ങളിൽ കേട്ടുപഴകിയ പ്രയോഗമാണ്. എന്നാൽ മാർപാപ്പയെ മുട്ടുകുത്തിച്ച അച്ചൻ എന്ന പ്രയോഗം ക്ലീറ്റസച്ചനെക്കുറിച്ചുള്ള കമന്റ് മാത്രമാണ്. വരാപ്പുഴ അതിരൂപതയിലെ വൈദികസഹോദരർക്കിടയിലെ ഹാസ്യരൂപത്തിലുള്ള പ്രയോഗമാണെങ്കിൽക്കൂടെ അതിൽ കഴമ്പുണ്ട്. അതുപറയുമ്പോൾ ക്ലീറ്റസച്ചനിലും ചിരിപടരുന്നു.

ഞാൻ ഭാഗ്യവാനെന്ന് അവകാശപ്പെടുന്നില്ല എന്ന മുഖവുരയോടെയാണ് ഈ ചോദ്യത്തിന് ക്ലീറ്റസച്ചൻ മറുകുറി ആരംഭിച്ചത്. ഭാഗ്യവാനല്ലെങ്കിലും ഞാൻ അനുഗൃഹീതനാണ്. രണ്ട് വിശുദ്ധരുടെ ദർശനസാമിപ്യം ലഭിച്ച വ്യക്തിയാണ് ഞാൻ. അപ്പോൾ അനുഗൃഹീതനല്ലേ? കൊൽക്കത്തയിലെ വി. തെരേസയെയും വി. ജോൺപോൾ രണ്ടാമനെയും കാണാനും അവരുടെ വിശുദ്ധകരസ്പർശം അനുഭവിക്കാനും അവസരം ലഭിച്ച വ്യക്തിയാണ്. കൊൽക്കത്തയിലെ മദർതെരേസയുടെ ചാപ്പലിൽ മറ്റുമൂന്നുസഹോദര വൈദികരുമൊത്ത് ബലിയർപ്പിക്കാൻ അവസരം ലഭിച്ചപ്പോൾ ഒരു സഹകാർമ്മികനെന്നതിലുപരി മദർ തെരേസയ്ക്ക് ദിവ്യകാരുണ്യം നല്കാനുള്ള മഹാനുഗ്രഹം ലഭിച്ചത് തനിക്കായിരുന്നുവെന്ന് വിശുദ്ധിനിറഞ്ഞ ഓർമ്മകളോടെ പങ്കുവച്ചു. 1997 ഒക്ടോബർ 17-നാണ് അഗതികളുടെ അമ്മയുടെ നാവിൽ ക്ലീറ്റസച്ചൻ വിശുദ്ധകുർബ്ബാന നല്കിയത്. ഇതിലും ഒരു ദശാബ്ദം


www.malankaralibrary.com

പിന്നിലാണ് മറ്റൊരു പുണ്യസ്മരണ. കൃത്യമായി പറഞ്ഞാൽ 1986 ഫെബ്രുവരി ഏഴ്! അന്നാണ് കേരളസന്ദർശനത്തിന്റെ ഭാഗമായി ജോൺപോൾ രണ്ടാമൻ പാപ്പാ കളമശ്ശേരി എച്ച്.എം.ടി ഗ്രൗണ്ടിൽ ബലിയർപ്പിച്ചദിനം.

ദിവ്യബലിയർപ്പണത്തിൽ പങ്കെടുക്കാൻ അവസരം ലഭിച്ച തിരഞ്ഞെടുക്കപ്പെട്ട വികലാംഗർക്ക് ദിവ്യകാരുണ്യം നല്കിയത് പാപ്പയായിരുന്നു. ദിവ്യകാരുണ്യം നല്കിയതിനുശേഷം ദിവ്യകാരുണ്യം ഉള്ളടക്കം ചെയ്ത തിരുപ്പാത്രം (കുസ്തോദി) പാപ്പാ തിരിച്ചേല്പ്പിച്ചത് ക്ലീറ്റസച്ചന്റെ കരങ്ങളിലേക്കാണ്. വലിയ മുക്കുവന്റെ പാവനകരസ്പർശം ലഭിച്ചതിന്റെ അനുഗ്രഹലഹരിയിൽ മുഴുകി നിൽക്കേയാണ് ക്ലീറ്റസച്ചനെ ഞെട്ടിച്ച ആ സംഭവം നടന്നത്. കുസ്തോദി ക്ലീറ്റസച്ചനെ ഏൽപ്പിച്ചശേഷം ക്ലീറ്റസച്ചനുമുന്നിൽ പാപ്പാ മുട്ടുകുത്തി കരങ്ങൾകൂപ്പി ശിരസുനമിച്ച് ദിവ്യകാരുണ്യത്തെ വണങ്ങി. അന്ന് വരാപ്പുഴ അതിരൂപത വികാരി ജനറലായിരുന്ന മോൺ. ഇമ്മാനുവൽ ലോപ്പസും വൈദികരുടെ ക്ലസ്റ്ററിൽ തിരുവസ്ത്രങ്ങളിഞ്ഞ് സഹകാർമ്മികനായിട്ടുണ്ടായിരുന്നു. പാപ്പാ കുസ്തോദി ഏല്പ്പിക്കുന്നതും തുടർന്ന് മുട്ടുകുത്തി വണങ്ങുന്നതുമൊക്കെ ലോപ്പസച്ചൻ സശ്രദ്ധം വീക്ഷിക്കുന്നുണ്ടായിരുന്നു. ദിവ്യബലി കഴിഞ്ഞയുടനെ ഫലിതപ്രിയനായ മോൺ. ലോപ്പസ് വൈദികർക്കിടയിൽ പൊട്ടിച്ച ഹോട്ട് ബോംബായിരുന്നു– "ക്ലീറ്റസച്ചൻ പാപ്പായെ മുട്ടുകുത്തിച്ചു" എന്ന്. അതൊരു ഫലിതമായിരുന്നെങ്കിലും ക്ലീറ്റസച്ചന് അതുൾക്കൊള്ളാനായില്ല. ഹോട്ടായിതന്നെ ക്ലീറ്റസച്ചനും പ്രതികരിച്ചു: "പാപ്പായ്ക്കും എനിക്കുമിടയിൽ ലോപ്പസച്ചൻ കാണാതെപോയ ദിവ്യകാരുണ്യമുണ്ടായിരുന്നു" വെന്ന്.

## ചർച്ച് ആർട്ടിനോടുള്ള ഭ്രമം

വരാപ്പുഴ അതിരൂപതയിലെ കർത്തേടം സെന്റ്ജോർജ് ഇടവക പറമ്പലോത്ത് കുടുംബത്തിലെ ഒൻപത് മക്കളിലൊരുവനായാണ് ക്ലീറ്റസച്ചന്റെ ജനനം. വല്ലാർപാടം സെന്റ്മേരീസ് സ്കൂളിലെ അധ്യാപകനായിരുന്നു പിതാവ് ജോസഫ്. അമ്മ മേരി ഗൃഹനാഥയും. പ്രശസ്ത ആർക്കിടെക്ട് ഓലപ്പുറത്ത് ചുമ്മാർ അമ്മയുടെ സഹോദരനായിരുന്നു. ഇദ്ദേഹത്തിന്റെ പ്രവർത്തനങ്ങളോടുള്ള താൽപര്യമായിരുന്നു ക്ലീറ്റസച്ചനെ ചർച്ച് ആർട്ടിലേക്ക് സ്വാധീനിച്ചത്. അച്ചന്റെ സഹോദരൻ എഞ്ചിനീയറായ ആൽബിയും മദ്രാസ് സ്കൂൾ ഓഫ് ആർട്സിൽനിന്നും ചിത്രകലയിൽ പഠനം പൂർത്തിയാക്കിയ സഹോദരിയും ഫ്രാൻസിസ്കൻ മിഷണറീസ് ഓഫ് മേരി സന്ന്യാസിനി (F.M.M.) സഭാംഗവുമായ സി. സെലിൻ ഗ്രെയ്സും ഈ രംഗത്ത് ചുവടുറപ്പിക്കാൻ ക്ലീറ്റസച്ചനെ പ്രേരിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്തു. നിർമ്മിതിരംഗത്തേക്ക് കടന്നുവന്നപ്പോൾ വൈദികരും സിസ്റ്റേഴ്സും സുഹൃത്തുക്കളും കലവറയില്ലാത്ത പിന്തുണയാണ് നല്കിയത്. തൊട്ടതെല്ലാം പൊന്നാക്കി മാറ്റിയ ഇടയഗണത്തിലെ നിർമിതികളുടെ തമ്പുരാൻ ദൈവാലയരൂപകല്പനകളിലൂടെയും അൾത്താര–സക്രാരി നിർമ്മിതികളിലൂടെയും സുവിശേഷം പ്രഘോഷിക്കുകയായിരുന്നു പിന്നിട്ട അരനൂറ്റാണ്ടുകാലം.

## നിർമ്മിതികളിലെ കൂപ്പിയകരങ്ങൾ

മനുഷ്യരുടെ വികാരവിചാരങ്ങളെ ഉന്നതങ്ങളിലേക്കുയർത്തുംവിധമാണ് ക്ലീറ്റസച്ചന്റെ നിർമിതികളിലെ ഭൂരിഭാഗം ദൈവാലയ മുഖപ്പുകളും. അതിൽ കൂപ്പിയ കരങ്ങളുടെ അടയാളമാണ്. ഗോഥിക് ദൈവാലയനിർമ്മിതിശൈലി



വി. ജോൺപോൾ രണ്ടാമനോടൊത്ത് മോൺ. ക്ലീറ്റസ് പറമ്പലോത്ത്.
ആർച്ച്ബിഷപ് ഡോ. ജോസഫ് കേളന്തറ, ഫാ. ജോൺ പള്ളത്ത് OCD എന്നിവർ സമീപം.

ലോകപ്രസിദ്ധമായത്, ആ നിർമിതി തന്നെ ഒരാരാധനയായി ഉയരങ്ങളിലേക്ക് എല്ലാത്തിനെയും കേന്ദ്രീകരിക്കുന്നതുകൊണ്ടാണെന്ന് വാസ്തുശില്പവിദഗ്ധർ പഠിപ്പിക്കുമ്പോൾ ഈ ധർമംതന്നെയാണ് ആധുനിക രീതിയിലുള്ള ക്ലീറ്റസച്ചന്റെ ദൈവാലയ നിർമ്മാണങ്ങളിലും അവലംബിച്ചിട്ടുള്ളത്. ഈ ലോകത്തിൽനിന്നുള്ള ഉയർച്ചയും ദൈവിക മേഖലയായ ഉന്നതങ്ങളിലേക്കുള്ള പ്രയാണവും ഏതൊരു വിശ്വാസിക്കും ആത്യന്തികലക്ഷ്യമാകണം.

പള്ളിയിൽ പ്രവേശിക്കുന്ന വിശ്വാസിക്കും അവിശ്വാസിക്കും ഒരുവിധത്തിലും അസ്വസ്ഥതയുണ്ടാക്കുന്ന ഒന്നും പാടില്ലെന്ന നിർബന്ധബുദ്ധിക്കാരനാണ് ഈ ദൈവാലയശില്പി. ദൈവാലയ മുഖപ്പ് ഏവരെയും മാടിവിളിക്കുംവിധം ശാന്തഗംഭീരവും ഉൾവശം എല്ലാവരേയും ശാന്തരാക്കി ദൈവസന്നിധിയിലേക്കുയർത്താൻ തക്കവിധം സ്വസ്ഥവുമായിരിക്കണമെന്ന കണിശക്കാരനാണ് ഈ വൈദികശ്രേഷ്ഠൻ. അതിനാൽ അച്ചന്റെ ഒരു നിർമ്മിതിയിലും അതിഭാവുകത്വമോ ആർഭാടമോ ആരോപിക്കാനോ കണ്ടെത്താനോ ആകില്ല. ഒരു ദൈവാലയം കണ്ടാൽ അതിലേക്ക് കയറാൻ പ്രേരിപ്പിക്കണം. കയറിയാൽ പരപ്രേരണയില്ലാതെ പ്രാർത്ഥിക്കാനും സാധിക്കണം. അതാണ് ക്ലീറ്റസച്ചന്റെ നയം. അതിനാൽ ഒരു നിർമിതിയിലും ധൂർത്തുണ്ടാകില്ല.

## വൈദികജീവിതത്തിലെ പാഠങ്ങൾ

പ്രാർത്ഥനയിലൂടെ ക്രിസ്തുവിന്റെ മുഖം സ്വന്തമാക്കാൻ ക്ലീറ്റസച്ചൻ ശ്രമിച്ചപ്പോൾ ദൈവത്തിന്റെ കരുണ അച്ചൻ ആവോളം അനുഭവിക്കുകയായിരുന്നുവെന്ന് സംതൃപ്തമനസ്സോടെ പറയുന്നു. ആ അനുഭവം തന്നിൽ രൂഢമൂലമായപ്പോൾ കാരുണ്യത്തിന്റെ മുഖങ്ങൾ തിരിച്ചറിയാൻ തനിക്കും കഴിഞ്ഞുവെന്നാണ് അച്ചൻ സാക്ഷ്യപ്പെടുത്തുന്നത്. ദൈവകരുണയുടെ കനലും കൈവഴിയുമാകാൻ വിളിക്കപ്പെട്ടവനാണെന്ന ബോധ്യമുണ്ടായപ്പോൾ രോഗികൾക്കരുകിലേക്കും ശയ്യാവലംബികൾക്കിടയിലേക്കും ഓടിച്ചെല്ലാൻ അച്ചന് ആവേശമായിരുന്നു. പൗരോഹിത്യജീവിതത്തിന്റെ 52 വർഷങ്ങളിൽ 31 വർഷവും ഇടവകശുശ്രൂഷയായിരുന്നു. ശേഷിക്കുന്ന 21 വർഷം വൈദികവിദ്യാർത്ഥികളുടെ പരിശീലകൻ, അതിരൂപത പാസ്റ്ററൽ സെന്റർ ഡയറക്ടർ എന്നീ നിലകളിൽ സേവനമനുഷ്ഠിക്കുകയായിരുന്നു. ഇടവകഭരണകാലഘട്ടമത്രയും സമയംനോക്കാതെ ഓടിച്ചെല്ലുമായിരുന്നു ശയ്യാവലംബികളായി ഭവനങ്ങളിൽ കഴിയുന്നവർക്കിടയിലേക്കും ആശുപത്രികളിൽ രോഗികളായി കഴിയുന്നവർക്കരികിലേക്കും. ആയിരത്തോളംപേർക്ക് ഒരേ ആശുപത്രിയിൽതന്നെ ഏഴുവർഷത്തിനിടയിൽ രോഗീലേപനം നൽകാൻ അച്ചനുസാധിച്ചിട്ടുണ്ട്. ഇപ്പോൾ വിശ്രമജീവിതത്തിലാണെങ്കിലും ഈ കൂദാശാപരികർമ്മത്തിന് തന്റെ പ്രായവും അനാരോഗ്യവും മറന്ന് പോകാൻ അച്ചൻ സന്നദ്ധനാണ്. രോഗീലേപനമെന്ന കൂദാശവഴി ഓരോ രോഗിക്കും ക്രിസ്തുവിനെ സ്പർശിക്കുന്ന അനുഭവമാണ് ഉണ്ടാകുകയെന്ന് ക്ലീറ്റസച്ചൻ പറയുന്നു. അവിടുത്തെ വസ്ത്രത്തിലെ വിളുമ്പിൽ സ്പർശിക്കാൻ കഴിഞ്ഞാലെങ്കിലും താൻ സുഖംപ്രാപിക്കുമെന്ന് ഉദ്ഘോഷിച്ച സ്ത്രീയുടെ (മർക്കോ 5:28) അതേ വിശ്വാസാനുഭവം.

## രോഗീലേപനത്തിലെ മങ്ങാത്ത സ്മരണകൾ

ഒരുകാലത്ത്, മരണം അത്യാസന്നമായിരിക്കുന്ന അവസരത്തിൽമാത്രം നല്കപ്പെടാവുന്ന കൂദാശയെന്ന നിലയിൽ രോഗീലേപനത്തെ 'ഒടുക്കത്തെ ഒപ്രൂശ്മ' അഥവാ അന്ത്യകൂദാശ എന്നാണ് വിളിച്ചിരുന്നത്. ക്ലീറ്റസച്ചന്റെ രോഗീലേപനശുശ്രൂഷകളിൽ ഈ വാക്കു ദ്യോതിപ്പിക്കുന്നതുപോലുള്ള അനുഭവങ്ങളും മങ്ങാത്ത സ്മരണകളും ഉണ്ടായിട്ടുണ്ടെന്ന് അച്ചൻ ഓർമിക്കുന്നു. എറണാകുളം മെഡിക്കൽട്രസ്റ്റ് ആശുപത്രിയാണ് രംഗം. പാമ്പുകടിയേറ്റിട്ട് കൊണ്ടുവന്ന 13 വയസ്സുകാരി ബാലികയ്ക്ക് രോഗീലേപനം നൽകാൻ അച്ചനെ വിളിച്ചു. അന്ന് പെരുമാനൂർ സെന്റ് ജോർജ് ഇടവകവികാരിയാണ്. ഒട്ടും താമസിയാതെ അച്ചൻ എത്തി. വൈദ്യശുശ്രൂഷകളൊക്കെ നടക്കുന്നതിനിടയിൽ അച്ചൻ കുട്ടിക്ക് രോഗീലേപനം നല്കി. അവൾ വളരെ പ്രസന്നവതിയായി സുബോധത്തോടെ എല്ലാം സ്വീകരിച്ചു. അച്ചന്റെ സാന്ത്വനവാക്കുകളും ആരോഗ്യവാഗ്ദാനവുമെല്ലാം ചിരിച്ചുകൊണ്ട് കേട്ടതിനുശേഷം തത്ക്ഷണം അച്ചൻ നോക്കിനില്ക്കേ മിഴികളടച്ചു; ബാലിക മൃതയായി. അന്ത്യകൂദാശയ്ക്കായി അവൾ കാത്തുനിന്നതുപോലെയുള്ള അനുഭവമാണ് അന്ന് അച്ചനുണ്ടായത്.

ഏതോ വൈദികനുമായി ഉണ്ടായ അസ്വാരസ്യത്താൽ വിശ്വാസത്തിൽ നിന്ന് അല്പംവ്യതിചലിച്ചുനിന്നിരുന്ന മറ്റൊരുവ്യക്തി ഹൃദയാഘാതത്താൽ തീവ്രപരിചരണവിഭാഗത്തിലെത്തിയപ്പോൾ രോഗീലേപനം ആവശ്യപ്പെടുകയുണ്ടായി. തന്റെ പൂർവ്വകാല കഥ അറിയാവുന്ന വൈദികരാരും തനിക്ക് രോഗീലേപനം നല്കാൻ എത്തില്ലെന്നു പൂർണബോധ്യം ആ വ്യക്തിക്കുണ്ടായിരുന്നു. എന്നാൽ ക്ലീറ്റസച്ചൻ അറിഞ്ഞുടനെ രോഗിയുടെ പക്കലെത്തി. എല്ലാം അറിയാമായിരുന്ന അച്ചൻ ഒരുമണിക്കൂർ ആ വ്യക്തിക്ക് ചാരെ ചിലവഴിച്ച് പ്രാർത്ഥിക്കുകയും രോഗീലേപനശുശ്രൂഷകൾ നൽകുകയും ചെയ്തു. ആത്മീയമായി ആ വ്യക്തിയിൽ ഉണ്ടായ ഉണർവ് അച്ചനെ അത്ഭുതപ്പെടുത്തി. അയാൾ അച്ചനോടു പറഞ്ഞു: എന്റെ അന്ത്യാഭിലാഷം നടത്താൻ ഒരച്ചന്മാരും വരില്ലെന്ന വലിയ ദുഃഖത്തിലായിരുന്നു താനെന്നും ഇപ്പോൾ അച്ചന്റെ വരവും പ്രാർത്ഥനാ ശുശ്രൂഷകളും എന്നെ പുതുജീവനിലേക്കുണർത്തിയിരിക്കുന്നുവെന്ന്. ഇതുപോലെ വെന്റിലേറ്ററുകളിലും തീവ്രപരിചരണ വിഭാഗങ്ങളിലുമൊക്കെ പ്രവേശിപ്പിക്കപ്പെട്ട് വൈദ്യശാസ്ത്രം കൈയൊഴിഞ്ഞ നിരവധി പേരെ ഈ വൈദികവൈദ്യൻ തന്റെ ലേപനശുശ്രൂഷകളിലൂടെ ദൈവത്തിന്റെ ആത്മാവിനെ നിശ്വസിപ്പിച്ച് ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവന്നിട്ടുണ്ട്.

പൊള്ളലേറ്റ് 70 ശതമാനത്തോളം മാംസം കരിഞ്ഞെത്തിയിട്ടുള്ള എത്രയോപേർക്കാണ് ക്ലീറ്റസച്ചൻ സൗഖ്യശുശ്രൂഷയുടെ കൂദാശകനായി മാറിയിട്ടുള്ളത്. മാംസം വെന്ത് അടുക്കാൻ നിവർത്തിയില്ലാത്തവിധം ഗന്ധം വമിക്കുന്നവർക്കിടയിൽപോലും ദൈവം അമൂല്യവരം നല്കി അച്ചനെ ശുശ്രൂഷകനായി എത്തിച്ചിട്ടുണ്ട്. വെറും മാംസപിണ്ഡങ്ങളായിട്ടുള്ള അവരിലും ജീവന്റെ തുടിപ്പ് അവസാനിക്കുന്നതുവരെ അച്ചൻ പ്രാർത്ഥനാനിരതനായി നിലകൊള്ളുമായിരുന്നു. ■


www.malankaralibrary.com

# തെരുവിൽനിന്ന് തിരുസന്നിധിയിലേക്ക്



റവ. ഡോ. സ്കറിയ കുന്നേൽ mcbs

**ദാരിദ്ര്യമകറ്റാൻ തോട്ടിപ്പണിക്കാരനായി കൂലിവേലക്കുപോയി വേദനകളെയും സഹനങ്ങളെയും കൂലിയായി സ്വീകരിക്കുകയും ഒടുവിൽ ഭിക്ഷാടനം നടത്തിപ്പോലും ജീവിതധന്യതനേടിയ ബാലനാണ് ഡാർവിൻ റാമോസ്. ഫിലിപ്പിയൻസിലെ രക്തസാക്ഷിയല്ലാത്ത 17 കാരൻ ഡാർവിന്റെ പുണ്യജീവിതവഴി.**



ഏഷ്യയിലെ ഏക കത്തോലിക്കാരാജ്യമായ ഫിലിപ്പിയൻസിന്റെ തലസ്ഥാനനഗരിയായ മനിലയുടെ സമീപത്തുള്ള പാസേ നഗരത്തിൽ 1994 ഡിസംബർ 17-നാണ് ഡാർവിൻ റാമോസിന്റെ ജനനം. ഒമ്പതു മക്കളുള്ള കുടുംബത്തിലെ രണ്ടാമനായിരുന്നു ഡാർവിൻ. ദാരിദ്ര്യം കൂടപ്പിറപ്പായിരുന്ന കുടുംബത്തിന്റെ ഏക ഉപജീവനമാർഗം അമ്മയുടെ അലക്കു ജോലി ആയിരുന്നു. തികഞ്ഞ മദ്യപാനിയായിരുന്ന പിതാവിന്റെ ഉത്തരവാദിത്വമില്ലായ്മ ആ വലിയ കുടുംബത്തെ ദാരിദ്രത്തിന്റെ വറചട്ടിയിലാക്കി. ചെറുപ്പത്തിലെതന്നെ കുടുംബത്തെ സഹായിക്കാൻ ഡാർവിൻ തന്റെ സഹോദരി മാരിമാറിനൊപ്പം ഒരു തോട്ടിപ്പണിക്കാരനായി കൂലിവേലയ്ക്കു പോകുമായിരുന്നു. വിശപ്പിന്റെ വിളിയിൽ സ്കൂളിൽ പോകുന്നത് മുൻഗണനയായി അവർ ആരും കണ്ടിരുന്നില്ല.

ഡാർവിന് ഏകദേശം ആറു വയസ്സുള്ളപ്പോൾ അവൻ ഇടയ്ക്കിടെ ഇടറി വീഴുന്നത് അമ്മയുടെ ശ്രദ്ധയിൽപ്പെട്ടു. വിദഗ്ധ പരിശോധയ്ക്കു ധാരാളം പണം ആവശ്യമായിരുന്നതിനാലും കുടുംബത്തിന്റെ തുച്ഛമായ വരുമാനം നിത്യവൃത്തിക്കുപോലും തികയാതിരുന്നതിനാലും വിദഗ്ധചികിത്സ അചിന്തനീയമായിരുന്നു. ഡ്യൂചെൻ മസ്കുലർ ഡിസ്ട്രോഫി Duchenne muscular dystrophy (DMD) എന്ന രോഗത്തിന്റെ പിടിയിലാണ് തന്റെ മകനെന്നു തിരിച്ചറിഞ്ഞപ്പോഴേക്കും രോഗം അവന്റെ ശരീരത്തിന്റെ പേശികളെ ക്ഷയിപ്പിച്ചിരുന്നു. നീറുന്ന മനസ്സോടെ മകനെ മറോടണയ്ക്കാൻ മാത്രമേ നിസ്സഹായയായ ആ അമ്മയ്ക്കു കഴിഞ്ഞുള്ളു.

അതിതീക്ഷ്ണവും ഭയാനകവുമായ ബാല്യകാല അനുഭവങ്ങളാണ് കുഞ്ഞുഡാർവിന്റേത്. ജീവിതയാതനകളും ദാരിദ്ര്യവും കടുത്തതോടെ ആ കുടുംബത്തിന്റെ ജീവിതം തെരുവോരങ്ങളിലായി. മദ്യപാനിയായ പിതാവ് ഡാർവിനെ മനിലയിലെ തിരക്കേറിയ മെട്രോസ്റ്റേഷനുകളിൽ ഒന്നായ ലിബർട്ടാഡിൽ (Libertad Station) ഭിക്ഷാടനത്തിനായി ഉപയോഗിച്ചു. ഇങ്ങനെ ലഭിച്ചിരുന്ന പണത്തിന്റെ മുഖ്യപങ്കും പിതാവ് മദ്യപാനത്തിനായി എടുത്തിരുന്നെങ്കിലും ഇതിൽ നിന്നു ലഭിക്കുന്ന ബാക്കിതുകകൊണ്ട് തന്റെ സഹോദരങ്ങളുടെ വിശപ്പകറ്റാൻ കഴിയുമല്ലോ എന്ന ചിന്ത ഡാർവിനെ ആശ്വസിപ്പിച്ചിരുന്നു.

മനിലയിലെ തെരുവുകുട്ടികളുടെ ഇടയിൽ പ്രവർത്തിച്ചിരുന്ന ANAK-TnK ഫൗണ്ടേഷനിലെ ഒരു കൂട്ടം അധ്യാപകർ 2006-ൽ, ഡാർവിനെ ലിബർട്ടാഡ് സ്റ്റേഷനിൽ കണ്ടുമുട്ടി. ഏഴുന്നേറ്റു നിൽക്കാൻ സാധിക്കാത്ത ഡാർവിനെ ഫൗണ്ടേഷന്റെ കേന്ദ്രത്തിൽ ആക്കാൻ തീരുമാനിച്ചു. അങ്ങനെ 2006 ജൂലൈ നാലിന് ഡാർവിൻ പുനരധിവാസ കേന്ദ്രത്തിൽ എത്തിച്ചേർന്നു. ശാരീരിക വൈകല്യമുള്ള

മറ്റുകുട്ടികളോടൊപ്പം സന്തോഷപൂർവ്വമായ പുതുജീവിതം അവൻ അവിടെ ആരംഭിച്ചു. യാഥാർത്ഥ്യത്തിന്റെ കടിച്ചുകീറലുകളിൽ നിന്ന് രക്ഷപ്പെടാനുള്ള ആ അഭയകേന്ദ്രത്തിൽ നിശബ്ദവും പ്രകാശപൂർണ്ണവുമായ ഒരു സാന്ത്വനം അവൻ തിരിച്ചറിഞ്ഞു.

ഡാർവിന് ശാരീരിക വൈകല്യങ്ങൾ ഉണ്ടായിരുന്നെങ്കിലും അനന്യസാധാരണമായ ഒരു ദൈവിക തേജസ് ആ ബാല്യ ഹൃദയത്തെ എപ്പോഴും നിറവുള്ളതാക്കിയിരുന്നു. ഇതെങ്ങനെ ആ ബാലമനസ്സിൽ ഉറവയെടുത്തു എന്ന് ആർക്കും അറിയില്ല. അവിടത്തെ ജീവിതത്തിനിടയിൽ കത്തോലിക്കാ വിശ്വാസത്തെക്കുറിച്ച് അവൻ കൂടുതൽ മനസ്സിലാക്കി. 2006-ലെ ക്രിസ്മസിനു രണ്ടു ദിവസം മുമ്പ് ഡിസംബർ 23-നു പതിനൊന്നാം വയസ്സിൽ ഫിലിപ്പിയൻസിലെ പ്രധാന മരിയൻ തീർത്ഥാടന കേന്ദ്രങ്ങളിലൊന്നായ സമാധാന രാജ്ഞിയായ മറിയത്തിനു പ്രതിഷ്ഠിക്കപ്പെട്ട ഇഡിഎസ്എ ദൈവാലയത്തിൽ (Our Lady of EDSA Sanctuary) വച്ചു ഡാർവിൻ മാമ്മോദീസാ സ്വീകരിച്ചു.

ഒരു വർഷത്തിനുശേഷം മനില അതിരൂപതയുടെ സഹായ മെത്രാൻ ബ്രോഡറിക് പാബിലോ ഡാർവിനു ആദ്യകുർബാനയും സ്ഥൈര്യലേപനവും നൽകി. ഇടയ്ക്കിടെ വന്നിരുന്ന ശ്വാസതടസ്സം ഡാർവിനെ പലപ്പോഴും ആശുപത്രിയിലാക്കിയിരുന്നു. ഇതൊക്കെയാണെങ്കിലും, ഡാർവിൻ തന്റെ അസുഖത്തെ അഭിമുഖീകരിച്ച രീതി ANAK-TnK ഫൗണ്ടേഷനിലെ ജീവനക്കാരിലും കുട്ടികളിലും ആശ്വാസത്തിന്റെ കുളിർതെന്നൽ സമ്മാനിച്ചിരുന്നു. നിരന്തരം നന്ദി പ്രകാശിപ്പിക്കുക, പരാതി പറയാതിരിക്കുക, വളരെ പ്രയാസകരമായ സമയങ്ങളിൽ പോലും പുഞ്ചിരിക്കുക, മറ്റുള്ളവരെ ശ്രദ്ധാപൂർവ്വം ശ്രവിക്കുക, ഫൗണ്ടേഷന്റെ മറ്റ് കുട്ടികൾക്ക് പരീക്ഷണങ്ങളും പ്രതിസന്ധികളും ഉണ്ടാകുമ്പോൾ പിന്തുണ നൽകുക ഇവയൊക്കെ ആ കൗമാരക്കാരനെ അവരുടെ ഇടയിൽ സൗഖ്യം നൽകുന്ന മാലാഖയാക്കി. തന്റെ രോഗമോ സഹനമോ ഡാർവിൻ ഒരിക്കലും സംസാരവിഷയമാക്കിയില്ല. ക്രിസ്തുവിനെക്കുറിച്ചും അവൻ നൽകിയ ദൗത്യത്തെക്കുറിച്ചുമാണ് അവൻ സംസാരിച്ചിരുന്നത്. ഒരിക്കൽ തന്നെ സന്ദർശിക്കാൻ എത്തിയ പുരോഹിതനോടു പറഞ്ഞു: 'അച്ചാ, അവസാനംവരെ യേശു എന്നെ സംരക്ഷിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.' ക്രിസ്തുവുമായി ആഴത്തിലുള്ളതും വ്യക്തിപരവുമായ ഒരു ബന്ധം ഡാർവിൻ വളർത്തി. ക്രിസ്തുവിനോടുള്ള അടുപ്പത്താൽ അവന്റെ ജീവിതം എന്നും പ്രകാശിച്ചിരുന്നു.

2012 സെപ്റ്റംബർ 16 ഞായറാഴ്ച ശ്വസിക്കാൻ നന്നേ പ്രയാസപ്പെട്ടിരുന്ന ഡാർവിനെ ക്യുസോൺ സിറ്റിയിലെ ഫിലിപ്പൈൻ ചിൽഡ്രൻസ് മെഡിക്കൽ സെന്ററിലേക്കു മാറ്റാൻ തീരുമാനിച്ചു. ആശുപത്രിയിലേക്കു മാറ്റാൻ ഫൗണ്ടേഷന്റെ പുരോഹിതൻ റൂമിലെത്തിയപ്പോൾ അവൻ മൂലം അവർക്കുണ്ടാകുന്ന ബുദ്ധിമുട്ടിന് ഡാർവിൻ ക്ഷമാപണം നടത്തി. അവനു വേണ്ടി ചെയ്ത എല്ലാ സഹായങ്ങൾക്കുമായി "അച്ചാ എല്ലാത്തിനും നന്ദി" എന്നു പറയാൻ അവൻ ഏറെ ക്ലേശിച്ചു. പിറ്റേന്ന് മുതൽ, ഡാർവിന് കൃത്രിമ ശ്വാസോച്ഛ്വാസം നൽകി. സംസാരിക്കാൻ കഴിഞ്ഞില്ലെങ്കിലും ചുണ്ടനക്കത്തിൽ നിന്നു അവൻ പറയാൻ ആഗ്രഹിച്ച കാര്യങ്ങൾ കൂടെ നിന്നവർ വായിച്ചെടുത്തു. ചിലപ്പോൾ അവൻ തന്റെ കൊച്ചു നോട്ടു ബുക്കിൽ വിശേഷങ്ങൾ എഴുതിയിരുന്നു. ക്രിസ്തുവിന്റെ പീഡാനുഭവംപോലെ കൊച്ചു ഡാർവിന്റെ 'വിശുദ്ധ ആഴ്ച' അന്നാരംഭിക്കുകയായിരുന്നു. വ്യാഴാഴ്ച ഡാർവിന്റെ ഉള്ളിൽ ഒരു ആത്മീയ സംഘർഷം ഉണ്ടായി.

വിശുദ്ധവാരത്തിൽ ഡാർവിനും തന്റെ ആത്മീയപിതാവും തമ്മിൽ നടത്തിയ ചെറുസംഭാഷണം ഇപ്രകാരമായിരുന്നു:

ഡാർവിൻ: "നമ്മൾ പ്രാർത്ഥിക്കണം."

പുരോഹിതൻ: "തീർച്ചയായും ഡാർവിൻ, പക്ഷേ നീ എന്തിനാണ് പ്രാർത്ഥിക്കുന്നത്?"

ഡാർവിൻ: "ഞാൻ യുദ്ധം ചെയ്യുന്നതിനാൽ."

പുരോഹിതൻ: "നിന്റെ രോഗത്തിനെതിരെയാണോ പോരാടുന്നത്?"

ഡാർവിൻ:"ഞാൻ പിശാചിനെതിരെ പോരാടുകയാണ്."

തുടർന്ന് ആത്മീയപിതാവ് ഡാർവിനു രോഗീലേപനം നൽകി. വെള്ളിയാഴ്ച ഡാർവിൻ സമാധാനപരമായി കാണപ്പെട്ടു ഒരു വലിയ പുഞ്ചിരി കൂടെനിന്നവർക്കു സമ്മാനിച്ചു. ഒരു നോട്ട്ബുക്കിൽ അവസാനമായി രണ്ട് വാക്യങ്ങൾ പ്രയാസപ്പെട്ട് യുദ്ധത്തിൽ ജയിച്ച ഭടനെപ്പോലെ അവൻ എഴുതി: 'ഒരു വലിയ നന്ദി', 'ഞാൻ വളരെ സന്തോഷവാനാണ്'. ഡാർവിന്റെ ജീവിതത്തിന്റെ സംക്ഷിപ്തമായിരുന്നു അത്. സന്തോഷവും നന്ദിയും ഈ രണ്ടു വാക്കുകളിൽ അവന്റെ ജീവിതത്തെ ചുരുക്കി എഴുതാം. ശനിയാഴ്ചമുതൽ ഡാർവിൻ ഒന്നും സംസാരിക്കുന്നില്ലായിരുന്നു എങ്കിലും പൂർണ്ണബോധമുണ്ടായിരുന്നു.

2012 സെപ്റ്റംബർ 23 ഞായറാഴ്ച രാവിലെ 5:30-ന് നന്ദി നിറഞ്ഞ ആ ജീവൻ നിത്യസമ്മാനത്തിനായി പറന്നകന്നു. പിറ്റേന്നു നടന്ന സംസ്കാര ശുശ്രൂഷയിൽ വെള്ളവസ്ത്രം ധരിച്ചാണ് ഫൗണ്ടേഷനിലെ കുട്ടികൾ ആ സ്വർഗ്ഗീയ മാലാഖയെ യാത്രയാക്കിയത്. ഡാർവിന്റെ ഭൗതീക ശരീരം പസേ നഗരത്തിലെ സെമിത്തേരിയിലാണ് സംസ്കരിച്ചത്. അന്നുമുതൽ ആ കബറിടം അനേകർക്കു ആശ്വാസ കേന്ദ്രമായി. അധികം വൈകാതെതന്നെ ഡാർവിന്റെ നിഷ്കളങ്ക സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും കഥ ഫിലിപ്പിയൻസിൽ പ്രചരിക്കാൻ തുടങ്ങി.

ഡാർവിന്റെ സന്ദേശവും ജീവിതവും പ്രചരിപ്പിക്കാനായി *ഡാർവിൻ റാമോസ് അസോസിയേഷൻ* എന്ന സംഘടനയ്ക്കു രൂപം നൽകി. 2018-ൽ ഈ സംഘടന ക്യൂബാവോ രൂപതയുടെ മെത്രാനോട് നാമകരണ നടപടികൾ തുടക്കം കുറിക്കാൻ അഭ്യർത്ഥിച്ചു. നാമകരണ നടപടികൾ 2019 ആഗസ്റ്റ് 28-ന് ക്യൂബാവോയിലെ അമലോത്ഭവ മാതാവിന്റെ കത്തീഡ്രലിൽ രൂപതാ മെത്രാൻ ഹോണെസ്റ്റോഫ് ലോറസ് ഒങ്കിറ്റിയോകോ തുടക്കംകുറിച്ചു. ഫിലിപ്പിയൻസിലെ രക്തസാക്ഷിയല്ലാത്ത ആദ്യ വിശുദ്ധനെയാണ് പതിനേഴുകാരനായ ഡാർവിൻ റാമോസിൽ വിശ്വാസികൾ കാണുന്നത്. ■



www.malankaralibrary.com



# സന്ന്യാസം ഒരു വെല്ലുവിളി

ഫാ. അലക്സാണ്ടർ പൈകട CMI
മുൻ ചീഫ്എഡിറ്റർ, ദീപിക
*paikada@rediffmail.com*

**സന്ന്യാസം ബാഹ്യാലങ്കാരങ്ങളും അനുഷ്ഠാനങ്ങളുമല്ല. മനസ്സിന്റെയും ഹൃദയത്തിന്റെയും വിമോചനത്തിൽ ആരംഭിക്കുകയും അവസാനിപ്പിക്കുകയും ചെയ്യേണ്ട ഒരു ജീവിതാവസ്ഥയാണ്. അതുകൊണ്ടുതന്നെ സന്ന്യാസം ഒരു വെല്ലുവിളിയാണെന്ന് സമർത്ഥിക്കുകയാണ് ലേഖകൻ.**

സന്ന്യാസം ഒരു വെല്ലുവിളിയാണെന്നും പൂർണതയിലേക്കുള്ള വിളിയാണെന്നും ഇതൊരു തൊഴിലല്ലെന്നും പരിശീലനാരംഭകാലത്തുതന്നെ മനസിലാക്കുന്നവർ ഭാഗ്യവാന്മാർ. അത് ഒരുവന്റെ ജീവിതത്തെ മുഴുവൻ ചൂഴ്ന്നുനില്ക്കുന്ന ഭാവമാണ്. ബാഹ്യമായ അലങ്കാരങ്ങളിലും അനുഷ്ഠാനങ്ങളിലുമല്ല, മനസ്സിന്റെയും ഹൃദയത്തിന്റെയും വിമോചനത്തിലാണ് സന്ന്യാസം ആരംഭിക്കുകയും അവസാനിപ്പിക്കുകയും ചെയ്യേണ്ടത്. ഇവിടെ ക്രമങ്ങളെയും അനുഷ്ഠാനങ്ങളെയും തള്ളിപ്പറയുകയല്ല. ലക്ഷ്യത്തിലേക്കുള്ള കൈത്താങ്ങ് എന്ന നിലയിൽ സമൂഹജീവിതത്തിൽ അതെല്ലാം ആവശ്യംതന്നെ. സന്ന്യാസം സത്യത്തിൽ ഒരു വ്യക്തിയെ സ്വതന്ത്രനാക്കും. പണത്തിന്റെയും സ്ഥാനമാനങ്ങളുടെയും പേരിന്റെയും പെരുമയുടെയുമൊന്നും അടിമയാക്കുകയില്ല. എന്നാൽ, അടിമയാക്കപ്പെടാൻ നിന്നുകൊടുക്കാനാകും സ്വാഭാവിക പ്രേരണ. കാരണം, അതിനൊരു സുഖവും ആകർഷണവും ഉണ്ട്.

പലരെയും സംരംഭകരും സ്ഥാപകരും ജോലിക്കാരുമൊക്കെയായി മാറ്റുന്ന സന്ന്യാസം സന്ന്യാസമല്ല. ജീവിതത്തിന്റെ ഒരു ലയറും ഒരു മണ്ഡലവും സന്ന്യാസതത്ത്വങ്ങളാൽ സന്നിവേശിക്കപ്പെടാത്തതായി ഉണ്ടാകാൻ പാടില്ലെന്നു തീരുമാനിക്കേണ്ടതും പ്രയോഗത്തിലാക്കേണ്ടതും സന്ന്യാസിയുടെ കർത്തവ്യമാണ്. സന്ന്യാസം സത്യവും ആധികാരികവുമാകുമ്പോൾ സന്ന്യാസി യേശുവിന്റെ തിളങ്ങുന്ന ഒരു അടയാളമാകും. കാൽവരിവരെ പിതാവിന്റെ ഹിതത്തിന് ആമ്മേൻ പറഞ്ഞ യേശുവിനെപ്പോലെ, ദൈവഹിതത്തിന് ആമ്മേൻ പറഞ്ഞ പരിശുദ്ധ അമ്മയെപ്പോലെ, സമ്പൂർണ സമർപ്പണത്തിന്റെ വ്യവസ്ഥയില്ലാത്ത കീഴടങ്ങലിന്റെ വ്യക്തികളാണ് യഥാർത്ഥസന്ന്യാസികൾ. സന്ന്യാസിയുടെ മനസും ഹൃദയവും യേശുവിനോട് ചേർക്കപ്പെട്ടതാകും. *വീത്താ കോൺസെക്രാത്താ*യുടെ 105-ാം ഖണ്ഡികയിൽ പറയുന്നുണ്ട് ഏതുതരത്തിലുള്ള സന്ന്യാസികളെയാണ് സഭയ്ക്കാവശ്യമെന്ന്; 'ദൈവസ്നേഹത്തെപ്രതി തങ്ങളെത്തന്നെ ദൈവത്തിനും മറ്റുള്ളവർക്കും സമർപ്പിക്കാൻ കഴിയുന്നവരെ.'

പ്രഗല്ഭനെന്ന് ലോകം അംഗീകരിച്ചിരുന്ന ഒരു സന്ന്യാസിയുടെ ജൂബിലിയാഘോഷം നടന്നു. പേരും പെരുമയു



www.malankaralibrary.com



മുള്ളവർ അദ്ദേഹത്തിന്റെ നേട്ടങ്ങൾ എണ്ണിപ്പറഞ്ഞ് പ്രസംഗിച്ചു. എന്നാൽ അവസാനമൊരാൾക്ക് ഒരു സംശയം. ആ സംശയാവതരണവുമായാണ് അയാൾ പ്രസംഗം ആരംഭിച്ചത്. '.... ഇദ്ദേഹത്തിന്റെ സന്ന്യാസജീവിതത്തെപ്പറ്റി, വ്രതബദ്ധമായ ജീവിതത്തെപ്പറ്റി, ഒരു നല്ല സന്ന്യാസിയെന്ന നിലയിൽ ഇദ്ദേഹത്തിന്റെ ആധ്യാത്മിക നേട്ടങ്ങളെപ്പറ്റി ആരുമൊന്നും പറഞ്ഞില്ലല്ലോ...' ചിലർക്ക് എല്ലാറ്റിന്റെയും വിലയറിയാം, മൂല്യം അറിയുകയുമില്ല.

*ദൈവേഷ്ടമാണെന്നു കരുതി*
*നീ ചെയ്തതെല്ലാം*
*ദൈവേഷ്ടമല്ലായിരുന്നെ*
*ന്നറിഞ്ഞിടുവിൻ*
*സമ്പാദ്യമാണെന്നു കരുതിയ*
*നേട്ടമെല്ലാം*
*സൗഭാഗ്യമേകില്ലെന്ന് ഓർത്ത്*
*മനം തുറക്കൂ*
*ഇന്നെങ്കിലും ഇനിയെങ്കിലും*
*സ്വന്തം വഴികൾ*
*സ്വർഗ്ഗീയ വഴിയേ ചരിച്ചിടുവിൻ*
*സർവ്വതും യേശുനാഥനായ്*
*സമർപ്പണം*
*ചെയ്തിടുന്നു*
*സ്നേഹമോടെ ഞാൻ*
*എന്റെ ദേഹവും എന്റെ ദേഹിയും*
*നീ എനിക്കു തന്നതൊക്കെയും.*

ഈ ഈരടികളിലെ ചൈതന്യത്തിലേക്കു കടന്നുവരുമ്പോൾ ഈ വിളിയുടെ അർത്ഥം സന്ന്യാസി ഗ്രഹിച്ചെന്ന് ഉറപ്പാക്കാം.

സന്ന്യാസത്തെപ്പറ്റി പറയുമ്പോൾ ഒരു കാര്യംകൂടി ഓർക്കുന്നതു നന്ന്. എന്താണ് സന്ന്യാസിയാകാനുള്ള ഒരുവന്റെ യോഗ്യത? ദൈവം അവനെ/അവളെ വിളിച്ചു എന്നതു മാത്രമാണ്. അതാണ് ഏക യോഗ്യത. ആ വിളിയുടെ സ്വീകരണം ഒരിക്കലും ഭാഗികമല്ല. അതുകൊണ്ടാണ് സന്ന്യാസജീവിതത്തെപ്പറ്റി പറയുമ്പോൾ –

'Be a religious not marginally But centrally
Be a religious not peripherly But deeply
Be a religious not nominally But substantially
Be a religious not superficially But essentially'
എന്നു പറയുന്നത്.

ഏതാനും വർഷങ്ങൾക്കുമുമ്പ് Constance Morais എന്നൊരു ധനിക സന്ന്യാസം സ്വീകരിച്ചു. അപ്പോൾ അമേരിക്കൻ പത്രങ്ങൾക്ക് അതൊരു വാർത്തയായി. ചിലർ അതിനെ കിറുക്കെന്നു വിശേഷിപ്പിച്ചു. മറ്റു ചിലർ ഏതോ പ്രേമപരാജയമെന്നും. എന്നാൽ മൂന്നാമതൊരു പത്രം എഴുതി ഇതിന്റെ പിന്നിൽ ഒരു സ്വകാര്യ സ്നേഹത്തിന്റെ കഥയുണ്ടെന്ന് – a secret love affair with Christ എന്ന്.

സമ്യക്കായ ത്യജിക്കലാണ് സന്ന്യാസജീവിതം – total renunciation. ഏറ്റവും വിലപ്പെട്ട മാലികാവകാശങ്ങളാണ് സന്ന്യാസി ത്യജിക്കുക. രാഷ്ട്രീയ ശൈലിയിൽ പറഞ്ഞാൽ സ്വന്തം മൗലികാവകാശങ്ങളെ തൊട്ടുകളിക്കുന്ന ഏർപ്പാടാണ് സന്ന്യാസം. ഇത് ത്യജിക്കാൻവേണ്ടിയുള്ള ത്യജിക്കലല്ല. To give up is to invest. നഷ്ടപ്പെടുത്തുന്നത്–വിട്ടുകളയുന്നത് മറ്റൊരു തരത്തിൽ നിക്ഷേപിക്കാൻവേണ്ടിയാണ്. ഈ പൂർണസമർപ്പണംകൊണ്ടു സമ്പാദിക്കുക യേശുവുമായുള്ള സ്നേഹബന്ധമാണ്. ലൗകിക വീക്ഷണത്തിൽ നോക്കിയാൽ വിലപ്പെട്ട മാലികാവകാശങ്ങൾ ത്യജിക്കുന്നത് ഒരു കിറുക്കാണ്. But it is a madness after the love of Christ. Constance Moraisനു വട്ടാണെന്നു ചിലർ പറഞ്ഞതിന്റെ കാരണം വ്യക്തം. ഈ സ്നേഹബന്ധം മനസിലാക്കാനാവാത്തവർക്ക് അങ്ങനെയേ പറയാനാകൂ.

'You are enough for me' എന്ന് നൂറു ശതമാനം സത്യസന്ധതയോടെ, ആത്മാർത്ഥതയോടെ യേശുവിനോടു പറയാനും തദനുസൃതം ജീവിക്കാനും കഴിയുന്നവനാണ് യഥാർത്ഥ ക്രൈസ്തവ സന്ന്യാസി. ശരീരവും മനസ്സും ധനവും സ്വയം ഉപേക്ഷിച്ച് ദൈവം സർവ്വസ്വവുമായി ജീവിക്കുന്നതുതന്നെയാണ് വ്രതത്രയ ജീവിതമെന്ന സന്ന്യാസം. പണ്ടൊക്കെ ഇതൊക്കെത്തന്നെയല്ലേ പിതാക്കന്മാർ ഇളംതലമുറയ്ക്കു പറഞ്ഞുകൊടുത്തിരുന്നത്. നമുക്കുള്ളതും നമ്മുടെ ഉള്ളും വ്യവസ്ഥയില്ലാതെ യേശുവിന് അടിയറവയ്ക്കുക. ഭാഗികമായല്ല –സമ്പൂർണമായ അടിയറവയ്ക്കൽ. ജീവിതത്തെ മുഴുവൻ ചൂഴ്ന്നുനിൽക്കുന്ന ഒരു ഭാവം. സന്ന്യാസത്തിൽ നിയമങ്ങൾ അനുഷ്ഠിക്കേണ്ടതിന്റെ അടിസ്ഥാന കാരണം, ഒരു സന്ന്യാസിയെ സംബന്ധിച്ചിടത്തോളം അതു ദൈവഹിതമാണെന്ന വിശ്വാസം തന്നെയാണ്.

സന്ന്യാസജീവിതത്തിലേക്കുള്ള ഭൗതികതയുടെ കടന്നുകയറ്റം സന്ന്യാസികളെ ഭൗതികരാക്കുന്നു. സന്ന്യാസികൾ വസിക്കുന്ന ഭവനങ്ങൾ, അവരുടെ ജീവിത മാനദണ്ഡങ്ങൾ, അവരുടെ ഭക്ഷണം, വസ്ത്രം, ആഘോഷങ്ങൾ, യാത്ര തുടങ്ങിയവയെ സംബന്ധിച്ച് ഒരു ഇടത്തരക്കാരന്റെ ജീവിതശൈലിക്ക് അപ്പുറത്തേക്കു പോകാനുള്ള സന്ന്യാസികളിൽ ചിലരുടെയെങ്കിലും അഭിനിവേശവും വ്യഗ്രതയും എല്ലാറ്റിലും ഏറ്റവും വിലപിടിപ്പുള്ളതിനുവേണ്ടിയുള്ള അദമ്യമായ ആഗ്രഹവും സന്ന്യാസജീവിതത്തെ ലോകത്തിനു മുമ്പിൽ അവഹേളനാപാത്രമാക്കും. യേശുവിനോടും അവിടുത്തെ മൂല്യങ്ങളോടും താദാത്മ്യപ്പെടുക എന്ന സന്ന്യാസജീവിത മൂല്യത്തിന്റെ സ്ഥാനത്ത് കഴിയുന്നതും ലോകരീതികളോടു താദാത്മ്യപ്പെടണം എന്ന മനോഭാവത്തിന് സന്ന്യാസികളുടെ ഇടയിലുള്ള സ്വാധീനം വർധിച്ചുവരുകയാണ്. ത്യാഗജീവിതമെന്നത് സന്ന്യാസികൾക്കൊരു അപൂർവ മൂല്യമായി തീരരുത്. സന്ന്യാസത്തിന്റെ 'സർവ്വസംഗ പരിത്യാഗ ജീവിതം' എന്ന പേര് 'സർവ്വ സുഖാനുഭവ ജീവിതം' എന്ന് ലോകത്തിനു തോന്നാൻ ഇടയാകാതിരിക്കണം. ലളിതജീവിതം സന്ന്യാസത്തിൽ കിട്ടാക്കനിയാകരുത്. ■


www.malankaralibrary.com

# അവിശ്വാസിയും രോഗീലേപനവും



റവ. ഡോ. എബ്രഹാം കാവിൽപുരയിടത്തിൽ
വൈസ് ചാൻസലർ,
മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയ,
മൗണ്ട് സെന്റ്തോമസ്, കാക്കനാട്

? **അ**വിശ്വാസിയായി ജീവിച്ച ഒരു കത്തോലിക്കന് രോഗീലേപനം സ്വീകരിക്കാൻ അർഹതയുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ ഫലം ലഭിക്കുമോ?

– ഡോ. ജോസ് ഷിഫിൻ, എറണാകുളം

**രോ**ഗീലേപനം എന്ന കൂദാശയുടെ സ്വീകരണവുമായി ബന്ധപ്പെട്ട ചോദ്യമാണ് ജോസ് ഷിഫിൻ ഉന്നയിച്ചിരിക്കുന്നത്. ചോദ്യത്തിന് നേരിട്ട് ഉത്തരം പറയുന്നതിനുമുമ്പ് രോഗീലേപനമെന്ന കൂദാശയെക്കുറിച്ചുള്ള പൊതുവായ കാര്യങ്ങൾ വളരെ ചുരുക്കി പ്രതിപാദിക്കുന്നത് ഉചിതമെന്നു കരുതുന്നു.

അപ്രിയ യഥാർത്ഥ്യമായ മരണത്തോട് അടുക്കുമ്പോൾ പരികർമ്മം ചെയ്യേണ്ട കൂദാശയാണ് രോഗീലേപനം എന്ന പരമ്പരാഗത കാഴ്ചപ്പാട് ഈ കൂദാശയുടെ ജനകീയത വളരെയധികം നഷ്ടപ്പെടുത്തിയിട്ടുണ്ട്. രോഗീലേപനം എന്നത് സൗഖ്യദായകമായ ഒരു കൂദാശയാണെന്നും മറ്റേതു കൂദാശയെയുംപോലെ ജീവിച്ചിരിക്കുന്നവരുടെ ആത്മീയ സുസ്ഥിതിക്കുവേണ്ടി പരികർമ്മം ചെയ്യപ്പെടുന്ന കൂദാശയാണെന്നും ഇന്ന് കൂടുതൽ ബോധ്യമായിക്കൊണ്ടിരിക്കുന്നു. രോഗാവസ്ഥയിലുള്ളവർ ഈ കൂദാശ സ്വീകരിക്കുമ്പോൾ രോഗത്തെ ശാന്തമായി സ്വീകരിക്കുന്നതിനുള്ള കൃപ ലഭിക്കുന്നു. മരണാസന്നർ ഈ കൂദാശ സ്വീകരിക്കുമ്പോൾ പാപങ്ങൾ ക്ഷമിക്കപ്പെട്ട് നിത്യയാത്രയ്ക്കുള്ള ഒരുക്കമായി അത് മാറുന്നു.

## രോഗീലേപനത്തിനുള്ള അർഹത

ആർക്കാണ് രോഗീലേപനം സ്വീകരിക്കാൻ അർഹതയുള്ളത് എന്നതാണ് ചോദ്യത്തിന്റെ ഒരു ഭാഗം. മാമ്മോദീസയിലുടെ തിരുസ്സഭയിൽ അംഗമായിത്തീർന്ന് വിശ്വാസജീവിതം നയിക്കുന്ന ഏതൊരു വ്യക്തിക്കും ഈ കൂദാശ സ്വീകരിക്കാനുള്ള അർഹതയുണ്ട്. വിശ്വാസികൾക്കാണ് ഈ കൂദാശ സ്വീകരിക്കാൻ അർഹതയുള്ളതെന്ന് സഭാനിയമം വ്യക്തമാക്കുന്നുണ്ട് (cf. CCEO cc. 737, 738, 740; CIC cc. 998, 1003, 1004). ലത്തീൻ സഭയുടെ കാനൻനിയമം ഇക്കാര്യം അൽപംകൂടി വ്യക്തമാക്കുന്നുണ്ട്. അജപാലനദൗത്യം ഏൽപ്പിക്കപ്പെട്ടിരിക്കുന്ന വൈദികർ തങ്ങളുടെ വിശ്വാസികൾക്ക് ഈ കൂദാശ പരികർമ്മം ചെയ്യാൻ കടമയും ഉത്തരവാദിത്വവുമുള്ളവരാണ് എന്ന് നിയമം വ്യക്തമാക്കുന്നു (CIC c. 1003 § 2). തങ്ങൾക്ക് അർഹതപ്പെട്ട ഈ കൂദാശ വിശ്വാസികൾ സ്വയം ചോദിച്ചുവാങ്ങേണ്ടതാണ് എന്നും നിയമം പറയുന്നു (CCEO c. 738). ഈ കൂദാശ സ്വമനസാ ആവശ്യപ്പെടാൻ കഴിയാത്ത സാഹചര്യത്തിലും ഒരു വ്യക്തിക്ക് ഈ കൂദാശ നല്കുന്നതിനെപ്പറ്റി സഭാനിയമം ഇപ്രകാരമാണ് പറയുന്നത്: "ഗുരുതരമായ അസുഖമുള്ളവരും അബോധാവസ്ഥയിലോ ബുദ്ധിശക്തി നഷ്ടപ്പെട്ട അവസ്ഥയിലോ ഉള്ളവരുമായ ക്രൈസ്തവവിശ്വാസികൾ മരണാവസ്ഥയിലോ, വൈദികന്റെ തീരുമാനപ്രകാരം മറ്റൊരു സമയത്തുപോലുമോ തങ്ങൾക്കുവേണ്ടി ഈ കൂദാശ പരികർമ്മം ചെയ്യപ്പെടണമെന്ന് ആഗ്രഹിക്കുന്നതായി കരുതപ്പെടുന്നു" (CCEO c. 740; CIC cc. 1005, 1006). കൗദാശിക ജീവിതത്തിലൂടെ സഭയോടും സമൂഹത്തോടും ചേർന്നുജീവിച്ച ഒരു വ്യക്തിക്ക് സ്വയം ആവശ്യപ്പെടാൻ സാധിക്കാത്ത സാഹചര്യത്തിലും ഈ കൂദാശ പരികർമ്മം ചെയ്യണം എന്ന് സഭാനിയമം വ്യക്തമാക്കുന്നു.

## അവിശ്വാസിയുടെ അർഹത

ഇത്രയും പറഞ്ഞതിന്റെ പശ്ചാത്തലത്തിൽ ചോദ്യത്തിനുള്ള ഉത്തരം കൂടുതൽ വ്യക്തമാകുന്നുണ്ട്. 'അവിശ്വാസിയായി ജീവിച്ച' എന്ന വിശേഷണം മനുഷ്യന്റെ കാഴ്ചപ്പാടാണ്. വിശ്വാസജീവിതത്തിന്റെ ബാഹ്യമാനദണ്ഡങ്ങൾക്കപ്പുറം ഹൃദയം കാണുന്ന ദൈ

വത്തിന്റെ പ്രവർത്തനം കൂദാശയുടെ പരികർമ്മത്തിൽ സംഭവിക്കാനുള്ള സാധ്യത നിഷേധിക്കാൻ നമുക്കു അവകാശമില്ല. 'അവിശ്വാസി' എന്ന് സമൂഹം വിശേഷിപ്പിക്കുന്ന വ്യക്തി രോഗിലേപനം എപ്പോഴെങ്കിലും ആവശ്യപ്പെട്ടാൽ ഒരു കാരണവശാലും അത് നിഷേധിക്കാൻ പാടില്ല. മാമ്മോദീസാ സ്വീകരിച്ച വ്യക്തിയാണെങ്കിൽ ഈ കൂദാശ സ്വീകരിക്കാനുള്ള അർഹതയും അവകാശവും ആ വ്യക്തിക്കുണ്ട്. സുവിശേഷത്തിലെ നല്ല കള്ളന്റെ മാനസാന്തര അനുഭവത്തിന്റെ നേർസാക്ഷി ഈശോ മാത്രമായിരുന്നു. നല്ല കള്ളനെപ്പോലെ മാനസാന്തരപ്പെടാനുള്ള അവസരവും അവകാശവും എല്ലാവർക്കുമുണ്ട്. അതിനാൽ ചോദിക്കുന്ന ആർക്കും രോഗീലേപനം നിഷേധിക്കാൻ പാടില്ല. മറിച്ച്, ഇങ്ങനെയൊരവസരത്തിൽ ആ വ്യക്തിയെ മാനസാന്തരത്തിലേക്ക് നയിക്കാനുള്ള കരുണാർദ്രമായ സമീപനമാണ് വൈദികർ സ്വീകരിക്കേണ്ടത്. കുരിശിലെ തന്റെ ജീവത്യാഗത്തിലൂടെ ഈശോ എല്ലാവർക്കുമായി നല്കിയ രക്ഷ ആർക്കും നിഷേധിക്കാനുള്ള അവകാശം വൈദികർക്കില്ല എന്നതും ഓർമ്മിക്കേതുണ്ട്.

## ആർക്കു നിഷേധിക്കാം?

അതേസമയം, പരസ്യപാപത്തിൽ നിർബന്ധബുദ്ധിയോടെ തുടരുന്ന ഒരു വ്യക്തിക്ക് രോഗീലേപനം നൽകരുത് എന്ന് ലത്തീൻ സഭാനിയമം കൂട്ടിച്ചേർക്കുന്നുണ്ട് (CIC c. 1007). ഇവിടെ രണ്ട് സാഹചര്യങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്: ഒന്ന്, സഭയെയും ദൈവത്തെയും തള്ളിപ്പറഞ്ഞ് പരസ്യപാപത്തിൽ ജീവിക്കുന്ന വ്യക്തി സ്വന്തം തീരുമാനത്തിൽ രോഗീലേപനം സ്വീകരിക്കുന്നതിന് ആഗ്രഹം പ്രകടിപ്പിച്ചാൽ അത് ആ വ്യക്തിയുടെ മാനസാന്തര നിമിഷമായി കണ്ട് രോഗീലേപനം നൽകണം എന്നതാണ് സഭാനിയമത്തിന്റെ അന്തഃസത്ത. കുമ്പസാരമെന്ന കൂദാശയിലൂടെ പാപമോചനം നല്കാൻ സാധ്യതയുണ്ടെങ്കിൽ അതിനുശേഷമാണ് രോഗീലേപനം നൽകേണ്ടത്. രണ്ടാമത്തേത്, ഇപ്രകാരം പാപത്തിൽ ജീവിക്കുന്ന വ്യക്തി സ്വന്തം തീരുമാനത്തിൽ കൂദാശ ആവശ്യപ്പെടാത്ത സാഹചര്യമാണ്. കൂദാശ ആ വ്യക്തിക്കുവേണ്ടി ആവശ്യപ്പെടുന്നത് മറ്റുള്ളവരാണ്. രോഗബാധിതനായ വ്യക്തി സുബോധത്തോടെ കൂദാശയെ നിഷേധിക്കുകയും ചെയ്യുന്നു. ഇത്തരം സാഹചര്യത്തിൽ നിർബന്ധമായി ആ വ്യക്തിക്ക് രോഗീലേപനം നൽകാൻ പാടില്ല. കാരണം, കൂദാശ സ്വീകരിക്കുന്നതിന് ആവശ്യമായ ആന്തരിക മനോഭാവം ഇല്ലായെന്നുമാത്രമല്ല, ദൈവനിഷേധം തുടരുകയും ചെയ്യുന്നു. ഇത്തരം സാഹചര്യങ്ങളിൽ 'ബലം പ്രയോഗിച്ചു' നൽകുന്ന രോഗീലേപനത്തിന് കൗദാശികമായ യാതൊരു ഫലവും ആ വ്യക്തിക്കു ലഭിക്കുന്നില്ല എന്നതും വ്യക്തമാണ്.

ഇത്തരം സാഹചര്യത്തിന്റെ മറ്റൊരുവശം ചിന്തിക്കാം. മറ്റുള്ളവരുടെ മുമ്പിൽ ദൈവനിഷേധിയും അവിശ്വാസിയുമായി അറിയപ്പെട്ടിരുന്ന ഒരു വ്യക്തി അബോധാവസ്ഥയിൽ ആയിരിക്കുമ്പോൾ അദ്ദേഹവുമായി അടുത്തബന്ധമുള്ളവർ മറ്റാർക്കും അറിയാത്ത ആ വ്യക്തിയുടെ വിശ്വാസജീവിതം വൈദികനുമുമ്പിൽ സാക്ഷ്യപ്പെടുത്തുകയും രോഗീലേപനം നൽകുന്നതിന് ആവശ്യപ്പെടുകയും ചെയ്താൽ ആ വ്യക്തിക്ക് കൂദാശ പരികർമ്മം ചെയ്യേണ്ടതാണ്.



## ഹൃദയം കാണുന്ന ദൈവം

ചുരുക്കത്തിൽ, ഹൃദയം കാണുന്ന ദൈവത്തിന്റെ കരുണാർദ്രമായ സമീപനമായിരിക്കണം രോഗീലേപനമെന്ന കൂദാശ. ഇത്തരം സാഹചര്യങ്ങളിൽ പരികർമ്മം ചെയ്യുന്ന വൈദികന് ഉണ്ടാകേണ്ടത്. നല്ല കള്ളനെ പറുദീസായിൽ സ്വീകരിച്ച ഈശോയുടെ മനോഭാവവും (ലൂക്കാ 23:43) തളർവാത രോഗിയെ വീടിന്റെ മേൽക്കൂരപൊളിച്ച് തന്റെ മുന്നിലെത്തിച്ചവരുടെ വിശ്വാസം കണ്ട് തളർവാതരോഗിയുടെ പാപങ്ങൾ ക്ഷമിച്ച് അവനെ സുഖപ്പെടുത്തിയ ഈശോയുടെ മനോഭാവവുമാണ് (മർക്കോ 2:4-6) ഇത്തരം സാഹചര്യങ്ങളിൽ അവസാന നിയമമായി സ്വീകരിക്കേണ്ടത്. ■


www.malankaralibrary.com



# സാമൂഹികം

വേരുകൾ ആഴപ്പെടുമ്പോഴേ
ശാഖകൾ ബലവത്താകൂ.
മാധ്യമലോകത്തിന്റെ നൂതനാഭിമുഖ്യ
ങ്ങൾ, ആനുകാലിക കഥകൾ,
കവിതകൾ, സിനിമകൾ,
പുസ്തകങ്ങൾ എന്നിവ
പരിചയപ്പെടുത്തിക്കൊണ്ട്
സമൂഹജീവിതത്തിന്റെ
സമഗ്രതയിലേക്കും
സുസ്ഥിതിയിലേക്കും
പറന്നുയരാൻ...

# അനുഭവങ്ങൾ അനുധ്യാനങ്ങൾ

- പ്രളയം: ജാഗ്രതയും മുൻകരുതലുകളും
- ഭാവനയുടെ പ്രയോഗങ്ങളും ഭിന്നാർത്ഥങ്ങളും
- മലയാളസിനിമയിലെ പുരോഹിത വേഷങ്ങളും 'വരയനും'

ഡോ. സി.എം.ജോയി
സുനിൽ സി.ഇ.
ഫാ. സുനിൽ ofm cap.
ജെ.സി. ബുക്ക്മാൻ



# പ്രളയം:
## ജാഗ്രതയും മുൻകരുതലുകളും

കേരളത്തെ തുടർച്ചയായി ഗ്രസിച്ചുകൊണ്ടിരിക്കുന്ന പ്രളയം നമ്മുടെ കെടുകാര്യസ്ഥതയും ദീർഘവീക്ഷണത്തോടുകൂടിയുള്ള പ്രവർത്തനമില്ലായ്മയുമാണെന്ന് ബോധ്യപ്പെടുത്തുകയാണ്. വികസനത്തിന്റെ പേരിൽ നടക്കുന്ന നിർമാണ പ്രവർത്തനങ്ങൾ രാജ്യത്തിന്റെ സമ്പദ്സമൃദ്ധിയും വിഭവ–മാനവശേഷികളും നിർവീര്യമാക്കുകയാണെന്ന് തിരിച്ചറിയാതെ പോകുകയാണ്. ഈ നിസ്സംഗതാമനോഭാവത്തെ തൊട്ടുണർത്തുകയാണ് പരിസ്ഥിതിസ്നേഹിയായ ലേഖകൻ.

ഡോ. സി.എം.ജോയി
റിട്ട. അസ്സോസിയേറ്റ് പ്രൊഫസർ,
S.H. കോളജ്, തേവര.

കേരളത്തിൽ തുടർച്ചയായി മൂന്ന് വർഷങ്ങളിൽ (2018,'19,'20) പ്രളയം ഉണ്ടായിരിക്കുന്നു. ഉരുൾപൊട്ടലുകൾ, മരണങ്ങൾ, കിടപ്പാടം നഷ്ടപ്പെട്ടവർ, കൃഷിയും കൃഷി ഭൂമിയും നഷ്ടമായവർ, പ്രളയനാളുകളിൽ ദുരിതാശ്വാസ ക്യാമ്പുകളിലും ആശുപത്രികളിലും ജീവിക്കാൻ വിധിക്കപ്പെട്ടവർ... ഇതൊക്കെ സംസ്ഥാനത്തു നിത്യസംഭവങ്ങളായി മാറിയിരിക്കുന്നു. ജാഗ്രത, കരുതൽ, സുരക്ഷ എന്നിവ മലയാളത്തിൽ ഇന്ന് കൂടുതൽ ഉപയോഗിക്കുന്ന പദങ്ങളായിരിക്കുന്നു. എന്നാൽ, ഇതൊക്കെ അർത്ഥശൂന്യമായ വാക്കുകളായി മാറിയിരിക്കുന്നു. ദുരിതങ്ങൾക്ക് ഇരയാകുന്നവർ ആശ്വാസം കിട്ടാതെ നിരന്തരം പോരാടുകയാണ്. കാലാവസ്ഥാവ്യതിയാനത്തിന്റെ കാലഘട്ടത്തിൽ പേമാരിയും പ്രളയവും നദികൾ ഗതിമാറി ഒഴുകലും കടൽക്ഷോഭവും കൊടുംകാറ്റും മഴ മാറിയാൽ വരൾച്ചയും കാട്ടുതീയും ലോകത്ത് പുതിയ പുതിയ രോഗങ്ങളും ഉണ്ടാകു



www.malankaralibrary.com

മെന്നും കഴിഞ്ഞ ഇരുപത്തിയഞ്ചു വർഷമായി കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചു പഠിക്കുന്ന ഇന്റർ ഗവൺമെന്റൽ പാനൽ ഫോർ ക്ലൈമറ്റ് ചേഞ്ച്(IPCC) നിരന്തരം പറയുന്നുണ്ട്. എന്നാൽ കേരളമടക്കം ഒരു സംസ്ഥാന സർക്കാരുകളും ഇതിനെ ഗൗരവമായി കണ്ടിട്ടില്ല. ഇവിടെ വികസനമെന്നാൽ വലിയ കെട്ടിടങ്ങൾ കെട്ടുക, വൻകിട ഡാമുകൾ ഉണ്ടാക്കുക, പാറമടകളുടെ എണ്ണം വർധിപ്പിക്കുക, മടകളിലേക്കു പുതിയ റോഡുകൾ ഉണ്ടാക്കുക, ചതുപ്പുകളും പാടശേഖരങ്ങളും കായൽ-പുഴയോരങ്ങൾ എന്നിവ കൈയേറി നികത്തിയെടുക്കുക, കുന്നുകൾ, മലകൾ എന്നിവ അപ്രത്യക്ഷമാക്കുക, വനഭൂമി കൈയേറുന്നതിനു സഹായം ചെയ്തുകൊടുക്കുക, പഞ്ചായത്തുകൾതോറും കമ്മ്യൂണിറ്റി ഹാളുകൾ നിർമിക്കുക, മുട്ടിനു മുട്ടിനു വിമാനത്താവളങ്ങൾ ഉണ്ടാക്കുക എന്നീ പ്രകൃതി നശീകരണ പ്രവർത്തനങ്ങളായി മാറിയിട്ട് നാളേറെയായി.

അശാസ്ത്രീയമായ വികസനവും പരിസ്ഥിതിയും ഒന്നിച്ചു പോകില്ലെന്നറിഞ്ഞിട്ടും വിനോദസഞ്ചാര വികസനത്തിന്റെ പേരിൽ കെട്ടിപ്പൊക്കിയ റിസോർട്ടുകളും റോഡുകളും നശിപ്പിച്ചില്ലാതാക്കിയത് ഹെക്ടർ കണക്കിന് വനങ്ങളും കണ്ടൽക്കാടുകളുമാണ്. സംസ്ഥാനത്തെ അണക്കെട്ടുകൾക്കായി ജലസംഭരണികൾ നിർമിച്ചപ്പോൾ ഇല്ലാതായത് ആയിരക്കണക്കിന് ഹെക്ടർ വനഭൂമിയാണ്. പകരം വനം ഉണ്ടാക്കുകയോ നശിച്ച വനമേഖല പുനഃസൃഷ്ടിക്കപ്പെടുകയോ ഉണ്ടായില്ല. ഇതോടെ പശ്ചിമഘട്ടത്തിൽ മഴ പെയ്യുമ്പോൾ മിനിറ്റുകൾക്കുള്ളിൽ വെള്ളം ഇടനാട്ടിലും തീരപ്രദേശങ്ങളിലും എത്തുന്ന നിലയിലായി. കേരളത്തിൽ നിരന്തരം പ്രളയമുണ്ടാകുന്ന അവസ്ഥ വന്നിരിക്കുന്നു. പ്രകൃതിയെ മനുഷ്യന്റെ ആവശ്യങ്ങൾക്കായി കൂടുതൽ ചൂഷണം ചെയ്യുക എന്ന പുതിയ സംസ്കാരത്തിലേക്ക് കേരളം വഴുതി മാറിയതോടെ കേരള പരിസ്ഥിതി ദുർബലമായി. മഴക്കാലം തുടങ്ങുന്നതോടെ ഉരുൾപൊട്ടലുകളുടെ എണ്ണം ക്രമാതീതമായി വർധിക്കാനും മലയിടിച്ചിൽ, പാറവീഴ്ച എന്നിവയ്ക്ക് കാരണവുമായി. ഹൈറേഞ്ചിൽ മഴ മാറിയാൽ വരൾച്ചയും അതുവഴി കാർഷികവൃത്തി നഷ്ടത്തിലുമാകുന്നു. മനുഷ്യ - മൃഗ സംഘർഷം ഏറി. പശ്ചിമഘട്ട നദികളിലെ വേനൽക്കാല നീരൊഴുക്ക് മുമ്പെങ്ങുമില്ലാത്ത രീതിയിൽ ശുഷ്കിച്ചു. പണ്ടും കേരളത്തിൽ മഴ പെയ്തിരുന്നു അന്നൊന്നും ഇല്ലാതിരുന്ന പ്രകൃതി ദുരന്തങ്ങൾ ഇന്ന് സംസ്ഥാനത്തു നിത്യസംഭവങ്ങളായി മാറിയിരിക്കുന്നു. എന്തുകൊണ്ട് പ്രളയക്കെടുതികൾ കൂടുന്നു എന്ന് പലപ്പോഴും സർക്കാർ സംവിധാനങ്ങൾ വിലയിരുത്താറില്ല.

കേരളത്തിൽ ഉണ്ടായിരിക്കുന്ന ഈ മാറ്റങ്ങൾക്കുള്ള കാരണങ്ങൾ വിലയിരുത്തുമ്പോൾ മനസിലാകുന്ന ചില വസ്തുതകൾ ഉണ്ട്.

- കേരളത്തിലെ പരിസ്ഥിതി ലോല - ദുർബല, ഇക്കോളജിക്കൽ സെൻസിറ്റീവ് പ്രദേശങ്ങളിൽ നിയമലംഘനത്തിലൂടെ നിർമാണങ്ങൾ നടത്തി പ്രകൃതിയെ നശിപ്പിച്ചു.
- വനപ്രദേശങ്ങൾ കൈയേറി വൃക്ഷിപ്രദേശത്തെ മരങ്ങൾ വെട്ടി മാറ്റി, അശാസ്ത്രീയ വികസനത്തിന്റെ പേരിൽ അനാവശ്യ റോഡുകൾ, ബിൽഡിംഗുകൾ, മറ്റു നിർമിതികൾ എന്നിവ നിർമിച്ചു.
- പരിസ്ഥിതിലോല പ്രദേശങ്ങളിൽ വൻകിട ഡാമുകൾ ഉണ്ടാക്കി.
- അമിതമായ പ്രകൃതിവിഭവ ചൂഷണം, താമസിക്കുന്ന ആളുകളുടെ എണ്ണവും വീടിന്റെ വലുപ്പവും കണക്കിലെടുക്കാതെയാതൊരു നിയന്ത്രണവും ഇല്ലാതെ പണിതീർത്ത പടുകൂറ്റൻ വീടുകൾ.
- കച്ചവടത്തിനായി പണിത ഫ്ളാറ്റുകൾ, കെട്ടിടങ്ങൾ എന്നിവക്കായി ഉപയോഗിച്ച പ്രകൃതി വിഭവങ്ങൾ.
- പാറമടകളുടെ അനിയന്ത്രിതമായ വർധന, പുഴതീരം - കായൽ തീരം, പുറമ്പോക്ക്, വനം എന്നിവയുടെ കൈയേറ്റം.
- ഭൂവിനിയോഗത്തിലെ മാറ്റങ്ങൾ.
- ഭൂമി യാതൊരു തത്ത്വദീക്ഷയുമില്ലാതെ രൂപാന്തരപ്പെടുത്തൽ.
- പാടവും ചതപ്പു നിലങ്ങളും നികത്തി അവിടങ്ങളിൽ റസിഡൻഷ്യൽ കോളനികൾ പണിതു ഇതെല്ലാം സംസ്ഥാനത്തെ പ്രകൃതിദുരന്തങ്ങളിലേക്ക് നയിക്കുന്നു. നമ്മുടെ വികസനങ്ങൾക്കു മാസ്റ്റർപ്ലാനുകളോ, ദീർഘവീക്ഷണമോ ഇല്ല. ശാസ്ത്രീയമായ കാഴ്ചപ്പാടില്ലാതെ നടത്തുന്ന വികസനം പലപ്പോഴും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് വഴിയൊരുക്കുന്നു. മിക്കവാറും ജനപ്രതിനിധികൾ നിയമലംഘനങ്ങളെ അതിരുവിട്ടു പ്രോത്സാഹിപ്പിക്കുന്നു. അഴിമതിക്കായി നിയമങ്ങൾ വളച്ചൊടിക്കുന്നു. പരിസ്ഥിതിസംരക്ഷണം ഭംഗിവാക്കായി മാത്രം കാണുകയും പരിസ്ഥിതിയും വികസനവും ഒന്നിച്ചു പോകും എന്ന വ്യാജേന ജനങ്ങളെ കബിളിപ്പിച്ചു അഴിമതി ഭരണം നടത്തുന്നതിനും കേരളം ഭരിച്ച സർക്കാരുകൾ മുതിർന്നു. സൽഭരണത്തിൽ ഇന്ന് പൊതുപ്രവർത്തകർപോലും വിശ്വസിക്കുന്നില്ല എന്നതാണ് സത്യം.

## തിരിച്ചറിയേണ്ടവ

സംസ്ഥാനത്തെ പ്രകൃതി ദുരന്തങ്ങൾ നമ്മെ ഒട്ടേറെ കാര്യങ്ങൾ പഠിപ്പിക്കുന്നുണ്ട്. ജീവൻ നഷ്ടപ്പെടുന്നവർ സമൂഹത്തിലെ ഏറ്റവും പാവപ്പെട്ടവരും പ്രകൃതിവിഭവങ്ങൾ കൊള്ളയടിച്ചതിൽ യാതൊരു പങ്കുമില്ലാത്തവരുമാണ്. ഇനിയും നിരപരാധികൾ കൊല്ലപ്പെടരുത്. ഇന്നത്തെ വികസനരീതിയും കാഴ്ചപ്പാടും മാറണം. പണവും സ്വാധീനവും ഉള്ളവർ ഇനിയും നമ്മുടെ പ്രകൃതിവിഭവങ്ങൾ തട്ടിയെടുക്കരുത്. വികസനം സുസ്ഥിരമാകണം. ഇവിടെ ഇനിയും പല പല തലമുറകൾക്കു ജീവിക്കണം. പ്രകൃതിവിഭവങ്ങളിൽ ഭാവി തലമുറകൾക്കും അവകാശമുണ്ട്. അതുകൊണ്ട് ഭാവി തലമുറകളെ മുമ്പിൽ കണ്ടുകൊണ്ട് വികസനം ശാസ്ത്രീയമായി നടപ്പാക്കണം. നമ്മുടെ ഗ്രാമങ്ങൾക്കും പട്ടണങ്ങൾക്കും വികസന കാര്യത്തിൽ മാസ്റ്റർപ്ലാൻ വേണം. ഭരണം മാറിയാലും അതിൽ വ്യത്യാസം വരരുത്. ഭൂമി രൂപാന്തരപ്പെടുത്തിയുള്ള വികസനം നമുക്ക് വേണ്ട. നദികളും മലകളും കുളങ്ങളും ചതുപ്പുകളും കോൾ നിലങ്ങളും പാടശേഖരങ്ങളും കാവുകളും കായലുകളും തടാകങ്ങളും നിലനിർത്തി വേണം വികസനം. വലിയ ഡാമുകൾ ഇനി കേരളത്തിന് വേണ്ട. ഓരോ പ്രദേശത്തിന്റെയും സംവഹന ശേഷിക്കനുസൃതമായ വികസനമേ നടത്താവൂ. എല്ലാ ജനങ്ങൾക്കും വികസനത്തിന്റെ ഗുണം ലഭിക്കണം. ■

# ഭാവനയുടെ പ്രയോഗങ്ങളും ഭിന്നാർത്ഥങ്ങളും

**സുനിൽ സി.ഇ.**
ചലച്ചിത്ര നിരൂപകൻ, ഗ്രന്ഥകർത്താവ്

**വി. എച്ച്. നിഷാദിന്റെ 'ഒറ്റരാത്രിയുടെ രാജകുമാരൻ' എന്ന കഥയുടെ ആസ്വാദനം**
*( ഭാഷാപോഷിണി, 2020 സെപ്തംബർ )*

കഥയുടെ കലയിൽ ആത്മാംശങ്ങൾ വേണമെന്ന നിർബന്ധത്തെ ഒരു പരിധിവരെ പരിഹരിക്കുന്നത് ന്യൂസ് റീലുകളാണ്. അപ്പോഴും മനുഷ്യനെ ദുഷിപ്പിക്കുന്ന സാഹചര്യങ്ങളിൽ കഥാപാത്രങ്ങളെ മൃദുലസങ്കല്പങ്ങളിലൂടെ സഞ്ചരിപ്പിക്കുകയും നിമിഷങ്ങളുടെ ആനന്ദം പങ്കുപറ്റി ജീവിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന ചില ഭാവനാപ്രയോഗങ്ങൾ സംഭവിക്കാറുണ്ട്. അവയുടെ ആന്തരിക യാഥാർത്ഥ്യം തിരഞ്ഞുപോകുമ്പോൾ ഭിന്നാർത്ഥങ്ങളാൽ മൂടപ്പെട്ടിരിക്കുന്നതായി കാണാം. റിയലിസത്തിന് എതിര് നില്ക്കുന്ന എല്ലാ ഫാന്റസികളെയും നാം ഇഷ്ടപ്പെട്ടെന്ന് വരില്ല. അവയ്ക്കിടയിൽ ഭിന്നാർത്ഥങ്ങളുടെ മുരടൻ സ്വഭാവമുള്ള ചില ഫാന്റസികൾ പിറക്കും. അതു യാഥാർത്ഥ്യത്തെ വേറിട്ടൊരു രീതിയിൽ ആവിഷ്ക്കരിക്കലാണ്. ഒരു കഥയുടെ ആരംഭവാക്യത്തിൽനിന്ന് തുടങ്ങുന്ന ആ ഭിന്നാർത്ഥങ്ങളുടെ രൂക്ഷമായ ഏകോപനമാണ് പിന്നീട് കൂട്ടിച്ചേർത്തുവയ്ക്കപ്പെടുന്ന ഓരോ വാക്യങ്ങളും. ഇത്തരത്തിൽ ഭാവനയുടെ തൂക്കത്താൽ രാവിന്റെ നെഞ്ചിടിപ്പുകളെക്കുറിച്ച് ഒരു കഥ നിഷാദ് എഴുതിയിട്ടുണ്ട്. ശീർഷകം കാലംതന്നെയാണെന്ന് തെളിയിക്കുന്നതാണ് 'ഒറ്റ രാത്രിയുടെ രാജകുമാരൻ' എന്ന കഥ. രാത്രി ഒരു കഥാകാരന് അന്തർവീക്ഷണത്തിന്റെ ആത്മനിഷ്ഠമായ വഴിയാണെന്ന് ഈ കഥ സ്ഥാപിക്കുകയാണ്. ഒന്നിലധികം ഭീതികളുടെ യുദ്ധക്കലിപൂണ്ട ചില മുഹൂർത്തങ്ങൾ രാത്രികൾ നമ്മുടെ കണ്ണുകൾക്കുമുമ്പിൽ കൊണ്ടുനിർത്തും. രാത്രി അഥവാ ഇരുട്ട് ഒരു ഭാഷയായി അപ്പോൾ രൂപമെടുക്കും. ഈ ജ്ഞാനപ്രാപ്തിയിലിരുന്നായിരിക്കണം നിഷാദ് 'ഒറ്റരാത്രിയുടെ രാജകുമാരൻ' എന്ന കഥ എഴുതിയത് എന്നുവേണം അനുമാനിക്കാൻ. കാലത്തിന്റെ ഇടവിടാതുള്ള ഒഴുക്ക് കഥാകാരനെ ഭ്രാന്തമായി പ്രവർത്തിക്കാൻ വിടും. അപ്പോൾ ഭാവന അയാളുടെ ആന്തരികതയെ ഭരിക്കാൻ തുടങ്ങും. അതു ഭിന്നാർത്ഥങ്ങളുടെ നല്ല നിലമൊരുക്കി, ഭാവനയെ പ്രധാന ആഹാരമാക്കി തീർക്കും. അപ്പോൾ ഗ്രാഹ്യമായ യാഥാർത്ഥ്യത്തിന്റെ ഉജ്ജ്വലമണ്ഡലങ്ങളിലേക്ക് പ്രജ്ഞയുടെ മിഴികൾ തുറന്നു നിഷാദ് നോക്കിയപ്പോൾ രാത്രി ഭിന്നാർത്ഥങ്ങളുടെ സങ്കരയാഥാർത്ഥ്യമായി മാറുകയാണ്. രാത്രിയുടെ രൂപത്തെയും നിറത്തെയും ഗന്ധത്തെയും രണ്ടുകഥാപത്രങ്ങളിലൂടെയാണ് ഇവിടെ നിഷാദ് രേഖീകരിക്കുന്നത്. നമ്മുടെ ബോധത്തിന്റെ ഭൂഗർഭത്തിൽ വിഭജിക്കപ്പെട്ടുകിടക്കുന്ന മനുഷ്യസ്വത്വത്തിന്റെ പലതരം ഭാവങ്ങളെ ഇതിലെ രണ്ടുകഥാപാത്രങ്ങളും പ്രതിനിധാനപ്പെടുത്തുന്നു.

## മറവിയിൽപോയി നശിക്കാത്ത കഥാപാത്രങ്ങൾ

പകൽവെട്ടത്തിലെ കാഴ്ചകളെ അപേക്ഷിച്ച് രാത്രിയിലെ കാഴ്ചകൾ നമ്മെ പിൻതുടർന്നുകൊണ്ടേയിരിക്കും. രാത്രിയുടെ ഭാഷയും ശരീരവും സിറ്റുവേറ്റ് ചെയ്യപ്പെട്ടിരിക്കുന്നത് അങ്ങനെയാണ്. അതു മറവിയിൽപോയി നശിക്കാത്ത മനുഷ്യരെയും വസ്തുക്കളെയും ഒക്കെ അവശേഷിപ്പിക്കും. നിഷാദിന്റെ കഥയിലെ രാത്രി ഒരു കഥാപാത്രമാണ്. അതു ഒരേസമയം പ്രകൃതിയുടെ വലിയൊരു യന്ത്രവും ബൃഹത്തായൊരു ചിന്തയുമായാണ് അവതരിക്കുന്നത്. ജ്യോതിശാസ്ത്രപരമായ ആ പശ്ചാത്തലത്തിലാണ് പേരില്ലാത്ത ചെറുപ്പക്കാരനും നിലീന എന്ന പത്രപ്രവർത്തകയും സംഗമിക്കുന്നത്. ലഹരിയാൽ കലുഷമായ ആ ചെറുപ്പക്കാരന്റെ കണ്ണിലെ ഇരുട്ടിന്റെ കനത്തെ ലഘൂകരിക്കാനാണ് നിലീന ആദ്യം ശ്രദ്ധവയ്ക്കുന്നത്. ഒരു സ്ത്രീയുടെ അസ്വാതന്ത്ര്യത്തിന്റെ കദനകഥകൾ കേൾക്കുന്ന ഒരു കാലത്തിലാണ് നിഷാദ് രാത്രിയുടെ/ ഇരുട്ടിന്റെ ആധിപത്യത്തെ പിളർന്ന്, തനിച്ച് വണ്ടിയോടിച്ചുപോകുകയും ലഹരിയിൽ കുതിർന്ന ചെറുപ്പക്കാരനെ തന്റെ വാഹനത്തിൽകയറ്റി വസതിയിലേക്ക് കൊണ്ടുപോകുന്നതുമൊക്കെ ചിത്രീകരിക്കുന്നത്. ഒരു പത്രപ്രവർത്തകയുടെ ധൈര്യം എന്നതിൽ കവിഞ്ഞ്, ഇതിനെ അസ്വാതന്ത്ര്യത്തിന്റെ ചുഴിയിൽപ്പെടാത്ത പെൺസ്വത്വത്തിന്റെ വീണ്ടെടുപ്പായി നാം മനസ്സിലാക്കേണ്ടതുണ്ട്. ഈ കഥയിലെ ചെറുപ്പക്കാരനായ കഥാപാത്രം ഇപ്പോഴും ഐഡന്റിറ്റി ക്രൈസിസ് ഉള്ള ആളാണ്. പേര് ഇല്ലാത്തപ്പോൾ, അതു രേഖപ്പെടുത്താത്തപ്പോൾ, അത് വിളിക്കപ്പെടാത്തപ്പോൾ ഒക്കെ സ്വത്വപ്രതിസന്ധിയുടെ ഭിന്നാഖ്യാനങ്ങളായി അതു മാറും. സ്വത്വ ദുഃഖങ്ങൾകൊണ്ടുമൂടിയ ഏതൊരു ചെറുപ്പക്കാരന്റെയും ആന്തരികമൂകതയുടെ പ്രതിനിധാനമായാണ് ഇതിലെ പേരില്ലാത്ത ചെറുപ്പക്കാരൻ കാലത്തെ നേരിടുന്നത്. നിഷാദ് ഇതിനുമുമ്പും 'ഐഡന്റിറ്റി' എന്നൊരു മൈക്രോകഥ എഴുതിയിട്ടുണ്ട്. അതു


www.malankaralibrary.com

ഉദ്ധരിച്ചാൽ ഇരുട്ടിൽ കുളിച്ചുനില്ക്കുന്ന, ലഹരിയുടെ കൊമ്പുവളർന്നിറങ്ങുന്ന ഈ കഥയിലെ ചെറുപ്പക്കാരനെയും ഈ കാലത്തിന്റെ പ്രതിനിധിയായി മനസ്സിലാക്കിയെടുക്കാൻ സാധിക്കും.

*സ്ഥാപനത്തിന്റെ പുതിയ*
*ഐഡന്റിറ്റി കാർഡിൽ*
*ടൈ കെട്ടിയ സബ് എഡിറ്റർ.*
*ചലച്ചിത്രോത്സവക്കമ്മിറ്റിയുടെ*
*സീലുവെച്ച കാർഡിനകത്ത്*
*പുഞ്ചിരി സ്വന്തമായുള്ള*
*ഒരു സിനിമാപ്രേമി.*
*സംഘടനയുടെ കാർഡിൽ*
*വിധേയത്വം തുടിച്ചുനില്ക്കുന്ന*
*ഒരു മെമ്പർ.*
*ലൈബ്രറിയുടെ കാർഡിൽ*
*ഇടയ്ക്കിടയ്ക്ക്*
*വായിക്കുമെന്നുറപ്പു നല്കുന്ന*
*ഒരു വായനക്കാരൻ.*
*തിരഞ്ഞെടുപ്പ് കാർഡിൽ-*
*ഒടുവിൽ*
*25 വയസ്സുള്ള പേര്*
*തെറ്റിപ്പോയ ഒരു യുവാവ്.*
*സത്യത്തിൽ ആരാണ് ഞാൻ?*

രാത്രിയിലെ ആകാശം ഒരു കറുത്തകുന്നാണ്. അവിടെ സ്വത്വത്തിന്റെ പ്രകാശനം വ്യക്തതയില്ലാതെ ലഹരിയിലാണ്ടുപോകുകയും ഇരുട്ടിന്റെ സ്ഖലനം വേഗത്തിലാകുകയും ദുർവിധികളുടെ വാണിഭനിലമായി മാറുകയും ചെയ്യും. ഐഡന്റിറ്റി നഷ്ടപ്പെട്ടവരുടെ ഗണത്തിലെ അവസാനത്തെ അംഗമായി മാറുകയുംചെയ്യും. പേരില്ലാത്ത കഥാപാത്രങ്ങളൊക്കെയും ഇത്തരം ഒരു മാനസിക നിലയുടെ വാഹകരായ അനേകായിരങ്ങളുടെ പ്രതിനിധികളാണ്. സാമൂഹ്യജീവിതത്തിന്റെ വർണ്ണശബളമായ ഉപരിതലത്തിലെ ചപലമായ ആകർഷണങ്ങൾക്കുപിന്നാലെ അലയുന്നതിനിടയിൽ, തനിക്കു കൈമോശം വന്നതും താൻ ചവിട്ടിയരച്ചുകടന്നുപോയതുമായ മൂല്യസങ്കല്പങ്ങളുടെ ഓർമ്മകൾ അയാളെ മാത്രമല്ല, കഥ വായിക്കുന്ന ഏതൊരു ചെറുപ്പക്കാരനെയും തട്ടിയുണർത്തുമെന്നതിൽ തർക്കമില്ല.

നിലീന എന്ന കഥാപാത്രത്തിനും നിരവധി സവിശേഷതകളുണ്ട്. ഒരു ദിവസത്തിലെ പൊള്ളുന്ന അനുഭവങ്ങളെ ന്യൂസ് റിലീസിന്റെ രൂപത്തിൽ പകർന്നുവച്ചിട്ടു പാതിരാത്രിയിൽ സവാരിചെയ്യുന്ന ഒരു സ്ത്രീയുടെ മനസ്സ് ആ നിമിഷം സഞ്ചരിക്കുക എഡിറ്റോറിയൽ ഡസ്കിലിരുന്ന് താൻ വെട്ടിച്ചുരുക്കിയെടുത്ത തലേനാളത്തെ ഒരു അപകടമരണമായിരിക്കാം. അല്ലെങ്കിൽ തെരുവിൽ ഉപേക്ഷിക്കപ്പെട്ട ഒരു ചെറുപ്പക്കാരന്റെ ജീവിതത്തിന്റെ അറിയാക്കഥകളായിരിക്കാം. ഒരു ആക്ടിവിസ്റ്റിന്റെയും ഉച്ചിയിൽ കിളിർക്കാത്ത അനവധി കാര്യങ്ങൾ രാത്രി ഡ്യൂട്ടികഴിഞ്ഞ് മടങ്ങുന്ന ഒരു പത്രപ്രവർത്തകയുടെ ബോധത്തിൽ നങ്കൂരമിടും. അത്തരം ആലോചനകളുള്ള ഒരുവൾ, ആത്മവിസ്മൃതിയുടെ രാവുകൾ പിന്നിടുന്ന ഒരാളെ പെട്ടെന്നു പിടിച്ചെടുക്കുന്നു. ഇരുട്ടിന്റെ ലോകം പിന്നിട്ടതിനുശേഷം വെളിച്ചത്തിന്റെ ഇത്തിരി സ്ഥലത്തിൽ കാലുകുത്താൻ വിസ്മയം കലർന്ന ഭാവങ്ങളോടെ നിലീന ആ ചെറുപ്പക്കാരനെ സ്വീകരിക്കുകയാണ്. എന്നും അസ്വാതന്ത്ര്യത്തിന്റെ മാത്രം കഥകൾ പറയുന്ന ഫെമിനിസ്റ്റുകൾക്കു കടുത്ത പ്രഹരമാണിത്. ഇങ്ങനെയൊക്കെ നോക്കുമ്പോൾ നിഷാദിന്റെ കഥയിലെ രാത്രിയും ചെറുപ്പക്കാരനും നിലീനയും മറവിയിൽപോയി നശിക്കാത്ത കഥാപാത്രങ്ങളാണ്.



## അനുബന്ധം

*"ആത്മീയമായൊരു വിഷാദം*
*കറുത്തുനില്ക്കുന്ന*
*ആ രാത്രിയിലൂടെ പിന്നീടു*
*കാറോടിക്കുമ്പോൾ*
*പിറകിലത്തെ സീറ്റിൽ*
*ഒടിച്ചുവച്ച ഒരു കമ്പു*
*പോലെ ആ ചെറുപ്പക്കാര-*
*നിരിക്കുന്നുണ്ടായിരുന്നു."*

– ഒറ്റരാത്രിയുടെ രാജകുമാരൻ

വിഷാദം വാരിവിതറുന്ന ഒരു തെരുവാണ് ഈ ലോകം. അതിലൂടെ സവാരി ചെയ്യുമ്പോൾ എടുക്കേണ്ടുന്ന മുൻകരുതലുകളെക്കുറിച്ച് എല്ലാ മതഗ്രന്ഥങ്ങളും പഠിപ്പിക്കുന്നുണ്ട്. ക്രിസ്തു എപ്പോഴും എതിർത്തിട്ടുള്ളത് ഇരുട്ടുല്പാദകരാകുന്ന മനുഷ്യരെയാണ്. ഈ കഥയിലെ പേരില്ലാത്ത ചെറുപ്പക്കാരൻ ഇരുട്ടിന്റെ വാണിഭശരീരമാണ്. ശരിക്കും മാതൃത്വത്തിന്റെ കനിവ് പടർന്നിട്ടുള്ള ഒരു സ്ത്രീയുടെ ഉള്ളിൽ ഈ കനത്ത ഇരുട്ടിനെ തോർത്തിയെടുക്കാനുള്ള ഒരു ഗ്രന്ഥി പ്രവർത്തിക്കുന്നുണ്ടെന്ന് കഥ പ്രഖ്യാപിക്കുകയാണ്. ഈ കഥയിലെ ഭാവനയുടെ ഓരോ പ്രയോഗങ്ങളും ഓരോ ഭിന്നാർത്ഥങ്ങളെ കാത്തുവയ്ക്കുന്നു. ■

# മലയാളസിനിമയിലെ പുരോഹിത വേഷങ്ങളും 'വരയനും'

ഫാ. ഡാനി കപ്പൂച്ചിന്റെ തിരക്കഥയിൽ ജിജോ ജോസഫ് സംവിധാനം ചെയ്തിട്ടുള്ള **വരയൻ** എന്ന ചിത്രത്തിന്റെ മുന്നാസ്വാദനം.



ഫാ. സുനിൽ ofm cap.
ഡയറക്ടർ, അസ്സീസി ആർട്സ് ആന്റ് കമ്മ്യൂണിക്കേഷൻ, കൊല്ലം

പുരോഹിതപ്രമേയങ്ങൾ കൈകാര്യം ചെയ്യുമ്പോൾ എല്ലാ ചലച്ചിത്രകാരന്മാരുടെയും ക്യാമറ തികഞ്ഞ സ്വാതന്ത്ര്യത്തോടെയാണ് പെരുമാറുന്നത്. അത്തരം ചിത്രങ്ങളെ മൊത്തത്തിൽ പരിശോധിച്ചാൽ ചുഴലം ചെയ്യുന്ന ക്യാമറ ഒരുപാട് താളഭംഗങ്ങൾ സൃഷ്ടിക്കുന്നതു കാണാം. വെറുതെയൊരു ക്യാമറയ്ക്ക് ഇരയാകാനുള്ള ചിലപ്പൻപക്ഷികളായി പുരോഹിതരെ ചിത്രീകരിക്കുന്ന ഒട്ടനവധി സിനിമകൾ വന്നുപോയിട്ടുണ്ട്. പ്രേക്ഷകരുടെ മർമരങ്ങളിൽനിന്നും കുറച്ചധികം നെഗറ്റീവ് കൊണോട്ടേഷനുകൾ അത്തരത്തിൽ കേൾക്കാനായിട്ടുണ്ട്. ഹൃദയഹാരിയും ചടുലവുമായ നാദാന്തരീക്ഷത്തിലിരുന്ന് സിനിമയെ പുണരുന്ന ഒരു ആസ്വാദക മോബ് ഇന്നുമുള്ളതിനാൽ സിനിമയിലെ പുരോഹിതവേഷങ്ങളെക്കുറിച്ച് കൊറോണാനന്തര റിലീസ് കാത്തിരിക്കുന്ന 'വരയൻ' എന്ന സിനിമയെ മുൻനിർത്തിയുള്ള ചില തർക്കവിചാരങ്ങൾ.

കിരാതമായ മുഷ്ക്കു നിറഞ്ഞുനിൽക്കുന്ന ഒരു മേച്ചിൽസ്ഥലത്തുകൊണ്ടു കെട്ടപ്പെടുന്ന ചവിട്ടുകാളയെപോലെയാണ് ചില സിനിമകൾ പുരോഹിതകഥാപാത്രങ്ങളെ ചിത്രീകരിക്കുന്നത്. പുരോഹിതന്റെ ഉള്ളിലെ വിഷമക്കാറ്റിന്റെ തേങ്ങലിനെയൊന്നും അധികമാരും പ്രതിപാദിക്കാറില്ല. പുരോഹിതപ്രമേയസിനിമകളുടെ മുന്നോട്ടുള്ള ആയത്തിന് ഗതിവേഗം പകരുന്നരീതിയിൽ കത്രികപ്പാടുവീണിട്ടുള്ള ചുരുക്കം ചില സിനിമകളേ മലയാളത്തിലുണ്ടായിട്ടുള്ളു. ബാക്കിയൊക്കെയും പുരോഹിതന്മാരെ നെഗറ്റീവ് കഥാപാത്രങ്ങളാക്കി അവതരിപ്പിക്കുകയാണുണ്ടായിട്ടുള്ളത്. എക്സ്ട്രീം വൈഡ് ആംഗിൾ ലെൻസിന്റെ ഉപയോഗത്തിലൂടെ പുരോഹിതനിലെ ചെറിയ കറുത്ത പാടുകളെ പെരുപ്പിച്ചുകാട്ടുന്ന അത്തരം ചില സിനിമകളിലൂടെ സഞ്ചരിച്ചാലേ 'വരയൻ' എന്ന ചിത്രത്തിന്റെ രാഷ്ട്രീയവായന സാധ്യമാകൂ.

## സിനിമയിലെ പുരോഹിതനും വയലൻസിന്റെ ദൈവശാസ്ത്രവും

സിനിമയിലെ പുരോഹിതകഥാപാത്രങ്ങൾക്ക് എപ്പോഴും ന്യൂനതകളുടെ പെരുമ്പറ മുഴക്കമാണ്. മൃദുവും കാതരവുമല്ലാത്ത സംഭാഷണങ്ങൾകൊണ്ടും അതിന്റെ അങ്ങേയറ്റമായ വളഞ്ഞുപുളഞ്ഞ മറ്റൊരുതരം ടോൺഭാഷകൊണ്ടും പുരോഹിതന്റെ ഭാഷമുതൽ ആംഗ്യചലനങ്ങൾവരെ നെഗറ്റീവായി ചിത്രീകരിക്കുന്ന ഒട്ടനവധി സിനിമകൾ മലയാളത്തിലുണ്ടായിട്ടുണ്ട്. ചില പുരോഹിതവേഷങ്ങൾ വയലൻസിന്റെ ദൈവശാസ്ത്രമാണ് ആവിഷ്കരിക്കുന്നത്. 'ക്രൈം ഫയൽ' എന്ന സിനിമ സിസ്റ്റർ അഭയയുടെ മരണവുമായി ബന്ധപ്പെടുത്തി സൃഷ്ടിച്ച ഒരു കുറ്റാന്വേഷണസിനിമയാണ്. അതിലെ ദീർഘമായ പാൻഷോട്ടുകൾ മുഴുവൻ പുരോഹിതന്റെ കുറ്റകൃത്യങ്ങളിലേക്കുള്ള ക്യാമറാനോട്ടങ്ങളാണ്. ഈ സിനിമയിൽ വിജയരാഘവൻ അവതരിപ്പിച്ച പുരോഹിത വേഷം വയലൻസിന്റെ ദൈവശാസ്ത്രത്തിലേക്കാണ് ഒരു കേവലപ്രേക്ഷകനെ നയിക്കുന്നത്. 'റോമൻസ്' എന്ന സിനിമയിലേക്കു വരുമ്പോൾ ബിജുമേനോനും കുഞ്ചാക്കോബോബനും അവതരിപ്പിച്ച പുരോഹിത വേഷങ്ങൾ അക്ഷരാർത്ഥത്തിൽ ഇല്ലോജിക്കലാണ്. ഒരു ഇടവകയിലെ വൈദികനിയമനം എന്നുപറയുന്നത് വളരെ കൃത്യതയോടെ നിർവഹിക്കപ്പെടുന്ന ഒരു അധികാര പ്രവൃത്തിയാണ്; അല്ലാതെ മിമിക്രിയിലേതുപോലുള്ള വേഷംകെട്ടലല്ല. 'ജോസഫ്' എന്നസിനിമയിലെ പുരോഹിതവേഷം കൈകാര്യം ചെയ്ത ജാഫർ ഇടുക്കി ഒരുഘട്ടത്തിൽ മാര്യേജ്ബ്രോക്കറായി മാറുന്നുണ്ട്. ഈയടുത്തകാലങ്ങളിൽ പുരോഹിതകഥാപാത്രത്തെ അതിന്റെ ഗൗരവം ചോരാത്ത രീതിയിൽ ആവിഷ്കരിച്ചത് 'താക്കോൽ' എന്ന സിനിമമാത്രമാണ്. ഈ സിനിമയുടെ ഒരു ടാഗ്‌ലൈൻ ഇങ്ങനെയായിരുന്നു– 'രഹസ്യങ്ങളുടെ താഴുതുറക്കാൻ ഇന്ദ്രജിത്തിന്റെ താക്കോൽ.' പ്രമേയത്തോടൊപ്പം കഥാപാത്രങ്ങളെയും മുന്നിട്ടുനിർത്തുന്ന ഈ സിനിമ ഒരു


www.malankaralibrary.com

എന്റർടെയിനറല്ല. ഒരു താക്കോലിന്റെ രഹസ്യംതേടിയുള്ള യാത്രയെ പള്ളിയുടെയും വിശ്വാസത്തിന്റെയും പശ്ചാത്തലത്തിൽ ക്രിസ്ത്യൻപുരോഹിതന്റെ അനാട്ടമിക്കൽ പ്രോസസ്സിനെയാണ് ഫാ. മാങ്കുത്ത് പൈലി (മുരളി ഗോപി) ഫാ. അംബ്രോസ് (ഇന്ദ്രജിത്ത്) എന്നീ കഥാപാത്രങ്ങൾ അവതരിപ്പിക്കുന്നത്. കേരളത്തിലെ ഒരു മലയോര ഗ്രാമത്തിലെ പള്ളിയും വികാരിയച്ചനും കൊച്ചച്ചനുമൊക്കെ കേന്ദ്രകഥാപാത്രങ്ങളാവുന്ന 'താക്കോൽ' പുരോഹിതന്റെ തനിച്ചായിപ്പോകലുകളെ കൃത്യമായി പോയിന്റുചെയ്യുന്നുണ്ട്.

## 'വരയനും' കപ്പൂച്ചിൻ പുരോഹിതനും

ക്യാമറ കൗതുകത്തോടെ ഒരു കപ്പൂച്ചിൻപുരോഹിതനോടൊപ്പം ചെല്ലുകയാണ്. പൗരോഹിത്യത്തിന്റെ മുഴക്കമുള്ള ഒരന്തരീക്ഷം വെറുതെ സൃഷ്ടിക്കാനല്ല ഒരു കപ്പൂച്ചിൻപുരോഹിതനെ സിനിമയിൽ കേന്ദ്രകഥാപാത്രമാക്കുന്നത്. ഈ സിനിമയിലെ പുരോഹിതന്റെ ആജ്ഞാസ്വരത്തിന് ഒരുപാട് മാന്ത്രികതകളുണ്ട്. അയാളുടെ വിരലുകളിൽനിന്ന് പ്രത്യാശയുടെ അനേകായിരം വർണ്ണങ്ങൾ ഒഴുകിപരക്കും. പൗരോഹിത്യജീവിതത്തിന്റെ പരുക്കൻ വശങ്ങളുമായി പരിചയപ്പെട്ടതിനുശേഷമുള്ള ഒരു പുരോഹിതന്റെ മൃദുലമാകലിന്റെയും പഴക്കച്ചുവയുള്ള ദിവ്യത്വത്തിന്റെയും ആഖ്യാനമാണ് 'വരയൻ.' സിനിമയുടെ പേരുതന്നെ ഫ്ളെക്സിബിലിസ കാലത്തിന്റെ അർത്ഥമാനങ്ങൾ പുണർന്നുനിൽക്കുന്നതാണ്. തലവര നേരേയുള്ളവനെന്നും വയലൻസിന്റെ കാലത്ത് ഒരാളുടെ ആക്രമണത്തിന് പ്രതികാരമായി ഒരു പോറൽ അഥവാ വരയൽ നൽകുന്നതിനെയും ഒക്കെ ഈ ഒറ്റപദം പ്രതിനിധാനം ചെയ്യുന്നു. ചിത്രത്തിലെ പ്രധാനരംഗങ്ങളെടുത്തു പരിശോധിച്ചാൽ കഴിഞ്ഞ കാലങ്ങളിലെ പൗരോഹിത്യാഖ്യാനങ്ങൾ പലതും വിപണിയുടെ ഇഷ്ടങ്ങളായിരുന്നുവെന്നും അതിലൊന്നും ഒരു നോർമൽ പുരോഹിതട്രീറ്റുമെന്റായിരുന്നല്ല നടന്നതെന്നുമുള്ള ബോധ്യപ്പെടുത്തലുകൾ കാണാം. എളുപ്പത്തിൽ സംഗ്രഹിക്കാനാവാത്തയൊന്നിനെ അനായാസം സംഗ്രഹിക്കാൻ ശ്രമിച്ചതിന്റെ വീഴ്ചകളായിരുന്നു 'റോമൻസ്'പോലുള്ള സിനിമകൾ.

ഒരു പുരോഹിതൻ ദൈവത്തിന്റെ പാറ്റുമുറത്തിലെ ടെക്നീഷ്യനാണ്. 'വെള്ളിമൂങ്ങ' എന്ന ചിത്രത്തിൽ സുനിൽ സുഗദ അവതരിപ്പിച്ച പുരോഹിതകഥാപാത്രത്തെ ഓർത്തുനോക്കൂ. ഇലക്ഷന്റെ തലേനാൾ സ്ഥാനാർത്ഥിയും കൂട്ടരും പുരോഹിതനെ കാണുകയാണ്. പള്ളിയിലെ അറിയിപ്പുപീഠം ഒരു വോട്ടഭ്യർത്ഥനായിടമല്ലെന്ന് സ്ഥാപിക്കുന്നതോടൊപ്പം ആ പ്രധാനപ്പെട്ട വാർത്തയെ കൈമാറുന്നുമുണ്ട്. ഇവിടെ ദൈവത്തിന്റെ കൈയിലെ വാളായി പുരോഹിതന്റെ നാവ് രൂപമെടുക്കുന്നു. ഇത്തരം ചില ഓർമ്മപ്പെടുത്തലുകളിലൂടെ സഞ്ചരിച്ചാലേ 'വരയൻ' എന്ന സിനിമയിൽ സിജു വിൽസൺ അവതരിപ്പിക്കുന്ന കപ്പൂച്ചിൻ പുരോഹിതന്റെ സമകാലികപ്രസക്തി നമുക്കു ബോധ്യമാകൂ. ഇതിനകം വികലമാക്കപ്പെട്ട പൗരോഹിത്യചിത്രീകരണങ്ങൾക്കുള്ള മറുപടി നിർമ്മിതിയാണ് 'വരയൻ.' ഈ സിനിമ ഒരു ദേശാഖ്യാനംകൂടിയാണ്. പടപ്പക്കര എന്നൊരുദേശം കൊല്ലം ജില്ലയിലുണ്ട്. അതു കലിപ്പിന്റെ നാടാണ്. സിനിമയിൽ ഈ ദേശത്തെ 'കലിപ്പക്കര' എന്നൊരു അപരനാമത്താൽ പുനഃസൃഷ്ടിക്കുകയാണ്. അവിടെ ഒരു കപ്പൂച്ചിൻ പുരോഹിതന്റെ സാന്നിധ്യം ഉണ്ടാക്കുന്ന ഭാവമാറ്റങ്ങളാണ് വരയൻ പങ്കുവയ്ക്കുന്നത്.

## അനുബന്ധം


പൗരോഹിത്യാഖ്യാനത്തിന്റെ തട്ടകത്തിൽ ഒരു സങ്കീർത്തകന്റെ കുറവുണ്ടായിരുന്നു. അത് 'വരയൻ' എന്ന സിനിമയോടുകൂടി പരിഹരിക്കപ്പെടുകയാണ്. സിജു വിൽസനും ലിയോണയും കേന്ദ്രകഥാപാത്രങ്ങളായെത്തുന്ന ചിത്രത്തിൽ മണിയൻപിള്ള രാജു, വിജയരാഘവൻ, ജോയ് മാത്യു, ബിന്ദു പണിക്കർ, ജൂഡ് ആന്റണി ജോസഫ് എന്നിവരും അഭിനയിക്കുന്നു.

'ദൈവം പെയ്തിറങ്ങുന്നു' എന്ന നോവലിന്റെ രചയിതാവായ ഫാ. ഡാനി കപ്പൂച്ചിനാണ് ആശയവും തിരക്കഥയും തയ്യാറാക്കിയിരിക്കുന്നത്. വരയനിലെ ഗാനരചന ഹരിനാരായണനും സംഗീതസംവിധാനം പ്രകാശ് അലക്സുമാണ് നിർവ്വഹിച്ചിരിക്കുന്നത്. പൗരോഹിത്യജീവിതത്തെ എളുപ്പത്തിൽ സംഗ്രഹിക്കാൻ അറിയാമെങ്കിലും വളരെ സൂക്ഷ്മതയോടെ ദൃശ്യങ്ങളെ തുന്നിയെടുത്തിട്ടുള്ള 'വരയൻ' കീറിയതും വികലവുമായ പൗരോഹിത്യാഖ്യാനങ്ങൾക്കുള്ള പ്രഹരമറുപടിയാണ്. ■




# അനുഭവങ്ങൾ അനുധ്യാനങ്ങൾ

ജെ.സി. ബുക്ക്മാൻ




സാമൂഹ്യ-സാഹിത്യ-സാംസ്കാരിക-ആധ്യാത്മികമേഖലകളിലെ പുത്തൻ പുസ്തകങ്ങളെ പരിചയപ്പെടുത്തുന്ന വേദിയാണ് വായനാപംക്തി.




## യേശു സൗഖ്യദായകൻ
### ഫാ. മാത്യു ചിറയിൽ

കോവിഡ് മഹാമാരിയുടെ വ്യാപനകാലത്ത് ദുഃഖദുരിതങ്ങളനുഭവിക്കുന്നവർക്ക് ശാന്തിദൂതാണ് 'യേശു സൗഖ്യദായകൻ' എന്നഗ്രന്ഥം. മരുന്നോ, ലേപനൗഷധമോ അല്ല, അങ്ങയുടെ തിരുവചനങ്ങളാണ് സൗഖ്യപ്പെടുത്തുന്നതെന്ന ജ്ഞാനവചനങ്ങളെ സാധൂകരിക്കുന്നൊരു ആശ്വാസവചനക്കൂട്ടാണിത്.

നാലുസുവിശേഷകന്മാരും രേഖപ്പെടുത്തിയിട്ടുള്ള സൗഖ്യശുശ്രൂഷകളുടെ വിവരണങ്ങളെ വചനാധിഷ്ഠിത വെളിച്ചത്തിൽ അവതരിപ്പിച്ചിരിക്കുകയാണിതിൽ. ഏതെങ്കിലും ഒരു വിഭാഗത്തിനോ സമൂഹത്തിനോ മാത്രമായിട്ടല്ലായിരുന്നു യേശുവിന്റെ രോഗശാന്തിയും അത്ഭുതങ്ങളും മാനവകുലത്തിനുമുഴുവൻ പ്രാപ്യമാകുന്നതായിരുന്നു. തിരുവചനം ഇന്നും നല്കുന്ന അത്ഭുത രോഗശാന്തികൾ വിശ്വസിക്കുന്ന ഏവർക്കുമാണ്. എല്ലാ മഹാവ്യാധികളെയും ഇല്ലായ്മചെയ്യുകയും മഹാമാരികൾക്കുമീതെ സൗഖ്യത്തിന്റെ തണലൊരുക്കുകയും ചെയ്യുന്നത് കർത്താവിന്റെ തിരുവചനം തന്നെയാണെന്ന് ലളിതമായി ആവിഷ്ക്കരിച്ചിരിക്കുകയാണ് ഗ്രന്ഥകർത്താവ്.

യേശു രോഗികളെ സുഖപ്പെടുത്തുന്നതുമുതൽ ലാസറിനെ ഉയിർപ്പിക്കുന്നതുവരെയുള്ള അത്ഭുതങ്ങളുടെ അണമുറിയാത്ത സങ്കലനം ഹൃദ്യമായ വായനാനുഭവം നല്കുന്നു. അനുബന്ധമായി നല്കിയിരിക്കുന്ന രോഗസൗഖ്യ പ്രാർത്ഥനകളും തിരുവചനാധിഷ്ഠിതമാണ്. രോഗങ്ങളെയും രോഗശക്തികളെയും നിർവീര്യമാക്കുന്ന ബന്ധന പ്രാർത്ഥനയോടെയാണ് ഗ്രന്ഥം പരിസമാപിക്കുന്നത്.

---

പേജ് 122, വില 125/-,

കോപ്പികൾക്ക് : ഫാ. മാത്യു ചിറയിൽ, ഫോൺ: 94479 32140

## അനുഭവങ്ങൾ അനുധ്യാനങ്ങൾ
### ബിഷപ് ഡോ. ജോസഫ് കരിയിൽ

ഒരിടയനും തന്റെ സഹോദരവൈദികരും അജഗണങ്ങളുമായുള്ള ഊഷ്മളമായ ആത്മബന്ധത്തിന്റെ അക്ഷരകൂട്ടുകളാണ് അനുഭവങ്ങൾ അനുധ്യാനങ്ങൾ. ഒരു സ്നേഹപിതാവ് വത്സലമക്കൾക്കയക്കുന്ന കത്തുകൾക്ക് സമാനമാണ് ഓരോ അധ്യായവും. വൈദികരെ ഉദ്ദേശിച്ചെഴുതിയിട്ടുള്ള കത്തുകളാണിതിൽ ഏറെയും. സംബോധനകൾ ഒഴിവാക്കി വായനാസുഖത്തിനായി കത്തുകളിലോരോന്നിനും ചെറുശീർഷകങ്ങൾ നല്കി സുന്ദരമാക്കിയിരിക്കുന്നു.

2013 മുതൽ ഗ്രന്ഥകർത്താവ് പ്രതിമാസം എഴുതിയിരുന്ന കത്തുകളിൽ ആദ്യകാലത്തെ അനുഭവങ്ങളൂറിയ 31 കത്തുകളാണ്. അനുധ്യാനത്തിനായി ഉൾക്കൊള്ളിച്ചിരിക്കുന്നത്. പുണ്യവാന്മാർ എന്ന അധ്യായംമുതൽ നിയമം മനുഷ്യനുവേണ്ടിയെന്ന അധ്യായംവരെ മടുപ്പുളവാകാതെ വായിക്കാനുതകുന്നതരത്തിലാണ് പുസ്തകരചന വിന്യസിപ്പിച്ചിരിക്കുന്നത്. അതുകൊണ്ടാണ് അവതാരകൻ ഈ അമൂല്യഗ്രന്ഥത്തെ ഇപ്രകാരം വിലയിരുത്തി കുറിച്ചിട്ടിരിക്കുന്നത്: "വെള്ളത്തെക്കുറിച്ചും ഉപ്പിനെക്കുറിച്ചുമുള്ള വിചാരങ്ങൾ നമുക്ക് നാലുവാക്കിൽ പറഞ്ഞുതീർക്കാവുന്നതേയുള്ളൂ. എന്നാൽ, ഈ ഗ്രന്ഥത്തിൽ ഇവയെക്കുറിച്ച് ഓരോ അധ്യായം വീതമുണ്ട്. അനുഭവസമ്പന്നവും വിചാരധന്യവുമായ ഒരു മനസ്സിൽ ഒരു ചിന്താശകലം പാറിവീണാൽ ഒരു തടാകത്തിൽ കല്ലെടുത്ത് എറിയുമ്പോലെയാണ്. അവിടെ അലകൾ ഉണർന്നുകൊണ്ടിരിക്കും. ഓരോ അലയും അതിരുകളോളം സഞ്ചരിച്ചിട്ടുമാത്രമേ അടങ്ങുകയുള്ളൂ. അതേക്രമമാണ് ഇവിടെ കാണുന്നത്."

---

പേജ് 198, വില 200/-, പ്രണത ബുക്സ്, എറണാകുളം

കോപ്പികൾക്ക് : 0484 2390049


www.malankaralibrary.com

Date of Publication: 13.09.2020 / Karunikan Monthly RNI No. KERMAL/2007/19623/ Registered KL/EKM/729/2018-20
Licence No. KL/CR/EKM/ WPP-13/2018-20 Licensed to Post Without Prepayment **Total Pages 62**


# AMRITWANI TV

**A challenge Undertaken**

**By Franciscan Missionaries of Jesus**



**Contact : 8860148703**

AMRITWANI TV

You Tube


Printed and Published by Fr. Jacob Naluparayil, MCBS House, Perumanoor P.O., Kochi - 682015, Ernakulam Dt.
Printed at Viani Printings, Kochi - 18, Kerala; Editor: Fr. Joy Chencheril.

www.malankaralibrary.com